www.malankaralibrary.com

# സമവാക്യം

ഫാ. ബെന്നി നാരകത്തിനാൽ



പാലസ്തീനായിലെ ചാവുകടൽ
പോലെയാണ് മൗനം. മോബ് മരുഭൂമിയുടെ
ചുടുനീരിനെയും, യോർദ്ദാന്റെ കുളിർനീരിനെയും
സ്വീകരിക്കുന്ന ചാവുകടൽ പുറത്തേക്കൊഴുകുന്നില്ല.
അത് നിശ്ചലമായ ഉറവിടമാണ്.

mediahousecalicut.com

www.malankaralibrary.com

www.malankaralibrary.com

# സമവാക്യം

ഫാ. ബെന്നി നാരകത്തിനാൽ

മീഡിയ ഹൗസ്
കോഴിക്കോട്

www.malankaralibrary.com

www.malankaralibrary.com

സമവാക്യം

(ലേഖനങ്ങൾ)

ഫാ. ബെന്നി നാരകത്തിനാൽ

മാർ ബസേലിയോസ് സി-ഡിറ്റ് ഓഫ് ക്യാമ്പസ്

സെന്റ് പീറ്റേഴ്സ് ജംഗ്ഷൻ, പത്തനംതിട്ട - 689 645

ഇ-കത്ത് : ccbcacpta@gmail.com

ഫോൺ : 0468 2222240

കവർ : അജു എ. വർഗീസ് കടമ്മനിട്ട

ടൈപ്പിങ്ങ് : ജിൻസി, സൗമ്യ

ഡിസൈനിങ്ങ് : ശാലോം പ്രസ്സ്, പത്തനംതിട്ട

പ്രസാധകർ : മീഡിയ ഹൗസ്, കോഴിക്കോട്

വിതരണം : മീഡിയ പബ്ലിക്കേഷൻസ്

വില : 75/-

പ്രസാധനം : ഏപ്രിൽ, 20, 2012

www.malankaralibrary.com

www.malankaralibrary.com

## സമർപ്പണം

സത്യവചനമെ നിനക്ക്

പിന്നെ നിന്റെ തേജസ്സിനോട്
സമരസപ്പെടാനാവാതെ ഉലഞ്ഞുപോയ
എന്റെ ഉറ്റവർക്ക്

www.malankaralibrary.com


www.malankaralibrary.com

**ഫാ. ബെന്നി നാരകത്തിനാൽ**
പത്തനംതിട്ടയിൽ ജനനം.
മലങ്കര കത്തോലിക്കാസഭ  പത്തനംതിട്ട
രൂപതാ വൈദികൻ.
ജേർണലിസത്തിൽ ബിരുദാനന്തരബിരുദം.
മാസ് മീഡിയായിൽ
പി.എച്ച്.ഡി ഗവേഷണം നടത്തുന്നു.
മാർ ബസേലിയോസ് സി.ഡിറ്റ്
ഓഫ് ക്യാമ്പസ് ഡയറക്ടർ.
രൂപതാ പി.ആർ ഒ.
' സമവാക്യം ' ആദ്യകൃതി.



www.malankaralibrary.com

www.malankaralibrary.com




## അകം


| | |
|---|---|
| അവതാരിക | |
| അനുഗ്രഹം | |
| മുഖക്കുറി | |
| ദൂരം | 8 |
| നടവഴി | 13 |
| ഗോത്രസ്മൃതി | 18 |
| സ്വപ്നാടനം | 23 |
| വറുതി | 27 |
| ശ്മശാനം | 31 |
| നങ്കൂരം | 36 |
| കുരുതി | 41 |
| പൊയ്ക്കാൽ | 46 |
| മൗനം | 51 |
| മടക്കം | 56 |
| പൊരുത്തം | 61 |
| സ്വാസ്ഥ്യം | 66 |
| സമയരഥം | 71 |
| ബലം | 76 |
| കനൽ | 81 |
| സ്നേഹനിലാവ് | 88 |
| ദീപ്തം | 93 |
| അമ്മ | 98 |
| ശിഷ്യൻ | 102 |
| പ്രണാമം | 106 |


www.malankaralibrary.com

www.malankaralibrary.com

# കടത്തുവഞ്ചി
## അവതാരിക

സമവാക്യം എടുത്തു തുറന്നതോർക്കുന്നു. ആദ്യനിരീക്ഷണത്തിൽ തന്നെ ഉള്ളിൽ കഴമ്പുണ്ടെന്ന് തോന്നി. ഓരോ പുറവും വായിച്ചു മറിച്ചപ്പോൾ ജീവിതത്തിന്റെ ഉൾത്താളുകളിൽ അർത്ഥഗർഭമായി പലതും കോറിയിടപ്പെട്ടു. സ്നേഹം കലർത്തി നോവിച്ചും തലോടിയും എഴുത്തുകാരൻ എന്റെ ഉള്ളിനെ പിടിച്ചുലയ്ക്കുന്നതു ഞാൻ സാവധാനം തിരിച്ചറിഞ്ഞു. വേദദർശനങ്ങളും തത്വചിന്തയും കാലികനിരീക്ഷണങ്ങളും ജീവിതഗന്ധിയായി ആവിഷ്ക്കരിക്കുന്ന സുന്ദരമായ ആഖ്യാനശൈലി ആകർഷകമായി. വായന തുടർന്നപ്പോൾ എഴുത്തുകാരൻ കൈനീട്ടി തൊടാവുന്ന ചാരത്ത് എത്തിനിന്നു. അപ്പോൾ ആ മനസ്സിന്റെ ചൂടും നോവും ഹരിതഭംഗിയുമെല്ലാം കൈമാറപ്പെട്ടതുപോലെ.

തീക്ഷ്ണമായ സത്യാന്വേഷണത്തിൽ മുഴുകുന്ന യാത്രികന്റെ പാദമുദ്രകൾ ഈ ഗ്രന്ഥത്തിൽ ആദ്യന്തം പതിഞ്ഞു കിടപ്പുണ്ട്. മറുകരയിലെ നിധി തേടി വരുന്നവർക്ക് പുഴ മറിച്ചുകടക്കാനുതകുന്ന ഒരു കടത്തുവഞ്ചിയാണ് ഈ പുസ്തകം. നെഞ്ചിൽനിന്നും പറിച്ചെടുത്ത ഒരു പിടി ചിന്താശകലങ്ങൾ! ഇതിൽ ചിന്തയും ധ്യാനവും ജീവന്റെ തുടിപ്പുകളും ഇടകലരുന്നു.

യാത്രാവഴികളിൽ അന്വേഷിയുടെ നോട്ടം വചനദർപ്പണത്തിലുടക്കിയപ്പോൾ അയാൾ സ്വത്വപരമായ ചില സത്യാന്വേഷണങ്ങളിലേക്കു വഴുതുന്നു. അതയാളുടെ തെരച്ചിലിന്റെ ഭാഗമായി മാറുകയാണ്. തനിക്ക് ക്രിസ്തുവിലേക്കുള്ള ദൂരം കണക്കുകൂട്ടുന്ന അയാൾ ഒരു കരകാണാക്കടലോളം അകലെനിന്നു ഞെട്ടുന്നു. പിന്നെ ലക്ഷ്യഭേദനം മാത്രം നെഞ്ചിലേറ്റി ആഴിയിലേക്ക് ഊളിയിട്ടിറങ്ങുകയായി. ശരിയാ, എത്ര നീന്തിയാലും ക്രിസ്തുവിന്റെ കരയിലെത്തുകയില്ലെന്ന് അയാൾക്ക് കൃത്യമായ തിരിച്ചറിവുണ്ട്. പക്ഷെ, ആ വിദൂരലക്ഷ്യം മുമ്പിൽ വച്ചുകൊണ്ട് എഴുത്തുകാരൻ തുഴച്ചിൽ തുടരുന്നതിൽ ആത്മാർത്ഥതയുണ്ട്. ഓരോ കുതിപ്പിലും പിടച്ചിലിലും ക്രിസ്തുവിന്റെ ഹൃദയത്തോട് അടുക്കുന്നതിന്റെ ആനന്ദം അയാളനുഭവിക്കുന്നതു ഗ്രന്ഥത്തിൽ തെളിഞ്ഞും മറഞ്ഞും കാണാം.

ഹൃദയഭാഷയുടെ തനിമയിൽ ഉള്ളുപൊളിച്ചു കാണിക്കുന്ന എഴുത്തുകാരൻ ചിലപ്പോൾ നമ്മുടെ ഉറ്റസുഹൃത്തായി മാറും. എന്നാൽ അല്പദൂരം കൂടെ നടന്നു കഴിയുമ്പോൾ അയാൾ മാറിനിന്ന് ദാർശനികനെപ്പോലെ നമ്മെ വെല്ലുവിളിക്കും. പിടിച്ചുലയ്ക്കും. നമ്മുടെ തൊടിയിലെ ഫലവൃക്ഷങ്ങളിൽ അയാൾ കല്ലെറിയും. ചീത്തഫലങ്ങളൊക്കെ

www.malankaralibrary.com

www.malankaralibrary.com

എറിഞ്ഞുകൊഴിക്കുന്നതിനുള്ള ശ്രമമാണത്. കവിയും പ്രവാചകനും സാധാരണക്കാരനും ബെന്നിയച്ചന്റെ തൂലുകത്തുമ്പിൽ സ്വാഭവികമായി അവതരിക്കുന്നതിന്റെ ചാരുത ശ്രദ്ധേയം!

'ദൗർബല്യങ്ങളെക്കുറിച്ചുള്ള ആകുലതകളാണ് സ്വപ്നഭാവിയിലേക്ക് ചേക്കേറാൻ എന്നെയും നിർബന്ധിച്ചത്. സ്വന്തം ദൗർബല്യങ്ങളെ തിരിച്ചറിയാനാവാതെ നിന്നതാണ് എന്റെ ഏറ്റവും വലിയ ബലഹീനത...' എന്നിങ്ങനെ തുറന്നു കുമ്പസാരിക്കുന്ന ആത്മാർത്ഥതയിൽ നാമൊരു സുഹൃത്തിന്റെ ഓരം ചേർന്നു നടക്കുന്നു. കുറച്ചുദൂരം പിന്നിടുമ്പോൾ ഗ്രന്ഥകാരൻ നമ്മെ ക്രിസ്തുവിലേക്ക് കരം പിടിച്ചുനടത്തും. പുതിയ ദർശനങ്ങളും നിരീക്ഷണങ്ങളും നിരത്തി നന്മയുടെ ഭൂമികയിലേക്കയാൾ എത്തിക്കും.

ഗുരുവചസ്സുകളുടെ വെളിച്ചത്തിൽ സ്വയം വിളക്കായി തിരിച്ചറിയേണ്ടതിന്റെ ആവശ്യകത ഗ്രന്ഥകർത്താവ് ഇടയ്ക്കിടെ ഓർമ്മപ്പെടുത്തുന്നുണ്ട്. വെളിച്ചത്തെ ലക്ഷ്യമാക്കിയുള്ള ഏതൊരാത്മാവിന്റെയും യാത്ര തമോനിബിഡമാണ്. ഇരുളിൽ പെട്ടുപോകുന്നവർക്ക് വെളിച്ചം നൽകപ്പെടുന്നത് വേറൊരു ഇരുളിന്റെ സാന്നിദ്ധ്യം കൊണ്ടാണ് എന്നു നിരീക്ഷിക്കുന്ന എഴുത്തുകാരൻ മിസ്റ്റിസിസത്തിന്റെ ഔന്നത്യത്തിലേക്കുയർന്നു നിന്നാണ് നമുക്കുനേരെ കരം നീട്ടുന്നത്. തന്റെ കണ്ണീർ മിഴികൾ ചുറ്റുപാടുമുള്ള ഹരിതക്കാഴ്ചകളുടെ നിറം കെടുത്തുന്നുവെന്ന സങ്കടം ബെന്നിയച്ചനിലെ മിസ്റ്റിക്കിനെ വീണ്ടും ഈ പച്ചമണ്ണിലേക്ക് കൊണ്ടുവന്ന് വായനക്കാരന്റെ അടുത്തിരുത്തുന്നു.

ഫലിതാഖ്യാനത്തിലൂടെ അനുവാചകന്റെ ഉള്ളിലെ അഹന്തയ്ക്കു നേരെ വിരൽചൂണ്ടുന്ന എഴുത്തുകാരൻ പ്രവാചകന്റെ കുപ്പായം അണിയുമ്പോഴും ആരെയും ബോധപൂർവ്വം മുറിപ്പെടുത്തുന്നില്ല. ബെന്നിയച്ചൻ കുറിക്കുന്നു: ഗർവ്വിഷ്ടനായ ഒരാന എലിയെ പരിഹസിച്ചു. 'നീയാണ് ഈ ഭൂമിയിൽ ഞാൻ കണ്ടിട്ടുള്ളതിൽ വച്ചേറ്റവും മെലിഞ്ഞ ജീവി'. എലി മുരണ്ടു:' പനിയടിച്ച് രണ്ടാഴ്ച ഞാൻ അഡ്മിറ്റായിപ്പോയി. അതിനുമുമ്പ് എന്നെയൊന്നു കാണണമായിരുന്നു. നീ പോലും ഒന്നു വെരണ്ടേനെ'. ഏതിനെക്കാളുമുപരി അറിവിന്റെ അഹന്തകളാണ് ക്രിസ്തുവഴിയിലെ എന്റെ വലിയ വിലങ്ങുകൾ എന്ന കുറിപ്പോടെ എഴുത്തുകാരനും ആത്മശോധന നടത്തുമ്പോൾ നമ്മുടെ ഉള്ളു തരളിതമാകുന്നു.

വായനയുടെ വേളകളിൽ ഗ്രന്ഥകാരൻ ചിലപ്പോൾ നമ്മെ കരയിപ്പിക്കും. സ്വന്തം പച്ചജീവിതത്തിന്റെ നീറ്റോർമ്മകളിലേക്ക് നമ്മുടെ കരംപിടിച്ചു നടക്കുന്ന അയാൾ സങ്കട വഴികളിൽ സാന്ത്വനമായും ഭാരപ്പെടുത്തുന്ന ചിന്തകളിൽ ചുമടുതാങ്ങിയായും മാറുന്നുണ്ട്. പെറ്റമ്മയുടെയും കുഞ്ഞുപെങ്ങളുടെയും അകാല വേർപാടുകൾ തീർത്ത കണ്ണീർമിഴികളിൽ നിന്ന് നിത്യസ്നേഹത്തിന്റെ തണലിലേക്ക് ഒരാത്മീയ സാധന

www.malankaralibrary.com

www.malankaralibrary.com

യിലൂടെ ഗ്രന്ഥകാരൻ എത്തിപ്പെടുന്ന പാതകൾ അനുവാചകർക്ക് ശക്തിപകരുന്നവയാണ്. കാലത്തിന്റെ തീരത്തിരുന്നാണ് ജീവിത നേരുകളെ തിരിച്ചറിയേണ്ടതെന്ന് ആത്മഗതത്തോടെ നടന്നകലുന്ന ഫാ. ബെന്നിയിലെ എഴുത്തുകാരൻ ആരുടെയും മനസ്സിൽ ഇടംപിടിക്കുന്നു. ക്രിസ്തുവെന്ന ഗുരുവിനെ പ്രണയിക്കുന്ന ഇയാൾ യഥാർത്ഥശിഷ്യത്വത്തിന്റെ ലാവണ്യം ധ്യാനിച്ചെടുക്കാൻ തീക്ഷ്ണമായി ശ്രമിക്കുകയാണ്. പുസ്തകത്തിന്റെ അവസാനതാളുകളിൽ പഠനങ്ങളും ചിന്തയും ധ്യാനവുമൊത്തു ചേരുന്ന എഴുത്തുപുറങ്ങൾക്ക് അഭൗമികമായ വെളിച്ചം വിതറാൻ കഴിയുന്നുണ്ട്.

കാലത്തിന്റെ കരിപുരണ്ട പാത്രങ്ങൾ ശുഭമാകാനാഗ്രഹിക്കുന്ന ഗ്രന്ഥകാരൻ മനുഷ്യജീവിനും പ്രകൃതിക്കുമെതിരെയുള്ള കിരാതസമീപനങ്ങളെ പരസ്യമായി വിചാരണ ചെയ്യുന്ന രംഗം തീക്ഷ്ണമാണ്. വിമർശന സാഹിത്യത്തിന്റെ മുനയുള്ള വാക്കുകളിൽ സാമൂഹ്യതിന്മയ്ക്കെതിരെ എഴുത്തുകാരൻ പടവാളുയർത്തുമ്പോൾ സത്യസന്ധമായ ധാർമ്മികരോഷമാണ് തിളയ്ക്കുന്നത്. എല്ലാ പുറങ്ങളിലും വാക്കുകൾക്കു മീതെ ആത്മാർത്ഥതയുടെ ഹരിതമേലാപ്പ് വിരിഞ്ഞുനില്ക്കുന്നത് എഴുത്തുശൈലിക്ക് മാറ്റുകൂട്ടുന്നു.

ബെന്നിയച്ചന്റെ ഈ പ്രഥമഗ്രന്ഥം ആത്മീയസാഹിത്യത്തിന്റെ നിരയിലൊരു മുതൽക്കൂട്ടാണ്. ഗ്രന്ഥകർത്താവ് തികച്ചും അഭിനന്ദനാർഹൻ. തുടർന്നും ഈ തൂലികയിൽ നിന്ന് നിരവധി മഹത്ഗ്രന്ഥങ്ങൾ പിറക്കുമെന്നതിനു സംശയമില്ല. അതിന്റെ സാദ്ധ്യതാ മുദ്രകൾ പുസ്തകത്തിലെ ഓരോ വരിയിലും പതിഞ്ഞുകിടപ്പുണ്ട്. ഗ്രന്ഥത്തിന് അനുവാചക സമൃദ്ധി നേരുന്നു.

പ്രിയ വായനക്കാരേ, കാലത്തിന്റെ വഴിയിൽ നിധിതേടിയിറങ്ങുന്ന നിങ്ങൾക്കു മുമ്പിലിതാ ഒരു കടത്തുവഞ്ചി! അകത്തേക്കു പ്രവേശിക്കാം.

സ്നേഹപൂർവ്വം,

പത്തനംതിട്ട — മോൺ. ഡോ. ജോസ് പുളിക്കൽ


20/04/2012

www.malankaralibrary.com

www.malankaralibrary.com

# അനുഗ്രഹം

അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം



ദൈവവചനത്തിന്റെ ആത്മീയ രഹസ്യങ്ങൾക്ക് എന്നും ശ്രോതാക്കളിൽ മിഴിവ് പകർന്ന ബഹു. ബെന്നി നാരകത്തിനാൽ അച്ചന്റെ 'സമവാക്യം' രചന വായനയുടെ ലോകത്ത് പുതിയ ദൈവാനുഭവത്തിന്റെ വഴിതെളിക്കട്ടെ എന്നാശംസിക്കുന്നു. സിരകളിൽ സ്വയം പ്രേരിതമായി ഉണർന്നെണീറ്റ് പുറത്തേക്ക് പ്രവഹിക്കുന്ന തീവ്രമായ മാനസികാവസ്ഥയെ സമരസപ്പെടുത്തുന്ന സമവാക്യങ്ങൾ, ആത്മാവിഷ്കാരത്തിലൂടെ തിരിച്ചറിവുകളിലേക്ക് നമ്മെ നയിക്കുന്നു. ജീവിത യാഥാർത്ഥ്യങ്ങളിലേക്ക് നമ്മുടെ ശ്രദ്ധയെ കേന്ദ്രീകരിച്ച് സനാതന സത്യങ്ങളിലേക്ക് മിഴിതുറക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന ഈ കൃതി അന്ധകാര നിബിഡമായ ജീവിത സമസ്യകൾക്ക് ഒരു തിരിവെളിച്ചമായി ശോഭിക്കട്ടെ എന്നാഗ്രഹിക്കുന്നു, പ്രാർത്ഥിക്കുന്നു.

പത്തനംതിട്ട രൂപത വൈദികനിരയിലെ നല്ല ഒരു വചനപ്രഘോഷകനായ ബഹു. ബെന്നി നാരകത്തിനാലച്ചനെ ഈ ഉദ്യമത്തിന് പ്രത്യേകം അഭിനന്ദിക്കുകയും എല്ലാവിധ ഭാവുകങ്ങളും നേരുകയും ചെയ്യുന്നു. ഇനിയും ബഹുമാനപ്പെട്ട അച്ചന്റെ തൂലികയിൽ നിന്ന് ഇത്തരം ഗ്രന്ഥങ്ങൾ കടന്നുവരട്ടെ എന്ന ആശംസയോടെ,

വാത്സല്യപൂർവം

**+യൂഹാനോൻ മാർ ക്രിസോസ്റ്റം**
**പത്തനംതിട്ട മെത്രാപ്പോലീത്ത**

www.malankaralibrary.com

www.malankaralibrary.com

# മുഖക്കുറി

സാക്ഷാത്ക്കാരത്തിന് പലവഴികളുണ്ട്.
ചിലർക്കത് ധ്യാനമാണ്. ചിലർക്ക് വായന. മറ്റുചിലർക്ക് എഴുത്ത്.
വേറെചിലർക്ക് അനുഭവങ്ങൾ.
എനിക്കത് അസ്വസ്ഥതകളാണെന്ന് തോന്നുന്നു.
സ്വാസ്ഥ്യം നഷ്ടപെടാൻ കാരണം എന്താണെന്നറിയാത്ത അസ്വസ്ഥത.
അത് വഴിനടപ്പു തുടങ്ങിയിട്ട് നാളേറെയായി.
തുരുത്തിലെത്താതെയും കാണുന്നതൊക്കെ തുരുത്തുകളാണെന്നു നിനച്ചും ഉള്ള യാത്ര.
ഈ യാത്രയുടെ വളർച്ചയെയും വിളർച്ചയെയും വിശകലനം ചെയ്യാനുള്ള ശ്രമമാണിത്.
അടുക്കും ചിട്ടയും അവകാശപ്പെടാനില്ലാത്ത ചില വാക്കുകളാണ് ഈ താളുകളിൽ.
ഈശോയുടെ വാക്കുകൾക്ക് സമാനതകളില്ലാത്ത വ്യാഖ്യാനങ്ങളുണ്ട്.
ചിന്തകളുടെ കനം കൊണ്ടല്ല അവയ്ക്ക് സമവാക്യം എഴുതുക.
ജീവിതത്തിന്റെ നേർമ്മതകൊണ്ടാണ്.
ഇതറിഞ്ഞിട്ടും, ദൈവത്തെ കേട്ടെഴുതുവാൻ വളർന്നിട്ടില്ലാത്ത എന്റെ വ്യഗ്രതകൾ ഇതിലുണ്ട്.
ഈ എഴുത്തിന് വലിയ കാരണങ്ങൾ ഇല്ല.
വായനകൾക്കും കാഴ്ച്ചകൾക്കും അനുഭവങ്ങൾക്കും
എഴുത്തിന്റെ ഭാഷകൊടുക്കാൻ ശ്രമിച്ചു എന്നുമാത്രം.
അക്ഷരങ്ങൾക്കിടയിൽ ജീവന്റെ തുടിപ്പുകൾക്ക്
കാതോർത്തിരുന്നപ്പോഴൊക്കെ കേട്ട ചെറുചലനങ്ങൾ ഇതിലുണ്ട്.

ഇതിന് പ്രചോദനമായി നിന്ന ഒരു പിടി ആളുകളുണ്ട്.
അനുഗ്രഹവചനങ്ങൾ കൊണ്ട് ചേർത്തു നിർത്തിയ എന്റെ ആത്മീയപിതാവ് യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി,
അവതാരിക എഴുതി വാക്കുകൾക്കതീതമായി അനുഗ്രഹിച്ച മോൺ. ജോസ് പുളിക്കൽ അച്ചൻ,
പ്രോത്സാഹിപ്പിച്ച ജോൺ തുണ്ടിയത്തച്ചൻ, പോൾ നിലയ്ക്കൽ അച്ചൻ, സിസ്റ്റർ മേരി അമല, സണ്ണിക്കുട്ടി ചാമക്കാലായിൽ,
ബ്രദർ ജോർജ്ജ് കണ്ടത്തിൽപറമ്പിൽ,
കവർ പേജും ലേഔട്ടും നിർവ്വഹിച്ച അജു എ. വർഗീസ് കടമ്മനിട്ട,
ടൈപ്പിങ്ങിന് സഹായിച്ച ജിൻസി, സൗമ്യ, വി.ഡി ചാക്കോ സാർ,

www.malankaralibrary.com

www.malankaralibrary.com

സഹവൈദികർ, സുഹൃത്തുകൾ, പ്രിയവായനക്കാർ,
എന്നും പ്രചോദനമായി ഒപ്പം നില്ക്കുന്ന എന്റെ പ്രിയപ്പെട്ടവർ...
എല്ലാവർക്കും നന്ദി.

വീണഴിയാത്ത ഗോതമ്പുമണിയ്ക്കും പറയാനേറെയുണ്ട്,
പാടത്തെക്കുറിച്ചും, നിറഞ്ഞ കതിർകുലയെക്കുറിച്ചും,
കീഴ്പ്പെടുത്താനും വരിഞ്ഞുമുറുക്കാനും ഇരുളിൽ പതിയിരിക്കുന്ന
ശത്രുവിനെയും കളയെയും കുറിച്ചും ഒക്കെ.
വീണഴിഞ്ഞാൽ ഗോതമ്പുമണിയ്ക്ക് പിന്നെ പറയാനേറെയുണ്ടാവില്ല.
പിന്നീടത് തീക്ഷ്ണമായ ജീവിക്കലിന്റെ തിരക്കിലാവും.
നിരന്തരം മരണത്തിന്റെ വഴിയിൽപ്പെട്ട് ശോഷിക്കും.
എല്ലാം നിഷേധിക്കും. പിന്നെ നിശബ്ദയിലേക്കാണ്ടു പോകും.
ആരെയും കാണാത്ത ഏകാന്തതയിലേക്ക്.
അങ്ങനെ വീണഴിയുന്നതിലെ അപകടം കാണാൻ കഴിയുന്നതുതന്നെ
ഒരു ഭാഗ്യമാണ്.
ഒരു പക്ഷേ ഏകഭാഗ്യം.
അതിനു വലിയ വിലകൊടുക്കേണ്ടിവരും.
വില കൈമോശം വന്ന ദരിദ്രർ അങ്ങനെയാണ്
സ്വപ്നം കണ്ടു തുടങ്ങുക.
ഈ താളുകളിലും നിറയെ സ്വപ്നങ്ങളുണ്ട്.
തളിരിലയുമായി ഈ മണ്ണിനുമുകളിൽ ഒന്നു
മുളപൊട്ടാൻ കഴിഞ്ഞിരുന്നെങ്കിൽ...!
ആ സൂര്യവെളിച്ചത്തെ കൺകുളിർക്കെ ഒരുനോക്കു
കാണാൻ കഴിഞ്ഞിരുന്നെങ്കിൽ...!
ആത്മീയ ഉണർവ്വ് പെയ്തിറങ്ങട്ടെ!

പ്രാർത്ഥനയോടെ
ബെന്നി നാരകത്തിനാൽ അച്ചൻ

www.malankaralibrary.com

www.malankaralibrary.com

# 1

## ദൂരം



**'ഇത്തിരി വെള്ളം തരുമോ?'**
**'സഞ്ചാരി, ഈ കിണറ്റിൽ വെള്ളം ഇല്ലെന്ന് നിങ്ങൾക്കറിഞ്ഞുകൂടേ?'**
**'ഓ ഞാനത് അറിയണമായിരുന്നു, ഈ കിണറ്റിൽ വെള്ളം ഇല്ല, ദാഹമേ ഉള്ളൂ. ഒരു സഞ്ചാരിക്കല്ലാതെ, എന്താണ് സ്വയരക്ഷയ്ക്ക് ഉള്ളത്, അയാളുടെ ദാഹമല്ലാതെ!'**

**ആനന്ദ്: 'ഗോവർദ്ധന്റെ യാത്രകൾ'**

കണക്കുകൂട്ടി പറഞ്ഞാൽ ഏകദേശം നാല്പത്തിരണ്ടു തലമുറകളുടെ ദൂരവ്യത്യാസമെ ഈശോയ്ക്കും എനിയ്ക്കും ഇടയിലുള്ളൂ. ആത്മബന്ധത്തിന്റെ ദൂരം പക്ഷേ, അളക്കാനാവാത്തത്ര അകലത്തിലാണെന്ന് ഈയിടെ കുടുതലായി അറിയുന്നുണ്ട്. അതിന്റെ ഒരു ഏകദേശ ഗ്രാഫ് വെറുതെ ഒന്ന് വരച്ചിടാം എന്ന് ചിന്തിച്ചു. ഒരാഗ്രഹം കൊണ്ട്. അപകടമാണെന്നറിയാം. എന്നാലും താരതമ്യങ്ങൾക്കൊന്നും മുതിരാതെ എന്റെ ഒരു ആത്മസംതൃപ്തിയ്ക്കു വേണ്ടി മാത്രം എഴുതുകയാണ് .

www.malankaralibrary.com

www.malankaralibrary.com

ചെറുപ്പത്തിൽ ഒട്ടുമുക്കാലും പേർ ഭക്തി മാർഗമാണ് ആത്മീയജീവിതത്തിൽ തെരയുക. ബല്യകാലങ്ങളിൽ എന്റേയും ആത്മീയ വഴികൾ അങ്ങനെയായിരുന്നു. നാവിനു വഴങ്ങുന്നതും സംരക്ഷിച്ചോളു മെന്ന് ഉറപ്പുള്ളതുമായ സകല പുണ്യവാൻമാരുടെയും പുണ്യവതികളു ടെയും പേരുകൾ മുറതെറ്റാതെ വിളിച്ചു ചൊല്ലിയത് ഓർത്തു പോകുന്നു. പല ഭയങ്ങളും ഇത്തരം ഭക്താഭ്യാസങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. കൈവച്ച മേഖലകളിൽ പരാജയം കയ്ച്ചപ്പോൾ, വിശേഷിച്ചും ക്ലാസ് പരീക്ഷ വേളകളിൽ, ഭയത്തിന്റെ തോതു വർദ്ധിച്ചു. ഞാൻ കെട്ടി യുയർത്തിയ കൊച്ചു കൊച്ചു പ്രതിച്ഛായകൾ ഓരോന്നും വകഞ്ഞു മാറ്റി നേരുകൾ തിരയുന്ന സാറന്മാരോട് മല്ലടിക്കാൻ കഴിവില്ല എന്ന് തോന്നിയപ്പോഴൊക്കെ പുണ്യവാന്മാരെ ശരണം പ്രാപിച്ചു. അസാദ്ധ്യ കാര്യങ്ങളുടെ മദ്ധ്യസ്ഥൻ യൂദാ ശ്ലീഹായും സാത്താനോടു പടവെട്ടി പ രാജയപ്പെടുത്തുന്ന മീഖായേലും ഗീവർഗ്ഗീസ് സഹദായും എന്നുവേണ്ട, സൗമ്യമായി ഇടപെട്ട് കാര്യങ്ങൾക്ക് നീക്കുപോക്കു നേടിത്തരുന്ന കൊച്ചു ത്രേസ്യായും, അൽഫോൻസായും, ഒക്കെ ഒപ്പം നിന്നപ്പോഴാണ് എന്നിലെ ധൈര്യം അല്പമെങ്കിലും പുറത്തുവന്നത്.

ഭക്തി ചിലപ്പോഴൊക്കെ ചില തീവ്ര നിലപാടുകളെടു ക്കാനും എന്നെ പ്രേരിപ്പിച്ചിട്ടുണ്ട്. ഒരു വിശുദ്ധ പ്രലോഭനം കണക്കെ പല തവണ ഞാനതിൽ തട്ടി വീണിട്ടുമുണ്ട്. വിശ്വസനീയമായ ഒരു പിടി പുണ്യജന്മങ്ങൾ പ്രചോദനമായി മുന്നിൽ നിന്നതുകൊ ണ്ടാവാം ഭക്താഭ്യാസങ്ങൾ സഹനച്ചരടിൽ കോർത്തണിയാൻ ഞാ നും ശ്രമിച്ചത്. വായിച്ചറിഞ്ഞ ഒരു പാഠഭാഗം മനസ്സിൽ തെളിയുന്നു: രാത്രി...

ആരോ വരുന്നു...

ശിഷ്യർ ആദരവോടെ എഴുന്നേറ്റു... ഗുരുവാണത്. കൂട്ടത്തിൽ ഒരു ശിഷ്യനെ നോക്കി ഗുരു പറഞ്ഞു: 'മുകളിലേക്കുവരു...' മുകളിൽ ആശ്ര മചാപ്പലാണ്. കെടാവിളക്കിന്റെ അരണ്ട വെളിച്ചത്തിൽ ഗുരുവും ശിഷ്യ നും മാത്രം.

'കതകടയ്ക്കു!' ഗുരുവിന്റെ കല്പന.

ശിഷ്യൻ ഭയത്തോടെ അനുസരിച്ചു. അയാളുടെ മനസ്സുലഞ്ഞു തുടങ്ങി. ഗുരുവെന്തെ ഇങ്ങനെ? തന്നിൽ തെറ്റുവല്ലതും?

ആബോ അൽത്താരമുമ്പിൽ മുട്ടുമടക്കി പ്രാർത്ഥിക്കുകയാണ്. ഏതാനും നിമിഷങ്ങൾ ഇഴഞ്ഞു നീങ്ങി. പിന്നെ എഴുന്നേറ്റ് അവിടെയെ വിടെയോ സൂക്ഷിച്ചിരുന്ന ഒരു ചൂരൽ ശിഷ്യന്റെ കയ്യിൽ വച്ചുകൊടു ത്തിട്ടു പറഞ്ഞു. 'അടിക്കെടോ'...!

ശിഷ്യൻ മിഴിച്ചു നിന്നു.

തന്റെ കുപ്പായത്തിന്റെ കുടുക്കുകൾ അഴിച്ച്, നഗ്നമായ


www.malankaralibrary.com

ചുമൽകാട്ടി ഗുരു ആവർത്തിച്ചു...
'ഞാൻ മതിയെന്നു പറയുന്നതുവരെ താനെന്നെ തല്ലണം'. പകച്ചു നിന്ന ശിഷ്യന്റെ കയ്യിൽ നിന്നും ചൂരൽ വാങ്ങി തന്നെത്തന്നെ ശക്തമായി പ്രഹരിച്ചുകൊണ്ട് ആബോ വീണ്ടും കല്പിച്ചു:
'ഇതുപോലെ'.
ഗുരുകല്പന മനസ്സില്ലാമനസ്സോടെ അനുസരിക്കുകയാണിപ്പോൾ അവൻ. മനംനുറുങ്ങി വാവിട്ടു നിലവിളിച്ച് പിന്നെ താഴേക്കോടി. ആ നേരം ഗുരുവിന്റെ സ്വരം ഇടനാഴിയിൽ ഉയർന്നു:
'ആത്മദണ്ഡനം അവനവനുവേണ്ടി മാത്രമല്ല, മറ്റുള്ളവർക്കും വേണ്ടികൂടി ചെയ്യാവുന്നതാണ്''.
ശ്രീ. പീറ്റർ സി. എബ്രഹാമിന്റെ 'മലങ്കര സൂര്യൻ' എന്ന പുസ്തകത്തിലെ ഒരു സംഭവമാണിത്. സർവ്വസംഗ പരിത്യാഗിയായ ഋഷിവര്യൻ, മലങ്കരയുടെ സൂര്യതേജസ് മാർ ഈവാനിയോസായിരുന്നു ആ ആബോ. ശിഷ്യൻ, വാളക്കുഴി ശെമ്മാശൻ. അദ്ദേഹമാണ് പിന്നീട് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ ആയത്.

ഭക്തിയുടെ ഭാവതീവ്രതകൾ ഏതുകാലത്തും ഈശ്വര സാക്ഷാത്ക്കാര വഴികളായി പരികർമ്മം ചെയ്യപ്പെട്ടിട്ടുണ്ട്. പാശ്ചാത്യമനസ്സാണ് ഈ വഴിയിൽ മുൻപന്തിയിൽ നിലകൊണ്ടത്. സഹനങ്ങളെ ഒരു പരിധിവിട്ട് ആദർശവത്ക്കരിച്ചവരാണവർ. ഭക്തിയും ബുദ്ധിയും കൈകോർത്തപ്പോഴാണല്ലോ, ഈശോയ്ക്ക് മനോഹരമായ ശില്പങ്ങളും ദൈവാലയങ്ങളും കാഴ്ച കിട്ടിയത്. വിശേഷിച്ചും പടിഞ്ഞാറൻ നാടുകളിൽ.

ഒരു പ്രതികരണ രൂപീകരണം കണക്കെയാണെന്നു തോന്നുന്നു, എന്നിലെ ഭക്തിപ്രസ്ഥാനത്തിനെതിരെ അബോധപൂർവ്വം ഒരു നിശബ്ദത രൂപം കൊണ്ടത്, ഈ കാലത്താണ്. ഏതു കാര്യവും ഒരു പരിധിവിട്ടാൽ പ്രകൃതി അതിന്റെ വൈപരീത്യം സൃഷ്ടിച്ച് പ്രതികാരം ചെയ്യുമെന്ന് മനഃശാസ്ത്രവും പഠിപ്പിക്കുന്നുണ്ടല്ലോ? പ്രകൃതിയുടെ അലംഘനീയമായ നിയമമാണത്. Every action has an equal and opposite reaction. പതിനാല് പതിനഞ്ച് ശതകങ്ങളിൽ യൂറോപ്യൻ സഭയിലെ ഗ്രീക്കുകാരും ലത്തീൻകാരും തമ്മിൽ വികാരക്ഷുഭിതമായ വാഗ്‌വാദത്തിന് വഴി തെളിച്ച നിശബ്ദതാ പ്രസ്ഥാനം (quietism) അതിന്റെ ഒരു ചെറു രൂപത്തിൽ എന്നിലും രൂപപ്പെട്ടെന്നു തോന്നി. 'ചുമ്മായിരുപ്പ്'' എന്നുപറഞ്ഞ് ലത്തീൻകാർ ഈ സന്യാസ പ്രസ്ഥാനത്തെ കളിയാക്കിയിട്ടുണ്ട്. സ്വർഗ്ഗത്തേയോ, നരകത്തേയോ കാംഷിക്കാതെ, നൻമയ്ക്കോ തിൻമയ്ക്കോ മോഹിക്കാതെ വെറും വെറുതെ ജീവിക്കാനൊരു ശ്രമം. 1687 ൽ ഇന്നസെന്റ് 11-ാം മാർപ്പാപ്പാ തിരുമേനി ഈ പ്രസ്ഥാനത്തെ കത്തോലിക്കാസഭയിൽ ഔദ്യോഗികമായി നിരോധിച്ചു എന്നത് എന്റെ പിന്നിടുള്ള അറിവായിരുന്നു. അതിനും മുൻപ് വീട്ടിലെ മുതിർന്നവർ എന്നിലെ ആത്മീ

യതയുടെ ഈ മന്ദിപ്പുകൾക്കെതിരെ യുദ്ധം പ്രഖ്യാപിക്കുകയും, അത് വിളംബരം കൊട്ടി ബന്ധുക്കളെ അറിയിക്കുകയും ചെയ്തു.

ഈശോയിലേയ്ക്കുള്ള എന്റെ ദൂരം ആയിരുന്നു പ്രശ്നം. ലക്ഷ്യം ഈശോ ആയിരുന്നതിനാൽ അവനെക്കുറിച്ചുള്ള എന്റെ അറിവുകൾ ദൂരത്തെ ഗണ്യമായി സ്വാധീനിച്ചിരുന്നു. ചരിത്രത്തിൽ ഇടപെട്ട ദൈവപുത്രനായിരുന്നു എന്റെ മനസ്സിന്റെ ആകർഷണം. ആദിമ ക്രൈസ്തവർ ഉയിർത്ത ക്രിസ്തുവിലും അവിടുത്തെ രണ്ടാംവരവിലും ദത്തശ്രദ്ധരായിരുന്നുവെന്ന് റുഡോൾഫ് ബുൾട്ട്മാൻ. അതായിരുന്നു അവരുടെ വിശ്വാസത്തിനടിത്തറ. അത് ചലനാത്മകമായ ഒരു ക്രിസ്തുവിജ്ഞാനീയമായിരുന്നു. എല്ലാറ്റിനെയും ഉയിർപ്പിന്റെ വെളിച്ചത്തിൽ കാണുക. അവനിലേക്കുള്ള ദൂരം കുറയ്ക്കാൻ അതൊരു എളുപ്പവഴിയാണ്. ഈശോയ്ക്ക് കർത്താവെന്നും, മിശിഹായെന്നും, ദൈവപുത്രനെന്നും ഉപരിനാമം നൽകുക, അവിടുത്തെ അത്ഭുതങ്ങളെ വിശ്വാസത്തിന്റെ കണ്ണുകൾകൊണ്ടു കാണാൻ പഠിക്കുക. ഇതൊക്കെ ആദിമക്രൈസ്തവർ സുപ്രധാന ജീവിതചര്യയാക്കി. അങ്ങനെ കരുതിയതിൽ പുതുതായി എന്തെങ്കിലും നൽകപ്പെടുന്നു എന്ന് വിശ്വസിക്കാൻ പാകത്തിൽ എന്റെ മനസ്സ് അന്നു വളർന്നിരുന്നില്ല. അതുകൊണ്ട് ചരിത്രത്തിലെ യേശുവും അവന്റെ ജീവിതത്തിൽ നടന്ന നഗ്നയാഥാർത്ഥ്യങ്ങളും എനിക്കു വിഷയമായിത്തുടങ്ങി. ഒരു യഥാർത്ഥ മാതൃക തെരയാൻ വെമ്പുന്ന ഘട്ടത്തിൽ ഏതൊരു യുവമനസ്സും ചെന്നെത്തുന്ന തുരുത്താണ് ജീസസ്സ്. അവന്റെ വാക്കിന്റെ തീവ്രതയും, കപടസദാചാരങ്ങൾക്കെതിരെ എടുത്ത നിലപാടുകളും നീതിബോധവും എന്നിൽ ചലനങ്ങൾ സൃഷ്ടിച്ചിരുന്നു. ക്രൂശുമരണം സമകാലികർക്കു പ്രസക്തമാകുന്നത് പ്രഘോഷണങ്ങൾകൊണ്ടല്ല, പ്രവൃത്തികൾ കൊണ്ടാണെന്നു വിശ്വസിക്കാനായിരുന്നു എനിക്കിഷ്ടം.

ഈശോ ചരിത്രം ഒരു മാനവിക ശാസ്ത്രമാണെന്ന് ഏണസ്റ്റ് കെസേമാൻ. അത് ഗതകാല സംഭവങ്ങളുടെ സവിശേഷ മാനവികമാനങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. വെറും പേരും തീയതിയും സ്ഥലവും സംഭവവും രേഖപ്പെടുത്തുന്ന ഭൗതികശാസ്ത്രമല്ല അത്. സുവിശേഷ പാരമ്പര്യത്തിലൂടെ വായിച്ചറിഞ്ഞ സത്യങ്ങളെ എന്റെ സമകാലീന സമൂഹത്തിൽ വ്യാഖ്യാനിച്ചെടുക്കാനാണ് അന്നും എനിക്ക് താല്പര്യം.

പക്ഷേ അതത്ര എളുപ്പമല്ലെന്ന് പിന്നീടെനിക്കു മനസ്സിലായി. ഈശോയെ വ്യാഖ്യാനിക്കാൻ ഏറ്റവും എളുപ്പം ചരിത്രാന്വേഷണം അവസാനിപ്പിക്കുക എന്നതാണ്. അവിടുത്തെ പെരുമാറ്റത്തിലും പ്രവൃത്തിയിലുമുപരി അവയുടെ വ്യാഖ്യാനങ്ങളെ വന്ദിച്ചുനില്ക്കുക. അവനിൽ തുളുമ്പിനിന്ന ദൈവത്വം എനിക്ക് ഒരു വെല്ലുവിളിയല്ല. അതൊരു അഭയകേന്ദ്രമാണ്. പക്ഷെ, പച്ചയായ മനുഷ്യജീവിതത്തോട് ഒട്ടിച്ചേർന്നുനിന്ന ഈശോ എനിക്ക് ദൂരത്താണ്. നിയമത്തോടു കലഹിച്ചും, സാബത്തു

ലംഘിച്ചും സമുദായ ഭ്രഷ്ടരോട് മമത കാണിച്ചും ദേവാലയം ശുദ്ധീക രിച്ചും മനുഷ്യനോട് ഒട്ടിനില്ക്കുന്ന ഒരു ദൈവം. അതെനിക്ക് അപകടം തന്നെയാണ്. അങ്ങനെയാണ് ഞാൻ മടങ്ങിയത്. തിരികെ എന്റെ ഭക്തി പ്രസ്ഥാനങ്ങളിലേക്ക്. സ്തുതിയും കീർത്തനവും പാടിയും, മണിയടി ക്കുമ്പോൾ കൃത്യമായി ഭക്ഷണം കഴിച്ചും ഞാനെന്റെ സുരക്ഷിത കൂ ടുകളിലേക്ക് മടങ്ങുകയാണ്. നാമജപങ്ങളും സുകൃതാഭ്യാസങ്ങളും കൊണ്ടുമാത്രം അവനിലേക്കുള്ള ദൂരം ഒട്ടും കുറയ്ക്കാനാവില്ല എന്നറി ഞ്ഞുകൊണ്ടുതന്നെ. ഈശോ ഒത്തിരിയേറെ അകലത്തിലാണെന്ന് എനി യ്ക്ക് തോന്നി തുടങ്ങിയത്, സമയത്തിന്റെ തീരത്തിരുന്ന് ജീവിതനേരു കളെ നോക്കികണ്ടപ്പോഴാണ്. അപ്പോഴേക്കും സമയം വല്ലാതെ വേഗത കൂട്ടിത്തുടങ്ങിയിരുന്നു.

*ഗുരുവും ശിഷ്യനും നടക്കാൻ ഇറങ്ങിയതാണ്.*
*ഗുരു ചോദിച്ചു:*
*'നീ എന്തുകാണുന്നു?'*
*'വഴി നിറയെ ചെളിവെള്ളം!'*
*'അതിലേയ്ക്ക് സൂക്ഷിച്ചുനോക്കിയാലോ?'*
*'ദാ, അതിൽ നീലാകാശം തെളിഞ്ഞുവരു ന്നുണ്ട്!'*


www.malankaralibrary.com

www.malankaralibrary.com

# 2

# നടവഴി



*'ഉറക്കം മതി ചങ്ങാതി-*
*യുത്ഥാനം ചെയ്തിടാമിനി*
*എഴുന്നേറ്റിട്ടു വേണ്ടേ*
*നാമെങ്ങോട്ടും സഞ്ചരിക്കുവാൻ'*

**ഉള്ളൂർ എസ്. പരമേശ്വരയ്യർ:**
*'പുരോഗതി'*

വീട്ടിൽ നിന്നും സെമിനാരിയിൽ എത്തിയ ആദ്യ നാളുകളിൽ ഭക്തി അതിന്റെ ഭാവങ്ങൾ കൂടുതൽ കരുതലോടെ പ്രകടിപ്പിച്ചിരുന്നു. ഈ സമയത്താണ് കുറെ വിശുദ്ധരുടെ ജീവിത പുസ്കങ്ങൾ പാഠപുസ്തകങ്ങളാക്കി തുടങ്ങിയത്. അകലം എന്റെ തന്നെ സൃഷ്ടിയാണെന്ന തിരിച്ചറിവോടെയാണ് പഠനങ്ങളിലേക്കെല്ലാം പ്രവേശിച്ചത്. സൂര്യപാതയിൽ നിന്ന് ഒഴിഞ്ഞുമാറിയ ഭൂമി ഇരുളിലമരും. ബുദ്ധി ഒരു പരിധിവരെയൊക്കെ വെളിച്ചം തരും. പിന്നെ മങ്ങിത്തുടങ്ങും. എന്നിലെ ചോദ്യങ്ങൾക്കെല്ലാം വ്യക്തത നൽകി ബുദ്ധിയ്ക്ക് ഒരുപാട് മുന്നോട്ടു നീങ്ങാനാവാതായി.

www.malankaralibrary.com

'അകലം' ഒരു വൈയക്തിക പ്രശ്നമായി. സംശയങ്ങളിൽ സത്യമെന്ത്? എന്ന പീലാത്തോസിന്റെ ചോദ്യം നിറഞ്ഞുനിന്നു. സംശയങ്ങൾ അന്വേഷി യുടെ അടിസ്ഥാന സ്വഭാവമാണെന്ന് വായിച്ചത് അല്പം ആശ്വാസത്തിന് വക നൽകി എന്നതൊഴിച്ചാൽ സത്യം അറിയാത്തവന്റെ മുന്നിൽ വന്നു ചേരുന്ന പ്രശ്നങ്ങളുമായി നിരന്തരം മല്ലിട്ടു കഴിയാനായിരുന്നു എന്റെ നിയോഗം. The thing sought is in the seeker according to the mode of the seeker എന്നാണല്ലോ. അന്വേഷിയുടെ സന്നദ്ധതയെ അംഗീകരിക്കുന്ന സമൂഹത്തിന്റെ തുറവിയാണ് അന്നും എന്നും കൈമോശം വരുന്നത്.

കാര്യങ്ങൾ അത്ര എളുപ്പമായിരുന്നില്ല. ആത്മീയതയിൽ കണ്ടെ ത്തുന്ന തളർച്ചയ്ക്കു കാരണം ഈശോ എന്റെ ഒരു സാധ്യത പോലും ആവുന്നില്ലല്ലോ എന്ന ഭീതിയായിരുന്നു. ചില നേരങ്ങളിൽ സങ്കീർണ്ണ തകളുടെ കാണാകയങ്ങലിലേക്ക് ഞാൻ താണുപോയി. അനുഭവങ്ങ ളുടെ പാഠശാലയിൽ കാര്യമായ ഒരു റോൾ, കൺഫ്യൂഷനുണ്ട്. ഒന്നും വ്യക്തമല്ലാതെ വെറുതെ വാ പൊളിച്ചു നില്ക്കേണ്ടിവരിക. ദൈവമെ എന്നൊന്നു വിളിക്കാൻ പോലും മറന്നുപോകുക. തത്വചിന്തകളുടെയും യുക്തി വിചാരങ്ങളുടെയും ആധിക്യം കൊണ്ടോ എന്തോ, ഒരുമാതിരി അൽഷൈമേഴ്സ് വന്നവനെപോലെ. അന്വേഷിയുടെ വിശുദ്ധ നിയോ ഗമാവാം ഇതും.

ആരാണ് ദൈവപുത്രൻ എന്നത് ഏതുകാലത്തും ആവേശ ത്തോടെ ചർച്ച ചെയ്യപ്പെട്ട വിഷയമാണ്. നസ്രത്തിലെ നാഴിയിടങ്ങഴി മണ്ണിൽ നി ന്ന് ജനകോടികളുടെ ഹൃദയങ്ങളിലേയ്ക്ക് ചേക്കേറിയ ആദ്യ നുറ്റാണ്ടിലെ ആ റിബൽ റബ്ബായി പരിമിതനായ മനുഷ്യന് ഇനിയും അള ക്കാനാവാത്ത അപരിമേയനാണ്. ബേത്‌ലഹേമിലെ ആട്ടിടയർക്ക് അവന ടുത്തെത്താനു ള്ള ദൂരം തുലോം ചെറുതായിരുന്നു. A walkable distance. മുക്കുവരായ ശിഷ്യർക്ക് അവൻ ഏകദേശം 200 മുഴത്തിലധികം അകലെയ ല്ലായിരുന്നു. ഉയിർപ്പിന്റെ പ്രഭയോടെ അവരുടെ അടുത്ത് അവനുണ്ട്. തിബേരിയോസ് തീരത്ത്. ഒരു മിനിറ്റിനകം എത്തിച്ചേരാവുന്ന ദൂരമെ അവർക്കിടയിലുണ്ടായിരുന്നുള്ളു. അകലത്തിന് അതിരുകല്പിച്ച്, വെ റും 200 മൈലുകൾക്കുള്ളിൽ മാത്രമെ അവൻ സഞ്ചരിച്ചിട്ടുള്ളു. ചെറിയ വാക്കുകളിൽ അവൻ ലോകത്തെ കൈവശപ്പെടുത്തി. ഒത്തിരി അലയു ന്നവനും ഒരുപാ ട് മൊഴിയുന്നവനും ഉള്ള് പതിരാക്കിയവരാണല്ലോ? തലയെടുപ്പോടെ നി ന്ന ഒരു പണ്ഡിതൻ അത്ര തലയെടുപ്പില്ലാതെ ഒതുങ്ങികൂടിയ ഒരു വൃദ്ധ സന്ന്യാസിയെ വയൽ വരമ്പിൽ കണ്ടുമുട്ടി. പ ണ്ഡിതൻ പരിഹസിച്ചു. 'പ്രായമേറെയായിട്ടും തലയുയർത്തിയൊന്നു നടക്കാൻ പോലും ഇനിയും പഠിച്ചിട്ടില്ലല്ലോ! അനുഭവങ്ങളുടെ ബലമെ ങ്കിലും അങ്ങേയ്ക്ക് കൂട്ടിനുണ്ടാകുമെന്ന് ഞാൻ വെറുതെ കരുതി!' മറു പടിയായി സന്ന്യാസി വിളഞ്ഞു കിടക്കുന്ന വയൽ ചൂണ്ടിക്കാട്ടി പറഞ്ഞു.

'ആ വിളഞ്ഞ കതിരുകളാണ് ഇതിനുള്ള മറുപടി'. പണ്ഡിതൻ കണ്ടു, നിറമണികളോടെയുള്ള കതിർകുലകൾ തലതാഴ്ത്തി നില്ക്കുന്നത്. പതിരുകൾ, തലയുയർത്തിപ്പിടിച്ചു നി ല്ക്കുന്നതും. ഉള്ളിൽ നിറവുള്ളവന്റെ തല താഴ്ന്നു നില്ക്കുന്നു, ഏതു കാലത്തും! അവർക്ക് ഈശോയിലേയ്ക്ക് നടന്നെത്താവുന്ന ദൂരമേ കാണൂ.

ഏതാണ്ട് 332 പ്രവചനങ്ങൾ ഭൂമിയിൽ അവനെക്കുറിച്ച് നടന്നിട്ടുണ്ടെന്ന് ഒരേകദേശ കണക്കെടുപ്പ് വേദപണ്ഡിതർ എടുത്തിട്ടുണ്ട്. മനുഷ്യൻ പ്രാചീനകാലം മുതൽക്കെ സ്വർഗ്ഗത്തിന്റെ ഈ ഇടപെടലിനായി കാതോർത്തിട്ടുണ്ട്. ബാബിലോണിയക്കാർ പ്രപഞ്ചശക്തിയുടെ കാരണക്കാരായി ദേവന്മാരെ വാഴ്ത്തി. ഈജിപ്തുകാർ സൂര്യദേവനായ 'റേ' യുടെ പുത്രന്മാരായി ഫറവോയെ കണ്ടു. ഗ്രേക്കോ- റോമൻ മതങ്ങൾ വിളകളുടെ സംരക്ഷകനായി 'തേർമേനി'യെ ആരാധിച്ചു. ഇവരെകൂടാതെ നൂറുകണക്കിന് ആരാധനമൂർത്തികളെ എല്ലാ സംസ്കാരങ്ങളും പ്രതിഷ്ഠിച്ചു വണങ്ങി. എല്ലാം മനുഷ്യന് അപ്രാപ്യമായ രക്ഷ കണ്ടെത്താനായിരുന്നു. ആകാശം ഇടപെട്ടാലെ രക്ഷയുള്ളൂ എന്ന തിരിച്ചറിവിന്, മനുഷ്യചരിത്രത്തോളം പ്രായമുണ്ട്. ഈശോയ്ക്ക് രണ്ടായിരം വർഷങ്ങൾക്കുമുമ്പ് പാഴ്സി മതശില്പി സെരവസ്റ്റർ, കന്യകയിൽ നിന്നുത്ഭവിക്കുന്ന 'ഒഷേദാർ' എന്ന നീതിയിൻ രാജാവിനെക്കുറിച്ച് സെൻ അവസ്ഥയിൽ കുറിച്ചിട്ടു. അവൻ 33-ാം വയസ്സിൽ സൂര്യനു നേരെ നില്ക്കുമ്പോൾ സൂര്യൻ നിശ്ചലനാകുമത്രെ. യവന മഹർഷി ഹെരാക്ലീറ്റസ് ഈശോയ്ക്ക് 500 വർഷങ്ങൾക്കു മുമ്പ് മനുഷ്യന്റെ ഉല്പത്തിക്കു കാരണവും സൃഷ്ടിയ്ക്ക് മകുടമായ ലോഗോസ് (Logos) എന്ന ചൈതന്യസ്വരൂപനെ അന്തരംഗത്തിൽ കാണാൻ ആഹ്വാനം ചെയ്തു. ഹൈന്ദവമതം അവന് 1600 വർഷങ്ങൾക്കു മുമ്പ് വേദോപനിഷത്തിൽ മർത്യ പാപപരിഹാരത്തിനായുള്ള പ്രജാപതിയാഗത്തെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. 'പുരുഷ ഏവേദം സർവ്വം യദ് ഭൂതം യച്ച ഭവ്യം' എന്ന് കഠിനോപനിഷത്തും പറഞ്ഞുവച്ചു. ഒരു പരമ സിദ്ധൻ പടിഞ്ഞാറെ ആകാശത്ത് ഉദയം കൊള്ളുമെന്ന കൺഫ്യൂഷ്യസും, റോമൻ കവിവെർജ്ജിൽ ഈശോയ്ക്ക് 50 വർഷങ്ങൾക്കു മുൻമ്പ് കന്യകയുടെ പുത്രനാൽ ഒരു സുവർണ്ണയുഗം മനുഷ്യരുടെ ഇടയിൽ പിറക്കുമെന്നും പ്രവചിച്ചു.

യഹൂദ മഹർഷിയായ ഏശയ്യാ അവന് 700 വർഷങ്ങൾക്കുമുമ്പ് ജനതകളുടെ പ്രകാശമായി ആ വരവിനെ ഉദ്ഘോഷിച്ചു. അന്ധർക്ക് കാഴ്ച്ചയും ബധിരർക്കു കേൾവിയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിച്ച് നസ്രത്തിലെ യേശു ആ പ്രവചനം കപർണഹാമിലെ സിനഗോഗിൽ വായിച്ചു (ലൂക്കാ 4: 21). പള്ളിയിലുള്ള എല്ലാവരും അവനെ ഉറ്റുനോക്കിയിരുന്നു. അവൻ പറഞ്ഞു: 'നിങ്ങൾ കേട്ടിരിക്കെതന്നെ ഈ തിരുവെഴുത്ത് ഇതാ നിറവേ


www.malankaralibrary.com

റിയിരിക്കുന്നു'. ആശ്ചര്യഭരിതരായി ഇരുന്ന ജനസമൂഹത്തെ നോക്കി ന സ്രത്തിലെ യേശു തുടർന്നു. 'സമയം സമാഗതമായി ദൈവരാജ്യം സമീപിച്ചിരിക്കുന്നു'. ജനം അന്വേഷിച്ചു. എവിടെ? അവൻ വ്യക്തമാക്കി: 'ഉള്ളിലേയ്ക്ക് ഗതി തിരിച്ചു വിടുക'.

പണ്ട് സൃഷ്ടി കർമ്മം കഴിഞ്ഞ്, ദൈവം ഭയപ്പെട്ടുപോയി എന്നൊരു കഥയുണ്ട്. സൃഷ്ടി എങ്ങനെയുണ്ടെന്ന് വെറുതെ അവിടുന്ന് ഒന്നു തിരക്കി. കംപ്ലയിന്റ് ബോക്സ് നിറയെ പരാതികൾ. സസ്യ- ജന്തു- മനുഷ്യ സൃഷ്ടിയൊന്നും അത്രപോരാ. പഴങ്ങളുടെ രൂപവും ഗുണവും വേണ്ടവിധമല്ല. ചക്കയ്ക്കുള്ളിൽ കുരുവും, ചവണിയും ആവശ്യത്തിലധികം. പറങ്കിമാമ്പഴത്തിന്റെ കുരു വെളിയിൽ ചാടി തൂങ്ങി കിടക്കുന്നു. ജന്തുക്കളിൽ ചിലതിന് മാത്രം ചാടാനാവുന്നു. ചിലതിന് ഇഴയാനാണു വിധി. മനുഷ്യരും അത്രപോരാ. മനുഷ്യരിൽ പുരുഷവർഗ്ഗം മിതഭാഷണം കൊണ്ട് തൃപ്തിപ്പെടേണ്ടി വരുന്നു. ശരാശരി ഏഴായിരം വാക്കുകളാണ് കക്ഷിയ്ക്ക് ഒരു ദിവസത്തെ ക്വോട്ടാ. സ്ത്രീകൾക്കത് ഇരുപതിനായിരം വരെയുണ്ട്. പുരുഷന്മാർ പണിക്കിറങ്ങി, നാടുചുറ്റി ഏഴായിരം വാക്കും തീർക്കുന്നു. പണികഴിഞ്ഞ് ഭർത്താവ് വീട്ടിലെത്തുമ്പോൾ ക്വോട്ടയുമായി ഭാര്യ ഭർത്താവിനെ കാത്ത് വീട്ടിലിരിപ്പുണ്ട്. അങ്ങനെ നീണ്ടപരാതികൾ. സൃഷ്ടി ഒട്ടും ശരിയായില്ല!

അതുകൊണ്ട് ദൈവത്തെ നേരിലൊന്നു കാണാനിരിക്കുകയായിരുന്നു മനുഷ്യൻ. ദൈവം പേടിച്ചു. ഇനിയിപ്പോ എന്താ ഒരു മാർഗ്ഗം? തല്ക്കാലം ഒന്നു മാറിത്താമസിക്കാം. പക്ഷേ എവിടെ? സ്വർഗ്ഗത്തിലെ തലമൂത്ത ദൂതരെല്ലാം പല സ്ഥലങ്ങൾ ചൂണ്ടിക്കാട്ടി. ഹിമാലയം, കൈലാസം, പാതാളം, അന്യഗ്രഹം... ഒന്നും സേഫ് അല്ല. മനുഷ്യൻ കണ്ടുപിടിക്കും. കൂട്ടത്തിലൊരു മാലാഖയുടെ അഭിപ്രായം ദൈവത്തിനു നന്നെ ബോധിച്ചു. മനുഷ്യന്റെ ഉള്ളിൽ തന്നെ കേറിക്കൂടിയ്ക്കോ! ഒരു കാരണവശാലും അവൻ തെരയില്ല. അതുകൊണ്ടാണല്ലോ ഇങ്ങനെ നാം പറയുന്നത്. ആയിരങ്ങൾ ഇറങ്ങിതിരിക്കുന്നു അതിലൊരുവൻ യഥാർത്ഥ സന്ന്യാസിയാകുന്നു. പതിനായിരം യഥാർത്ഥസന്ന്യാസികളിൽ ഒരുവൻ ബ്രഹ്മത്തെ അറിയുന്നു. പുറമെയുള്ളതെല്ലാം ഉള്ളിലെ സത്യത്തെ പുനരാവിഷ്കരിക്കാൻ തുടങ്ങിയപ്പോൾ, ഈശോയിലേക്കുള്ള എന്റെ ദൂരം കുറയുംപോലെ തോന്നി. ആബേലച്ചന്റെ 'ഈശ്വരനെ തേടി ഞാൻ നടന്നു' എന്ന പാട്ടിന് താളം പിടിച്ചു എന്റെ മനസ്സപ്പോൾ.

ഈശോയുടെ സ്നേഹം തുടിച്ചത് ദൈവരാജ്യം എന്ന സന്ദേശത്തിലായിരുന്നു. അതവിടുത്തെ ജീവിത ദൗത്യമാണ്. അവന്റെ കാലത്തും അതിനുമുമ്പും പിമ്പും ദൈവരാജ്യം എന്ന സങ്കല്പം നിരവധി പ്രസ്ഥാനങ്ങളിൽ ചേക്കേറിയിരുന്നു. ദൈവാധിപത്യം ആയിരുന്നു ഒന്ന്. ദാവീദിന്റെ കാലത്തെന്നപോലെ ദൈവത്തെമാത്രം മുൻനിർത്തി ഉടമ്പടി

ബദ്ധമായ നിയമവാഴ്ച്ച പുനസ്ഥാപിക്കുക. അങ്ങനെ ആ പഴയ സ്വർഗ്ഗം തിരികെ വരുത്തുക. വിശുദ്ധയുദ്ധത്തിലൂടെ മാത്രമെ സ്വർഗ്ഗം സ്ഥാപിക്കാനാവൂ എന്നാണ് തീക്ഷ്ണമതികൾ പറഞ്ഞത്. ഫരിസേയർ നിയമത്തിന്റെ നിഷ്ക്കർഷ പാലനത്തിന് ദൈവരാജ്യം സൃഷ്ടിക്കാനാവും എന്നു കണക്കുകൂട്ടി. ഖുംമ്രാൻ സന്യാസികൾ കർശന തപസ്സാണ് പറുദീസായ്ക്ക് വേണ്ടി തിരഞ്ഞത്. സ്നാപകനും അതിനു പ്രേരിപ്പിച്ചു. നീതിമാന്റെ അവകാശമായി ദൈവരാജ്യത്തെ കണ്ടവരാണവർ. മനുഷ്യന്റെ കഴിവും ഈശ്വരഭക്തിയുംകൊണ്ട് നേടിയെടുക്കേണ്ട യാഥാർത്ഥ്യമാണ് പറുദീസാ എന്നവർ കരുതി. എന്നാൽ ഈശോ പറഞ്ഞു: സ്വർഗ്ഗം നിങ്ങളുടെ പ്രയത്നഫലമല്ല, എന്റെ ആബായുടെ ദാനമാണ്. സമ്പൂർണ്ണ ദാനം. അതുകേട്ട് ദൈവത്തിൽനിന്ന് ഒന്നും അവകാശപ്പെടാനും പ്രതീക്ഷിക്കാനുമില്ലാത്ത ദരിദ്രനാരായണന്മാരുടെ കണ്ണിൽ പ്രകാശം പരന്നു. വ്യവസ്ഥയില്ലാത്ത സ്നേഹമൊഴുക്കി അവർ ദൈവത്തോട് ചങ്ങാത്തം കൂടി. ആ ദൈവത്തെ നെഞ്ചോടുചേർത്തുവച്ചും ലാളിച്ചും, കൊഞ്ചിച്ചും, കഥപറഞ്ഞുകേൾപ്പിച്ചും അവർ വളർത്തിയെടുക്കുന്നു. അതെ, ദൈവം ഉള്ളിലാണ്. ഇമ്മാനുവേൽ, ദൈവം നമ്മോടുകൂടെ!

*തീർത്ഥകേന്ദ്രങ്ങളിൽ ശാന്തി തിരഞ്ഞു നടന്ന ധനാഢ്യൻ അൽക്കി ബാൽഡീസ് സോക്രട്ടീസിന്റെ അടുത്ത് സങ്കടം പറഞ്ഞു:*

*'ഒത്തിരി അലഞ്ഞു. എന്നിട്ടും ഒരു സ്വസ്ഥതയും കിട്ടുന്നില്ല.'*

*'ഒരാളെ വീട്ടിൽ നിർത്തിയിട്ടേ പുണ്യയാത്രയ്ക്ക് ഇനിയും ഇറങ്ങാവൂ!'*

*'ആരെ?'*


*'നിന്റെ അഹന്തയെ!'*


www.malankaralibrary.com

www.malankaralibrary.com

# 3

# ഗോത്രസ്മൃതി



'ഇന്നലെ എന്നത് ഇന്നിന്റെ സ്മരണയും നാളെ എന്നത് ഇന്നിന്റെ സ്വപ്നവും ആണ്"

**ഖലീൽ ജിബ്രാൻ**

ചുവാങ്ങ് സു (Chuang Tzu) ഒരു സെൻ ബുദ്ധഗുരുവാണ്. ഒരുനാൾ ശിഷ്യനുമൊത്ത് നടക്കാനിറങ്ങിയ അദ്ദേഹം ഒരാൾ അമ്പെയ്യുന്നതു കണ്ടു. എയ്തതെല്ലാം കൃത്യമായും ചുവന്ന വൃത്തത്തിൽ തന്നെ. ശിഷ്യന് അത്ഭുതം. ഇതെങ്ങനെ? യാതൊരു പിഴവും കൂടാതെ! ഗുരു മെല്ലെ അമ്പെയ്ത്തുക്കാരന്റെ അടുത്തേയ്ക്ക് നീങ്ങി. അയാളുടെ കാതിലെന്തോ മന്ത്രിച്ചു. അതിനുശേഷം അയാൾ തൊടുത്ത അമ്പുകൾക്ക് അത്ര കൃത്യത ഉണ്ടായിരുന്നില്ല. ശിഷ്യനു വീണ്ടും ആശ്ചര്യം!

www.malankaralibrary.com

www.malankaralibrary.com

ഗുരു എന്തു മന്ത്രമാണ് ഓതിയത്? അയാൾ ഇപ്പോൾ എല്ലാം തെറ്റിക്കുന്നല്ലോ? ഗുരു കാര്യം വ്യക്തമാക്കി 'ഇനിയും കൃത്യമായി എയ്താൽ ഞാനയാൾക്കൊരു സ്വർണ്ണമോതിരം നൽകാമെന്നു പറഞ്ഞു. സമ്മാനം അയാളുടെ മനസ്സിനെ പകുത്തുമാറ്റി. എയ്യുന്നതിനെക്കാളേറെ, വിജയിക്കുന്നതിലായി അയാളുടെ ചിന്ത. അയാളിലെ ഊർജ്ജത്തിനിപ്പോൾ രണ്ടു ലക്ഷ്യങ്ങളാണുള്ളത്'.

നിരന്തരം സംഘർഷങ്ങളിലേയ്ക്കു വഴുതി മനോബലം നഷ്ടപ്പെടുത്തുന്നവരുടെ എണ്ണം അനിയന്ത്രിതമാകുന്നുണ്ട്. വിഭജിക്കപ്പെട്ട മനസ്സിന് അന്വേഷണം ഒരു Methodology പോലും ആകുന്നില്ല. മറിച്ച്, മതിലായി ഉയർന്ന് സഞ്ചാരത്തെ തടസ്സപ്പെടുത്തുന്നുമുണ്ട്. ജീവിതത്തെ ഒരു വഴിനടപ്പായി കരുതി നീങ്ങിയിട്ടും, വഴിയിൽ വീണേക്കുമോയെന്ന ഭയം ഏവരേയും പോലെ എന്നെയും ഗ്രസിക്കുന്നു.

അന്വേഷിയ്ക്ക് എപ്പോഴും തടസ്സമായിട്ടുള്ള ഒന്നാണ് ഗോത്രസ്മൃതി എന്നു വായിച്ചിട്ടുണ്ട്. ഗോത്രങ്ങൾ മനുഷ്യനെ ഏതുകാലത്തും നിയന്ത്രിക്കുന്നുണ്ട്. സമുദായങ്ങളും, വർഗ്ഗങ്ങളും, പാർട്ടികളും വരച്ചിട്ട ഭൂതകാലത്തിലെ ഗ്രാഫുകളിലൂടെ നീങ്ങാനാണ് മിക്കവരുടേയും വിധി. ശിരോലിഖിതം പോലെ പൂർവ്വികർ നടന്നുനീങ്ങിയ ആചാരവഴികളിലൂടെ ആദരവോടെയാണ് ഞാനും നീങ്ങിയത്. പിറന്നുവീണതുതന്നെ നിരവധി ഉപദേശങ്ങൾക്കു നടുവിലേക്കാണ്. ഈശോയ്ക്കിതൊന്നും ഇഷ്ടമല്ല കേട്ടോ? ഈശോ അടിക്കുമെ! മൂത്തവർ ചൊല്ലും മുതുനെല്ലിക്കായും ആദ്യം കയ്ക്കും പിന്നെ..! ദേ ഒരു കാര്യം ചെയ്യുന്നേനുമുമ്പ് രണ്ടു തവണ ചിന്തിക്കണം കേട്ടോ...! ഒഴുക്കിനെതിരെ നീന്തിപ്പഠിക്ക്...! ദോഷം വരുത്തിവയ്ക്കല്ലെ...! ദുഷ്പ്പേരു കേൾപ്പിക്കരുതേ! പിറവി മുതൽ മരണം വരെ ഒരുവൻ കേട്ട് കീഴ്പ്പെടേണ്ടിവരുന്ന വേദങ്ങൾ സ്മൃതികളിൽ ആലേഖനം ചെയ്ത് ഞാനും ബാല്യം കടന്നു. ഇളം മനസ്സിന് നടന്നു നീങ്ങാൻ സ്മൃതികൾ അനിവാര്യമായിരുന്നു. പക്ഷേ അതിനും മീതെയാണ് മനുഷ്യന്റെ ഉള്ളിലെ പ്രതിഭ എന്നു മനസ്സിലാക്കിയപ്പോൾ മുതൽ, അതിരുകവിഞ്ഞ ആശ്രയത്വങ്ങളിലും ആകാശങ്ങളെ വിസ്മരിക്കാൻ പ്രേരിപ്പിക്കുന്ന ശീലവിധേയത്വങ്ങളിലും (conditioning) അപകടംമണത്തു. ഉള്ളിൽ നിന്ന് ഒരു വിസ്ഫോടനം അസാധ്യമാകുംപോലെ. അതാണ് അതിന്റെ അപകടം. തികച്ചും നൂതനമായ ഒരു കലാപം ഉള്ളിലുറവപൊട്ടാതെ ജീവിതം സാഹസികമാകില്ല എന്ന തോന്നൽ എനിക്കും അനുഭവപ്പെട്ടു. എന്റേതെന്നുപറയാൻ ഒരു സ്വപ്നമില്ലാതെ പോകുന്നു എന്നതാണ് ഈ കാലത്തിലെ സങ്കടം. ഭൂതകാലത്തിന്റെ ആദർശങ്ങളും തിയറികളും എന്റെ പ്രശ്നങ്ങൾക്ക് സ്യൂട്ടാവുന്നില്ല. പ്രശ്നങ്ങൾ നിരന്തരം പുതിയതാണ്. സമ്പ്രദായങ്ങൾ


www.malankaralibrary.com

www.malankaralibrary.com

പഴയതും. ആചാരങ്ങൾ ഒരു ഒത്തുതീർപ്പിലും എത്തിക്കാതെ എന്നെ പാതി വഴിയിൽ തനിച്ചാക്കുന്നപോലെ. ഈ നിമിഷത്തെ ധൈര്യപൂർവ്വം നോക്കാനൊരു ഭീതി അകാരണമായി എന്നിലും രൂപം കൊണ്ടിട്ടുണ്ട്.

കാലം ഒരു സർക്കസ് കൂടാരം പോലെയാണെന്ന് തോന്നുന്നു. കൈ നീട്ടി ഒന്നു തൊടും മുൻപേ നമ്മെ പിൻതള്ളി മുന്നോട്ട് കുതിക്കുന്ന കോമാളി. ഒരിക്കൽ നഷ്ടപ്പെടുകയും വീണ്ടും ഒരിക്കൽ കൂടെ തിരിച്ചെടുക്കാൻ ആവാത്തതുമായി ഒന്നേയുള്ളു- കാലം. ടൈറ്റാനിക്ക് ദുരന്തം ഒരോർമ്മയാണ്. ഭീതിദമായ ജലോപരിതലത്തിൽ നിന്നും തണുത്തുറഞ്ഞ മരണമഞ്ഞിലേക്ക് അറുനൂറ് പേരുടെ ജീവൻ താണു പോയത് വെറും മൂന്ന് മിനിറ്റുകൊണ്ടായിരുന്നു. ഓരോ നിമിഷവും ജീവന്റെ വില കുറിക്കപ്പെടുന്നുണ്ട്. പാഴ്സമയങ്ങളുടെ കൂട്ടുകാരനാവരുതെന്ന് ആഗ്രഹമുണ്ട്. കർമ്മ കാണ്ഡങ്ങളിലൂടെയുള്ള പ്രയാണം കരുതലോടെ ആവണമെന്നും. അകർമ്മണ്യത പാപം തന്നെയാണ്.

സ്മൃതികളുടെ ലാവണ്യം എന്നെ വല്ലാതെ ആകർഷിക്കുന്നുണ്ട്. സാമാന്യം തരക്കേടില്ലാതെയും പരിക്കേൽക്കാതെയും ഒരു കല്ലേറ് ദൂരം സഞ്ചരിച്ചിട്ട് പിന്നിലേയ്ക്കു നോക്കുന്നതിനാലാവും എന്നിലെ ഓർമ്മകൾക്ക് ഇത്ര നിറവും സുഗന്ധവും. ജീവിതം അറിഞ്ഞു തുടങ്ങിയപ്പോഴേക്കും ഒരുപാടിങ്ങെത്തി. സൗമ്യസ്മരണകളൊന്നും കളഞ്ഞു പോകരുതെയെന്നു കൊതിക്കുന്നുണ്ട് മനസ്സിപ്പോഴും. പഴയതിലേക്കു മടങ്ങാനും അവിടെത്തന്നെ ഒതുങ്ങാനും മനസ്സിനെ ആരും പ്രത്യേകിച്ചു പഠിപ്പിക്കേണ്ടായല്ലോ. വിക്ടർ ഫ്രാങ്ക്ലിന്റെ Man’s Search for Meaning എന്നൊരു പുസ്തകം കുറിച്ചിട്ട സംഭവം പോലെ. നാസി തടങ്കൽ പാളയത്തിൽ മോചനത്തിനുവേണ്ടി നീണ്ട പതിനാറുവർഷങ്ങൾ മുറവിളി കൂട്ടിയ തടവുകാരെ ഒടുവിൽ മോചിപ്പിക്കാൻ തീരുമാനിച്ചു. ഇരുളുമൂടിയ ജയിലറയിൽ ഒതുങ്ങി കഴിയേണ്ടി വന്ന നൂറോളം പേർ സ്വതന്ത്രരായി. പക്ഷേ ഭൂഗർഭ അറയിൽ നിന്ന് പകലിന്റെ സൂര്യവെട്ടത്തിലേയ്ക്കു വന്നവർ ആകെ അസ്വസ്ഥരായി. അവർ ഒന്നുപോലെ നിലവിളിച്ചു പറഞ്ഞു: ‘ഞങ്ങൾക്ക് പഴയ ജയിലിലേയ്ക്കു തിരിച്ചുപോയാൽ മതി’. ആ വെട്ടം അവർക്ക് താങ്ങാനാവുന്നതിലധികമായിരുന്നു. പരോളുകളെക്കാൾ അഴികൾക്കുള്ളിലെ സ്വച്ഛതയെ ഇഷ്ടപ്പെട്ടു പോകുന്നവർ വർത്തമാന കാലത്തിന്റെ നിയോഗങ്ങൾക്കു നേരെ കണ്ണുപൂട്ടും.

കഴിഞ്ഞകാലം ഒട്ടും ശരിയായില്ല എന്ന തോന്നലിൽ വീണ്ടും വീണ്ടും ഉരുക്കഴിച്ചും അയവിറക്കിയും നടക്കുന്നവരുടെ കൂട്ടത്തിലേയ്ക്ക് സൂക്ഷിച്ചു നോക്കിയപ്പോൾ എന്റെ മുഖവും ഞാൻ കണ്ടു. വീണ്ടും ജയിക്കാൻ നിർബന്ധം പിടിയ്ക്കുന്ന ഒരു മുഖം. പ്രത്യേകിച്ചൊരു കാര


www.malankaralibrary.com

ണമില്ലാതെ രോഷം കൊള്ളാനും, സാധിച്ചില്ലെങ്കിൽ കാരണം കണ്ടെത്തി രോഷം കൊള്ളാനും ശ്രമിക്കുന്നവരായിരുന്നു അവർ. Resentire എന്ന ലത്തീൻ പദത്തിൽ നിന്നാണ് Resentment (രോഷം) എന്ന വാക്ക് രൂപപെട്ട ത്. എല്ലാം വീണ്ടും ഒന്നുകൂടെ തുടങ്ങുക എന്നാണതിന്റെ മൂല അർത്ഥം. ഭൂതകാലത്തെ അടുക്കിപ്പെറുക്കി ചിട്ടപ്പെടുത്താൻ എന്നിലെ ഊർജ്ജം കിണഞ്ഞു ശ്രമിച്ചിട്ടുണ്ട്. അങ്ങനെയാണ് വെറുതെ രോഷം കൊള്ളാ നും എനിക്കാവും എന്നു കണ്ടെത്തിയത്. ജീവിതത്തിലേയ്ക്കു മടങ്ങാ നും മടങ്ങാനൊത്തിരിയെറെയുണ്ടെന്നറിയാനും ഇടവന്നാൽ അതിനു ഇടേണ്ട പേരാണ് ഈശ്വരകൃപ.

ചാവുകടലിന്റെ തീരത്ത് മോബ് മരുഭൂമിയിൽ മക്കേരൂസ് എന്ന പേരുള്ള കൽത്തുറങ്കിലായിരുന്ന ഹേറോദ് അന്തിപ്പാസ് സ്നാപ കയോഹന്നാനെ അടച്ചുപൂട്ടിയത്. ഭൂമിയിൽ മുഴങ്ങിയ ആ സ്വരത്തെ മുറിച്ചു താലത്തിൽ വയ്ക്കും മുൻപ് അന്തിപ്പാസ് സ്നാപകന്റെ ശിഷ്യർക്ക് അദ്ദേഹത്തെ സന്ദർശിക്കാൻ അനുവാദം കൊടുത്തു. ജയിലിൽ പ്രവാ ചകൻ പോലും ഈശോയിൽ ഒന്നിടറി. വരാനുള്ളവൻ നീ തന്നെയോ എന്ന ചോദ്യവുമായാണ് ശിഷ്യർ ജയിലിൽ നിന്നു മടങ്ങിയത്. സ്നാപകൻ അതു ചോദിക്കാൻ കാരണവും ഉണ്ട്. സഹോദര ഭാര്യയുമായി വേഴ്ച്ച നടത്തുന്ന ചക്രവർത്തിയുടെ അനീതിക്കെതിരെ മാത്രമല്ല അകാരണമായി തന്നെ തടവിൽ പാർപ്പിച്ചതിനെതിരെയും പ്രതികരിക്കാൻ ഭൂമിയിൽ ന ട്ടെല്ലുള്ളത് മിശിഹായ്ക്കു മാത്രമാണ്. അതാണ് യഹൂദ സങ്കല്പത്തിലെ രക്ഷകൻ. ഇവിടെ താൻ പിടിയ്ക്കപ്പെട്ടെന്നു കേട്ടപ്പോൾ ഈശോ ഗലീ ലിയിലേയ്ക്ക് പിൻവാങ്ങുന്നു. അടിച്ചമർത്തപ്പെട്ടവർക്കുള്ള സ്വാതന്ത്ര്യം എന്നത് യേശുവിന്റെ നയപ്രഖ്യാപനത്തിൽ മാത്രം ഒതുങ്ങിയപോലെ. യഹൂദ സങ്കല്പത്തെ തലയിലേറ്റിയ സ്നാപകൻ പോലും യേശുവിലെ അനന്യതയെ ഒരു നിമിഷത്തേക്കെങ്കിലും കൈവിട്ടു.

ഭൂതകാലം തിരസ്കരിച്ചവയെ തിരസ്കരിച്ചും സ്വീകരിച്ചവയെ സ്വീകരിച്ചും നീങ്ങി എനിയ്ക്കും തോറ്റുമടങ്ങുന്നവനിലെ ചൈതന്യം വല്ലാതെ നഷ്ടമാവുന്നുണ്ട്. ഭൂതകാലത്തിന് ദാസ്യവേലചെയ്യുന്ന മനു ഷ്യനെയാണ് മിക്കവാറും നമ്മൾ കാണുക. ദൈവദത്തമായ സ്വാതന്ത്ര്യ ത്തെയും സ്വയംനിയന്ത്രിക്കാനുള്ള അവകാശത്തെയും അടിയറവു വയ്ക്കുന്നവർ മെല്ലെ സാങ്കല്പിക ലോകത്തേക്ക് വഴുതിപ്പോവാറുണ്ട്.

മനുഷ്യൻ സമൂഹത്തിന്റെ മടിത്തട്ടിലാണു ജനിക്കുന്നതും വളരു ന്നതും മികവു പ്രാപിക്കുന്നതും. തലയിലേറ്റിയ സാമൂഹ്യസങ്കല്പങ്ങൾ മനുഷ്യനെ വീർപ്പുമുട്ടിക്കുമ്പോഴാണ് ജീവിതം ഇത്ര യാന്ത്രികമാകുന്ന

ത്. സങ്കല്പങ്ങളാണ് ഘടന നിർമ്മിക്കുക. ഘടനകൾക്കു മാറ്റം വരണമെങ്കിൽ നീണ്ട പഠനങ്ങൾ ആവശ്യമാണ്. സമൂഹപ്രതിഭാസങ്ങളെയും പ്രവണതകളെയും പ്രചോദനങ്ങളെയും ഗവേഷണവിധേയമാക്കണം. അവയുടെ ഫലങ്ങൾ ജീവിതത്തോടു ചേർന്നുനില്ക്കുന്നവയാവണം. മനുഷ്യന്റെ പ്രശ്നങ്ങൾ മനസ്സിലാക്കാതെ നാം തലയിലേറ്റിയ സങ്കല്പങ്ങൾ, അവ എത്രതന്നെ ദിവ്യവും പൂജ്യവുമാണെങ്കിലും, അപകടകരമാകും. അമൂർത്തങ്ങളായ തിയറികളും തത്വങ്ങളും ആകാശ കോട്ടകൾക്കെട്ടി എന്നെയും അതിൽ പാർപ്പിച്ചിരിക്കുകയാണ്. സാധാരണക്കാരന്റെ നിലവിളി കേൾക്കാനാവാത്തവിധം ഇങ്ങു ദൂരെയൊരു ദന്തഗോപുരത്തിലാണ് ഞാൻ. സ്മൃതികൾക്ക് അതുകൊണ്ടാണിത്ര സുഖം.

*ഹൈസ്കൂൾക്ലാസിൽ ചരിത്രപാഠം തകർക്കുകയാണ്.*
*അദ്ധ്യാപകൻ കുട്ടിയോട് ചോദിച്ചു:*
*'മടുപ്പ് തോന്നാതെ മനസിൽ സൂക്ഷിക്കാനാവുന്നത് എന്താണ്?'*
*'ആദ്യാനുരാഗം.'*
*'നീയെന്തിനാണ് കൂടെ കൂടെ വാച്ചിൽ നോക്കുന്നത്?'*
*'9 A യിലെ ക്ലാസുവിട്ടു.'*


www.malankaralibrary.com

www.malankaralibrary.com

4

# സ്വപ്നാടനം



**'സ്വപ്നാടകമായ മനസ്സിനു മീതെയും ഒരു ഉണർവ്വുണ്ട്. സ്വപ്നം കാണുന്ന മനസ്സിന് സാക്ഷിയാകുമ്പോഴാണ് ഒരുവൻ ബുദ്ധനാവുക'.**

**ഓഷോ : 'ഒരു കപ്പ് ചായ'**

അമിതമായ ദൗത്യബോധവും വികലമായ ഭാവി സങ്കല്പങ്ങളും ആകുലതകൾ നിറഞ്ഞ ഒരു ലക്ഷ്യം നമ്മിൽ നിക്ഷേപിച്ചിട്ടുണ്ട്. സ്വപ്ന തുല്യമായ ഒരു കാത്തിരിപ്പ്. ഏറിയ പങ്കും ആൾക്കാർ ഇങ്ങനെയാണ്. എന്തോ ഭാവിയിൽ സംഭവിക്കും എന്ന് പ്രതീക്ഷിച്ച് ജീവിക്കുക. ഒടുവിൽ ജീവിതം ഒരു ബസ് യാത്രപോലാകുന്നു. ഏതൊക്കെയോ സ്റ്റോപ്പുകളിൽ ആരൊക്കെയോ ഇറങ്ങുന്നു. എനിക്കും ഇറങ്ങാനുള്ള സ്ഥലമാകുമ്പോൾ കാത്തിരുന്നതൊന്നും സംഭവിക്കാതെ, കൈയ്യിൽ ഭാണ്ഡങ്ങളില്ലാതെ, മടി യിൽ താക്കോൽ കൂട്ടങ്ങളില്ലാതെ, ഇനിയുമൊരു യാത്രയ്ക്കു കെല്പി

www.malankaralibrary.com

www.malankaralibrary.com

ല്ലാതെ ഇറങ്ങേണ്ടി വരും. മൃത്യുവിന്റെ വാതിൽ കടന്നുള്ള എന്റെ അവസാന പടിയിറക്കമാണത്.

ആയിരിക്കുക എന്നതിനാണ് ആയിത്തീരുക എന്നതിനെക്കാൾ ധ്യാനവും ശ്രദ്ധയും വേണ്ടത്. ജിദ്ദു കൃഷ്ണമൂർത്തി തന്റെ Freedom from the known എന്ന പുസ്തകത്തിൽ ഇതു പറയുന്നുണ്ട്. ജീവിതത്തിലെ മഹത്തായ കലകളിലൊന്നാണ് ധ്യാനം. അത് മറ്റൊരാളിൽ നിന്ന് പഠിക്കാനാവില്ല. അതാണതിന്റെ ഭംഗി. അതിന് സാങ്കേതികതയില്ല. നിങ്ങൾ നിങ്ങളെപറ്റി ആയിരിക്കുന്ന അവസ്ഥയിൽ ബോധവാനാകുക. ഒരു പക്ഷേ ഏറ്റം മഹത്തായ കല തന്നെ ധ്യാനം.

ദൗർബല്യങ്ങളെക്കുറിച്ചുള്ള ആകുലതകളാണ് സ്വപ്നഭാവിയിലേക്ക് ചേക്കേറാൻ എന്നെയും നിർബന്ധിച്ചത്. സ്വന്തം ദൗർബല്യങ്ങളെ തിരിച്ചറിയാനാവാതെ നിന്നതാണ് എന്റെ ഏറ്റം വലിയ ബലഹീനത. സമൂഹത്തിലെ ഉത്സവമനസുകൾ എന്റെ കുറവുകളെ ആഘോഷിച്ചു തുടങ്ങുമ്പോഴാണ് ഞാൻപോലും അതറിയുക. പകൽ ലൈറ്റിട്ട് ബൈക്ക് ഓടിക്കുന്നവനെക്കണക്കെ. അവൻ അറിയുന്നില്ല ലൈറ്റ് കത്തിക്കിടക്കുന്ന കാര്യം. കവലയിൽ നില്ക്കുന്നവരാണ് ആ ബലഹീനത ചൂണ്ടിക്കാട്ടുന്നത്. ഒടുവിൽ ഒരു ഇളിഭ്യചിരിയോടെ അവൻ ലൈറ്റണച്ച് യാത്ര തുടരുന്നു. ദൂരമേറെ താണ്ടിയിട്ടും ഞാൻ അറിയാതെപോയത് ഈ കുറവുകളാണ്. എന്റെ മുറിവുകളെ ആഘോഷിച്ചും അങ്കിക്കായി ചൂതുകളിച്ചും നില്ക്കുന്നവനെ തകർത്തെറിയാനും, സാധിച്ചില്ലെങ്കിൽ ഒളിച്ചിരുന്നു മിഴി തുടയ്ക്കാനും, രാവിൽ പേക്കിനാക്കൾ കണ്ട് ഞെട്ടിയുണരാനും എനിക്കറിയാം. സമൂഹം നന്നായി ആഘോഷിക്കുന്നുണ്ട് മനുഷ്യന്റെ ബലഹീനതകളെ. അതിന്റെ മുമ്പിൽ നിസ്സഹായനായി തീരുന്നുണ്ട് ഞാൻ. യേശുവിൽ പോലും അവർ അനേകം തെറ്റുകൾ കണ്ടെത്തി. അവന്റെ വാക്കിൽ പിടിച്ചാണ് അവർ ആക്രമണങ്ങൾക്കു പെരുമ്പറ മുഴക്കിയത്. വാക്കുകൾ കൂട്ടിചേർക്കുമ്പോൾ അവയ്ക്ക് തീ പിടിക്കും.

തന്റെ ശരീരം നമുക്ക് ഭക്ഷണമായി തരാൻ ഇവനെങ്ങനെ കഴിയും എന്നതായിരുന്നു ഈശോയ്ക്കെതിരെയുള്ള അവരുടെ ആദ്യത്തെ അസഹനീയമായ സംശയം. യഹൂദന്റെ ബലിയർപ്പണത്തിനൊടുവിൽ ബലിമൃഗത്തിന്റെ സിംഹഭാഗവും അർപ്പകനും പുരോഹിതനും ഭക്ഷിക്കാൻ നിയമം അനുവദിക്കുന്നുണ്ട്. ദൈവം ബലിയായി സ്വീകരിച്ച മാംസം ദൈവത്തിന്റെ ശരീരമാകുന്നു. അതിൽ പങ്കു പറ്റുന്നവർ ദൈവത്തെ ഭക്ഷിക്കുന്നു. അതിവിശുദ്ധമായ ഈ യഹൂദസങ്കല്പത്തെയാണ് തച്ചന്റെ മകൻ മലീമസപെടുത്തിയത്. തന്നെത്തന്നെ ദൈവമാക്കികൊണ്ട്. രണ്ടാമത്തേത് തന്റെ രക്തം കുടിക്കാൻ യേശു ആവശ്യപ്പെട്ടതാണ്. ലേവായ പുസ്തകം അതിനെ വിലക്കുന്നുണ്ടെന്നവർ വാദിച്ചു. രക്തം ഭക്ഷിക്കുന്നവൻ സമൂഹത്തിൽ നിന്നും വിച്ഛേദിക്കപ്പെടണം. പരിശുദ്ധമായ തോറാ


www.malankaralibrary.com

www.malankaralibrary.com

യ്ക്കെതിരെയാണ് നസ്രത്തുകാരന്റെ കലാപം. വേറൊന്ന്, അവൻ ജനത്തെ വഴിതെറ്റിച്ച് വിജാതീയ മതശൈലികളിലേയ്ക്ക് തള്ളിയിടുന്നു എന്ന ആരോപണമായിരുന്നു. യൂഫ്രെട്ടീസ്-ടൈഗ്രീസിന്റെ ഫലദായകമായ ഡെൽറ്റാ പ്രദേശത്തെ പേർഷ്യൻ സംസ്കാരത്തിൽ വേരുപിടിച്ച മിത്രമതത്തിലെ മിത്രാരാധന സൂര്യാരാധനയ്ക്കു സമമായിരുന്നു. മിത്രദേവനായി സമൂഹം എല്ലാ വർഷവും ഒരാളെ തെരഞ്ഞെടുത്ത് ഗുഹയിൽ മൂന്ന് നാളത്തേയ്ക്ക് അടയ്ക്കും. മിത്രദേവന്റെ മരണമാണത്. ദുഃഖസൂചകമായി ഒരു മൃഗത്തെ ബലിയർപ്പിച്ച് അതിന്റെ മാംസം ഭക്ഷിക്കും. അത് ദേവന്റെ ശരീരമാണ്. ഭക്ഷണം തീരുമ്പോൾ മിത്രദേവൻ ഗുഹവിട്ട് "ഉയിർത്ത്" പുറത്തുവരുന്നു. പേർഷ്യൻ മതമായ സെരാസ്ട്രിയനിസവും മിത്രാരാധനയുടെ ചുവടുപിടിച്ചാണ് വളർന്നത്. തെരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ മതജീവിതത്തെയും ആരാധനാശ്രമങ്ങളെയും കീഴ്മേൽ മറിച്ച് തന്റെ ഉയിർപ്പിനെ പ്രഘോഷിച്ചു നടന്ന യേശുവിനെ അവർ അപകടകാരിയായി കണ്ടു.

നാലാമതൊന്ന് 'മന്ന'യുമായി ബന്ധപ്പെട്ടതാണ്. ഭൂമിയിലെ ഏറ്റം ശ്രേഷ്ഠമായ ആഹാരം കഴിച്ചിട്ടുള്ളത് യഹൂദരാണെന്ന് അവർ വിശ്വസിച്ചിരുന്നു. കാരണം ലോകത്തിലുള്ള മറ്റെല്ലാ ഭക്ഷണവും മനുഷ്യന്റെ സൃഷ്ടിയാണ്. എന്നാൽ മരുഭൂമിയിൽ അവരുടെ പിതാക്കൻമാർ ഭക്ഷിച്ച മന്ന ദൈവം നേരിട്ടു കൊടുത്തതാണ്. അതിനെ ഇകഴ്ത്തി കാട്ടിയവനാണുപോലും ഈശോ. 'നിങ്ങളുടെ പിതാക്കൻമാർ മന്നാ ഭക്ഷിച്ചു എങ്കിലും മരിച്ചു...' പാവനമായ പാരമ്പര്യത്തിന്റെ കടയ്ക്കലാണ് അവൻ കത്തി വച്ചിരിക്കുന്നത്. സമൂഹം ആരോപിച്ച കുറ്റങ്ങളെല്ലാം പക്ഷേ യേശു ഉയിർപ്പിന്റെ ഉപകരണമാക്കി. പഴയനിയമത്തിലെ സ്വപ്നക്കാരൻ ജോസഫിന്റെ ജീവിതവും ക്ഷമയുടെ പാഠങ്ങൾ പഠിപ്പിക്കുന്നു, ചേട്ടൻമാരുടെ സർവ്വ കൗശലങ്ങളെയും അതിജീവിച്ച ക്ഷമയായിരുന്നു അത്: 'എന്നെ വിറ്റതോർത്ത് സങ്കടപ്പെടല്ലെ, ജീവൻ നിലനിർത്താനായി ദൈവം നിങ്ങൾക്കു മുമ്പേ എന്നെ ഇങ്ങോട്ടയച്ചന്നേയുള്ളു'. എല്ലാവിധ സമ്മർദ്ദങ്ങൾക്കും മുകളിലൂടെ ചിറകു വിടർത്തി പറക്കാൻ ഇടയാക്കുന്ന ഒരു ദർശന ശക്തിക്കായി ഞാനും വെറുതെ മോഹിക്കുന്നുണ്ട്. കിനാവുകൾക്കും സ്വപ്നങ്ങൾക്കും വീതം വച്ചുകൊടുക്കാത്ത മനസ്സിന്റെ സഹജാവബോധത്തിലേയ്ക്ക് ഒന്ന് ഉണർന്നിരുന്നെങ്കിൽ! ജീവിതത്തിന്റെ ഏറ്റവും വലിയ യുദ്ധം ആത്മാവിന്റെ നിശബ്ദമായ അറകളിൽ ദിനവും നടക്കുന്നുവെന്ന് ഡേവിസ് ഒ. മാറ്റ്ക്കേ. ആ സംഘർഷങ്ങളാണ് എന്നെ യഥാർത്ഥത്തിൽ പരാജയപ്പെടുത്തുന്നത്. മുഴുവൻ ബലങ്ങളെയും ചോർത്തിക്കളഞ്ഞുകൊണ്ട്. ബലക്ഷയം വന്നവൻ പിന്നെ എന്താ ചെയ്ക. സ്വപ്നം കണ്ടുകൊണ്ട് കിടക്കുക.

പഴയനിയമത്തിലെ ജോസഫും സ്വപ്നം കണ്ടിരുന്നു.


www.malankaralibrary.com

www.malankaralibrary.com

സ്വപ്നങ്ങൾ പക്ഷേ അവനെ ഒട്ടും തളർത്തിയിരുന്നില്ല. കൂടുതൽ പ്രതിഭ കൈവരിക്കാൻ അവനിടയായി. പതിനേഴാം വയസിലാണ് ജോസഫ് അടിമയായത്. ആരും രക്ഷപെടാൻ യാതൊരിടയുമില്ലാത്ത ഈജിപ്തിൽ. രക്ഷപെട്ടാലും തിരികെ വീട്ടിലേക്കു വരാൻ അവന് ഒരു സാധ്യതയുമില്ല. സ്വന്തം ചേട്ടന്മാരാണ് അവനെ വിറ്റത്. കാരണം സ്വപ്നം തന്നെ. എന്നാലും അവന്റെ സ്വപ്നം സ്വന്തം വിധിയുടെമേൽ ഗുണപരമായ മാറ്റം സൃഷ്ടിക്കാൻ പോന്നതായിരുന്നു. ഒരു പൊത്തിഫ റിന്റെ ഭാര്യയും അവൾ തെളിവിനു പിടിച്ചെടുത്ത ഒരു കഷണം തുണി യും അവന്റെ സ്വപ്നങ്ങൾക്ക് മങ്ങലേല്പിച്ചില്ല. ഒരു സാമ്രാജ്യത്തിന്റെ രണ്ടാം പൗരനായി അവൻ മാറി. സ്വപ്നം അവനെ വ്യത്യസ്തനാക്കി.

ഒരു സ്വപ്നാടകനെപ്പോലെ വെറുതെ ജീവിച്ചു മറയുന്നതിലും വലിയ അപരാധം ആർക്കും ആരോടും ചെയ്യാനില്ല. ഈ ലോകത്തിന്റെ എല്ലാ നേരുകളും വിരൽ ചൂണ്ടുന്നത് എന്റെ സ്വകാര്യ ജീവിതത്തിലേ യ്ക്കാണെന്ന് ഞാനിനി എന്നാണോ തിരിച്ചറിയുക!


ചൈനയിൽ ഒരുതരം മുള ഉണ്ട്. ആഴത്തിൽ കുഴിയെടുത്ത് മണ്ണിളക്കി വളമിട്ട് വിത്തുപാകി അഞ്ചു വർഷം അവർ അതിനെ പരിച രിക്കും. അഞ്ചാം വർഷം അത് പൊട്ടിമുളയ്ക്കും. പിന്നെ നൂറടിയോളം ശരംപോലെയത് വളരുമത്രെ. ഉള്ളിൽ വിസ്മയകരമായ ഏതോ സ്ഫോട നത്തിനു കളമൊരുക്കുന്ന പരിചരണങ്ങൾക്ക് വിധേയപ്പെടുന്നവരുടെ അവകാശമാണ് ആകാശം. ആ വിസ്മയം ഒന്നടുത്തറിയാനാണ് ദൈവ ത്തോടു ചേർന്നു നടക്കണമെന്നു പറയുന്നത്. ദൈവത്തോടു ചേർന്നു നടന്നപ്പോഴൊക്കെ ഞാനും എന്റെ യാത്രയുടെ വിസ്മയം തിരിച്ചറിഞ്ഞി ട്ടുള്ളത് ഓർത്തു പോകുന്നു.

*ബുദ്ധന്റെ മരണക്കിടക്കയ്ക്ക് അരികെ ശിഷ്യൻ ആന ന്ദൻ വിതുമ്പി നിൽക്കുകയാണ്.*
*ബുദ്ധൻ പറഞ്ഞു:*
*'സന്തോഷത്തോടെ യാത്രയാക്കുകയല്ലേ വേണ്ടത്.'*
*'ദുഃഖകാരണം അതല്ല ഗുരോ.'*
*'പിന്നെ?'*
*'അങ്ങയുടെ സാന്നിദ്ധ്യത്തിൽ എനിക്ക് ബോധോ ദയം കൈവന്നില്ല.*
*ഇനിയിപ്പോൾ അങ്ങയുടെ അസാന്നിദ്ധ്യത്തിൽ ഈ നിർഭാഗ്യവാന് എങ്ങനെ അത് കൈവരും?*
*ജീവിതം വ്യർത്ഥമായിപ്പോയില്ലേ!'*
*ശിഷ്യന്റെ കരം പിടിച്ച് ഗുരു പറഞ്ഞു: 'ആനന്ദാ, നീ തന്നെയാണ് നിന്റെ വിളക്ക്.'*


www.malankaralibrary.com

www.malankaralibrary.com

# 5
# വറുതി



**'ഒരിക്കലും കഠിനതരമാകാത്ത ഒരു ഹൃദയം ഉണ്ടാകട്ടെ. ഒരിക്കലും പരിക്ഷീണം ആകാത്ത ഒരു സ്വഭാവ പ്രകൃതം ഉണ്ടാകട്ടെ. ആർക്കും ഒരിക്കലും വേദന പകരാത്ത മൃദുലസ്പർശനങ്ങളും ഉണ്ടായിരിക്കട്ടെ'.**

**ചാൾസ് ഡിക്കൻസ്**

തൂക്കിലേറ്റാൻ പോന്ന കുറ്റം ന്യായാസനങ്ങൾ അയാളിൽ കണ്ടെത്തി. മരണം കുറിച്ച പുലരിയിൽ നിസംഗകനായി നിലകൊണ്ട അയാളോട് ജയിൽ വാർഡൻ തിരക്കി: 'അവസാനമായി വല്ലതും...?'

അയാൾ: 'ഇല്ല'.

'ഈശ്വരനിൽ വിശ്വസിക്കുന്നുവോ?'

'ഇല്ല'

'കാരണം?'

www.malankaralibrary.com

'പ്രത്യേകിച്ചൊന്നുമില്ല'
'അപ്പോൾ നിരീശ്വരനാണല്ലെ?'
'അല്ല'
'ഇതു രണ്ടുമല്ലാതെ ഒരാൾക്ക് ജീവിക്കാനാകുമോ?'
'അറിയില്ല'
'ദൈവം'?
'എനിക്കറിയണ്ട കാര്യമില്ല!'

സാഹിത്യത്തിലെ നോബെൽ സമ്മാന ജേതാവ് ആൽബട്ട് കാമൂസിന്റെ 'ദി ഔട്ട്സൈഡർ' എന്ന നോവലിനോടു സാമ്യമുള്ള ഒരു മലയാള കഥ തുടങ്ങി വയ്ക്കുന്നത് ഇങ്ങനെയായിരുന്നു. ദൈവവിചാരം പണ്ടൊക്കെ മനുഷ്യബുദ്ധിയുടെ അവിഭാജ്യമായി നിലനിന്നിരുന്നു. നിരീശ്വരനായിരുന്നാലും അയാൾക്കും ചർച്ച ചെയ്യേണ്ടിയിരുന്നത് ദൈവത്തെക്കുറിച്ചു തന്നെയായിരുന്നു. പക്ഷെ പുതിയ ലോകത്തിൽ ദൈവം ദിനചര്യയുടെ ഭാഗംപോലുമാകുന്നില്ല. മതം പരിഗണിക്കേണ്ട ഒരു വിഷയമായിത്തീരുന്നില്ല. ആത്മീയതയിൽ നിന്ന് സ്വാതന്ത്ര്യം നേടുന്ന നിസംഗകരുടെ എണ്ണം ഏറിവരുന്നെന്നു തോന്നുന്നു. കേരളത്തിലെ അറിയപ്പെടുന്ന ഒരു ചലച്ചിത്ര നടൻ കഴിഞ്ഞ നാളുകളൊന്നിൽ വിളിച്ചു പറഞ്ഞതുപോലെ : 'എനിക്കനുയായികളെ വേണ്ട. അതുകൊണ്ട് ഞാൻ മതം പ്രയോഗിക്കുന്നില്ല. ജീവിതത്തിന്റെ ഒരുഘട്ടം കഴിഞ്ഞപ്പോൾ ഏറ്റം അപകടകാരികൾ മതവിശ്വാസികൾ ആണെന്നു തോന്നി. ഞാനിപ്പോൾ ഒരു മത വിശ്വാസിയല്ല.'

സമീപകാലത്ത് കേരള സമൂഹത്തിൽ അരങ്ങേറിയ രാഷ്ട്രീയ മത സംഘർഷങ്ങളുടെ പ്രധാന കാരണം ഈശ്വര വിശ്വാസവും നിരീശ്വരതയും യുക്തിപൂർവ്വം കൊമ്പുകോർക്കാൻ ഒരുമ്പെട്ടതാണ്. സഭ ബോധപൂർവ്വം ഭൗതികവാദികളെയും നിരീശ്വര പാർട്ടി അംഗങ്ങളെയും പള്ളികളുടെ ചുമതലകളിൽ നിന്ന് ഒഴിവാക്കി. വിശ്വാസമില്ലാത്തവരോട് സന്ധിചെയ്യേണ്ട ആവശ്യമില്ലല്ലോ. പക്ഷേ വിശ്വാസിക്കും അവിശ്വാസിക്കും ഇടയിൽ ഒരുപിടി വഴുക്കൻമാർ രണ്ടിലും പെടാതെ നിസംഗകരായി നിലകൊള്ളുന്നുണ്ട്. പള്ളിയുടെയും പാർട്ടിയുടേയും പിടിയിൽ നിന്ന് തന്ത്രപൂർവ്വം വഴുതി നിൽക്കുന്നവർ. തണുപ്പോ ചൂടോ ഇല്ലാത്ത നിസംഗകരെ സംരക്ഷിക്കരുതെന്നായിരുന്നു യോഹന്നാനു ലഭിച്ച വെളിപാട് (3:15-16).

ഒരു നിലപാടും ഇല്ലാത്തവർക്ക് എന്തുപേരാണ് ഇടേണ്ടത്? ഈശോയുടെ കാലത്ത് ഒരിക്കൽപോലും അവനെ മനസിലാക്കാൻ ശ്രമിക്കാതിരുന്നവരുണ്ട്. യോഹന്നാൻ ശ്ലീഹാ അവരെക്കുറിച്ച് കുറിച്ചുവച്ചു: 'ആളുകൾ അവനെപ്പറ്റി രഹസ്യമായി പലതും പറഞ്ഞിരുന്നു. ചിലർ അവൻ നല്ല മനുഷ്യനാണെന്നും, ചിലർ ജനങ്ങളെ വഴിപിഴപ്പിക്കുന്നു

www.malankaralibrary.com

വെന്നും. എന്നാൽ യഹൂദരെ ഭയന്ന് അവർ പരസ്യമായി മിണ്ടിയില്ല'(7:12).

ഒരു സ്റ്റാന്റും ഇല്ലാതെ പോകുന്നു എന്നത് എന്റേയും ഒരു സങ്കടമായിരുന്നു. ഭീരുത്വം കൊണ്ടാണ് പലരെയും പ്രീതിപ്പെടുത്തി നിർത്താൻ മനുഷ്യൻ ശ്രമിച്ചിട്ടുള്ളത്. ഞാനനുഭവിച്ച പ്രശ്നവും സമാന മാണ്. പലരെയും ഒരേ സമയത്ത് പ്രീതിപ്പെടുത്താനെനിക്കു കഴിഞ്ഞു. എന്റെ സൗമ്യതപോലും സംഘർഷങ്ങളെ ഭയപ്പെട്ട മനസ്സിന്റെ സൃഷ്ടിയാ യിരിക്കാം. അപരൻ എന്നോടു രോഷം കൊണ്ടാൽ താങ്ങാനാവില്ലെന്നറി ഞ്ഞാണ് പുഞ്ചിരി ശീലിക്കാൻ ശ്രമിച്ചത്. ക്രമേണ അതും നിസംഗതയ്ക്കു വഴിമാറി.

നിസംഗത വളരുമ്പോഴാണ് മനുഷ്യന്റെ മനസ്സാക്ഷി മരവിക്കുന്നത്. ബോധത്തിന്റെ സമസ്ത മേഖലകളും വരണ്ടുപോയാൽ പിന്നെ എന്തു ജീവിതം? ഭക്ഷണത്തിനും ലഹരിക്കും ഉടലിന്റെ ആവേശങ്ങൾക്കുമപ്പുറം മി ഴിയുയർത്താനാവാതെ ഇരുളിലകപ്പെടുന്നവൻ. ഓസ്കാർ വൈൽഡ്സ് പറഞ്ഞ ഒരു കഥപോലെ: ബാറിൽ നിന്ന് രണ്ട് ചെറുപ്പക്കാർ ഒരു പെൺകുട്ടിയെയും പിടിച്ചിറക്കി വരികയാണ്. കത്തീഡ്രൽ പള്ളിമുറ്റത്ത് ആരോ ഒരാൾ ഇരിക്കുന്നു. യാചകവേഷത്തിൽ. യേശുവാണത്. പാവം പള്ളിയുടെ പുറത്ത് പെട്ടുപോയി. ചെറുപ്പക്കാർ അവനെ സമീപിച്ച് ആ പഴയ ചോദ്യം ആവർത്തിച്ചു: 'ദേ, ആറാം പ്രമാണം തെറ്റിച്ചവൾ. ഞങ്ങൾ ഇവളെ കൈയ്യോടെ പിടികൂടി. എന്തുചെയ്യണം?' ഈശോയ്ക്ക് ആ പ ഴയ ഉത്തരം തന്നെ. 'നിങ്ങളിൽ പാപം ഇല്ലാത്തവൻ ആദ്യം കല്ലെറിയട്ടെ'. കയ്യിലിരുന്ന ബിയർ കുപ്പി ഉടച്ച് ആ പെണ്ണിന്റെ ഉടലിൽ കുത്തിയിറക്കി യിട്ട് അവർ മടങ്ങി, വീണ്ടും ബാറിലേക്ക്! ക്ഷോഭക്കുരുതികളും വിളറി പിടിക്കുന്ന തിരക്കുകളും ആരോടെന്നില്ലാതെ കാട്ടുന്ന അസഹ്യതയും മരവിച്ചുപോയ മനസാക്ഷിയുടെ ഉല്പന്നങ്ങളാണ്.

കെ.ആർ. ടോണിയുടെ 'ചോര' എന്ന കുഞ്ഞുകവിത മനസാക്ഷി മരവിച്ചവന്റെ കഥ പാടുന്നുണ്ട്. വെളുത്ത മുണ്ടും ഷർട്ടുമിട്ടൊരാൾ ചോര പൊടിയാതെ റെയിലിൽ തലവെച്ച് മരിച്ചു കിടക്കുന്നു. മുറിവൊന്നും കാണുന്നില്ല. തുറന്ന കണ്ണിൽ ഉറമ്പരിക്കുന്നുണ്ടെന്നു മാത്രം. ജനം ചുറ്റും കൂടി. പലരും കാഴ്ചകണ്ട് മടങ്ങി. ചിലർ പ്രസ്താവനകൾ ഇറക്കി തർക്കിച്ചു: 'പത്തരയുടെ വടക്കോട്ടുള്ള വണ്ടിക്കാവും'. 'മരണം ഒന്നി നും ഒരു പരിഹാരമല്ല'. 'മരണത്തിനു സമയമോ കാലമോ ഉണ്ടോ'? 'ആ രേലും കൊന്ന് കൊണ്ടിട്ടതാകും'. 'വണ്ടി കേറിയാൽ ചോര പുരുളാതി രിക്കുമോ'? 'കൊണ്ടിട്ട ശവത്തിന് ചോര കാണില്ലേ?'. വാദവും തർക്കവും മെല്ലെ മാഞ്ഞു തുടങ്ങി. അപ്പോഴാണ് എന്റെ വരവ്. അയാളെ ഒന്നു തുറിച്ചു നോക്കി ഞാൻ. അപ്പോൾ അയാൾ എന്നെ തിരിച്ചു നോക്കിയതു പോലെ. എന്നിട്ടും ഞാൻ ആശ്വസിച്ചു; എന്റെ ഷർട്ടിൽ ചോരയായിട്ടില്ല. ശരിയല്ലേ? തിരിച്ചുപോയി മെത്തയിൽ കിടന്നപ്പോഴും ഓർത്തു: ചത്തതു


www.malankaralibrary.com

ഞാനല്ലല്ലോ!

ക്രിസ്തുവിശ്വാസം ഒരു നിലപാടാണ്. മനസ്സിന്റെ പൂർണ്ണ ബോധവും സമ്മതവും സൃഷ്ടിക്കുന്ന സമർപ്പണമാണത്. ഇത് ഇല്ലാത്തിടത്തൊക്കെ ക്രിസ്തുമതം പരാജയമാണ്. അധരംകൊണ്ട് ഏറ്റുപറച്ചിൽ നടത്തി പരാജയപ്പെടുന്ന ക്രൈസ്തവർ കഷ്ടം വിതയ്ക്കുന്നവരാണ്. നിലപാടുകൾ ഉന്നത ചിന്തയുടെ ഫലമാണ്. അതുവെറും തീരുമാനങ്ങളല്ലായെന്ന് ജി.കെ.ചെസ്റ്റർട്ടൺ.

നിരന്തരം എന്നെ കർമ്മനിരതനാക്കുന്ന ചാലകശക്തിയാണ് ക്രിസ്തീയത. ഈശോ അങ്ങനെയാണ് എല്ലാത്തരം അടിമത്വങ്ങൾക്കും അറുതി വരുത്തിയത്. ദാരിദ്ര്യവും പട്ടിണിയും രോഗവും, മനുഷ്യനുമേൽ വിതയ്ക്കുന്ന ദുരിതങ്ങളെ വിലക്കിയും സാമ്പത്തികവും രാഷ്ട്രീയവും മതപരവുമായ അസമത്വങ്ങളെ ചോദ്യം ചെയ്തും അവൻ സമൂഹത്തെ ചലിപ്പിച്ചു. നിയമത്തിന്റെ വിലക്കുകളെ അവഗണിച്ച് അവനെടുത്ത നിലപാടുകൾ അവന് നിരവധി ശത്രുക്കളെ നേടിക്കൊടുത്തു. അവർ അവനെ ഞെക്കിപ്പിഴിഞ്ഞു. കുരിശിൽ തറച്ചു. എന്നിട്ടും അവന്റെ നിലപാടുകൾക്ക് മാറ്റം വന്നില്ല.

എന്റെ നിസംഗതകളിൽനിന്ന് അവന്റെ നിലപാടുകളിലേക്ക് വല്ലാത്ത ദൂരമുണ്ട്. ഞാൻ രൂപപ്പെടുത്തിയ ആത്മീയ വിചാരങ്ങൾ എന്നെ ഭാരപ്പെടുത്തിയും തടവറ തീർത്തും എനിക്കു ചുറ്റുമുണ്ട്. അതെന്റെ സമർപ്പണത്തെ ഉപരിപ്ലവമാക്കുന്നു. എന്നിട്ടും അവൻ കാത്തിരിക്കുകയാണ്. മണ്ണിളക്കിയും വളമിട്ടും പരിചരിച്ചും. ഈ ശിഖരത്തിലെന്നോ കനി പൊടിയും എന്ന പ്രത്യാശയോടെ.


*ഗുരുവിനോട് പുതുതായി എത്തിയ ശിഷ്യൻ ആരാഞ്ഞു:*
*'എന്താണ് മോക്ഷം?'*
*'ആന്തരികസ്വാതന്ത്ര്യം!'*
*'എങ്ങനെയാ അത് കിട്ടുക?'*
*'അവബോധത്തിലൂടെ!'*
*'എന്താണ് അവബോധം?'*
*'അവബോധം, അവബോധം!!'*


www.malankaralibrary.com

www.malankaralibrary.com

# 6

# ശ്മശാനം



**'ഒരുവനും തന്റെ സ്വന്തം മരണം അനുഭവിക്കുന്നില്ല. മറ്റുള്ളവരുടെ മരണത്തിൽ നിന്നും നമ്മുടെ അസ്തിത്വം മരണോന്മുഖമാണെന്ന് അറിയുന്നുവെന്ന് മാത്രം.'**

**മാർട്ടിൻ ഹൈഡഗർ**

ലോകത്തിന്റെ അപരിചിതമായ ഒരു കോണിൽ ആരുടെയും ഓർമ്മയിൽപെടാതെ, കനത്ത മഞ്ഞുപാളികൾക്കിടയിൽ മരിച്ചു കിടക്കാൻ ആരാണ് ആശിക്കുക? ജീവൻ പാതാളവക്കിൽ പെട്ടുപോയ ഓരോ ആത്മാവും ഇപ്രകാരം ആയിരിക്കും. ദൈവത്തിന്റെ ഓർമ്മ പോലും ചെന്നെത്താത്തിടമാണ് പാതാളം. ഇരുള് മാത്രം സഹചാരിയായി ഉള്ള ഇടം. 88-ാം സങ്കീർത്തനം ഈ അഗാധ അന്ധകാരത്തെ വിവരിക്കുന്നു.

www.malankaralibrary.com

മരണം രണ്ടുവിധമുണ്ട് ബൈബിൾ ഭാഷ്യത്തിൽ. ആത്മാവിന്റെ അപകടമരണമാണ് ആദ്യത്തേത് (ഉല്പത്തി. 2:17). പറുദീസാനഷ്ടമാണത്. പാപത്തിന്റെ വേതനമെന്ന് സെന്റ് പോൾ (റോമാ 5:15). രണ്ടാമത്തേത് സ്വാഭാവികമരണമാണ്. നിദ്രയാണത്. അവസാനകാഹളം മുഴങ്ങുന്നതു വരെ മാത്രമുള്ള ഒരുറക്കം. രണ്ടു മരണങ്ങളും മനുഷ്യനെ തീർത്തും ഒറ്റപ്പെടുത്തുന്നുണ്ടാവും. തിരിച്ചുവരാനാവുമോ എന്ന ആശങ്കയ്ക്ക് കാരണം ലോകാനുഭവങ്ങൾ തന്നെ. എല്ലാ മനുഷ്യരും ആശിക്കുന്നുണ്ട്, സ്നേഹിതന്റെ സ്മൃതിയിൽ കൂടുകെട്ടണമെന്ന്. പക്ഷെ മരണത്തോടെ, തിരിച്ചുവരാനാവാത്തവിധം മരിച്ചവൻ വിസ്മൃതിയിൽ അകപ്പെട്ടുപോകുന്നു. ഒരുപക്ഷേ നമ്മുടെ ഓർമ്മയിൽ കുറെനാൾ അയാളുടെ വാക്കും നോക്കും പിടിച്ചുകിടന്നേക്കും. പിന്നെ പിന്നെ അതും അപ്രത്യക്ഷമാകും. അയാളുടെ ഓർമ്മയിൽ നമ്മളുണ്ടാവുമോ ആവോ? മരണം മറവിതന്നെയാണ്.

പാപംമൂലമുള്ള മരണം മനുഷ്യന്റെ പൂർണ്ണ പരാജയമാണ്. അങ്ങനെയാണ് അവന്റെ ജീവിതം തീർത്തും വ്യർത്ഥമാകുന്നത്. ഉത്തരവാദിത്വം നഷ്ടമാക്കി തന്നിലേക്ക് തന്നെ ചുരുങ്ങുകയാണത്. ദൈവത്തെ കൂടാതെയും ദൈവത്തിന് വിരുദ്ധമായും നന്നായി ജീവിക്കാനാണ് പാപി ശ്രമിച്ചത്. അവൻ ലക്ഷ്യം വച്ച സമ്പത്തിനും ദേശത്തിനും അധികാരത്തിനും പ്രതാപത്തിനും മരണഗർത്തത്തിൽ നിന്നും അവനെ രക്ഷിക്കാൻ ആയില്ല. മരണം അവന് അന്ധകാരനിബിഢമായ, അർത്ഥശൂന്യമായ, ഭയം നിറഞ്ഞ ഒരിടമാണ്. ശ്മശാനം അങ്ങനെയാണ് ഇത്ര ഭീതിദമായി നമ്മുടെ കഥകളിൽ നിറയുന്നത്. സുവിശേഷത്തിൽ ഗരസേനരുടെ നാടിനെ ശ്മശാനത്തിന് തുല്യമായി വരച്ചിടുന്നുണ്ട് (മർക്കോ.5:1-20). ലെഗിയോൻ പിശാച് ബാധിതനാണ്. അവൻ വസിക്കുന്ന ഇടം സുബോധമുള്ള ആർക്കും ഉൾക്കൊള്ളാനാവില്ല. വിജനവും അർത്ഥശൂന്യവുമായ ആ ഇടത്തിൽ ഒറ്റയ്ക്കാണവൻ.

അതിൽ മടുപ്പ് തോന്നിയിട്ടാവും തന്റെ ഏകതാഭാവത്തെ അവൻ പകുത്തു. ഒന്നല്ല, ഏഴായി. ഇറ്റാലിയോ കാൽവിനോയുടെ the cloven white count ഒരു മടമ്പിയുടെ യുദ്ധ കഥയാണ്. ഈ മദ്ധ്യകാല സാഹിത്യകൃതി എന്റെ തന്നെ പകുതിയുടെ കഥയാണ് പറയുക. The story of my own double. എനിക്ക് യുദ്ധത്തിൽ വെടിയേറ്റു. വെടി കൊണ്ട് ഞാൻ രണ്ടായി പിളർന്നു. ഒരു ഭാഗം ശുശ്രൂഷിച്ചു ഭേദമാക്കി. മറുഭാഗം എത്ര ശ്രമിച്ചിട്ടും ഒട്ടിച്ച് ചേർക്കാൻ സാധിച്ചില്ല. രണ്ട് അംഗങ്ങളും തമ്മിൽ സംഘർഷത്തിലായി. അതിൽ ഞാൻ അസ്വസ്ഥനായി. കുപിതനായി. അങ്ങനെ ഞാൻ ഒരു തീരുമാനമെടുത്തു. ഇനി എല്ലാവരെയും വെട്ടി

മുറിക്കണം! എന്റെ നിരവധി ഭാവങ്ങൾ സമൂഹത്തിന് തീർത്തും അപകടകരമായി.

ഗരസേനരുടെ നാട്ടിലെ ലെഗിയോന് ഒത്തിരി ഭാവങ്ങൾ ഉണ്ട്. ഒത്തിരിയേറെ വിഭജിക്കപ്പെട്ട അയാളുടെ മനസ്സിനെ തളയ്ക്കാൻപോലുമാകില്ല. വീട്ടിൽ നിന്നും വളരെ അകന്നുപോയവനാണവൻ. അങ്ങനെയാണവൻ ഭീരുവായത്. അതു പുറത്തറിയാതിരിക്കാൻ അവൻ അലറിവിളിച്ചു. ഗൃഹാതുരത്വത്തിനു മാത്രമേ ഒരുവനിലെ ബഹളങ്ങളെ ഒടുക്കാനാവൂ. ഭയവും പ്രതീക്ഷയും ഇടകലർന്ന ഒരു വികാരമാണത്. വീട്ടിലേക്ക് മടങ്ങാനാവണം.

ഒടുവിൽ ഈശോ പിശാചു ബാധിതന്റെ ആവാസ വ്യവസ്ഥയ്ക്ക് തത്തുല്യമായ ഒരിടം നല്കി. പന്നിയിൽ ആവേശിക്കുക. സംഘർഷങ്ങൾക്കു ചേർന്ന ഇടമാണത്. അൻപത്തായ്യിരം രുചി മുകുളങ്ങൾ നാവിലൊതുക്കിയാണ് പന്നി ജീവിക്കുന്നത്. മനുഷ്യനത് മൂവായിരം മാത്രം. പശുവിന് പോലും മൂവായിരത്തി അഞ്ഞൂറു രസമുകുളങ്ങളെ നാവിലുള്ളൂ. ജൈവഘടന പന്നിയെ പരവശനാക്കുന്നുണ്ട്. അങ്ങനെയാവാം അത് ആക്രമണകാരിയാവുന്നത്. അമിതമായ ഇന്ദ്രീയഭോഗങ്ങൾ തഴക്കങ്ങളെയും തമോഗർത്തങ്ങളെയും രൂപപെടുത്തുന്നുണ്ട്. നിങ്ങളുടെ മുത്തുകൾ പന്നിയുടെ മുന്നിലിടരുതെന്ന് ഈശോ. തിരിഞ്ഞ് നിന്ന് അത് ആക്രമിച്ചുകളയും. മുകളിലെ ആകാശവും വെൺമേഘക്കീറും നഷ്ടപ്പെട്ട് ചെളിയിൽ രമിക്കാനാണ് പന്നിയ്ക്ക് താല്പര്യം.

പിശാചു പിടിച്ചവനെ ഭൂമിയ്ക്കു വേണ്ട. പാതാളത്തിനും. അങ്ങനെയാണവൻ ശ്മശാനത്തിൽ ഒറ്റപ്പെട്ടത്. ആർക്കും എന്നെ വേണ്ടാതെ വരുമ്പോഴാണ് ഞാൻ കല്ലുകൾ കൊണ്ട് എന്നെത്തന്നെ മുറിപ്പെടുത്തി തുടങ്ങുന്നത്. ആത്മാവിൽ വിള്ളലുകൾ വീണവന്റെ നോവുകൾ മാത്രം കേട്ടു മയങ്ങിയ നാടാണ് ഗരസേനരുടേത്. എന്നിട്ടും എല്ലാ വാതിലുകളും എനിക്കെതിരെ കൊട്ടിയടയ്ക്കപ്പെട്ട സായം കാലത്ത് ഈശോ വിളക്കുമാടം പോലെ തീരത്ത് തെളിഞ്ഞു നില്ക്കുന്നു. ഗരസേനരുടെ നാട് എവിടെയായിരുന്നു എന്ന് ബൈബിൾ ഗവേഷകർ ഇന്നും അന്വേഷണം തുടരുന്നുണ്ടെന്നു വായിച്ചു. ഗലീലിയുടെ തീരത്തെവിടെയോ ഉള്ള ഈ സ്ഥലത്തെ ഇതുവരെയും ലൊക്കേറ്റു ചെയ്യാനായിട്ടില്ല പോലും! സങ്കീർണ്ണമായ എന്റെ മനസ്സിന്റെ ചില മേഖലകൾ പോലെ.

എം.ടി.യുടെ 'അസുരവിത്ത്' മരണത്തിന്റെ ഭീകരമുഖം നമുക്കു മുമ്പിൽ വരച്ചിടുന്നുണ്ട്. കൂടല്ലൂരിലെ ഗ്രാമത്തിൽ കോളറ പടർന്നു. മരണം തുടരുകയാണ്, ഒന്നിനുപിറകെ ഒന്നായി. മരിച്ച മനുഷ്യരെ കുഴിച്ചു മൂടുന്നു. പിന്നെയും വാർത്ത വന്നുകൊണ്ടേയിരിക്കുന്നു. ഗ്രാമത്തിനു


www.malankaralibrary.com

മുകളിൽ ഒരു പരുന്തുകണക്കെ മരണം വട്ടമിട്ടു പറക്കുന്നു. തണുത്ത കാറ്റിനൊപ്പം ഭയം അടഞ്ഞവാതിലുകളുടെ വിടവിലൂടെ വീടിനുള്ളിലേക്ക് അരിച്ചിറങ്ങുന്നു. ഗ്രാമത്തിൽ രാത്രി നേരത്തെ തുടങ്ങുന്നു. ഇരുളിൽ ആരും പുറത്തിറങ്ങുന്നില്ല. പള്ളിപ്പറമ്പിലേക്ക് ശവങ്ങൾ ഓരോ നാഴിക യിലും ഇടവിട്ട് എടുക്കുന്നു. പ്രാർത്ഥനയുടെ ശബ്ദം ഗ്രാമത്തിന്റെ ഉറക്കം കെടുത്തി. കോളറ ദുർഗന്ധം പരത്തി. ശവമെടുക്കാൻ ആളില്ലാതായി. ഗോവിന്ദൻകുട്ടി മാത്രമാണ് അതിന് ധൈര്യപ്പെട്ടത്. സ്നേഹരഹിതമായ ഈ ലോകത്തിന്റെ നേരെ അവജ്ഞയോടെ നോക്കിക്കൊണ്ടയാൾ ശവ മടക്കി. മരണത്തെ തികഞ്ഞവെല്ലുവിളിയോടെ നേരിടാൻ ക്ഷണിക്കുന്ന നോവലാണത്. ബോധപൂർവ്വം മരണത്തിലേക്ക് നീങ്ങാൻ കഴിയുക ഒരു ഭാഗ്യമാണ്.

കാക്കനാടന്റെ 'വസൂരി'യും മരണത്തിന്റെ ഭീകരമുഖം വർണ്ണിക്കു ന്നതാണ്. മരണം മനുഷ്യനിൽനിന്ന് നന്മകൾ എടുത്തുകളഞ്ഞു. സ്നേ ഹവും അനുകമ്പയും തട്ടിയകറ്റി. അമ്മമാരിൽനിന്ന് കുഞ്ഞുങ്ങളെ തട്ടി പ്പറിച്ചു. കൂട്ടുകാരെ വേർപെടുത്തി. മരണം കാക്കനാടിന് വികൃതമായ തിന്മയാണ്. ഖസാക്കിന്റെ ഇതിഹാസത്തിൽ ഒ.വി.വിജയൻ മരണത്തെ വിശേഷിപ്പിക്കുന്നത് വിഷാദപൂർണ്ണമായ ഫലിതമെന്നാണ്.

മരണത്തിന്റെ നിഗൂഢതയിലും അനിശ്ചിതത്വത്തിലും ദൈവ ത്തിന് മനുഷ്യനെ സ്വയം ഏല്പിച്ചുകൊടുക്കാനുള്ള ആഹ്വാനമാണ് ക്രിസ്തീയത. ഈശോ അതാണ് ജീവിച്ചുകാണിച്ചത്. ദൈവകരങ്ങൾ മനുഷ്യനെ ഇല്ലായ്മയിൽ അമർന്നുപോകാൻ അനുവദിക്കില്ല എന്ന വിശ്വാസത്തിൽ അവിടുന്ന് ദൈവകരങ്ങളിൽ സ്വയം സമർപ്പിച്ചു. ഇതാണ് ദൈവത്തിൽ മരിക്കുക എന്നത്. അതുതന്നെ ഉയിർപ്പും.

മാർട്ടിൻ ലൂഥർ ചോദിച്ചു: എത്ര തരം മരണമുണ്ട് നമ്മുടെ ശരീ രത്തിൽ? ഉത്തരവും അദ്ദേഹം പറഞ്ഞു: മരണമല്ലാതെ അതിനുള്ളിൽ മറ്റൊന്നുമില്ല. ചെറിയ ചെറിയ അനേകം മരണങ്ങളുടെ ഒടുവിൽ ആ വലിയ മരണം വരും. മൗനത്തേക്കാൾ നിശബ്ദമായ അതിന്റെ സാന്നി ദ്ധ്യത്തെ കാത്ത് ഞാനിരിക്കുന്നു. ആത്യന്തികമായി ഈ ജീവിതം ആ വലിയ മൗനത്തിലാണ് വികസിക്കുന്നതെന്നറിഞ്ഞ്...

www.malankaralibrary.com

*സെന്റ് ഫ്രാൻസിസും ശിഷ്യൻ ലിയോയും സംഭാഷണത്തിലാണ്. ദൈവത്തെ തെരയുക എന്നതാണ് വിഷയം.*
*ലിയോ: 'ദൈവത്തിന്റെ നിഴൽ ഞാൻ കണ്ടിട്ടുണ്ട്.'*
*ഫ്രാൻസിസ്: 'തോന്നലായിരിക്കും'.*
*ലിയോ: 'അല്ല. രണ്ടു തവണ കണ്ടു.'*
*ഫ്രാൻസിസ് : 'എപ്പോൾ?'*
*ലിയോ: 'ഒരിക്കൽ ഞാൻ കുടിച്ച് ലെവലില്ലാതെ ഷാപ്പിൽ ഇരിക്കുമ്പോൾ. അപ്പോഴുണ്ട് ദൈവം പുറത്തേക്ക് ഇറങ്ങിപ്പോകുന്നു. പിന്നീട് ഒരിക്കൽ മലഞ്ചരുവിലെ മഞ്ഞിൽ അവിടുത്തെ കാല്പാടുകൾ പതിഞ്ഞു കിടക്കുന്നതു കണ്ടു. ഒരിടയനോട് ഞാൻ അത് പറഞ്ഞു. അയാൾ കയർത്തു. അത് ചെന്നായുടെ കാല്പാടുകൾ ആണെന്ന്. പന്ത്രണ്ട് വർഷമായി ദൈവത്തെ തേടിയ ഞാൻ അത് കണ്ടെത്തുകയായിരുന്നു.'*
*ഫ്രാൻസിസ്: 'ആർക്കറിയാം ലിയോ? ദൈവമെന്നാൽ ഒരുപക്ഷേ ദൈവാന്വേഷണം മാത്രമായിരിക്കും.'*


*കസൻദസാക്കിസ്: 'സെന്റ് ഫ്രാൻസിസ്'*


www.malankaralibrary.com

www.malankaralibrary.com

# 7

# നങ്കൂരം



*'നാം അനുഭവിക്കാത്ത ജീവിതങ്ങളെല്ലാം നമുക്ക് വെറും കെട്ടുകഥകൾ മാത്രമാണ്.'*

**ബെന്യാമിൻ: 'ആടുജീവിതം'**

വെള്ളിമലയുടെ താഴ്‌വരയിലെ ചേറുമണക്കുന്ന ഗ്രാമത്തിൽ കുടുങ്ങിപോയവർക്കൊരു വിശ്വാസമുണ്ടായിരുന്നു. മലയിൽ കാൽ കുത്തിയാൽ ഉരുൾപൊട്ടുമത്രെ. ഒരുനാൾ ഒരു സന്ന്യാസി തന്റെ ശിഷ്യരൊത്ത് മലകയറാനെത്തി. നാടൊന്നടങ്കം എതിർത്തു. അതവഗണിച്ച് ആ സന്ധ്യയിൽ അവർ മലചവുട്ടി. പുലരിയിൽ വെള്ളിമലയുടെ നെറുകയിൽ എത്തിയപ്പോൾ ഗുരു ശിഷ്യരോട് പറഞ്ഞു. കാണുക, വലിയ ലോകത്തെ! കണ്ണെത്താനാവുന്നത്ര ദൂരത്തോളം! പിന്നീട് അവരെ ആരും കണ്ടിട്ടില്ല.

www.malankaralibrary.com

www.malankaralibrary.com

പി. സുരേന്ദ്രന്റെ 'ആകാശ'മെന്ന ചെറുകഥയുടെ സാരമാണിത്.

തന്നിൽ തന്നെ നങ്കൂരമിട്ടാണ് ഏതൊരന്ധനും നില്ക്കേണ്ടി വരിക. അങ്ങനെയുള്ളവന് അർത്ഥമില്ലാത്ത ശബ്ദങ്ങളെ പുറപ്പെടുവിക്കാനാവൂ. അർത്ഥമുള്ള ഒരു പേരിനുപോലും അവൻ ഉടമയല്ല. അന്ധൻ എന്നു മാത്രമാണ് ബൈബിൾ അവനെ വിളിക്കുക. വീടിനും ആളിനും പേരില്ലാതായാൽ അയാൾ ആ വീട്ടിൽ തന്നെ തൂങ്ങിമരിച്ചെന്നിരിക്കും. അതിനു മുമ്പ് ഈശ്വരന്റെ ഇടപെടലുണ്ടായാൽ അതു തന്നെ ഭാഗ്യം. ശബ്ദങ്ങൾ നിറഞ്ഞ ഈ ലോകത്ത് തിമിരം ബാധിച്ച മിഴികളുള്ളവർക്കുവേണ്ടിയും ഇത്തിരിവെട്ടം പ്രകൃതി കരുതിയിട്ടുണ്ട്.

പുരാതന മതങ്ങളെല്ലാം ഇരുളിനെ വെളിച്ചത്തിൽ നിന്ന് അരിച്ചെടുത്ത് തരം തിരിക്കുന്നുണ്ട്. പേർഷ്യക്കാർ 'അഹരുമസ്ദ' എന്നാണ് വെളിച്ചത്തിനിട്ട പേര്. 'അഹ്രീമാൻ' എന്ന് ഇരുളിനും. 'ഗോഗ്'' 'മാംഗോഗ്'' എന്ന് ഹെബ്രായരും വിളിച്ചു. ഭാരതദർശനം 'ദേവനും' 'അസുര'നുമായി സങ്കൽപിച്ചു. കണ്ണിൽ ഇരുട്ടു കയറിയാൽ ജീവിതം പാതിവഴിയിൽ നിന്നു പോകും. കണ്ണാണ് ശരീരത്തിന്റെ വിളക്കെന്ന് ഈശോ പറയാൻ കാരണം അതാണ് (മർക്കോ: 6: 8-12). കാഴ്ചയാണ് പ്രധാനം.

കുരിശിൽ ഒരേ നീളമുള്ള ആണിയിലായിരുന്നു രണ്ട് കള്ളന്മാരും തറയ്ക്കപ്പെട്ടത്. രണ്ടുപേരും കേട്ട തെറികളും ഏകദേശം ഒന്നു തന്നെയാവണം. എന്നിട്ടും അതിലൊരുവൻ ആകാശനക്ഷത്രങ്ങളെ നോക്കി ധ്യാനിച്ചു. മറ്റവൻ അപ്പോഴും താഴേക്ക് നോക്കി വേട്ടപ്പട്ടിയുടെ മനസ്സുമായി മുരളുന്ന സമൂഹത്തോട് കലഹിച്ചു. ബിഷപ്പ് ഫുൾട്ടൺ ജെ ഷീൻ തന്റെ Life of Christ എന്ന പുസ്കത്തിൽ പറയുന്നു: ഒരേ സൂര്യന്റെ വെട്ടം സ്വീകരിച്ചാണ് മെഴുക് ഉരുകുന്നതും ചെളി കട്ടയായി തീരുന്നതും.

തെരുവോരത്ത് ആ ചെറുപ്പക്കാരൻ കരികൊണ്ട് ചിത്രം വരയ്ക്കുകയായിരുന്നു. ചുമരുകളിലെല്ലാം പലതരം പോർട്രെയിറ്റുകൾ. ഒരു മനുഷ്യൻ അയാളെ സമീപിച്ചു. 'എന്റെ ഒരു ചിത്രം വരയ്ക്കണം. നല്ല പ്രതിഫലം തരാം'. ചിത്രകാരൻ സമ്മതിച്ചു. അയാൾ തിരികെവന്ന് ചിത്രം കണ്ട് രോഷം കൊള്ളുകയാണ്. 'എനിയ്ക്ക് താങ്കൾ വരച്ചതുപോലുള്ള സൗന്ദര്യമില്ല. ഗൗരവവും, നെഞ്ചുവിരിവും അത്ര കൃത്യമല്ല'. ചിത്രകാരൻ മറുപടി പറഞ്ഞു. 'സാർ ഞാൻ അങ്ങയെ കാണുന്ന വിധത്തിലെ എനിയ്ക്കു വരയ്ക്കാനാവു'.

വി. മത്തായിയുടെ സുവിശേഷത്തിൽ വിളക്കേന്തിയ കന്യകമാരുടെ ഉപമ പറയുന്നുണ്ട്. 'പാർത്തേനോസ്'' എന്ന ഗ്രീക്കു വാക്കാണ് കന്യകയ്ക്ക് ഉപയോഗിക്കുക. പുല്ലിംഗമാണത്. എന്നുവച്ചാൽ കന്യക സ്ത്രീകളാകണമെന്നില്ല. ആണോ, പെണ്ണോ ആയിക്കോട്ടേ. വിളക്കു തെളി


www.malankaralibrary.com

യണം  എന്നതാണ് ഗൗരവമുള്ള കാര്യം. സുവിശേഷം വലത്തു വശത്താക്കിയത് 'കാണുന്നവനെ'യാണ്. ഞാൻ നഗ്നനായിരുന്നു. നീ കണ്ടോ? രോഗിയായിരുന്നു. നീ കണ്ടോ? കാരാഗൃഹത്തിൽ വന്നു കണ്ടോ? വലത്തും ഇടത്തും ഭാഗം ആളു തിരിയുന്നതു മാനദണ്ഡമാക്കി മാറിമറിയാം. കാഴ്ചയാണ് പ്രധാനം. ജോസ്സെ സരമാവോയുടെ 'ഗോസ്പൽ അക്കോർഡിംഗ് റ്റു ക്രൈസറ്റി'ൽ ജോസഫിനെ കുറിച്ച് ഒരു കഥയുണ്ട്. ഹേറോദോസിന് അമ്പലം പണിയുകയാണ് ജോസഫ്. അപ്പോഴാണ് രാജാവിന്റെ സ്വപ്നത്തെ കുറിച്ച് കിങ്കരൻമാർ ചർച്ച ചെയ്യുന്നത് കേട്ടത്. രണ്ടു വയസ്സുവരെയുള്ള ഇരുപത്തിനാല് കുഞ്ഞുങ്ങളുടെ ലിസ്റ്റെടുത്ത് വായിക്കുകയാണവർ. ഉണ്ണിയീശോയുമുണ്ടതിൽ. ആ സന്ധ്യയിൽ ജോസഫ് മേരിയേയും കുഞ്ഞിനേയും കൂട്ടി രക്ഷപെട്ടു. ഈജിപ്തിലേയ്ക്ക്. പക്ഷേ ജോസഫിനു ഉറക്കം നഷ്ട്ടപ്പെട്ടു. ആ പൈതങ്ങൾ കൊല്ലപ്പെട്ടത് താൻ മൂലമാണെന്ന കുറ്റബോധം ജോസഫിനെ അലട്ടി. നീതിയെന്നാൽ കാണലാണ്. ദൈവത്തിന്റെ പ്രത്യക്ഷമാണത്. ആസക്തികളുടെ അശ്വമേധ ഷോകളിൽ എന്റെ വേട്ടയ്ക്കുള്ള ഇരകളായി പരദേശികളേയും പാർശ്വവത്ക്കരിക്കപെട്ടവരേയും കാണുന്നതാണ് തിന്മ. വേദനിക്കുന്നവന്റെ മുഖമാണ് ആദിവേദം. വിശപ്പ് ഒരു തുണ്ട് അപ്പത്തിന്റെ മാത്രം വിഷയമല്ലല്ലോ? നഗ്നത ഒരു കഷണം തുണിയുടേയും. ഒരുവന് കൊടുക്കേണ്ടി വരുന്ന ആദരവിന്റേയും സംരക്ഷണത്തിന്റേയും ദർശനമാണത്. 'ഒപ്റ്റിക്സ്'' ആണ് 'എത്തിക്സ്''. കൊച്ചാക്കുന്ന കാഴ്ചകളും കാറൽ മാക്സിന്റെ 'ചരക്കാ'ക്കുന്ന കാഴ്ചകളും ഈ യാത്രയെ ദുർഘടമാക്കുന്നുണ്ട്. 'കണ്ണിലെഴുതാൻ അഞ്ജനം കർത്താവിൽ നിന്നു വാങ്ങുക'. എന്ന് വി. യോഹന്നാൻ വെളിപാടിൽ പറയുന്നു (3:18).

ഒരു പുനർവായനയ്ക്ക് മുതിർന്നാൽ എല്ലാ വെട്ടങ്ങൾക്കും പിന്നിൽ ഇരുൾ ഉണ്ടെന്ന് കാണാം. പകലിലല്ല നക്ഷത്രങ്ങൾ ജനിക്കുക. ഈശോയ്ക്കും ജനിക്കാൻ രാത്രി വേണം. അന്ധകാരത്തിൽ ഇരുന്നവർ ഒരു വലിയ പ്രകാശം കണ്ടു എന്ന് ഏശയ്യാ. അപ്പോൾ ഈ രാത്രി ഒരു വേദം പോലെ എന്റെ കൂടെ ഉണ്ട്. ഇരുളിനെ തിന്മയായി വാഖ്യാനിക്കരുതെന്ന് തോന്നുന്നു. രാത്രിയിലാണ് ഇനിയെന്റെ കണ്ണുകൾ  തുറന്നു കിട്ടേണ്ടത്. ലോർക്ക പറഞ്ഞു: രാത്രി അവളുടെ ഓരോ നക്ഷത്രത്തിലും എന്നെ പുനഃസൃഷ്ടിക്കുന്നു. വെളിച്ചത്തിൽ ഞാൻ നഗ്നനാക്കപ്പെട്ടു. പരസ്യമായി വിധിക്കപ്പെട്ടു. പക്ഷേ രാത്രിയുടെ യാമങ്ങളിൽ ആണ്, ഗത്സമനിൽ, ഞാൻ ഒരുക്കപ്പെട്ടത്. രണ്ടും കല്പിച്ച് മരണത്തിലേക്ക് നടക്കുന്നവരൊക്കെ ഇരുളിൽ കാഴ്ച തെളിഞ്ഞവരാണ്. മൂങ്ങയേപ്പോലെ. രാത്രിയെ പഠിച്ച പക്ഷിയാണത്. ഇരുളിൽ ഇരുന്നതിനാലാവും വലിയ

കണ്ണുണ്ടതിന്. ഇരുളിൽ യാത്ര ചെയ്യുന്നവൻ ജാഗ്രത്തിലാണ്. ഇലയനക്കത്തിലും കാതുകൂർപ്പിക്കുന്നവൻ.

വെളിച്ചം ചില കാഴ്ചകൾ ഒരുക്കുന്നുണ്ട് തീർച്ച. പക്ഷേ മറ്റു ചിലതിനെ തന്ത്രപൂർവ്വം നമ്മുടെ മിഴികളിൽ നിന്ന് ഒളിപ്പിക്കുന്നുമുണ്ട്. പലരും പകലിൽ നാട്യങ്ങളിലാണ്. രാത്രിയെ സ്വന്തമാക്കിയവരൊക്കെ സമ്പന്നരാണ്. കാഴ്ചയുടെ സമൃദ്ധികൊണ്ട്. പകലിന്റെ ഈ മിന്നുന്ന വെട്ടത്തിൽ ആഡംബരങ്ങളുടെയും പ്രൗഢിയുടെയും കെട്ടുകാഴ്ചകളുടെയും ലോകത്തിൽ ഇരുള് നൽകുന്ന കാഴ്ചശക്തി എനിക്കും കിട്ടിയിരുന്നെങ്കിൽ! അന്ധകാരത്തിന്, അടിമത്വം, ദാരിദ്ര്യം, പീഡ എന്നൊക്കെ അർത്ഥം ഉണ്ട്. ഭരണകൂടങ്ങളുടെ അടിച്ചമർത്തലിൽ ഗസലുകൾ പൂക്കുന്നു എന്ന് ഫ്രാൻസിസ്കോ മോറിയാക്. ഞെരുക്കങ്ങളുടെ ചുഴികളിൽ പെട്ടിട്ടും രക്ഷപ്പെട്ട് പുറത്തുവരുന്നവരൊക്കെ അസാധാരണമായി അതിജീവനത്തിന്റെ മുദ്രകൾ പേറുന്നുണ്ട്.

ദൈവസായൂജ്യത്തെ ലക്ഷ്യമാക്കി ആത്മാവുചെയ്യുന്ന പ്രയാണത്തെ കുരിശിന്റെ വിശുദ്ധ യോഹന്നാൻ ഇരുണ്ട രാത്രിയെന്നാണു വിളിക്കുക. അതിന് മൂന്നു കാരണങ്ങളും വിശുദ്ധൻ കണ്ടെത്തി. ആദ്യത്തേത് ഇരുണ്ട മലകയറ്റത്തിന്റെ ഒരുക്കമാണ്. ഒത്തിരിയേറെ വിട്ടുപേക്ഷിച്ചും, വേണ്ടായെന്നു പറഞ്ഞും പരിത്യാഗവഴിയിൽ നില്ക്കുന്ന ആത്മാവിന് പരിസരം രാത്രിപോലെയാണ്. രണ്ടാമത്തേത് സായൂജ്യപ്രാപ്തിയെക്കുറിച്ചുള്ള വിശ്വാസമാണ്. രണ്ടും കല്പിച്ചിറങ്ങുവാനുള്ള ബലമാണ് വിശ്വാസം. അത് ബുദ്ധിയ്ക്ക് നിരക്കുന്നതല്ല. വിശ്വാസം ബുദ്ധിയ്ക്ക് ഇരുണ്ടരാത്രികണക്കെയാണ്. മൂന്നാമത്തത് ലക്ഷ്യമായ ദൈവമാണ്. ആത്മാവിന് അത് നിഗൂഢവും അജ്ഞവുമാണ്. കനത്ത ആത്മീയ അന്ധകാരത്തിനൊടുവിലാണ് ആ സമാഗമം നടക്കുകയെന്ന് വി. യോഹന്നാൻ ക്രൂസ്.

വെളിച്ചത്തെ ലക്ഷ്യമാക്കിയുള്ള ഏതൊരാത്മാവിന്റെയും യാത്ര തമോനിബിഡമാണ്. ഇരുളിൽ പെട്ടുപോകുന്നവർക്ക് വെളിച്ചം നൽകപ്പെടുന്നത് വോറൊരു ഇരുളിന്റെ സാന്നിദ്ധ്യംകൊണ്ടാണ്. അതാണല്ലോ സങ്കീർത്തകൻ പാടുന്നത്. രാത്രി രാത്രിയ്ക്ക് അറിവിനെ അറിയിക്കുന്നു (18:3). രാത്രി എന്റെ ആനന്ദത്തിൽ എനിക്ക് പ്രകാശമായിരിക്കുമെന്ന് വേറൊരിടത്തും ദാവീദ് പറയുന്നു (138:11). ആത്മാവിന്റെ ഇരുളിലെ വാസം അതിനെ സായൂജ്യസരണിയിൽ എത്തിക്കും.

ഭൂതകാലത്തിന്റെ ഒർമ്മയിൽ ഞാൻ കോറിയിട്ട എല്ലാ വരകൾക്കും ഇത്ര നിറം മങ്ങാൻ കാരണം കണ്ണീരിൽ കുതിർന്ന മിഴികളിലൂടെ

ജീവിതത്തെ നോക്കി കണ്ടതുകൊണ്ടാവും. സന്തോഷങ്ങളെക്കാളേറെ ദുഃഖങ്ങളെ വലുതാക്കി കണ്ട മനസ്സിന് വിശാലമായ പച്ചക്കാഴ്ചകൾ നഷ്ടമാകും . ചുമരുകൾ മാത്രമുള്ള മുറിയിലേയ്ക്ക് അവർ എടുക്കപ്പെടും. എന്നാലും ഉള്ളിലേതോകോണുകളിൽ വെളിച്ചത്തിന്റെ കണിക പ്രവേശിക്കുന്നപോലെ.

*നാല് ചെറുപ്പക്കാർ പിക്നിക്കിന് പോയി.*
*വലിയ ആവേശത്തിലായിരുന്നു അവർ.*
*പെട്ടെന്ന് വണ്ടി കൊക്കയിലേക്ക് വീണു.*
*മൂന്ന് പേർ തത്ക്ഷണം മരിച്ചു.*
*ഒരാൾ ഗുരുതര പരുക്കുകളോടെ ആശുപത്രിയിൽ.*
*നീണ്ട നാളുകൾക്കൊടുവിൽ അയാൾ ആശുപത്രി വിട്ട് പുറത്തുവന്ന് പറഞ്ഞു:*
*'എനിക്ക് ഇപ്പോൾ മനസിലായി ദൈവമുണ്ടെന്ന്.*
*ദൈവമാണ് എന്നെ രക്ഷിച്ചത്.'*
*മരിച്ചവർ മൂന്ന് പേരും അപ്പോൾ പറഞ്ഞു:*
*'ഞങ്ങൾക്ക് മനസിലായി ദൈവം ഉണ്ടെന്ന്.*
*ഈ ദുരിതഭൂമിയിൽ നിന്ന് ദൈവമാണ് ഞങ്ങളെ രക്ഷപെടുത്തിയത്.'*
*ദൈവം നിസഹായനായി.*
*അവിടുന്ന് വീണ്ടും അപരിചിതനായി.*

www.malankaralibrary.com

# 8

# കുരുതി



**'എനിക്ക് നിന്റെ ഓളങ്ങളെ സൂക്ഷിക്കാൻ ആവില്ല. തീരം നദിയോട് പറഞ്ഞു. നിന്റെ കാല്പാടുകൾ എന്റെ ഹൃദയത്തിൽ ഞാൻ സൂക്ഷിച്ചുവയ്ക്കാം.'**

**ടാഗോർ**

ആരും ഒന്നും സ്വന്തമായി സൂക്ഷിക്കാൻ പാടില്ല എന്ന് സമയത്തിനും കാലത്തിനും ഏതോ നിർബന്ധം ഉണ്ടെന്ന് തോന്നുന്നു. പ്രപഞ്ചത്തിന്റെ പൊതു സ്വഭാവം നഷ്ടപ്പെടുത്തലാണ്. ഉപേക്ഷിക്കാനും സ്വയം പരിത്യജിക്കാനും മുതിർന്നില്ലെങ്കിൽ നാളെ മരണം ഒടുക്കിക്കളയും ഞാൻ സ്വരുക്കൂട്ടിയതെല്ലാം. ജീവിതത്തെ നേടാൻ ശ്രമിക്കുന്നവരൊക്കെ അത് നഷ്ടപ്പെടുത്തുന്നു എന്ന് ഈശോ. പലതും ഞാൻ ചെറുപ്പം മുതലേ പരിശീലിച്ച് നേടിയിട്ടുണ്ട്. അത് പങ്കുവച്ചും പങ്കിട്ടെടുത്തും ആണ് മുന്നോട്ടുനീങ്ങിയത്. കാലത്തിന്റെ പ്രവാഹത്തിൽ അങ്ങനെ നേടിയെടുത്ത പല സുകൃതങ്ങളും ഇന്ന് കാണാനെ ഇല്ല. കൊള്ളാനും കൊടുക്കാനും

www.malankaralibrary.com

ആരേയും അവശേഷിപ്പിക്കാതെ ഗർവ്വിന്റെ തിരകൾ എല്ലാം മായിച്ചുകളയുന്നു. സുകൃത സ്മരണകൾപോലും വീണ്ടെടുക്കപ്പെടാൻ വിഷമമാണ്. ജീവിതം ഒരു തീരം കണക്കെ. ആവേശങ്ങളാണ് തീരങ്ങളെ അടക്കിവാഴുന്നത്. കടലിന്റെ അസ്വസ്ഥമാകുന്ന ഓളപരപ്പുകളെ അതിജീവിച്ച് വലയിറക്കുന്നവർ ആവേശത്തോടെ പഞ്ഞമാസത്തിലും ചിങ്ങമാസത്തിലും ഒരുപോലെ പാടാറുണ്ട് : 'ദൈവത്താൽ തന്നപ്പം തിന്നപ്പം തിത്തെയ്. ദൈവത്താൽ തന്നില്ല തിന്നില്ല് തിത്തെയ്''. അതിരുവിട്ട ആവേശങ്ങളിലാണവർ. എല്ലാം നഷ്ടപ്പെടും എന്നറിഞ്ഞുകൊണ്ടു തന്നെ.

ഉത്സവ മനസ്സുകൾക്ക് യേശുശിഷ്യന്റെ ദാരിദ്രത്തേയും പരിമിതികളേയും ഒരു പക്ഷേ മനസ്സിലാവില്ല. ആജീവനാന്തം ദരിദ്രനായി കഴിഞ്ഞാലും. ആനന്ദൻ ബുദ്ധഭിക്ഷുവാണ്. ഒരുനാൾ രാജകൊട്ടാരത്തിലേക്ക് അയാൾ ക്ഷണിക്കപ്പെട്ടു. രണ്ടു പേരും സംഭാഷണം ആരംഭിച്ചു. രാജാവ് രാജ്യം നേരിട്ട വറുതിയെ കുറിച്ച് വ്യാകുലപ്പെട്ടു. ആനന്ദൻ പക്ഷേ വാചാലനായത് വസ്ത്രങ്ങളെ കുറിച്ചാണ്. രാജാവിനെ കുറ്റപ്പെടുത്തിക്കൊണ്ടു തന്നെ: 'അങ്ങ് പുതിയതൊന്നു കിട്ടുമ്പോൾ പഴയ വസ്ത്രം വലിച്ചെറിയുന്നു. സന്യാസിക്കതാവില്ല. വലിച്ചെറിയുന്ന ഓരോ വസ്ത്രത്തിലും ആയിരം സസ്യങ്ങളുടെ പ്രാർത്ഥന അയാൾ കേൾക്കും'. രാജാവ് ചോദിച്ചു: 'വസ്ത്രവും വറുതിയും തമ്മിൽ എന്തു ബന്ധം?' ആനന്ദൻ ഉപദേശിച്ചു: 'പഴയ വസ്ത്രം വലിച്ചെറിയരുത്. അതുകൊണ്ട് തലയിണഉറ നെയ്യാം. അതും പഴകുമ്പോൾ ഉമ്മറപടിയിലെ ചവുട്ടിയാക്കാം. പിന്നെയും പിഞ്ഞിയാൽ കളിമണ്ണും കുഴച്ച് ചുമരിലെ വിള്ളലടയ്ക്കാം. മഹാരാജൻ, അങ്ങ് വലിച്ചെറിയാൻ വച്ചിരിക്കുന്ന വസ്ത്രങ്ങളെടുത്ത് ചെവിയോടു ചേർത്തു പിടിക്കുക. വറുതികൾ ആത്മാവിന്റെ വിള്ളലുകളടച്ചു തരുന്നതെങ്ങനെയാണെന്ന് അത് പറയും'.

യേശുവിന്റെ ദാരിദ്രത്തെ വേണ്ടവിധം മനസിലാക്കാനാവാതെ പോകുന്നുണ്ട് എന്നതാണ് ഉത്സവങ്ങളിൽപ്പെട്ടുപോയപ്പോഴൊക്കെ എന്നെ അലട്ടിയ ദുഃഖവും. സുവിശേഷതാളുകളിൽ ഞാൻ കണ്ടുമുട്ടിയ ചിലർക്കെങ്കിലും എന്നോട് സാമ്യമുണ്ട്. അവരുടെ ആവേശങ്ങളെ വേണ്ടവിധം ഗണിക്കാതെ ഈശോ നിൽക്കുന്നു. നീ എവിടെപോയാലും ഞാൻ നിന്നെ അനുഗമിക്കുമെന്നൊരു ചെറുപ്പക്കാരൻ. ക്രിസ്തുവിന്റെ ബലത്തിലായിരുന്നു അവന്റെ ഈ പടപ്പുറപ്പാട്. പക്ഷേ ദൈവംപോലും കൂടെയില്ലെന്നു തോന്നുന്ന നിമിഷങ്ങളുമുണ്ടാകും ഭൂമിയിൽ. തലചായിക്കാനിടമില്ലാതെ സ്വന്തം തോളിൽ തൂങ്ങിമരിക്കേണ്ടി വരും മനുഷ്യപുത്രന്. എന്റെ സന്നദ്ധതകൾക്കും സമർപ്പണങ്ങൾക്കും വളരെവേഗം ആയുസ്സ് നഷ്ടപ്പെടുന്നതിന് കാരണവും ഇതൊക്കെതന്നെ. ആവേശങ്ങളുടെ


www.malankaralibrary.com

www.malankaralibrary.com

ഒഴുക്കിൽപ്പെട്ട് ഞാനെടുത്ത തീരുമാനങ്ങൾക്കൊക്കെ സമർപ്പണമെന്ന് പേരിടാമെന്നെയുള്ളൂ. എന്റെ സന്നദ്ധതകൾക്കൊക്കെ അല്പായുസ്സു മാത്രം.

പത്രോസും സമാനമായ സ്വഭാവക്കാരനാണ്. ആരൊക്കെ ഉപേക്ഷിച്ചാലും ഞാനില്ല എന്ന് വലിയ മുക്കുവൻ ആണയിട്ടു. ഈശോ അതിനെയും മുഖവിലയ്ക്കെടുത്തില്ല. അത്താഴവും ഒലിവുമലയിലെ രാത്രിപ്രാർത്ഥനയും കഴിയും മുമ്പേ എല്ലാം സംഭവിച്ചു. കോഴി നീട്ടി കൂവി തീരും മുമ്പേ എന്റെ പിഴയെന്ന് ഏറ്റു പാടേണ്ടി വരുന്നവൻ.

പലപ്പോഴും ഞാൻ അത്ഭുതപ്പെട്ടിട്ടുണ്ട്. എന്തെ ഈശോ സക്കേവൂസിനെ തന്റെ ശിഷ്യത്വത്തിലേക്ക് പരസ്യമായി ക്ഷണിച്ചില്ല! ഏറ്റുപറച്ചിലും പ്രായശ്ചിത്തവും പരസ്യമായി നടത്തിയിട്ടും സമർപ്പണവഴിയിൽ ഇത്രയേറെ സന്നദ്ധത കാട്ടിയിട്ടും, സുവിശേഷം പോലും സക്കേവൂസിനെ കുറിച്ച് മൗനം പാലിക്കുന്നു. ലഗിയോൻ ബാധിച്ചവന്റെ ആവേശത്തെയും ഈശോ തണുപ്പിച്ചു കളഞ്ഞു. നാട്ടിലും വീട്ടിലുമൊക്കെ പ്രഘോഷിച്ചോളൂ. കൂടെവരാറായിട്ടില്ല. കാത്തിരിപ്പായിരിക്കും ദൈവരാജ്യത്തിന്റെ രസതന്ത്രം. സഹിഷ്ണുതയിലാവാം സ്വർഗ്ഗചിന്തകളുടെ ജൈവിക നേരുകൾ നാമ്പെടുക്കുന്നത്.

അമിത വൈകാരികതകളുടേയും ക്രമം വെടിഞ്ഞ മോഹങ്ങളുടെയും വഴിയിലാണ് ഏറെ മനുഷ്യരും. വിളറിപിടിയ്ക്കുന്ന ആവേശങ്ങളിൽ കുരുതി കഴിക്കപ്പെടുന്നവരുടെ ലോകമണിത്. ഇത് തിരിച്ചറിയാതെ ജീവിക്കാനാണ് ഭൂമിയിൽ ഏറെ മനുഷ്യരുടെയും ശ്രമം. ആമസോൺ തീരങ്ങളിൽ നെപ്പെന്തസ് എന്ന ഒരുതരം ചെടിയുണ്ട്. പ്രാണികളെങ്ങാനും അതിന്റെ ഇലയിൽ പെട്ടാൽ താനേ അടഞ്ഞ് ഞരമ്പുകളിലൂടെ ഇരയുടെ പ്രാണൻ ഊറ്റിയെടുക്കുന്ന സുന്ദരിച്ചെടി. ഉത്സവങ്ങളിലേയ്ക്കും നിറക്കൂട്ടുകളിലേയ്ക്കും അറിയാതെ വീണുപോകുന്നവർക്കും ജീവൻ നഷ്ടമാകുന്നുണ്ട്. ചിലരുടെ പതനം അതിലും ദാരുണമാണ്. അറ്റ്ലാന്റിക് ഉൾക്കടലിലെ ബർമുഡാ പ്രദേശം പോലെ. കപ്പലുകൾ അറിയാതെങ്ങാനും പെട്ടുപോയാൽ തിരകളതിനെ ചുഴറ്റിയെടുത്ത് ദ്വീപിലെ പാറയിലടിച്ച് തകർത്തുകളയും. എന്തുകൊണ്ട് ഞാനിങ്ങനെ? എന്ന ചോദ്യത്തിനാണിവിടെ പ്രസക്തി. ജീവിതത്തെക്കുറിച്ചുള്ള എല്ലാ ചോദ്യങ്ങൾക്കും ആകെയുത്തരം ശരീരമാണ്. ശരീരത്തെ ധ്യാനിച്ചാൽ ഉത്തരം കിട്ടിയേക്കും. ജൈവചോദനകളെ അംഗീകരിക്കാതെയും അതിനോട് പൊരുത്തപ്പെടാതെയുമുള്ള ആത്മീയതകൾക്ക് അല്പായുസ്സേ കാണൂ.

ശരീരം അതിജീവനത്തിന്റേയും പാരസ്പര്യത്തിന്റേയും അടയാളങ്ങൾ പിറവി മുതൽക്കേ പേറുന്നുണ്ട്. അതിജീവനത്തിൽ നിന്നാണ്


www.malankaralibrary.com

www.malankaralibrary.com

ജയിക്കണം എന്ന ചിന്തപോലും ഉരുവാകുക. സ്ഥാനവും മാനവും അധികാരവും അംഗീകാരവും അതിനായുള്ള പടയൊരുക്കവും തേരോട്ടവും യുദ്ധവും ക്ഷോഭവുമെല്ലാം അതിജീവനത്തിന്റെ മുദ്രതന്നെ. Survival of the fitest പ്രകൃതി നിയമമാണ്. അത് നിഷേധിക്കപ്പെടുമ്പോഴാണ് ഭയവും സംഘർഷവും ഉത്ഭവിക്കുന്നത്. ഭയമുള്ള മനസ് വികലവും പരുഷവും അക്രമാസക്തവും ആകും.

പൂരക വ്യക്തിത്വത്തെ തേടിയുള്ള അബോധമായൊരന്വേഷണം എല്ലാവരിലുമുണ്ട്. പാരസ്പര്യത്തിന്റെ സ്രോതസാണത്. എതിർ ലിംഗത്തിൽപ്പെട്ട ഒരാൾ എന്നും താങ്ങായും തണലായും സൗന്ദര്യമായും പ്രലോഭിപ്പിച്ചുകൊണ്ടേയിരിക്കും. മനസ്സിലാക്കാതെയും മനസിലാക്കപ്പെടാതെയും പോകുമ്പോഴാണ് ഒരുവൻ വൈകാരിക വിഭ്രമങ്ങളിലേക്ക് കൂപ്പുകുത്തുന്നത്. ഞാനിനി എന്റെ ആത്മീയതയെ ജൈവഘടനയുമായി ചേർത്തുവെയ്ക്കേണ്ടിയിരിക്കുന്നു. പഴയനിയമത്തിലെ സാംസനെ കാണുക. അവന്റെ മുടിയിഴയ്ക്കുപോലും, എന്തിനേറെ, കുടിക്കുന്ന വീഞ്ഞിനു പോലും ആത്മീയതയുടെ ജീവശാസ്ത്രമാണ് പറയാനുള്ളത്. എല്ലാം നാസീർവ്രതത്തിനുവേണ്ടി.

സുഗന്ധപൂരിതമായ ഒരു മനസ്സിന് ഭിന്നിപ്പിക്കാത്ത ഒരു ശരീരബോധം ആവശ്യമായിരിക്കുന്നു. ജൈവഘടനയെകുറിച്ചുള്ള ഉണർവ്വു തന്നെ ധ്യാനം. പോൾ സൈമൺസിന്റെ The sound of Silence എന്ന കവിത ഇങ്ങനെ കുറിച്ചു: 'നഗ്നമായ രാത്രിയിൽ ഞാൻകണ്ടു. പതിനായിരമോ അതിൽ കൂടുതലോ ആളുകൾ സംസാരിക്കാതെ സംഭാഷണം നടത്തുന്നത്. ശ്രദ്ധിക്കാതെ കേൾക്കുന്നത്. സ്വരങ്ങൾ പങ്കുവയ്ക്കാതെ പാടുന്നത്. നിശബ്ദയുടെ ശബ്ദങ്ങളെ അലോരസപ്പെടുത്തുവാൻ ആരും ധൈര്യപ്പെട്ടില്ല'.

യൂറോപ്യൻ കത്തോലിക്കാ യൂണിവേഴ്സിറ്റികളിലെ ബുദ്ധിജീവികളുടെ ഇടയിലാണ് മോഡേണിസം വളർന്നത്. അത് സഭയിലെ ആധുനിക പാഷണ്ഡതയാണ്. ഭൗതികപുരോഗതി ലക്ഷ്യമിടുന്ന എമ്പിരിക്കൽ ശാസ്ത്രവും എല്ലാറ്റിനും ഭൗതിക വ്യാഖ്യാനങ്ങൾ മാത്രം നൽകുന്ന നാച്ചുറലിസവുമാണ് മോഡേണിസത്തിന്റെ മാതാപിതാക്കൾ. പാരമ്പര്യത്തെയും പ്രകൃത്യാതീതമായതിനെയും വിലകുറച്ചുകാണിച്ചപ്പോഴാണ് കത്തോലിക്കാ തിരുസഭ അതിനെ നിരോധിച്ചത്. ഭൂമികൊണ്ടുതന്നെ തൃപ്തിപ്പെടാൻ മോഡേണിസം വെല്ലുവിളിച്ചു. അത് സഭയ്ക്ക് പുറത്തു നിന്നു ഭീഷണിഉയർത്തി. അകത്ത് ഭൗതികതയുടെ വിത്തുകൾ പാകിക്കൊണ്ട് അപായം മുഴക്കി. ഭൂമിയിലെ സ്വർഗ്ഗമായിരുന്നു അതിന്റെ ലക്ഷ്യം. അതിനായി അവർ മതത്തെ അവഗണിച്ചു. ഗർവ്വിന്റെയും അഹ


www.malankaralibrary.com

www.malankaralibrary.com

ന്തയുടെയും ആ ശൈലികൾ ആത്മീയതയുടെ നിലനില്പ്പിന് വെല്ലുവിളിയായി. പ്രകൃത്യാതീതമായ ധാർമ്മികതകൾ അവഗണിക്കപ്പെട്ടു. ആഴങ്ങൾ നഷ്ടപ്പെട്ട് ഓളങ്ങളിലും വർണ്ണങ്ങളിലും കെട്ടുകാഴ്ച്ചകളിലും മാത്രം വീണുമയങ്ങുന്ന ഈ പ്രവണതയെ തിരുസഭ 1907 ൽ 'പസേന്തി' എന്ന ചാക്രികലേഖനത്തിലൂടെ തിരുത്തി. എന്നാലും അതിന്റെ ദുർഗന്ധപൂരിതമായ അവശിഷ്ടങ്ങൾ അങ്ങിങ്ങായി ചിതറിക്കിടപ്പുണ്ട്, ഒരു നൂറ്റാണ്ടിനു ശേഷവും.

*തീക്കാറ്റും വെയിൽ നാളവും നിന്നെ കടന്നുപോകും. നീ അവയ്ക്ക് മുന്നിൽ കീഴടങ്ങരുത്. തളരുകയുമരുത്. നിന്റെ ജീവനെ അത് ചോദിക്കും. വിട്ടുകൊടുക്കരുത്. പകുതി മരിച്ചവനെപ്പോലെ ധ്യാനിച്ച് കിടക്കുക. ശൂന്യതപോലെ നടിക്കുക...ഒടുവിൽ നിനക്ക് ഒരു കാലം വരും. കാലത്തിന്റെ കുളിർകാറ്റ് നിന്നെ ഭൂമിയ്ക്ക് അടിയിൽ നിന്നും തോണ്ടി വിളിക്കും. അപ്പോൾ ഒറ്റ നിമിഷം കൊണ്ട് രക്ഷപെടലിലേക്ക് കുതിക്കുക. നാളത്തേക്ക് പൂവിടുകയും കായ്ക്കുകയും ചെയ്യുക.*

*ബെന്യാമിൻ: 'ആടുജീവിതം'*


www.malankaralibrary.com

www.malankaralibrary.com

# 9
# പൊയ്ക്കാൽ



*'യുക്തി എല്ലാമാകുന്നില്ല
ദൈവീകതയിലേക്ക്
സ്വയം വീഴുകയും
വിമലീകരിക്കപ്പെടുകയും ചെയ്യുക.
കീഴടങ്ങുകയും പുനർജ്ജനിക്കു
കയും ചെയ്യുക.
നിഗൂഢതകൾ സ്വയം വെളിപ്പെടും
വരെ കാത്തിരിക്കാൻ എല്ലാ
യ്പ്പോഴും ഓർമ്മ വയ്ക്കുക'*
*മോറിസ് വെസ്റ്റ്*

പേർഷ്യൻ മതശില്പി സെരവസ്ട്രറുടെ പ്രവചനം ഫലിച്ചു. കന്യ കയുടെ പുത്രൻ നീതിയുടെ രാജാവായി പിറന്നു. 'ഒഷേദാർ' എന്നാണ് അവന്റെ പേര്. 'സെൻഅവസ്ഥ'യിലെ വേദകുറിപ്പുകൾ പഠിച്ചറിഞ്ഞ് വിദ്വാൻമാർ അവനെ കണ്ട് വണങ്ങാൻ തിരിച്ചു. ശാസ്ത്രികളാണ് 'മജൈ'. 'മാഗൂസ്'' എന്നും വിളിക്കും. നക്ഷത്രം തെളിച്ച വഴിയെ അവർ നീങ്ങി.

നക്ഷത്രവെട്ടവും, കയ്യിലെ വേദവും പരിമിതമാണെന്നറിഞ്ഞത് അവർക്ക് വഴിതെറ്റിയപ്പോഴാണ്. ഹോറോദേസിന്റെ കൊട്ടാരത്തിൽ ഒരു

www.malankaralibrary.com

www.malankaralibrary.com

കുഞ്ഞിനെയും അവർ കണ്ടില്ല. അയാളുടെ വിവാഹപ്രായം കഴിഞ്ഞ മൂന്ന് മുതിർന്ന പൈതങ്ങളെ ഒഴികെ. അർക്കലാവൂസും അന്തിപ്പാസും ഫിലിപ്പും. അവരിലൊരുവൻ തിരുക്കുടുംബത്തിന്റെ പേടി സ്വപ്നമായി. മറ്റൊരുവൻ തിരുക്കുടുംബത്തിൽപ്പെട്ടവന്റെ തലയറുത്ത് താലത്തിൽ വച്ചു. ഏറ്റവും ഇളയവനോ, സ്വന്തം ഭാര്യയുടേയും മകളുടെയും മനസ്സിൽ ഇത്തിരി ഇടം നേടാനാവാതെയും പോയി.

ദരിദ്രമായ തിരുകുടുംബങ്ങളുടെ നോവുകളേയോ വിശപ്പുകളെയോ കാണാനാവാതെ സങ്കല്പ സ്വർഗ്ഗങ്ങൾ തീർത്ത് അതിൽ രമിച്ചവരാണ് ഹേറോദോസും മക്കളും. അവർക്കു മനുഷ്യനുമായോ ഭൂമിയുമായോ ദൈവവുമായോ യാതൊരു ബന്ധവുമില്ലായിരുന്നു . അവരുടെ കൊട്ടാരങ്ങളിൽ പെട്ടുപോയ വിദ്വാൻമാർക്ക് ഒരിടനേരത്തെങ്കിലും നഷ്ടമായത് വെറുമൊരു ആശയമല്ല, സ്പഷടമായ സത്യത്തെയാണ്. ബേത്‌ലഹേമിലെ മിശിഹായെ. ഭൂമിയുമായി ഇനിയും ബന്ധങ്ങളില്ലാത്ത ഒരുവന് അവനവന്റെ ദൈവങ്ങളെയും നഷ്ടപ്പെട്ടിട്ടുണ്ട് എന്ന ദസ്തയവസ്കി തന്റെ 'ഭൂതാവിഷ്ടരിൽ' പറയുന്നു.

ഹേറോദേസ് എന്നിലേക്കും ഇടയ്ക്കിടെ എഴുന്നെള്ളാറുണ്ട്. എന്റെ ആജ്ഞകൾ സദാ ശിരസ്സാ വഹിക്കാൻ ഒരാളെനിക്കു കൂടിയെ തീരൂ. അയാൾ യേശുവിനെ അന്വേഷിച്ചത് കൗതുകങ്ങൾ കൊണ്ടു മാത്രമാണ്. ഈശോയുടെ കാലത്തും അടയാളങ്ങളുടെയും അത്ഭുതങ്ങളുടെയും കുഴൽ കണ്ണാടിയിലൂടെ മാത്രം അവനെ നോക്കി കണ്ടവർ ഉണ്ടായിരുന്നു.

നിക്കോദിമോസും ഈശോയെ ആദ്യം സമീപിച്ചത് അറിവിന്റെ ഇത്തിരി അഹന്തയും കൊണ്ടാണ്. ഇരുളിന്റെ മറപറ്റി വന്ന് അവൻ അതു പറഞ്ഞു. 'ഞാൻ അറിയുന്നു, ദൈവം കൂടെയില്ലെങ്കിൽ ഒരുവനും നീ ചെയ്യുന്ന ഈ അടയാളങ്ങൾ പ്രവർത്തിക്കാൻ കഴിയില്ല'. ഈശോ അവന്റെ തലയിലെ അറിവിനെ തിരുത്തി: 'നീ വീണ്ടും ജനിക്കണം'. നിക്കോദിമോസിന്റെ സംശയത്തിൽ  അല്പം പരിഹാസം. 'അമ്മയുടെ ഉദരത്തിലേക്ക് ഒരുവൻ വീണ്ടും പ്രവേശിക്കണമെന്നോ?' ഈശോ അവനെ വീണ്ടും തിരുത്തി. തെല്ലു ശാസനയോടെ. 'നീ ഇസ്രായേലിലെ ഗുരുവല്ലെ?' പുനർജ്ജനിയുടെ മർമ്മരങ്ങളെ കേൾക്കാനാവാതെ ഒരു ഗുരുവും ഇനിയീ ഭൂമിയിൽ ഉണ്ടാവരുതെന്ന് ഈശോ ശഠിച്ചതുപോലെ. അവന്റെ തിരുത്ത് നിക്കോദിമോസിനെ മൗനത്തിലേയ്ക്കു തള്ളിയിട്ടു. പിന്നീട് സുവിശേഷത്തിലുടനീളം നിക്കോദിമോസ് നിശബ്ദനായി കാണപെടുന്നു. ഒടുവിലേതോ രണ്ടുവരികളിൽ സുവിശേഷത്താളുകൾ അവനെ ഓർമ്മിച്ചെടുത്തു. ഈശോയുടെ മൃതദേഹം ചുമക്കുന്നവനായി മാത്രം. മൗനത്തിലേയ്ക്ക് കടക്കാൻ ചില തിരുത്തുകൾ കിട്ടണം. ബുദ്ധിയ്ക്ക് ഏൽക്കേണ്ട ക്ഷതങ്ങൾ.


www.malankaralibrary.com

മനസ്സെപ്പോഴും അഹന്താ കേന്ദ്രീകൃതമാണ്. അത് എല്ലായിടത്തും അതിന്റെ സൂക്ഷ്മമായ വേഷം കെട്ടുന്നു. മനുഷ്യരിൽ മാത്രമല്ല. എലികളിൽപ്പോലും. ഗർവിഷ്ടനായ ഒരാന എലിയെ പരിഹസിച്ചു: 'നീയാണ് ഈ ഭൂമിയിൽ ഞാൻ കണ്ടിട്ടുള്ളതിൽ വച്ചേറ്റവും മെലിഞ്ഞ ജീവി'. എലി മുരണ്ടു: 'പനിയടിച്ച് രണ്ടാഴ്ച്ച ഞാൻ അഡ്മിറ്റായിപ്പോയി. അതിനു മുൻപ് എന്നെയൊന്നു കാണണമായിരുന്നു. നീ പോലും ഒന്നു വെരണ്ടേനെ!' ഏതിനെക്കാളുമുപരി അറിവിന്റെ അഹന്തകളാണ് ക്രിസ്തുവഴിയിലെ എന്റെ വലിയ വിലങ്ങുകൾ.

ഈശോയിലേയ്ക്കുള്ള എന്റെ യാത്രയെ ഒരു തീർത്ഥാടനമായി കാണാൻ പുസ്തകങ്ങൾ ഒട്ടേറെ സഹായിച്ചിട്ടുണ്ട്. പക്ഷേ അതിലെ വിവരങ്ങൾ എന്നിലെ പഴയ മനസ്സിനോട് വീണ്ടും എന്തെക്കെയോ കൂട്ടിചേർക്കുന്നതുപോലെ. മനസ്സ് ഗുണാത്മകമായ ഒരു മാറ്റത്തിന് കാതോർത്താലും, വിനാശകരമായ അജ്ഞത അതിനെ ചുറ്റി നില്പ്പുള്ളതുപോലെ. ഏതായാലും ഒന്ന് തീർച്ച. വായനയല്ല അറിവാണ് മതിലാകുക. പരിശീലനങ്ങളല്ല, പ്രമാണങ്ങളാണ് തടസ്സമായിത്തീരുക. അഭ്യാസങ്ങളല്ല, അനുഭവമാണ് പുതുമകൾ നഷ്ടപെടുത്തുക.

ചെറുപ്പം മുതൽ കേട്ടു ശീലിച്ചത് അനുഭവം ഗുരു എന്നാണ്. പക്ഷേ അനുഭവങ്ങളിൽ തളച്ചിടപ്പെട്ട മനസ്സുമായി ക്രിസ്തുവഴിയിൽ നീങ്ങാനാവില്ല എന്ന് ഈയിടെയായി തോന്നി പോകുന്നു. അനുഭവങ്ങളിൽ നിന്ന് പാഠം ഉൾകൊണ്ടാണ് മനുഷ്യൻ വളരുക. പക്ഷേ ആ വളർച്ച പോലും പരിമിതമാകുന്നത് അവൻ യുക്താനുസൃതമായി ചിന്തിക്കുന്നതിനാലാവാം. മനുഷ്യേൻ യുക്തിപൂർവ്വം ചിന്തിയ്ക്കുന്ന മൃഗത്തേക്കാളുപരി യുക്താനുസൃതമായി ചിന്തിയ്ക്കുന്ന മൃഗമാണ്. വൃദ്ധരായ രണ്ടു മദ്യപാനികളുടെ കഥ കണക്കെ. ഷാപ്പിലെ സ്ഥിരം സന്ദർശകരാണ് ഇരുവരും. വൈകിട്ടവർ ഒന്നിച്ച് കണ്ടുമുട്ടും, ആവോളം കുടിക്കും, പിന്നെ പിരിയും. ഒരുനാൾ ഒരാൾ വന്നില്ല. അപരൻ തിരക്കി: 'എവിടെയെന്റെ ചങ്ങാതി?' ഷാപ്പുടമ അറിയിച്ചു: 'അയാൾ ഇന്നലെ രാത്രി മരിച്ചു. ചാരായം രക്തത്തിൽ കലർന്ന്, രക്തവും ശ്വാസവും സ്പിരിറ്റായി, കിടക്കും മുമ്പ് മെഴുകുതിരി ഊതികെടുത്തിയപ്പോൾ ശ്വാസത്തിന് തീപിടിച്ചാണ് വെന്തു മരിച്ചത്'. അയാൾ വേഗം ഒരു ബൈബിൾ വരുത്തി അതിൽ തൊട്ട് സത്യം ചെയ്തു. ജീവിതത്തിൽ ഇനിയൊരിക്കലും താനൊരു മെഴുകുതിരി ഊതിക്കെടുത്തുകയില്ലെന്ന്. മനുഷ്യേൻ അനുഭവത്തിലൂടെയാണ് പഠിക്കുന്നത്!

എല്ലാത്തരത്തിലുള്ള അഹന്തകളെയും ബൈബിൾ നിരസിക്കുന്നു. രക്തബന്ധത്തിന്റെ രാശിച്ചരടുകൊണ്ടും ശുദ്ധരക്തത്തിന്റെ തച്ചുശാസ്ത്രം കൊണ്ടും ഞാൻ കെട്ടിപ്പൊക്കിയ പാരമ്പര്യം മുതൽ പണവും പരിജ്ഞാനവും പരിശുദ്ധിയും കൊണ്ട് നെയ്തെടുത്ത സൽപ്പേരുകൾ

www.malankaralibrary.com

വരെ, സുവിശേഷത്തിന്റെ വിമർശനങ്ങൾക്ക് വിധേയമാകുന്നു. കാരണം ലളിതം. ജീവിതം ജയിക്കാൻ വേണ്ടിയല്ല. സ്നേഹിക്കാൻ വേണ്ടി മാത്രമാണ്. വിശാലമായി സ്നേഹിക്കുവാൻ. ജീവിതം ജയിക്കാൻ വേണ്ടിയാകുമ്പോൾ സ്നേഹം പരാജയപ്പെടുന്നു. സ്നേഹിക്കാൻ വേണ്ടിയായാലോ, ഒത്തിരിയേറെ പരാജയപ്പെടേണ്ടതായും വരുന്നു. എന്റെ ബലമെന്ന് ഞാനഭിമാനിച്ചതെല്ലാം വെറുതെയാകുന്നതു കാണാനും ഒരു ഭാഗ്യം വേണം.

സ്വർഗ്ഗരാജ്യത്തിന്റെ രഹസ്യങ്ങളറിയാനുള്ള വരം അന്നും എന്നും ശിശുക്കൾക്കായിരുന്നു. അനേകർ കാണാൻ കൊതിച്ചു. പക്ഷേ കണ്ടില്ല. കേൾക്കാൻആഗ്രഹിച്ചു. പക്ഷേ കേട്ടില്ല. കാരണം ദൈവരാജ്യത്തിന്റെ മർമ്മം കുഞ്ഞുങ്ങളുടെ മാത്രം അവകാശമാണ്.

ഈശോയെ ഇരുപതുവർഷങ്ങൾക്കകം മനുഷ്യമനസ്സിൽ നിന്ന് തുടച്ചു നീക്കാനായിരുന്നു പ്രസിദ്ധ വാഗ്മി വോൾട്ടയറിന്റെ തീരുമാനം. പതിനെട്ടാം നൂറ്റാണ്ടിന്റെ ഒടുവിലയാൾ ഈ ലോകത്തിന്റെ പടിവിട്ടിറങ്ങുമ്പോൾ ദൈവത്തെ വെല്ലുവിളിച്ച ആ ബുദ്ധിയുടെ സ്ഥിരത അപ്പാടെ നശിച്ചിരുന്നു. ദൈവകോപമെന്നും ശിക്ഷയെന്നും പറഞ്ഞ് അതിനെ പരിഹസിക്കാൻ ഞാനില്ല. സത്താപരമായ സംഘർഷത്തിൽ വീഴുന്ന ആർക്കും സംഭവിക്കാവുന്ന അപകടമാണ് മതിഭ്രമം. ദൈവം മരിച്ചു എന്ന് ഘോഷിച്ച ജർമ്മൻകാരൻ ഫ്രെഡറിക് നീത്ഷെയുടെ ജീവിതസായാഹ്നത്തിനും ഇതേ സമാനത ഉണ്ടായിരുന്നു. ശരീരത്തിനും മനസ്സിനുമേറ്റ തകർച്ച അയാളെ ഉന്മാദിയാക്കി. 1900- ൽ മരിക്കും മുമ്പ് ക്രിസ്ത്യൻ-സെമറ്റിക് വിരോധം നീത്ഷെയിലേൽപ്പിച്ച ആഘാതം 'ആന്റി ക്രൈസ്റ്റ്'' എന്ന പുസ്തകമായി പുറത്തുവന്നു. അസംതൃപ്തിയുടെ ഭൂമികയിൽ നിന്നായിരുന്നു നീത്ഷെ ക്രിസ്തുമതത്തെ പരാന്നഭോജിയെന്നും, കുരിശിനെ ഗൂഢാലോചനയുടെ അംഗീകൃത അടയാളമെന്നും വിളിച്ചത്. എന്നാൽ ചരിത്രത്തിൽ തിരുസഭയുടെ നിർണ്ണായകത്വം തിരിച്ചറിഞ്ഞ അനേകർ അറിയുന്നു, വരും തലമുറ ആഗ്രഹിക്കുന്നതും പ്രതീക്ഷിക്കുന്നതും ക്രൈസ്തവ ശുശ്രൂഷയ്ക്കായിട്ടല്ലാതെ മറ്റൊന്നിനല്ലെന്ന്.

റോമൻ ചക്രവർത്തി ജൂലിയൻ കയ്യിലിരുന്ന വീഞ്ഞുപാത്രം ചുമരിലേക്കെറിഞ്ഞുടച്ചിട്ട് സദസ്യരോടു സത്യം ചെയ്തു: 'ഇതു കണക്കെ ഗലീലിയരെ ഞാനൊടുക്കും'. ഒടുവിലയാളുടെ മരണമൊഴി ഇങ്ങനെ രേഖപ്പെടുത്തുന്നു. 'അല്ലയോ ഗലീലിയാ നീ തന്നെ ജയിച്ചു'. നാസ്തികരുടെ കുലഗുരുവായിരുന്ന വ്ളാഡിമിർ ലെനിനും ഒടുവിൽ കരഞ്ഞു: 'എനിക്കു തെറ്റുപറ്റി ഞാൻ ലക്ഷങ്ങളെ കൊന്നു... അസ്സീസിയിലെ ഫ്രാൻസിസിനെപോലെ പത്തുപേർ റഷ്യയിലുണ്ടായിരുന്നെങ്കിൽ ഇവിടെ ചോരപ്പുഴയൊഴുകില്ലായിരുന്നു!'

അഹങ്കാര ബുദ്ധിയോടുകൂടി പരമാർത്ഥ തത്വം ഗ്രഹിക്കാനാവില്ലെന്ന് ശ്രീനാരായണ ഗുരുവും:

 www.malankaralibrary.com

'പരവശനായ് പരതത്വമെന്റേതെന്നോർക്കരു-
തരുതെന്നു കഥിപ്പതൊന്നിനാലെ
വരുമറിവേത്? കഥിപ്പതാലെ
പരമപദം പരിചിന്ത ചെയ്തിടേണം.'


നിർബന്ധ ബുദ്ധിയോടുകൂടെ വീടുതോറും സുവിശേഷം പ്രഘോഷിച്ചും ജിഹാദു വിളിച്ചും, ഓംകാരം മുഴക്കിയും സത്യം പ്രാപിക്കാനാവില്ല. കാശു കൊടുത്തിട്ടീശോയെ കീശയിലാക്കാൻ നോക്കേണ്ടെന്ന് സൺഡേസ്കൂൾ ക്ലാസിനിടെ ഒരു കുഞ്ഞ് പാടിക്കളിക്കുന്നുണ്ട്.

*ഒരാൾ തന്റെ വീടിനു ചുറ്റും അപ്പം വാരി വിതറി ക്കൊണ്ടിരുന്നു.*
*ആരോ ചോദിച്ചു. 'നിങ്ങളെന്ത് അസംബന്ധമാണി കാണിക്കുന്നത്?'*
*'ആനകളെ അകറ്റി നിർത്താനാണ്'. അയാളുടെ മറുപടി.*
*'അതിനു പക്ഷേ ഇവിടെങ്ങും ആനകളില്ലല്ലോ?'*
*'കണ്ടില്ലെ എന്റെ ഉപായം ഫലിച്ചത്!!'*
*ഭ്രാന്തിനു പോലും അതിന്റേതായ യുക്തിയുണ്ട്.*

www.malankaralibrary.com

# 10

## മൗനം



***'പലായനമായിരുന്നു ഇതുവരെ. എന്നാൽ ഇനി ഇവിടം മുതൽ തീർത്ഥയാത്രയാണ്. നീ യാത്രിയാണ്. വഴിയിൽ കുത്തിയിരിക്കുന്നവരെ ഗൗനിക്കേണ്ട. അവർക്ക് വഴിയില്ല. നടക്കുന്നവനെ വഴിയുള്ളൂ. ഒരുവന്റെ പാദമുദ്രകൾ മാത്രം പതിയാനുള്ള ഇടുങ്ങിയ വഴി'.***

**ആനന്ദ്: 'നാലാമത്തെ ആണി'**

സെൻ ബുദ്ധ സന്ന്യാസി റിൻസായെ വളരെ തിരക്കുള്ള ഒരാൾ സമീപിച്ചു: 'ചുരുങ്ങിയ വാക്കിൽ പറഞ്ഞുതരുമാറാകണം, എന്താണ് മതം?'

ഗുരു മൗനത്തിൽ തുടർന്നു.

അയാൾ: 'അങ്ങ് ഞാൻ പറഞ്ഞത് കേട്ടോ ആവോ?'

ഗുരുവിന് വീണ്ടും മൗനം.

ഇത്തവണ അയാൾ ഉള്ളിൽ അല്പം രോഷം കൊണ്ടു:

'അങ്ങേയ്ക്ക് ചെവിയ്ക്ക് കേൾവിയുണ്ടെന്നാണ് ഞാൻ കരുതുന്നത്. എന്നോടു പറയൂ എന്താണ് മതം?'

www.malankaralibrary.com

www.malankaralibrary.com

സന്യാസി :'ഞാൻ പറഞ്ഞല്ലോ?'
അയാൾ : 'ഞാൻ കേട്ടില്ല!'
സന്യാസി: 'കേൾക്കാവുന്നത് സാരവത്തായതല്ല'
അയാൾ: 'എങ്കിലും ഒരു താക്കോൽ പദമെങ്കിലും തന്നുകൂടെ?'
സന്യാസി: 'മൗനം'
അയാൾ: അല്പം കൂടെ വ്യക്തമായി...?'
സന്യാസി: 'ധ്യാനം'
അയാൾ: 'ഇത്രയുമെ പറയാനുള്ളോ?'
സന്യാസി: 'ഒരു വാക്കു തന്നെ അതിനെ അയഥാർത്ഥമാക്കി. വാക്ക് അർദ്ധ സത്യങ്ങളെ വെളിവാക്കൂ...മൗനം തന്നെ സത്യം. അതാണ് മതം, ഏറ്റം സാരവത്തായതും!'

ഒത്തിരിയേറെ അലച്ചിലുകൾക്കും തിരക്കുകൾക്കും ഒടുവിൽ ഒരുവൻ ചിലപ്പോൾ തെന്നിവീഴാറുണ്ട്, ഈ മൗനത്തിലേയ്ക്ക്. ധൂർത്ത ജീവിതത്തിന്റെ നരകയാതനകൾക്കൊടുവിൽ ആരും തെരയുന്ന പ്രതിഭയാണ് 'സേർവൂസ്'. ദാസൻ എന്നാണതിനർത്ഥം. ജീൻ മിഷേൽ ബാസ് ക്വയാറ്റി (Jean Michel Bas quiat) എൺപതുകളിൽ ഇത്തരം പ്രതിഭകളുടെ ചിത്രങ്ങൾ വരച്ചിട്ടത്, ഇന്ന് പാശ്ചാത്യ മ്യൂസിയങ്ങളുടെ ആകർഷണമാണ്.

ജീവിതത്തിന്റെ നിഗളങ്ങൾക്കൊടുവിൽ ഏതൊരു ശിഷ്യനും മിഴിപൂട്ടി, കൈനീട്ടി നില്ക്കാനൊരു സമയമുണ്ടാവും. പത്രോസിനെപ്പോലെ. വേറൊരാൾ അവന്റെ അരമുറുക്കും. അപ്പോൾ എന്താണ് ചെയ്ക? വെറുതെ കൈനീട്ടി കൊടുക്കുക. അനങ്ങാതെ. സാരവത്തായത് ഇവിടെ തുടങ്ങുന്നു.

ദൈവം ഇടപെട്ടപ്പോഴാണ് താർസോസിലെ സാവൂൾ ആവേശങ്ങളുടെ വക്കിൽ നിന്ന് മൗനത്തിലേയ്ക്ക് വഴുതി വീണത്. ദമാസ്ക്കസിലെ ശിഷ്യർക്കൊപ്പം വട്ടപ്പൂജ്യത്തിൽ നിന്ന് തുടങ്ങാനായിരുന്നു ആ ഇടപെടൽ. കുറെ നാളത്തേയ്ക്ക് അവൻ മിണ്ടാതിരുന്നു. ആ നിശബ്ദതയിൽ സാവൂൾ മെല്ലെ മെല്ലെ പൗലോസായി. തന്റെ ജീവിതത്തിന്റെ അവസാന നാളുകളാവണം പൗലോസിന് ഏറെ കമനീയമായി തോന്നിയത്. വാക്കുകൾക്ക് അവാച്യമായ സൗമ്യതയുണ്ടായി. തീക്ഷ്ണവാനായ ആ ഫരിസേയന്റെ കത്തുകളിലെ അക്ഷരങ്ങൾപോലും ആരെയും നോവിക്കുന്നില്ല. സൗമ്യദീപ്തമായ നിലാവുകണക്കെയാണ് വാക്കുകൾ പൊഴിഞ്ഞു വീഴുന്നത്. അദ്ദേഹത്തെ ഏഴാം സ്വർഗ്ഗം വരെ ഉയർത്തിയ ഒരു ദർശനം ഉണ്ടായിപോലും. ആ ദിവ്യ അതിഥിയുടെ ആഗമനശേഷം സർവ്വതും വിടർന്നു പുഷ്പിക്കാൻ തുടങ്ങി. ബോധത്തിന്റെ പ്രകാശപുഞ്ജം പോലെ.

ധ്യാനത്തിലേക്ക് അഥവാ മൗനത്തിലേക്ക് ആത്മാവിന്റെ സുരക്ഷിതമായ ഒരു വിടരൽ നടക്കുന്നത് കാത്തിരിക്കാനും ഒരു കൃപവേണം. ഭയത്തിനും സമ്മർദ്ദത്തിനും തീരെ പ്രവേശനമില്ലാത്ത ഒരു സ്ഥിതി.


www.malankaralibrary.com

സ്നേഹത്തിന്റെ കവാടത്തിലൂടെ മൗനത്തിലേക്ക് ഒരു എൻട്രി. യോഹന്നാൻ ശ്ലീഹാ അങ്ങനെയല്ലെ പറയുന്നത്, സ്നേഹത്തിൽ ഭയത്തിനിടമില്ലെന്നും, പൂർണ്ണമായ സ്നേഹം ഭയത്തെ ബഹിഷ്കരിക്കുന്നുവെന്നും. (1 യോഹ: 4:18)

മൗനത്തെ ഇത്രയേറെ എന്തിനു ഞാൻ ഭയപ്പെടുന്നു എന്ന ചോദ്യം എന്റെ മാത്രം പ്രശ്നമല്ല എന്നെനിക്കറിയാം. എന്റെ ഒരു സുഹൃത്തിനെ ശ്രദ്ധിക്കുക. ശബ്ദങ്ങളെ ഒഴിവാക്കാനാവാത്തവിധം തെരക്കുകളിലേക്ക് വീണുപോയി അദ്ദേഹം. വീട്ടിലേക്ക് പ്രവേശിക്കുമ്പോൾ തന്നെ അറിയാതെ പരതുന്നത് ടെലിവിഷൻ റിമോട്ടാണ്. അതിന്റെ ബഹളത്തിലാണ് പിന്നെ കുളിപോലും. വെളിയിലേക്കിറങ്ങിയാലോ മൊബൈൽഫോണുകൾ ജോലി കാര്യമായിത്തന്നെ ഏറ്റെടുക്കുന്നു. ഇടയ്ക്കിടയ്ക്കുള്ള ഇടവേളകളിലെ നിശബ്ദതകളെ അതിജീവിക്കാനാണ് ഇന്നെനിക്കും ഭയം.

കുറെനാൾ മുമ്പ് ഒരു ധ്യാനത്തിന് ഞാൻ പോയത് ഓർക്കുന്നു. ഒറ്റയ്ക്ക് ഒരു കുടിലിലിരുന്നാണ് ധ്യാനം. അവിടെ ഹൈറേഞ്ചിലെ രണ്ടു മലകൾ തമ്മിൽ കൂട്ടിയിണക്കി ഒരു ചെക്ക് ഡാം നിർമ്മാണം പുരോഗമിക്കുകയാണ്. കരിമ്പാറകൾ തുരന്നാണ് വെള്ളം വരുതിയ്ക്കു നിർത്തുന്നത്. സ്ഥലവാസികൾക്ക് പാറവെടികൾ അസഹനീയമായി തീർന്നു. അപ്രതീക്ഷിതമായി  മലമുഴക്കി, ആരെയും നടുക്കി ഇടയ്ക്കിടെ മുഴങ്ങുന്ന ഘോരശബ്ദത്തിനെതിരെ നാട്ടുകാർ പോലീസിനെ സമീപിച്ചു. നിയമപാലകർ പരിഹാരവുമായെത്തി. വെടിയ്ക്കു മുമ്പ് സൈറൺ മുഴക്കുക. ഒരു മുന്നറിയിപ്പെന്നോണം! ഇപ്പോഴാണ് പഴയതിലും പ്രശ്നം. സൈറൺ മുഴങ്ങി വെടിപൊട്ടും വരെയുള്ള ഒരു ഇടവേളയുണ്ട്. ഒന്നും രണ്ടും മിനിറ്റുകൾ നീണ്ടുനില്ക്കുന്ന ഇടവേള. അതാണ് സഹിക്കാനാവാത്തത്. പറമ്പിലെ പണിനിർത്തി നെറ്റിചുളിച്ച് ചെവിയോർക്കുന്ന ചേട്ടൻമാർ. തട്ടിലിരിക്കുന്ന പാത്രങ്ങൾ താഴെ വീഴുമോ എന്ന് ആകുലപ്പെട്ട് നില്ക്കുന്ന വീട്ടമ്മമാർ. ചെറു ചെവിയിൽ വിരലും തിരുകി കണ്ണടച്ചു നില്ക്കുന്ന കുസൃതികൾ. ധ്യാനത്തിലിരുന്ന ഞാനോ ഒന്നു ഞെട്ടിയ ശേഷം ബാക്കിയാകാമെന്നു കരുതി കാത്തിരിക്കുകയാണ്! അപ്പോൾ അങ്ങനെയാണ്, സംഭവിക്കാനുള്ളത് പെട്ടെന്നു സംഭവിച്ചാലെ സ്വസ്ഥത കിട്ടൂ. ഇടവേളകൾക്കിനി അറുതി വന്നേ തീരൂ.

സങ്കീർത്തന പാഠം ശ്രദ്ധിക്കണം. കർത്താവിന്റെ മുമ്പിൽ സ്വസ്ഥമായിരിക്കുക, ക്ഷമാപൂർവ്വം അവിടുത്തെ കാത്തിരിക്കുക (37:7). ഹൈറേഞ്ചിലെ ഒരു ഗുഹയിൽ ഈയിടെ നാലഞ്ചു ചെറുപ്പക്കാരെ കണ്ടു. പതിമൂന്നു വർഷങ്ങളായി ബഹളങ്ങളിൽ നിന്ന് ബോധപൂർവ്വം അകന്നു നില്ക്കുന്നവർ. വലിയ പഠിപ്പും ഡിഗ്രികളും ഉള്ളവരല്ല എന്നു തോന്നുന്നു. ഒന്നറിയാം; അവരുടെ മുഖത്തെ തേജസ്സിലും കണ്ണുകളിലെ തിളക്കത്തിലും ഞാൻ തീരെ നിസ്സഹായനാകുന്നുവെന്ന്. എന്റെ വാക്കുകളുടെ

www.malankaralibrary.com

ആധിക്യം മൗനത്തിന്റെ വാചാലതയല്ല എന്ന് എനിയ്ക്ക് നിശ്ചയമുണ്ട്.

'സേർവൂസ്' എന്ന വാക്കിന് 'പ്രാവുസ്' എന്ന ഗ്രീക്കുപദത്തിനോട് സാമ്യമുണ്ട്. അർത്ഥം, 'സ്വന്തം അറിവില്ലായ്മ തിരിച്ചറിഞ്ഞവൻ' എന്നും. അപരന്റെ അറിവില്ലായ്മ തിരിച്ചറിയുമ്പോഴും ചിലർ മൗനം ഭജിക്കും. പീലാത്തോസ് ക്രിസ്തുവിനോട് ചോദിച്ചു. 'എന്താണ് സത്യം?'(യോഹ.18:38). അവനാകട്ടെ ഉരിയാടുന്നുപോലുമില്ല.

രാഗബദ്ധമായ സങ്കല്പങ്ങളും ധാരണകളുമല്ല മൗനം. സത്യത്തിലേയ്ക്ക് സഞ്ചരിക്കാനാവാത്തവിധം ഞാൻ കുടുങ്ങിപ്പോയത് എന്റെ സങ്കല്പങ്ങൾ സത്യമെന്നെണ്ണിത്തുടങ്ങിയപ്പോഴാണ്. ഗതകാലത്തിന്റെ സകല ഭാരവും ഏല്പിക്കുന്ന കറുത്ത മർദ്ദം തിരിച്ചറിയാനൊരു തപസ്സ് ഇനി എന്നാണോ എന്നിൽ രൂപപ്പെടുക? എല്ലാ അറിവുകളും മതിലുകളാണ്. ചന്ദ്രോദയത്തിന്റെ സൗമ്യവെളിച്ചം ചൂണ്ടുവിരലുകൾക്കും കാതങ്ങളപ്പുറത്താണ്. ലയാത്മകമായ ഈ വിശ്രാന്തിയിലെ ഞാനറിയൂ, ഞാനറിയുന്ന എന്നാൽ പറയാനാവാത്ത എന്തൊക്കെയോ ഉണ്ടെന്ന്. ജീവിതത്തിന്റെ നിഗൂഢതകളെ കടങ്കഥകളിലൂടെയും ഉപമകളിലൂടെയും ഈശോ സമീപിച്ചു. അത് ഈ മൗനത്തിന്റെ ബലത്തിലാവും. മൗനത്തിന് നമ്മിൽ ഒരു കേന്ദ്രമുണ്ട്. അത് നമ്മുടെ ധ്യാനത്തിന്റെയും ചിന്തയുടെയും കേന്ദ്രമാണ്. ജീവിതത്തിന്റെ സർവ്വ മേഖലകളെയും നിശബ്ദമായി സ്വാധീനിക്കുന്ന ഒരു ഉറവിടം. പാലസ്തീനായിലെ ചാവുകടൽ പോലെയാണത്. മോബ് മരുഭൂമിയുടെ ചുടുനീരിനെയും, യോർദ്ദാന്റെ കുളിർനീരിനെയും സ്വീകരിക്കുന്ന ചാവുകടൽ പക്ഷേ പുറത്തേക്കൊഴുകുന്നില്ല. അത് നിശ്ചലമായ ഉറവിടമാണ്. അതിനെക്കുറിച്ചുള്ള ബോധമാണ് ഒരുവനെ മുനിയാക്കുക.

എല്ലാവരും കേന്ദ്രബിന്ദുവിനെ തിരിച്ചറിഞ്ഞിരുന്നെങ്കിൽ! സുഷ്മനിരിഷണം അതിനുവേണം. ചിലർ കുടുംബകേന്ദ്രീകൃതമായി ജീവിക്കും. പാരമ്പര്യവും സംസ്ക്കാരവും വീടിന്റെ സൽപ്പേരുമാണവരുടെ ശ്രദ്ധയ്ക്ക് നിദാനം. ചിലർ ധനകേന്ദ്രീകൃതരാണ്. സാമ്പത്തിക സുരക്ഷിതത്വമാണ് അവരുടെ അതിജീവനത്തെ നിയന്ത്രിക്കുക. മറ്റുചിലർക്ക് അത് ജീവിതപങ്കാളിയാണ്. ഇണയെ പ്രീതിപ്പെടുത്തുന്നതിൽ കവിഞ്ഞ് ഒന്നും അവരെ സ്വാധീനിക്കുന്നില്ല. വേറെ ചിലരുടെ കേന്ദ്രം തൊഴിലാണ്. ഞാനൊരു ഡോക്ടറാണ്, എഴുത്തുകാരനാണ്, നടനാണ് എന്ന ബോധമാണ് അവരെ നയിക്കുക. അതിന്റെ സ്വാധീനം എല്ലായിടത്തുമുണ്ടാകും. പള്ളിയിൽ പോലും. ഇനിയുമുണ്ട് ചിലർ. സന്തോഷമാണ് അവരുടെ സ്വാധീനഹേതു. വിനോദങ്ങളിലാണ് അവരുടെ ശ്രദ്ധ. സിനിമയും ടെലിവിഷനും പിക്നിക്കുമായി ഒരു ജന്മം. വേറെ ചിലരുണ്ട്. സുഹൃത് കേന്ദ്രീകൃതമായി ജീവിക്കുന്നവർ. വീട്ടിൽ ശല്യക്കാരായാലും നാട്ടിൽ അവരോളം നല്ലവരില്ല. സുഹൃത്തുക്കൾക്കുവേണ്ടിയാണ് അവരുടെ സർവ്വ പ്രയത്നങ്ങളും. മറ്റുചിലരാകട്ടെ ശത്രുകേന്ദ്രീകൃതരാണ്. എതിരാളിയുടെ


www.malankaralibrary.com

www.malankaralibrary.com

സാന്നിദ്ധ്യം എങ്ങനെ ഒഴിവാക്കണമെന്ന് ചിന്തിച്ചു ജീവിക്കുന്നവർ.

ഞാൻ എവിടെയാണ് നിൽക്കുക? സുഷ്മമായ നീരിഷണങ്ങൾകൊണ്ട് മനസ്സിലാക്കാൻ ശ്രമിച്ചാലും സാധിക്കാത്ത വിധത്തിൽ പുറമെയുള്ള ബഹളങ്ങൾ എന്നെ ആകർഷിച്ച് വീഴിക്കുന്നു. ഒരു സുഹൃത്ത് അതെന്നെ ഓർമ്മപ്പെടുത്തുന്നു. വാക്കിലും പ്രവൃത്തിയിലും ഈയിടെ ഇത്തിരി വേഗം കൂടുന്നുണ്ട്, ശ്രദ്ധിക്കണം! അതെ, ഞാനും അതറിയുന്നു. ഒന്നിനോടും പ്രതികരിക്കാതെ, ആക്രമിക്കാതെ, കുറുക്കുവഴികളും സൂത്രപ്പണികളും തെരയാതെ നിന്നേ മതിയാവൂ. തീരുമാനങ്ങളിൽ നിന്ന് നിലപാടുകളിലേക്കുപോലും നീങ്ങി തുടങ്ങാത്ത എനിക്ക് ആ സാർവ്വലൗകിക മൗനാകാശത്തെ സ്വപ്നം കാണാനെങ്കിലും കഴിഞ്ഞിരുന്നെങ്കിൽ!


*പ്രഭാതത്തിൽ ഗുരുവിന്റെ ധ്യാനക്ലാസാണ്.*
*പതിവിലും വിപരീതമായി അന്ന് ഗുരു ഒരു പനിനീർപ്പൂ കാണിച്ചുകൊണ്ടേയിരുന്നു. ഒന്നും മിണ്ടാതെ.*
*ശിഷ്യരിലൊരുവൻ മനസ്സിൽ ഒരു കവിത കുറിച്ചു. അതിന്റെ കൊതിപ്പിക്കുന്ന സൗന്ദര്യത്തെക്കുറിച്ച്.*
*വേറൊരുവൻ ഒരു ഗദ്യകാവ്യമെഴുതി, സൗന്ദര്യത്തിന്റെ ക്ഷണികതയെക്കുറിച്ച്.*
*ഇനിയുമൊരുവൻ വെറുതെ അതിനെ നോക്കിയിരുന്നു. പിന്നെ മെല്ലെ ചിരിക്കാൻ തുടങ്ങി.*
*ചിരിവളർന്നപ്പോൾ ഗുരു അയാളെ തന്റെ പിൻഗാമിയാക്കി.*


www.malankaralibrary.com

www.malankaralibrary.com

# 11

## മടക്കം



*'ശബ്ദങ്ങൾ നിറഞ്ഞ ഈ ലോകത്ത് പരിഭ്രാന്തമായ ആത്മാവുള്ളവർക്ക് അവർക്കാവശ്യമായ ശാന്തിയുടെ ഒരു മൗനം പ്രകൃതി കരുതിവച്ചിട്ടുണ്ട്.'*

*സുകുമാർ അഴീക്കോട്*

ആഗസ്റ്റ് 22 'ഫോക്കലോർ' ദിനമാണ്. ഓരോ ദേശത്തിനും സ്വന്തമായ കലകളും ആചാരങ്ങളും ഒക്കെ ചേർന്ന തനിമയാണ് ഫോക്കലോർ. നഷ്ടമായിക്കൊണ്ടിരിക്കുന്ന നമ്മുടെ സ്വന്തം നാട്ടുവഴക്കങ്ങളിലേക്ക് തിരികെ മടങ്ങേണ്ടതിന്റെ അത്യാവശ്യം ഓർമ്മപ്പെടുത്തുന്ന ദിനം. ഒരർത്ഥത്തിൽ നഷ്ട്ടപ്പെട്ടത് ഈ സ്വസ്ഥതയല്ലാതെ ഭൂമിയിൽ വേറെയെന്താണ്? ഏറ്റം പെട്ടെന്ന് നാം മടങ്ങേണ്ടത് മൗനമെന്ന നാട്ടുവഴക്കത്തിലേക്കു തന്നെയാണ്.

www.malankaralibrary.com

www.malankaralibrary.com

ദുരിതപൂർണ്ണമായ ലോകത്തിലും പ്രകൃതി ദൈവികമായൊരു നിശബ്ദത കരുതുന്നുണ്ട്. സമൂഹം ധൂർത്തനെന്നും നിഷേധിയെന്നും കുറ്റവാളിയെന്നും വിളിച്ചുകൂവുന്ന ഒരുവന്റെ ഉള്ളിലുമുണ്ട് ആ ദിവ്യ മൗനം. കുലച്ച വില്ലുമായി സമൂഹം ഓടിക്കുമ്പോഴും, ഭയം കത്തിച്ച കണ്ണുമായി നിലനില്പിനുവേണ്ടി ഓടുന്ന എന്റെ ഹൃദയത്തിലുമുണ്ട് ആ മൗനഘനാമൃതം. അയൽക്കാർ തൊടുത്ത ഒളിയമ്പുകൾ നെഞ്ചിലേറ്റു പിടഞ്ഞോടുന്ന എന്റെ കുഞ്ഞു സോദരിയിലും അമർന്ന് മയങ്ങുന്നുണ്ട് ഈ അറിയപ്പെടാത്ത മേഘപടലം. പുകയടുപ്പിനടുത്ത് തീപ്പൊള്ളലേറ്റു കരുവാളിച്ച എന്റെ അമ്മ പറയാതെ പറഞ്ഞതും ഈ മൗനത്തെക്കുറിച്ചായിരുന്നു. പതഞ്ഞുയരുന്ന മദ്യത്തിനു മുന്നിൽ കലങ്ങിയ കണ്ണുമായിരുന്ന ജ്യേഷ്ഠന്റെ സങ്കടമൗനം ഞാനറിയുന്നുണ്ട്. വിശാല മുറികളിൽ നിന്ന് ചായ്പ്പുകളിലേയ്ക്ക് എടുത്ത് മാറ്റപ്പെട്ട വലിയപ്പന്റെ കുഴമ്പിന്റെ മണം എന്റെ ഹൃദയത്തിന്റെ ഇടനാഴിയിൽ നിശബ്ദമായി തേങ്ങുന്നുണ്ട്.

ജോബ് മനുഷ്യജന്മത്തിന്റെ ഒരു സുകൃതമാണ്. ദൈവത്തോടുള്ള അവന്റെ പരാതികളെ വീട്ടുകാരും കൂട്ടുകാരും മുഖവിലയ്ക്കു പോലും എടുക്കുന്നില്ല. അത് അവന്റെ സങ്കടം കൂട്ടി. ഭാര്യയുടെ ശാപം, മക്കളുടെ അകാലമരണം, തകർന്ന വീട്, നാട്ടിലെ പരിഹാസം എല്ലാം അവനെ ഭാരപ്പെടുത്തി. ഒടുവിൽ ശരീരവും പൊട്ടിയൊലിക്കുന്നു. മരണം വരെ കലഹിക്കാൻ ഇത്രയും കാരണങ്ങൾ തന്നെ ധാരാളം. അവൻ തന്റെ സങ്കടങ്ങളുടെ ഭാണ്ഡം അഴിച്ച് ദൈവമുമ്പിൽ നിരത്തി. നീതിമാന്റെ സഹനത്തിന് യാതൊരു നീതികരണവുമില്ലെന്ന് നീരസത്തോടെ ജോബ് പുലമ്പി. കൂട്ടുകാരുടെ പരിഹാസങ്ങൾക്കു നടുവിൽ ജോബ് മുഖമുയർത്തി ദൈവത്തെ തെരഞ്ഞു. ഒടുവിൽ അയാളുടെ സ്വകാര്യ പ്രശ്നങ്ങൾക്ക് മറുപടിയായി ദൈവം എറിയുന്നത് ഒരുപിടി ചോദ്യങ്ങളാണ്. ജോബിന്റെ ജീവിതത്തോട് പുലബന്ധം പോലുമില്ലാത്ത ചോദ്യങ്ങൾ: ജോബെ, അരമുറുക്കുക, നീ ഉത്തരം പറയുക. ഞാൻ ഭൂമിയ്ക്ക് അടിസ്ഥാനമിട്ടപ്പോൾ നീ എവിടെ ആയിരുന്നു.? പ്രകാശത്തിന്റെ വീട്ടിലേയ്ക്കുള്ള വഴി നിനക്കറിയാമോ? മഞ്ഞുതുള്ളിയുടെ അപ്പനാര്? മാൻ പേടയുടെ ഈറ്റുനോവ് നീ കണ്ടിട്ടുണ്ടോ? ജോബിന്റെ സ്വകാര്യ പ്രശ്നങ്ങളൊന്നും കർത്താവു കണ്ട ഭാവം നടിയ്ക്കുന്നില്ല. അവന്റെ സ്വകാര്യ ദുഃഖങ്ങൾക്കുള്ള മറുപടിയല്ല മറിച്ച്, എല്ലാ സങ്കടങ്ങൾക്കും മുകളിൽ അദൃശ്യമായി നില്ക്കുന്ന ദൈവസാന്നിധ്യത്തിനു മുന്നിൽ വാപൂട്ടി നിൽക്കാനുള്ള കല്പനയായിരുന്നു അത്. ജോബിനതു വെളിപ്പെട്ടു. അവൻ പറഞ്ഞു: 'ഞാനിതാ വാപൊത്തുന്നു. ഞാനിനി മിണ്ടുകയില്ല' (40:4-8).പരാജിതരായ വിപ്ലവകാരികളുടെ ജീവ ചരിത്രമാണ് ബൈബിൾ. ദൈവത്താൽ നിരന്തരം വേട്ടയാടപ്പെടുന്നവരുടെ മൗനമാണ് അതിന്റെ ഇതിവൃത്തം.

പുരോഹിതശുശ്രൂഷ തുടങ്ങിയിട്ട് മൂന്നു വർഷമായ സമയം.


www.malankaralibrary.com

വൈകിട്ടൊരു ഷട്ടിൽ ബാഡ്മിന്റൺ കളിയുണ്ട്. അന്നും പതിവുപോലെ ഇറങ്ങി, വലതുകാൽ ഒന്നു തിരിഞ്ഞു. പിന്നീട് ആശുപത്രിയിൽ. സാധാരണ പൊട്ടലല്ല. പ്ലാസ്റ്റർ ഇട്ടെ മതിയാവൂ. നീണ്ട 6 ആഴ്ച്ചകൾ. അതും മധ്യവേനലവധിയിൽ എസ്സ് വളവുപോലെ പ്ലാസ്റ്ററും ഇട്ട് ആവിയിൽ പുഴുങ്ങി കഴിച്ചു കൂട്ടേണ്ടി വന്നു.

തിരികെ വന്നിട്ട് പത്തു ദിവസം കഴിഞ്ഞില്ല. ഇടവകയിലെ ആഢ്യത്വമുള്ള ഒരു സംസ്കാരത്തിന് കൂടുകയാണ്. സെമിത്തേരിയിലെ കുഴി ശ്രദ്ധയിൽ പെട്ടപ്പോൾ, കൗതുകം കൊണ്ട് അതിന്റെ ആഴം ഒന്നു നോക്കണമെന്നേ കരുതിയുള്ളൂ. ഇടത്ത് ഒരു ചെറിയ കുഴി കരിയില മൂടി കിടന്നിരുന്നു. അതു ശ്രദ്ധയിൽപ്പെട്ടില്ലായിരുന്നു. ഈ പ്രാവശ്യം ഇടത്തുകാലിനാണ് ലോട്ടറി. കുതിനരമ്പ് പൊട്ടി. വീണ്ടും അതേ ആശുപത്രിയിൽ. വലിയ പുതുമതോന്നിയില്ല. ചെറിയ ഒരു ഓപ്പറേഷൻ ഒഴിച്ചാൽ. പിന്നെ കാലുനിവർക്കാതെ വീണ്ടും ഒരു മാസം. പ്ലാസ്റ്ററിന് കനം അല്പം കൂടുതലായിരുന്നോ എന്നൊരു സംശയം മാത്രം.

ഏറെത്താമസിയാതെ പുതിയ സ്ഥലത്തേക്ക് പോകേണ്ടി വന്നു. തമിഴ്നാടിന്റെ അതിർത്തിയാണ്. ചെങ്കോട്ട വഴി ഒരു കാറ്റ് എല്ലാ വർഷവും കൃത്യമായി ആ പ്രദേശത്തെത്തും. ഈത്തവണ വരണ്ട കാറ്റിനൊപ്പം ചിക്കൻപോക്സും വന്നിരുന്നു. ഇടവകക്കാർക്ക് കുറെപ്പേർക്ക് അത് പിടിപെട്ടു. വികാരിആയതുകൊണ്ടാവും എനിക്കും ഒട്ടും കുറയാതെ കിട്ടി. പുതിയ സ്ഥലത്ത് ഒറ്റപ്പെട്ടുപോയപോലെ. ഭക്ഷണത്തിനുപോലും ആരും സഹായിക്കാൻ മുതിരാതെ ഒരു മാസത്തോളം. ഈ രോഗം ഏതോ ഒരു ശാപമാണെന്നാണ് ഭൂരിപക്ഷാഭിപ്രായം. പ്രായമായ ഒരമ്മ മുറ്റത്തുനിന്ന് ജനാല വഴി പറഞ്ഞു: 'അച്ചൻ വല്ല വല്ല്യച്ചന്മാരെയും കൊണ്ട് തലയ്ക്കൊന്നു പിടിപ്പിക്കണം'.

അപ്പോഴാണ് അതിലേക്ക് എന്റെ മനസ്സ് സന്ദേഹിച്ചത്. എന്തേ തുടരെത്തുടരെ ഇങ്ങനെ? ശരീരം ഇത്ര കണ്ട് സഹിക്കാൻ വല്ല കാരണവും? അഹിതമായതു വല്ലതും? ശാപം, ബന്ധനം? സുഖമായിട്ട് വേണം മുതിർന്ന ആരെയെങ്കിലും സമീപിച്ച് സംശയമകറ്റാൻ. പഠിച്ച തിയോളജികളിലേക്ക് മനസ്സിനെ പറഞ്ഞയച്ചു. അതിന്റെ ഉറപ്പിന് ബൈബിൾ താളുകൾ മറിച്ചു. ചില വചനങ്ങൾ ശിക്ഷയായും മറ്റുചിലത് ശിക്ഷണമായും വേറെ ചിലത് ദൈവസ്നേഹമായും വായിച്ചു. എന്റേത് ഇതിലേതു വരും? സ്വയം അനുഭവിക്കേണ്ടി വരുമ്പോൾ ചിന്തകൾക്ക് ഭാരം കൂടും. അതു നമ്മെ നാലു ദിക്കിലേക്കും പായിച്ചുവിടും. തിരികെ വരാനാവാത്തവിധം നാം അലയും. ഒടുവിൽ ഒരു തീരുമാനത്തിലുമെത്താതെ വഴിയിൽ തളർന്നു വീണുറങ്ങും. അപ്പോഴാണ് പേക്കിനാക്കളുടെ വരവ്. അവ നമ്മെ പരമാവധി കൊഞ്ഞനം കാട്ടി പേടിപ്പിക്കും. അവയുടെ നീണ്ടവിരലുകൾക്കിടയിൽ കുരുങ്ങി നാം അലറും. ശബ്ദം പക്ഷേ

പുറത്തു വരില്ല. ഒടുവിൽ ഒരു വലിയ ഭാരം മനസ്സിൽ കയറ്റി ഉണരും. ഉത്തരം കിട്ടാത്ത മനസ്സുകളുടെ താല്ക്കാലിക പലായനത്തിന് പ്രകൃതിയൊരുക്കിയ വഴികളാകും ഇതൊക്കെ.

ഒരു മാസം ഇടവേളകിട്ടിയെന്നു മാത്രം. വീട്ടിൽ നിന്നും ചാച്ചനാണ് വിളിച്ചുപറഞ്ഞത്. അമ്മയെ മെഡിക്കൽ കോളജിലേക്കുകൊണ്ടുപോകുകയാണ്. രക്തം ഛർദിച്ചു. ഓടിയെത്തിയപ്പോഴേക്കും ക്യാൻസർ വാർഡിലേക്കയച്ചിരുന്നു. ഡോക്ടറോടു സംസാരിച്ചു. തിരികെകൊണ്ടുപോകാൻ പറഞ്ഞു. ആറു മാസമെങ്കിലും വീട്ടിൽ എല്ലാരെയും കണ്ടുകേട്ടു കഴിയട്ടെ. 55-ാം വയസ്സിൽ അമ്മ വേർപെട്ടു. അതും പെട്ടെന്ന്. ആരെയും അറിയിക്കാതെ രോഗം കടിച്ചമർത്തിയാണോ അമ്മ ഇക്കാലമത്രയും ജീവിച്ചത്? ഇപ്പോൾ താമസിക്കുന്ന പള്ളിയിൽനിന്ന് വീട്ടിലേക്ക് പതിനഞ്ചു മിനിറ്റിന്റെ ദൂരമെ ഉള്ളൂ. എന്നിട്ടും വീട്ടിലെക്കൊന്നു പോകാൻ മടി. അതിശയമല്ല. പോയിട്ട് നാളേറെ കഴിഞ്ഞു. മുമ്പ് ഒന്നു പോയതോർമ്മയുണ്ട്. പത്തുമിനിറ്റിലേറെ തങ്ങിയതുമില്ല. അല്ലെങ്കിലും വീട്ടിൽ അമ്മയുടെ സാന്നിദ്ധ്യം ഒരു കെടാവിളക്കു പോലെയാണ്. അമ്മയറിയാതെ തന്നെ ആ വെട്ടം കൂടെയുണ്ടാവണെ എന്ന് എല്ലാവരും ആശിക്കുന്നുണ്ട്. ആ വെട്ടം പെട്ടെന്നങ്ങു പൊലിഞ്ഞു. ഭൂമിയിൽ ചിലതിനൊന്നും പകരം വയ്ക്കാൻ ഒന്നുമുണ്ടാവില്ല. വെറുതെ പരതാമെന്നെയുള്ളൂ. സബ്ലിമേഷനെന്നും, സബ്സ്റ്റിറ്റ്യൂട്ടെന്നും ഭംഗി വാക്കു പറയാം. എന്തിനേറെ, ആ സങ്കടം കടലാസ്സിൽ കുറിക്കാമെന്നും അതിന് ഈണം പകർന്നു പാടാമെന്നും അത് ഒരു പക്ഷേ അമ്മ നഷ്ടപ്പെട്ടവർക്ക് തെല്ലാശ്വാസം കൊടുക്കാമെന്നുമൊക്കെ കരുതിയിട്ട് നാളുകളും മാസങ്ങളുമായി. കടലാസും പേനയും ഇല്ലാഞ്ഞിട്ടല്ല. കാര്യം അറിയാഞ്ഞിട്ടുമല്ല, ഉള്ളിന്റെയുള്ളിൽ നമ്മെ മഥിക്കുകയും പുറത്തു വന്ന് മനുഷ്യരോടു പറയാൻ വെമ്പൽ കൊള്ളുകയും ചെയ്യുന്ന കാര്യങ്ങൾക്ക് ശബ്ദരൂപം നൽകാൻ അക്ഷരങ്ങൾ ചില നേരങ്ങളിൽ വിസമ്മതിക്കുമെന്ന് നിക്കോസ് കസാൻദസാക്കിസ്. ദൈവം അക്ഷരങ്ങളെ മെരുക്കിയതുകൊണ്ടാണ് സുവിശേഷം ആവുന്നത്ര വെളിച്ചം തരുന്നത്. അല്ലെങ്കിൽ അതും നമ്മെ കരിച്ചുകളഞ്ഞേനെ.

അങ്ങനെയിരിക്കെയാണ് വിദേശത്തുനിന്ന് ഒരു ഫോൺ. കുഞ്ഞളിയനാണ്. പെങ്ങളെ ചികിത്സയ്ക്കായി കയറ്റി വിടുകയാണ്. വിവാഹം കഴിഞ്ഞിട്ട് മൂന്നു വർഷം. ഒരു കുഞ്ഞുണ്ട്. ഇപ്പോൾ അവളുടെ വൃക്കകൾ തകരാറിലായി. നാട്ടിലെ ഏറ്റം നല്ല ചികിത്സയാണ് അവൾക്ക് കൊടുത്തത്. ഇതുകൂടെ താങ്ങാനാവുന്നില്ലായെന്ന് അൾത്താരയിൽ മുറതെറ്റാതെ പറഞ്ഞു. പക്ഷേ അവളും പറന്നകന്നു. അവൾ കണ്ണുപൂട്ടിയ ദിനം ഇന്നും പച്ചകെട്ടിട്ടില്ല. തലസ്ഥാനത്തെ ഒരാശുപത്രിയിലാണ്. ഞാൻ മാത്രം അടുത്തുണ്ട്. എന്തോ പറയാനായി അവൾ ചുണ്ടനക്കി. ഞാൻ കാതടുപ്പിച്ചു.

പക്ഷേ അവളുടെ വാക്കുകൾ എന്റെ കാതിൽ ചേക്കേറുംമുമ്പ് അവൾ മടങ്ങി. ഇന്നും അതിനുവേണ്ടി ഞാൻ ചെവിയോർക്കാറുണ്ട്. എന്തായും എന്റെ കുഞ്ഞുപെങ്ങൾ പറയാനാഗ്രഹിച്ചത്. ഏതു ചില്ലയിലതു ചേക്കേറിയിട്ടുണ്ടാവും.

ദുഃഖത്തിന്റെ ഭാരമേറിയതുകൊണ്ടാവും, അപ്പൻ തളർന്നു വീണു. പിന്നെ ഹൃദയ ശസ്ത്രക്രിയ. ഇപ്പോൾ മരുന്നുമായി വീട്ടിൽ. ഇതൊക്കെയാണ് മനുഷ്യജീവിതം എന്നുപറഞ്ഞ് ഇന്നും ഞാൻ എന്നെ ആശ്വസിപ്പിക്കാറുണ്ട്. എന്തുകൊണ്ടാണെന്നറിയില്ല. പഴയ ഭാരങ്ങൾക്ക് പിന്നെ പിന്നെ കനംകുറഞ്ഞതായി തോന്നുന്നു. ആദ്യത്തെ തളർച്ച ഇന്ന് അനുഭവപ്പെടുന്നില്ല. ഒന്നുകിൽ ശീലവിധേയമായിക്കാണും മനസ്സ്. അല്ലെങ്കിൽ പിന്നെ അതുതന്നെ... അവൻ എന്നെയും നോട്ടമിട്ടിരിക്കുന്നു! ദൈവമേ അതു താങ്ങാൻ ബലമുണ്ടാവുമോ എനിക്ക്?

*പണ്ഡിതരായ രണ്ട് പുസ്തകപ്പൂച്ചികൾ*
*തർക്കത്തിലാണ്.*
*'എനിക്കു മുമ്പിൽ ഇറക്കമാണ്'. ഒരാൾ*
*'അല്ല എനിക്കു മുമ്പിൽ കയറ്റമാണ്'. മറ്റെയാൾ*
*അന്നേരം എവിടെ നിന്നോ ഒരു ഗൗളി*
*അവിടെയെത്തി.*
*തർക്കം തീർക്കാൻ ഗൗളി പറഞ്ഞു.*
*'നമുക്കു ദൈവത്തോടു ചോദിച്ച് പരിഹരിക്കാം.'*
*'എവിടെ ദൈവം?'*
*'ഇതാ ഇവിടെ' എന്ന് പറഞ്ഞ് ഗൗളി വാ പിളർത്തി.*
*പണ്ഡിതരായിരുന്നതിനാൽ പുസ്തകപ്പൂച്ചികൾ*
*സന്ദേഹമില്ലാതെ ഗൗളിവായിൽ കയറി.*
*വാപൂട്ടി ഗൗളി മൊഴിഞ്ഞു.*
*'ഭൂമിയിൽ കയറ്റവും ഇല്ല ഇറക്കവുമില്ല.*
*പാതാളം മാത്രം.'*
*മറ്റൊരു തർക്കസ്ഥലത്തേക്ക് ദൈവത്തെ കാട്ടിക്കൊടുക്കാൻ ഗൗളി നടന്നു.*


www.malankaralibrary.com

www.malankaralibrary.com

# 12

# പൊരുത്തം



'ക്രിസ്തു, വെളിച്ചം നിറഞ്ഞ അഗാധമായൊരു ഗർത്തമാണ്. കണ്ണു തുറന്നു പിടിച്ചു നടക്കുന്ന ഏവരും അതിൽ വീഴും.'

*കഫ്ക്ക*

ഒരിക്കൽ ഒരാൾ ഒട്ടകത്തോടു ചോദിച്ചു: നീ കുന്നിൻ മുകളിലേക്കാണോ അതോ താഴ്വരയിലേയ്ക്കാണോ പോകാൻ ആശിക്കുന്നത്? ഒട്ടകം മറുപടി പറഞ്ഞു: 'എനിക്കിപ്പോൾ തോന്നുന്നത് മുകളിലേക്കോ താഴേക്കോ പോകാനല്ല. എന്റെ പ്രശ്നം പുറത്തുകയറ്റിയ ഭാണ്ഡമാണ്'. ഭാരം ചുമലിലുള്ളത് വലിയ പ്രശ്നം തന്നെയാണ്. ഒട്ടേറെ പഴിപറഞ്ഞും പേചൊല്ലിയും ഒരു കണക്കിന് ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിയ്ക്കാൻ ബദ്ധപ്പെടുന്നവരുണ്ട്. വേറെ ചിലർ നിയോഗങ്ങളേയും ഉത്തരവാദിത്വങ്ങളെയും ചുമലിലേറ്റി ഹരം കൊള്ളുന്നവരാണ്. ചെയ്തു തീർക്കാൻ ഒട്ടേറെ ജോലികളുണ്ടെന്നു പറയുന്നതുതന്നെ

www.malankaralibrary.com

അവർക്കൊരു ഫാഷനാണ്. എന്തുചെയ്യുന്നതെന്നോ, എന്തിനുവേണ്ടി ചെയ്യുന്നുവെന്നോ ചോദിക്കരുത്. 'വർക്കഹോളിസം' ഒരു മാനസിക പ്രശ്നമാണെന്ന് അവർ അറിയുന്നില്ല. കഥയല്ല നടന്ന സംഭവമാണ്. ഒരാൾ തന്റെ ഓഫീസിൽ ധൃതിയിലായിരുന്നു. ആരോ ഒരാൾ അദ്ദേഹത്തെ സന്ദർശിച്ചു. ഏതോ ആവശ്യവുമായി. ആഗതനെ വാതിൽക്കൽ നിർത്തി അയാൾ ഫോൺ വിളിക്കുകയാണ്. ഏറ്റെടുത്ത ഉദ്ഘാടനങ്ങൾ, മീറ്റിംഗുകൾ, ആശംസകൾ, പാർട്ടികൾ... സംസാരം അങ്ങനെ നീണ്ടു പോയി. വാതിൽക്കൽ നിന്ന സന്ദർശകൻ എല്ലാം ക്ഷമയോടെ കേൾക്കുന്നുണ്ട്. ഒടുവിൽ അയാൾ അകത്തേയ്ക്ക് ക്ഷണിക്കപ്പെട്ടു. 'എന്തുവേണം വേഗം പറയൂ. എനിക്കല്പം തിരക്കാണ്''. അയാൾ മറുപടി പറഞ്ഞു.'ഫോൺ എക്സ്ചേഞ്ചിൽ നിന്നാണ്''. ഇവിടുത്തെ ഫോൺ ഒരാഴ്ച്ചയായി കേടാണെന്ന് പരാതി കിട്ടിയിരുന്നു. നോക്കട്ടെ?.

ചെയ്തുതീർക്കാൻ ചില ഉത്തരവാദിത്വങ്ങൾ ഇല്ലായിരുന്നെങ്കിൽ ജീവിതം തീർത്തും ബോറായിപ്പോയേനെ. ഒന്നും ചെയ്യാതിരുന്നാൽ ഒന്നിനും കൊള്ളാത്തത് എന്ന ഉത്ക്കണ്ഠയുണ്ടാവും. ഒരാളുടെ സാന്നിധ്യം ഉറപ്പിക്കുന്ന വേദികൾ കൂടെയാണല്ലോ ഓരോ നിയോഗങ്ങളും. ഒരുവന്റെ പ്രയത്നങ്ങളിൽ അവന്റെ വിയർപ്പും ജീവനും കലർന്നു കിടപ്പുണ്ട്.

'തപ്പിനോസ്'' എന്ന ഗ്രീക്കുവാക്കിന് നിയോഗിക്കപ്പെട്ടവൻ എന്ന ഒരർത്ഥമുണ്ട്. നിയോഗം സുവിശേഷ ഭാഷ്യത്തിൽ വെറുമൊരു ദൗത്യമല്ല. ആരും അടിച്ചേല്പ്പിക്കുന്ന ഉത്തരവാദിത്വവും അല്ല. പ്രതിരോധിക്കാനാവാതെ നിൽക്കുന്നവന്റെ ചുമലിൽ വീണ ഭാരമല്ലത്. മൗനത്തിനുശേഷം ഒരുവനു ലഭിക്കുന്ന അസാധാരണമായ തിരിച്ചറിവാണത്. തന്നിൽ സംഭവിക്കുന്നതെല്ലാം തരളമായ ചില പൊരുത്തപ്പെടലുകളിലേയ്ക്ക് കോർത്തിണക്കപ്പെടുന്നുവെന്ന തിരിച്ചറിവ്.

ഈശോശിഷ്യരിൽ എഴുപത്തി രണ്ടുപേർക്ക് ഈ നിയോഗം ലഭിച്ചു. എഴുപത്തിരണ്ടുപേരുടെ ഗണത്തെ അവൻ ഈരണ്ടുപേരായി താൻ പോകാനിരുന്ന എല്ലാ പട്ടണങ്ങളിലേയ്ക്കും നാട്ടിൻ പുറങ്ങളിലേയ്ക്കും അയച്ചു (ലൂക്കാ.10:1). ചില പ്രത്യേക നിയോഗങ്ങളും ഏല്പ്പിച്ചു. ചെയ്തുതീർക്കാനുള്ള ജോലികളല്ല. പിന്നെയോ തന്റെ ശിഷ്യൻ സൂക്ഷിക്കേണ്ട ഉണർവ്വിനെക്കുറിച്ചായിരുന്നു അവൻ പറഞ്ഞതു മുഴുവൻ. ഏതു നിയോഗിതനും താൻ നടക്കുന്ന വഴികളെകുറിച്ച് ബോധം സൂക്ഷിക്കേണ്ടവനാണ്. ജീവിതം ഭൂതകാലത്തിന്റെ തനിയാവർത്തനമല്ലെന്ന് ശിഷ്യർ ഉള്ളിൽ തിരിച്ചറിയണം. ഭൂതകാല അനുസ്മരണകളോ ഭാവിയുടെ പ്രതീക്ഷകളോ ഇല്ലാതെ കഴിയുന്നവരെ സുവിശേഷം അഷ്ടസൗഭാഗ്യങ്ങളിലൂടെ 'മക്കാറിയോസ്'' (how blessed) എന്നാണ് അഭിസംബോധന ചെയ്യുന്നത്. നിയോഗിതൻ ആനന്ദവഴികളിലാണ്. പൂർണ്ണ സുരക്ഷിത

www.malankaralibrary.com

ബോധവും അവനുണ്ട്. വിസ്മയാവഹമായ തന്റെ വളർച്ചയെക്കുറിച്ച് ഇരുപതു വർഷക്കാലമായി ആത്മീയ കാര്യങ്ങളിൽ ഏർപ്പെട്ടുപോന്ന ഒരു വൈദികൻ ഈയിടെ എന്നോടു പങ്കുവച്ചു. ഒരുതരം ഉന്നത ബോധാ വസ്ഥയാണതെന്ന് അദ്ദേഹം അവകാശപ്പെട്ടു. ഇതുവരെ ഉണർന്നിരു ന്നിട്ടും സ്വന്തം പ്രകൃതത്തെയോ അന്തഃസ്ഥിതമായ ദിവ്യ ആനന്ദത്തെയോ ആ പുരോഹിതൻ തിരിച്ചറിഞ്ഞിരുന്നില്ല. തിരിച്ചറിഞ്ഞതും താദാത്മ്യം പ്രാപിച്ചതും അഹന്ത(Ego)യുമായിട്ടാണു പോലും. അതായത് ശരീരവും മനസ്സുമായി. എന്നാലിപ്പോൾ അതിനും മീതെ ഒരു സ്ഥാനം അദ്ദേഹം അനുഭവിക്കുന്നത്രെ.

മൗനത്തിലും ധ്യാനത്തിലും ഒരുതരം ആത്മ നിർവൃതി എനി യ്ക്കും കൈവന്നിട്ടുണ്ട്. ദൈവം അപ്പോൾ തികച്ചും വ്യക്താതീത മായി (Impersonal) തോന്നിയിരുന്നു. അഹന്തകളൊക്കെ അലിഞ്ഞു തുടങ്ങുമ്പോഴാണല്ലോ അതു കണ്ണുകളിലൂടെ ഒഴുകിയിറങ്ങുന്നത്. അപ്പോഴും ഞാൻ കണ്ണുകൾ തുറന്നു വച്ചിരിപ്പുണ്ടാവും. ഒരു കാരണവും ഇല്ലാതെ അത് കവിയുന്നുമുണ്ടാവും. ഏതു ഉത്തരവാദിത്വങ്ങളെയും ധ്യാനപൂർവ്വം സമീപിക്കുന്ന ഒരാൾക്ക് നിയോഗങ്ങൾ ഉണർവ്വിന്റേയും ഉന്നത ബോധത്തിന്റേയും പ്രതീകങ്ങൾ ആകും. പിന്നീട് അവന്റെ സമീ പനങ്ങൾ മുഴുവൻ ക്രിസ്തീയമായിരിക്കും. മനുഷ്യപുത്രന്റെ മുഴുവൻ സാധ്യതകളും അവന്റെ ജീവിതഗ്രാഫുകളിൽ വരഞ്ഞിട്ടുണ്ടാവും. എഴു പത്തിരണ്ടു ശിഷ്യരും രൂപപ്പെടുത്തേണ്ട ജീവിത ശൈലികളിൽ ഈ ഉണർവ്വിന്റെ നേരുകൾ കലർന്നു കിടപ്പുണ്ട്. നിയോഗിതൻ ആരാണെന്ന് കൂടുതലറിയാൻ ഒരു യാത്രയാവാം.

ആദ്യമായി സഹജമായ വിധേയത്വത്തോടെ പ്രാർത്ഥന ശീലി ക്കുവാനാണ് ഈശോ പഠിപ്പിക്കുന്നത്. 'കൊയ്ത്ത് വളരെ വേലക്കാരോ ചുരുക്കം. അതിനാൽ കൊയ്ത്തിനു വേലക്കാരെ അയയ്ക്കുവാൻ കൊയ്ത്തിന്റെ നാഥനോടു നിങ്ങൾ പ്രാർത്ഥിക്കുവിൻ' (ലൂക്കാ.10:2). വേലക്കാരനാണ് താനെന്നത് നിയോഗിതന്റെ അടിസ്ഥാന ബോധമാ ണ്. നിയോഗത്തിന്റെ വിജയകാരണവും അതാണ്. ഗൃഹനാഥൻ ഇനി യും വീടണഞ്ഞിട്ടില്ല (മർക്കോ.13:35). ഇനി പുറത്തെ ഏതൊരു കാൽപെ രുമാറ്റവും തന്റെ യജമാനന്റേതാകാം. യജമാനന്റെ വരവ് രാത്രിയിലോ കോഴി കൂവുമ്പോഴോ ആകട്ടെ. ഉണർന്നിരിക്കാം . നിദ്രയ്ക്ക് അധീനനാ കാതെ. പാമ്പിനോടൊപ്പം അടച്ചിട്ട മുറിയിൽ കഴിയുന്നവനെ കണക്കെ ഒരു ശ്രദ്ധ. ഉറങ്ങിപോകുന്നു എന്നുള്ളത് ജൈവ ഘടനയിലെ ചില പോരായ്മകൾക്കപ്പുറത്ത് താത്പര്യ കുറവുകളും (disinterest) ശ്രദ്ധ കുറ വുകളും (distraction) കൊണ്ടു കൂടിയാവാം. താത്പര്യങ്ങൾ (interests) സംതൃപ്തിയിലാണ് (satisfaction) വേരൂന്നി നിൽക്കുക. ഇഷ്ടമുള്ളതിന്റെ മുൻമ്പിൽ ആരും ഉറങ്ങിപ്പോകാറില്ലല്ലോ. Distraction എന്ന പദം രണ്ടു


www.malankaralibrary.com

വാക്കുകൾ ചേർന്ന് ഉണ്ടായതാണ് dis എന്നാൽ away എന്നും tract എന്നാൽ to pull എന്നും. വലിച്ചു മാറ്റപ്പെടുന്നു എന്ന് സാരം. ഉള്ളിൽ നിന്നും പുറത്തെവിടേയ്ക്കോ വലിച്ചു മാറ്റപ്പെടുമ്പോഴാണ് എനിയ്ക്കു ശ്രദ്ധയില്ലാതെ പോകുന്നത്. മറ്റൊരർത്ഥത്തിൽ ഉള്ളിലുള്ളതിനെക്കാൾ സംതൃപ്തി പുറത്ത് തെരയുകയാണ് ഞാൻ.

ഈശോ അതിനു നൽകുന്ന ഏക പോംവഴി സഹജമായ ഒരു വിധേയത്വം ശീലിക്കുക എന്നതാണ്. പഞ്ചമാസം പറഞ്ഞുനടക്കുന്നതോ ഫരിസേയനെ കണക്കെ മറ്റാരെക്കാളും അധികം എന്നെ അനുഗ്രഹിച്ചതിന് വണക്കം കുറിക്കുന്നതോ വിനയത്തിന്റെ പ്രകരണമാകുന്നില്ല. പ്രാർത്ഥന നമ്മുടെ തീർപ്പുകളോ പ്രകടനങ്ങളോ അല്ലെന്നറിയുന്നവരുടെ സഹജമായ ലാളിത്യമാണ്. പ്രാർത്ഥനയിലെ പണ്ഡിതോജ്ജിതമായ വാക്കുകളും ബാഹ്യപ്രകടനങ്ങൾക്കു കൊടുക്കുന്ന അമിത ഉത്കണ്ഠകളും ഒരുവന്റെ ദൗർബല്ല്യങ്ങളെയും ആന്തരിക സമ്മർദ്ദങ്ങളെയും പുറത്തുകൊണ്ടുവരുന്നുണ്ട്. എന്റെ ഒരു ഉറപ്പിന് കൂട്ടായി തീർക്കുന്ന ചടങ്ങുകൾ. പ്രാർത്ഥന അസ്ഥിത്വപരമായ വിനയമാണ്. അസ്ഥിത്വപരം എന്നു വച്ചാൽ നിരന്തരം (with out break) എന്നും വ്യാഖ്യാനമുണ്ട്.

മൗനത്തിന്റെ ഇടങ്ങൾ തെരഞ്ഞ് നടന്ന് ഒടുവിൽ ഒരു മലയടിവാരത്ത് അരുവിയുടെ കരയിൽ ഒരാശ്രമത്തിൽ ഞാൻ എത്തി. തികച്ചും ദരിദ്രമായ പരിസരത്തിൽ അവാച്യമായ ശാന്തത തെളിഞ്ഞിരുന്നു. മഞ്ഞുപുതച്ച രാവുകളിൽ പോലും മലയിടുക്കുകളിൽ നിന്ന് പുഴ കഥ പറഞ്ഞും കുണുങ്ങിച്ചിരിച്ചും ഒഴുകി പരക്കുന്നത് നിലാവെട്ടത്തിലെനിക്കു കാണാം. സിദ്ധിയുള്ളവർ ഇത്തരം ഇടങ്ങൾ തെരയുന്നതിലും അവിടെ പർണ്ണശാല മെനയുന്നതിലും ശ്രദ്ധ പുലർത്തുന്നത് ഞാൻ അനുഭവിച്ചു. അങ്ങനെയിരിക്കെ ഒരു നാൾ ഒരു പണ്ഡിതൻ അവിടെയെത്തി. വിശാല ഗവേഷണങ്ങൾക്കും നീണ്ട പര്യടനങ്ങൾക്കും ഒടുവിൽ ഈ ഇടം അയാൾ എന്തിനാണു തെരഞ്ഞത്? സ്വാസ്ഥ്യം തേടിത്തന്നെയാവണം. അയാൾ ആശ്രമ അധിപനോട് ചോദിക്കുന്നതു കേട്ടു: 'ഇങ്ങനൊക്കെ ജീവിച്ചാൽ, രക്ഷകിട്ടുമോ?' സന്യാസി തിരികെ ചോദിച്ചു:

'എങ്ങനെ ജീവിച്ചാൽ?'

'അല്ല, ഈ പച്ചക്കറി ഒരു നേരം മാത്രം കഴിച്ചും, പശുവിനെ മേയിച്ചും, ഏഴു യാമങ്ങളിലും ജപിച്ചും, ഇങ്ങനെ പ്രാകൃതമായി കഴിഞ്ഞാൽ രക്ഷകിട്ടുമെന്ന് വല്ല ഉറപ്പുണ്ടോ?

ആ വൃദ്ധ സന്യാസി പതിഞ്ഞ സ്വരത്തിൽ പറഞ്ഞു: 'രക്ഷ കിട്ടുമോ എന്ന് അത്ര പിടിയില്ല. പക്ഷേ ഒന്നറിയാം, രക്ഷിച്ചവനുമായി ഒരു ചങ്ങാത്തമുണ്ട്. അതുമാത്രം മതിയെനിക്ക്". ആ സന്യാസി മെല്ലെ ആശ്രമപ്പള്ളിയിലേക്ക് കയറിപ്പോകുന്നത് കൗതുകത്തോടെ ഞാൻ നോക്കിനിന്നു.

പ്രാർത്ഥന സഹജമായ ഒരു വിനയമല്ലാതെ മറ്റെന്താണ്? എപ്പോഴും പ്രാർത്ഥിക്കണമെന്ന് ഈശോ പറഞ്ഞത് നിരന്തരമൊരു വിനയം സൂക്ഷിക്കാനാവും.

*നടന്നു ക്ഷീണിച്ചൊരാൾ ഒരു ആശ്രമത്തിലെത്തി. ആശ്രമാധിപൻ താമസസൗകര്യമൊരുക്കി. സന്ധ്യാവന്ദനം കഴിഞ്ഞ് സ്വാമി ഗഹനമായ ആത്മീയ കാര്യങ്ങൾ സംസാരിച്ചു.*

*അഥിതി വല്ലാതെ തളർന്നിരുന്നു.*

*ക്ഷീണത്തിനിടയിലും അയാൾ പക്ഷേ സ്വാമിയുടെ വാക്കുകൾ ശ്രദ്ധിക്കുവാൻ ശ്രമിച്ചു.*

*'വാടകവീട്ടിൽ താമസിക്കുന്നവനെപ്പോലെയാണ് മനുഷ്യൻ...എല്ലാം ഇട്ടിട്ടുപോകണം.*

*ഈ ശരീരം പോലും മണ്ണിനുമടക്കി കൊടുക്കേണ്ടവരാണ് നമ്മൾ.'*

*അങ്ങനെ പ്രഭാഷണം നീണ്ടു.*

*'ഓ, ഞാൻ കുറെ സംസാരിച്ചു. ഭക്തന് ഉറക്കം വരുന്നുണ്ടാവും, അല്ലെ?*

*ശരി നമുക്ക് അത്താഴം കഴിച്ച് കിടക്കാം.'*

*കിടക്കും മുമ്പ് ഗുരു അവസാനത്തെ ഉപദേശവും തന്നു:*

*'വാതിലും ജനലും നന്നായി കൊട്ടിയടയ്ക്കണം.'*

*'എന്തുപറ്റി?'*

*'ഇവിടെ കള്ളന്മാരുടെ ശല്യം കലശലാ!'*

www.malankaralibrary.com

# 13

# സ്വാസ്ഥ്യം



*'നാം അധിവസിക്കുന്ന ഭൂമി നമ്മുടെ പൂർവ്വികരിൽനിന്ന് നമുക്ക് പാരമ്പര്യമായി കിട്ടിയതല്ല, നമ്മുടെ കുഞ്ഞുങ്ങളിൽനിന്ന് കടംകൊണ്ടതാണ്.'*

പ്രൊഫ. ടാർമോ

'ഇതാ ചെന്നായ്ക്കളുടെ അടുത്തേയക്ക് ചെമ്മരിയാടുകളെ എന്നപോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു'. (ലൂക്കാ.10:3) അരക്ഷിതത്വത്തിലേയ്ക്കാണ് ഒരുവൻ വിളിക്കപ്പെട്ടിരിക്കുന്നതെന്ന് ഈശോ പാഠം. ആധുനിക ലോകം ഒത്തിരിയേറെ സുരക്ഷിതമാർഗ്ഗങ്ങൾ കാതിലോതിയിട്ടും ജീവിതം അത്രകണ്ട് സുരക്ഷിതമാകുന്നില്ല എന്നതാണ് സത്യം. നാനോ ടെക്നോളജി വഴിതെളിച്ച വിപ്ലവങ്ങൾ മനുഷ്യന്റെ സുഖ സൗകര്യങ്ങൾക്ക് വേഗത കൂട്ടി. അഞ്ഞൂറു രൂപയ്ക്ക് വിമാനയാത്ര; നാട്ടിൽ താമസിച്ച് അമേരിക്കയിൽ ജോലി; നാട്ടുമ്പുറത്തെ അപ്പാപ്പന്റെ രോഗം കാലിഫോർണ്ണിയായിലിരുന്ന് ചികിത്സിക്കുന്ന ഡോക്ടർ; അടു

www.malankaralibrary.com

www.malankaralibrary.com

ത്തിരിക്കുന്ന പുരുഷന്റെ ചിന്ത അപകടകരമാണെന്ന് പെൺകുട്ടികൾക്ക് മുന്നറിയിപ്പു കൊടുക്കുന്ന ഡിഫൻഡർ ഫോൺ; മഴ ചാറിയാൽ താനെ പ്രവർത്തിക്കുന്ന കാർ വൈപ്പറുകൾ; ശരീരത്തിൽ കണിക രൂപത്തിലും ചിപ്പ് രൂപത്തിലും ഡോക്ടർ; വീട്ടിലുള്ളവർക്കായി മാത്രം തുറക്കുന്ന വാതിൽ; കാണാൻ ആളില്ലാത്തപ്പോൾ താനെ ഓഫ് ആകുന്ന ടെലിവിഷൻ; കാറ്റൊന്നു വീശിയാൽ താനെ തഴുതിട്ടടയുന്ന ജനാലകൾ; ജോലിസ്ഥലത്തിരുന്നു വീടു നിരീക്ഷിക്കാനാവുന്ന സെൻസർ ട്രാൻസ്മിറ്ററുകൾ...!

ഇനിയുമേറെയുണ്ട് പറയാൻ. എല്ലാം മനുഷ്യന്റെ സുരക്ഷിതത്വത്തിനുവേണ്ടി. പക്ഷേ അപകടം പതിയിരിക്കുന്ന വഴികളിലൂടെയാണവന്റെ യാത്ര. അരക്ഷിതത്വം കുടുംബത്തിലും, എന്തിനേറെ ഏറ്റവും സുരക്ഷിതം എന്ന് കരുതപ്പെടുന്ന ഗർഭപാത്രം തുടങ്ങി തൊട്ടിലിലും കല്ലറയിൽപോലും എത്തിനില്ക്കുന്നു. ഗർഭാവസ്ഥയിലുള്ള കുഞ്ഞും പിറന്ന കുഞ്ഞും തമ്മിൽ പ്രായവ്യത്യാസം മാത്രമേയുള്ളു, പ്രാണവ്യത്യാസമില്ലെന്ന് സഭ ശബ്ദമുയർത്തിയിട്ടും ഒന്നു മുതൽ നാലു മാസം വരെ പ്രായമായ ഗർഭസ്ഥ ശിശുവിന്റെ ശരീരത്തിൽ കൂടുതലായുള്ള കൊളാജിൻ പല കമ്പനികളിലും മത്സരിച്ച് വീതം വെച്ചെടുക്കുകയാണ്, ക്രീമും ലോഷനും പൗഡറും പേസ്റ്റും ലൈംഗിക ഉത്തേജക മരുന്നുകളും ഉണ്ടാക്കാൻ. പല ആശുപത്രികളും ഭ്രൂണം വിൽപ്പനനടത്താൻ ക്യൂ നിൽക്കുമ്പോൾ എങ്ങനെയാണ് എന്റെ കുഞ്ഞുങ്ങൾ സുരക്ഷിതരാകുക? 1994-ലെ കെയ്റോ കോൺഫറൻസിൽ പാശ്ചാത്യ വരേണ്യ വർഗ്ഗത്തിന്റെ തല തിരിഞ്ഞ സദാചാരം ലോകരാഷ്ട്രങ്ങളുടെ മേൽ 'ഭ്രൂണഹത്യ ജനസംഖ്യ നിയന്ത്രണത്തിന്' എന്ന ലേബലിൽ അടിച്ചേൽപ്പിക്കാൻ ശ്രമിച്ചപ്പോൾ ലോക മനസാക്ഷിയെ തൊട്ട് പാവങ്ങളുടെ അമ്മ മദർ തെരേസ ചോദിച്ചു: 'ഒരമ്മയ്ക്ക് സ്വന്തം കുഞ്ഞിനെ കൊല്ലാമെങ്കിൽ പരസ്പരം കൊല്ലുന്നതിൽ നിന്ന് നിങ്ങളേയും എന്നെയും തടയുവാൻ ആർക്ക് കഴിയും?' എന്നിട്ടും കണക്കും കയ്യുമില്ലാതെ നമ്മുടെ കുഞ്ഞു വാവമാർ ഈ കൊടുംപാതകത്തിനിരയാകുന്നു.

കൂടെ യാത്ര ചെയ്യുന്നവനും അത്ര ക്ലിയർ ആകുന്നില്ല. അതുകൊണ്ടാണല്ലോ ബസ്സിൽ അടുത്തിരിക്കുന്നവന്റെ കയ്യിലുള്ളത് മൊബൈൽ ഫോണാണോ ബോംബാണോ എന്നറിയുന്നതിന് മുൻപ് നമ്മൾ ചാരമാകുന്നത്. 1997 മുതൽ ഇന്ത്യയിലെ ഏറ്റവും കൂടുതൽ സ്വയഹത്യ നടക്കുന്നത് ഈ മലയാളനാട്ടിലാണ്. വർഷം 10,400 പേർ. ചുറ്റും നിൽക്കുന്നവരുടെ തിരക്കിൽപെട്ട് ശ്വാസംമുട്ടി മരിച്ചുവീഴുന്ന എന്റെ കൂടെപ്പിറപ്പുകൾ!

കലാലയങ്ങളും ഒട്ടും സുരക്ഷിതമല്ല. 2007 ആഗസ്റ്റിലെ ഹൈദ്രാബാദ് സ്ഫോടനത്തിൽ 44 പേരുടെ ജീവൻ പൊലിഞ്ഞു. കാര

 www.malankaralibrary.com

ണക്കാരി സാഹിറമ്സാനി എന്ന വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിലെ രണ്ടാം വർഷ വിദ്യാർത്ഥിനി. കൂട്ടുകാരെ വെട്ടി വഴിയിൽത്തള്ളാൻ കൂട്ടുനിന്ന എന്റെ നാട്ടുമ്പുറത്തുകാരി ഇതു കുറിക്കുമ്പോൾ അഴിയില ടയ്ക്കപ്പെട്ടു. കാരണം കൂട്ടുകാരനെ 'ക്വട്ടേഷനു' ഒറ്റുകൊടുത്തു. ഒരു കലാലയം തുറന്നാൽ ഒരു ജയിൽ അടച്ചിടാമെന്ന വിക്ടർ ഹ്യൂഗോയുടെ വാക്കുകൾ പാഴായി. ഇന്റർനെറ്റിലെ ഓർക്കുട്ടും ഫേസ്ബുക്കും പോലെയുള്ള സോഷ്യൽ കമ്മ്യൂണിറ്റി സൈറ്റുകളിൽ പതിയിരിക്കുന്ന അപകടങ്ങളെ തിരിച്ചറിഞ്ഞിട്ടും അതിൽ കുരുങ്ങുന്ന കൗമാരങ്ങളുടെ എണ്ണത്തിന് ഒട്ടും കുറവില്ല. സ്വന്തം യൂസർ സ്പെയ്സിൽ എഴുതിയിട്ടിരിക്കുന്നതാണ് ഞാനെന്നു കരുതുന്ന കുഞ്ഞു കൂട്ടുകാർ. എതു ചിത്രങ്ങളാണോ അതിൽ കൊടുത്തിരിക്കുന്നത്, അതാണവരുടെ രൂപം. സൗഹൃദങ്ങളുമായി എത്രയാളെത്തുന്നുവോ അതാണവരുടെ ബലം.

എം. മുകുന്ദന്റെ 'പ്ലാസ്റ്റിക്'' എന്നൊരു കഥയുണ്ട്. ഇട്ടുണ്ണി നായർ ഗ്രാമത്തിൽ പൂക്കട നടത്തുകയാണ്. ഒരുനാൾ കറുത്ത കണ്ണട വച്ച് ഒരാൾ ഗ്രാമത്തിലെത്തി പ്ലാസ്റ്റിക് പൂക്കളുമായി. എല്ലാവരുമിപ്പോൾ പ്ലാസ്റ്റിക്കിനു പുറകേയാണ്. പാവകളും കിളികളും, പൂക്കളുമെല്ലാം ഒറിജിനലിനെ വെല്ലുന്നു. എന്തിനേറെ, നാടുവാഴിക്കുപോലും മുറ്റത്തു നിന്ന കൊമ്പനു പകരം ഇപ്പോൾ പ്ലാസ്റ്റിക്ക് കൊമ്പനാണ്. പട്ടയും ഓലയും ചെലവാകില്ലല്ലോ? ഇട്ടുണ്ണിനായരുടെ പൂക്കടയിലിപ്പോൾ ആൾക്കാർ വരാറില്ല. പതിവായി മുല്ലപ്പൂ ചൂടിയിരുന്ന സ്വന്തം പെൺമക്കൾ പോലും പ്ലാസ്റ്റിക് പൂക്കൾ മുടിയിൽ തിരുകി. പട്ടിണിയും പരിവട്ടവുമായി ഇട്ടുണ്ണി നായർ ആ കറുത്ത കണ്ണടക്കാരനോടു പറഞ്ഞു: 'ഒരു ഇട്ടുണ്ണിനായരെ ഉണ്ടാക്കികൊണ്ടുവരുമോ? വിശപ്പും ദാഹവും അറിയാത്ത, മിണ്ടാത്ത ഒരു ഇട്ടുണ്ണിനായരെ?' അടുത്ത ദിവസം അയാൾ എത്തി. ഒരു പ്ലാസ്റ്റിക് ഇട്ടുണ്ണിനായരെയുംകൊണ്ട്. നാട്ടുകാർ മൂക്കത്തു വിരൽ വച്ചുപോയി: 'ഹൊ അതിശയമായിരിക്കുന്നു! ശരിക്കും ഇട്ടുണ്ണി നായരു തന്നെ!'. മാർക്കറ്റിൽ ഒറിജിനലുകളെ വെല്ലുന്ന ഡ്യൂപ്ലിക്കേറ്റുകളുമായി രാജ്യങ്ങൾ വിപണിയൊരുക്കുമ്പോൾ പൈതൃകമായി കിട്ടിയ തൊഴിലുകളും അവയുടെ ഉല്പന്നങ്ങളും അപ്രത്യക്ഷമാകുകയാണ്. എനിക്കാണെങ്കിൽ ഇതല്ലാതെ വേറൊരു പണിയും അറിയുകയുമില്ല.

പ്രകൃതിപോലും സുരക്ഷിതമല്ലല്ലോ. 44 നദികളും നൂറുകണക്കിന് കുളങ്ങളും കിണറുകളും പുഴകളും കായലുകളും നമ്മുടെ നാട്ടിലുണ്ട്. പക്ഷേ കുടി വെള്ളത്തിന് പഞ്ചായത്തുവേണം . അല്ലെങ്കിൽ പിന്നെ കുപ്പിയിലടച്ച വെള്ളം തന്നെ ശരണം. ആഗോളവത്കരണത്തിന്റെ കെടുതികളിലൊന്നാണ് ബഹുരാഷ്ട്ര കമ്പനികളുടെ ചൂഷണം. നാട്ടുമ്പുറത്തെ ശുദ്ധജലസ്രോതസ്സുകളിലപ്പടി അണുക്കളും മാലിന്യങ്ങളുമാ

ണെന്ന് വിദഗ്ദ്ധമായി അവതിരിപ്പിച്ച വൻകിട കമ്പനികൾ ആ പച്ചവെള്ളം പതിവായി കുടിച്ചാലുണ്ടാകുന്ന രോഗങ്ങളുടെ നീണ്ട ലിസ്റ്റുമായി മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടു. പകരം മിനറൽ വാട്ടർ ശീലിക്കാൻ ഉപദേശിച്ചു. അത് സാധാരണക്കാരന്റെ നിത്യോപയോഗ വസ്തുവായി. പക്ഷേ അത് ഒട്ടും സുരക്ഷിതമല്ലെന്ന് ഡൽഹിയിലെ യുവശാസ്ത്രജ്ഞരായ സ്വപ്നാ ജോൺസണും രശ്മി മിശ്റയും തെളിയിച്ചു. ബോട്ടിലിംഗ് പ്ലാന്റുകളിൽ നിന്നെടുത്ത കുപ്പിവെള്ളത്തിലെ പരിശോധനയിൽ ഡി.ഡി.റ്റി, ലിൻഡെയിൽ, മലാത്തിയോൺ, ക്ലോർഫിരിഫോസ് എന്നീ കീടനാശിനികളുടെയും സാന്നിധ്യം തീർത്തും അപകടകാരികളാണെന്നവർ സമർത്ഥിച്ചു. അർബുദത്തിനും പല ജനിതക തകരാറുകൾക്കും വഴി തെളിച്ച്, ജീവിച്ചിരിക്കുന്നവരെ മാത്രമല്ല പിറക്കാനിരിക്കുന്നവരേയും ദുരിതത്തിലാക്കാൻ ഇവയ്ക്ക് കഴിയും. കരളും വൃക്കയും നാഡീവ്യവസ്ഥയും തകർക്കപ്പെട്ട മനുഷ്യന്റെ ദുർവിധിയെയാണ് ഈ തലമുറ പഴിയ്ക്കേണ്ടിവരുന്നത്.

ഇനിയിപ്പോൾ എന്താ ചെയ്ക? പ്രകൃതി ചതിക്കില്ലെന്ന ആ പഴയ വിശ്വാസം തിരികെ പിടിച്ച് നാട്ടും പുറത്തെ തൊടിക്കരികിൽ ചെല്ലുക. അവിടെ തെല്ലു തെളിനീരുകിട്ടുമെങ്കിൽ പാളക്കയറിൽ ഇത്തിരി കോരി ഈ വറുതിചൂടിൽ തലവഴങ്ങെ ഒഴിക്കുക. മതിവരുവോളം മോന്തി കുടിക്കുക. ഈ അമ്മ ഭൂമിയ്ക്ക് അതുതന്നെ നിർവൃതിയുടെ സ്നേഹപ്രണാമം.

സാറാ ജോസഫിന്റെ ‘ശാപായനം’ ഭൂമിയോടുള്ള മനുഷ്യന്റെ ആർത്തിയുടെ കഥ പറയുന്നുണ്ട്. ഭാരതിയമ്മ ഭർത്താവിന്റെയും രണ്ട് മക്കളുടെയും പണം കൊണ്ട് ഇരുപത്തിയഞ്ച് സെന്റ് സ്ഥലം വാങ്ങി. മറുനാട്ടിൽ മണൽഭൂമിയിൽ കഴിയുന്ന ഭർത്താവു പറഞ്ഞു: ‘ഭാരതിയമ്മെ, നീ നമ്മുടെ പറമ്പിലൊരു കിണറു കുത്തണം. ഇവിടുത്തെ പൈപ്പു വെള്ളത്തിൽ കുളിച്ചും കുപ്പി വെള്ളം കുടിച്ചും മടുത്തു. അവധിക്കിനി വന്നിട്ടു വേണം, നമ്മുടെ കിണറ്റീന്ന് കുറെ വെള്ളം കോരിയൊഴിച്ചൊന്നു കുളിക്കാൻ, മനസ്സുനിറയെ!’ ഭാരതിയമ്മ ഏഴോളം കിണറുകൾ കുത്തി. എന്നിട്ടും വെള്ളം കണ്ടില്ല. ഒടുവിൽ കിണറുപണിക്കാരൻ വാസു പറയുന്നുണ്ട്: ‘മനുഷ്യരുടെ പ്രവൃത്തി ദോഷം കൊണ്ടാ ഭാരതിയമ്മെ! ഭൂമിദേവി ചുരുങ്ങി ചുരുങ്ങി ആഴത്തിലേയ്ക്ക് വലിയുവാ! പേടിച്ചിട്ട്. ദുഷ്ടൻമാരെ പേടിക്കണമല്ലോ!?’

സ്റ്റീഫൻ ഹോക്കിൻസ് എന്ന ഭൗമ ശാസ്ത്രജ്ഞൻ ഭൂമിയുടെ സുരക്ഷിത വലയമായ ഓസോൺ പാളിയിൽ വീണ വിള്ളലിനെ കണ്ട് ഭയപ്പെടുന്നുണ്ട്. ലോകഭീഷണി അണുവായുധമല്ല. വ്യാഴത്തിലെന്ന പോലെ സൽഫ്യൂരിക്ക് ആസിഡ് മഴ ഭൂമിയിലും പെയ്തേക്കാം. താപനില 250 ഡിഗ്രിയിൽ എത്തിയാൽ ആഗോള തപനം കൊണ്ട് സമുദ്രത്തിൽ നിന്ന് മീഥേൽ വാതകം ഉയർന്നു പൊങ്ങി ആസിഡു മഴയ്ക്ക് കാരണമാ

www.malankaralibrary.com

കും. പറയാനാണെങ്കിൽ ഏറെയുണ്ട്. അസ്സീസിയുടെ ഓരത്തെവിടെയോ ഒരു ഒറ്റ കമ്പിനാദം കേൾക്കുന്നു. സഹോദരി മഴയെ, മഞ്ഞെ, മലയെ! സഹോദരാ സൂര്യനെ, വൃക്ഷമെ! സെന്റ് ഫ്രാൻസിസ് ആണത്. ആകാശ ചക്രവാളങ്ങളിലേയ്ക്ക് നേർത്തു നേർത്ത് അതങ്ങ് അലിഞ്ഞുപോവും പോലെ. മനുഷ്യപുത്രന്റെ ഈ അരക്ഷിത ഭൂമിയിൽ തലചായ്ക്കാൻ പോലും ഇടമില്ലെന്ന് ഈശോ. പിന്നെ നിയോഗിതൻ ഏതു ധ്യാനമാണി വിടെ കൂട്ടിന് കരുതേണ്ടത്? ഈശോ തല ചായ്ച്ചതും മരിച്ചതും സ്വന്തം തോളിലാണ്. കുരിശിൽ. അത് ലംബവും തിരശ്ചീനവുമായ ഒരു ജീവിത ദർശനം തന്നെ. ദൈവത്തിലേയ്ക്കും മനുഷ്യനിലേയ്ക്കും തല ചായ്ച്ച് വച്ചവൻ. അവന് മാളവും കൂടും നഷ്ട്ടപ്പെട്ടേക്കാം. വഴിക്കണ്ണുമായി കാത്തിരിക്കാൻ സഖിയുമില്ലാതെ വന്നേക്കാം. പക്ഷേ കൂടണയുന്ന വർക്കും മാളം തിരയുന്നവർക്കും അന്തിചക്രവാളവും ത്രിസന്ധ്യയുടെ നിറസൗന്ദര്യവും നഷ്ടമാകും. ചേക്കേറാൻ വീടുകളില്ലാത്തവരുടെ നി ലവിളി നിരന്തരമുയരട്ടെ. ഈ ഭുമിയുടെ വിലാപങ്ങളോടൊത്ത് അവ രും അലയട്ടെ. വിണ്ടുകീറിത്തുടങ്ങിയ ഈ മണ്ണിന് മുകളിൽ ആശ്വാസ ത്തൈലമൊഴുകട്ടെ...

*അവസാനത്തെ മിനുക്കു പണിയും കഴിഞ്ഞ് അയാൾ ശില്പത്തെ വലംവച്ചു. മൂന്നുതവണ. ഉളി മുന ഏറ്റ മുറിവിൽ തലോടി അതിനോടു ചോദിച്ചു: 'ഞാൻ നിന്നെ പാറയിൽ നിന്ന് മോചിപ്പിച്ചു കഴി ഞ്ഞു. പറയൂ, ഇനിയെന്താണ് നിന്റെ മോഹം? ഈ പ്രപഞ്ചത്തിൽ എവിടെയാണ് ഞാൻ നിന്നെ പ്രതി ഷ്ഠിക്കേണ്ടത്?'*
*ശില്പം പറഞ്ഞു:*
*'എനിക്ക് മടങ്ങണം. എന്റെ തനിമയിലേക്ക്. എനി ക്ക് ഒരു പാറയാൽ മതി. ഈ ഭൂമിയെ പ്രളയം വിഴു ങ്ങുന്ന കാലം വരെ, ആ പഴയ കാട്ടരുവിയുടെ വക്കത്ത് കിടന്നാൽ മതി!'*
*അയാൾ ഉളി വലിച്ചെറിഞ്ഞ് കരയാൻ തുടങ്ങി.*


www.malankaralibrary.com

www.malankaralibrary.com

# 14

# സമയരഥം



*'ഒരാളും സ്വർഗ്ഗത്തിലേക്ക് പ്രവേശി ക്കുന്നില്ല. സ്വർഗ്ഗം അയാളിലേക്ക് പ്രവേശിക്കുകയാണ് '.*

*ഓഷോ*

ഹ്യസ്വമാണീ ജന്മം. യാത്ര പിക്നിക്ക് അല്ല. പിൽഗ്രിമേജാണ്. തീർത്ഥാടനം. ടൂറിസത്തിന്റെ അയഞ്ഞതും ആലസ്യം നിറഞ്ഞതുമായ മനസ്സല്ല എനിക്കു വേണ്ടത്. യാക്കോബ് ശ്ലീഹാ ഈ ജന്മത്തിന്റെ ക്ഷണിക തയെക്കുറിച്ച് പറഞ്ഞു. 'നാളത്തെ ജീവിതം എങ്ങനെയുള്ളതായിരിക്കും എന്ന് നിങ്ങൾക്കറിഞ്ഞുകൂടാ. അല്പനേരത്തേയ്ക്ക് പ്രത്യക്ഷപെടുകയും അതിനു ശേഷം അപ്രത്യക്ഷമാകുകയും ചെയ്യുന്ന മൂടൽ മഞ്ഞാണ് നിങ്ങൾ'.(4:14)

www.malankaralibrary.com

www.malankaralibrary.com

എന്റെ പൗരോഹിത്യ പരിശീലനത്തിന്റെ ആദ്യ നാളുകളിലാണ്. രാവിലെയുള്ള എഴുന്നേല്പാണ് ആകെ പ്രശ്നം. ശീലിച്ചതുകൊണ്ടാവാം അല്പനേരം കൂടി മൂടി പുതച്ചങ്ങനെ കിടക്കാൻ തോന്നും. പക്ഷേ നിയമലംഘനമായതുകൊണ്ട് എഴുന്നേറ്റ് പ്രാർത്ഥനയ്ക്ക് തയ്യാറാകും. ഇതു ശ്രദ്ധിച്ചിട്ട് ഒരു വന്ദ്യ വയോധികൻ ഉപദേശിച്ചു: 'ജീവിതം അയഞ്ഞുപോകരുത് കുഞ്ഞേ. അയഞ്ഞ ജീവിതവും പ്രാർത്ഥനാ ജീവിതവും ഒന്നിച്ചു കൊണ്ടുപോകാനാവില്ല.

ജീവിത വഴിയിൽ ആരോടെങ്കിലും തെല്ലു കുശലം പറഞ്ഞു നിന്നതുകൊണ്ട് അത്ര കുഴപ്പമുണ്ടോ എന്ന് ഇടയ്ക്കിടെ യുക്തി സഹജമായി ഞാനും ചിന്തിച്ചു. പക്ഷേ കുശലങ്ങളും സല്ലാപങ്ങളും ഒരുവനിൽ രണ്ടു തരത്തിലുള്ള അപകടങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ആദ്യത്തേത് സമയനഷ്ടം തന്നെയാണ്.

ഒരാൾ ഒരുദിവസം മൂന്ന് മണിക്കൂർ നഷ്ടമാക്കിയാൽ അയാളുടെ പുരുഷായയുസ്സിൽ ഏതാണ്ട് എഴുപത്തയ്യായിരം മണിക്കുറുകൾ നഷ്ടമാകുന്നുണ്ട്. ഒരിക്കൽ മാത്രം നഷ്ടപെടുകയും വീണ്ടുമൊരിക്കൽ തിരിച്ചെടുക്കാനാകാത്തതുമായി സമയമല്ലാതെ മറ്റന്തുണ്ട് ഈ ഭൂവിൽ? സമയപ്രവാഹത്തെ മുറിച്ചുകടന്നും, കാലത്തിന്റെ നിയതമായ വരുതിയിൽപ്പെടാതെയും ചിലർ മഹാരഥൻമാർ ആകുന്നുണ്ട്. അവരും പക്ഷേ സമയത്തിന്റെ വിരൽത്തുമ്പിൽ പിടിച്ചാണ് നീങ്ങിയത്. പാഴ്സമയങ്ങളുടെ കളിത്തോഴനാവരുത്. ഓരോ നിമിഷത്തിന്റേയും സ്പർശനത്തിൽ എന്നിൽ ചിലതൊക്കെ മുളപൊട്ടിയേക്കാം. തളിരിട്ടത് കതിരായേക്കാം. കാലം ഒരു ഹിമപ്പെയ്ത്ത് കണക്കെ എന്നിലും വീണുതിർന്ന്, കാലാതീതമായ എതോ ഒന്ന് മുളയെടുത്തിരുന്നെങ്കിൽ!

വഴിയിൽ കുശലങ്ങളും അഭിവാദ്യങ്ങളുമായി നിൽക്കുന്നവന്റെ രണ്ടാമത്തെ അപകടം, ഏതൊന്നുമായി ഇടപഴകുന്നുവോ, അതുമായി പ്രണയത്തിലാവുന്നു എന്നതാണ്. വിവാഹജീവിതത്തിന് ഒരുങ്ങുന്ന ഒരു ചെറുപ്പക്കാരനെ ഒരു പുരോഹിതൻ ഉപദേശിക്കുന്നത് കേട്ടു: 'കുഞ്ഞെ, അവളുടെ സൗന്ദര്യമാണ് നിന്നെ ഇതിന് പ്രേരിപ്പിക്കുന്നതെങ്കിൽ ഏറെത്താമസിയാതെ നീ ഒരു സംശയരോഗിയാവും. അവളുടെ സാമർത്ഥ്യമാണ് നിന്നെ മയക്കിയതെങ്കിൽ, അതു നിന്നെ കുതറാൻ വെമ്പുന്ന ഒരു അടിമയാക്കും. അവളുടെ പണമോ ഡിഗ്രിയോ കണ്ടിട്ടാണ് നീ ഇതിന് തുനിഞ്ഞതെങ്കിൽ ഒരു അപകർഷതാബോധം നിന്നെ പിടികൂടും. ഏതിനെ നീ താലോലിക്കുന്നുവോ അതു നിന്റെ അന്തകനാകും. ഇതിനൊക്കെ ഉപരി ഏതോ ചിലത് ഉണ്ടെന്ന് കാണാനാകണം'. പരിധിവിട്ട് ലാളിക്കുന്നതെന്തും നമ്മെ അപകട പെടുത്തും. യൂദാസിനത് ദ്രവ്യമായിരുന്നു. ഒടുവിൽ ഒരു മുഴം കയറിനറ്റത്ത് അയാൾ ജീവനൊടുക്കി. ഹേറോദോസിനത് ഹേരോദ്യയായിരുന്നു. അയാളുടെ അവസാന


www.malankaralibrary.com

www.malankaralibrary.com

നാളുകളിൽ അവൾ മൂലം ഒട്ടേറെ യാതന അയാൾ സഹിക്കേണ്ടി വന്നു എന്ന് ചരിത്രം. ഒരുവന്റെ മരണഹേതു അവന്റെ ഇഷ്ടമാണെന്ന് ഒരു ബംഗാളി കവിതയുണ്ട്. ഓർത്തു ദുഃഖിക്കാൻ ഒരു ഭൂതകാലം ഇല്ലാതിരിക്കുകയാണ് നല്ലത്.

സഭയുടെ കാലങ്ങളിൽ നോമ്പിനും ഉപവാസത്തിനും വർജ്ജനകൾക്കും വാക്കുകൾക്കതീതമായ വില കല്പിക്കപ്പെടുന്നുണ്ട്. അതുപക്ഷെ സമൂഹം വില കുറച്ചുകാണുന്നുണ്ടെന്നു തോന്നുന്നു. സൂഫിക്കഥയുണ്ട്. ആരെയും കൂസാത്ത ഒരു ചെറുപ്പക്കാരൻ ഒരു സൂഫിഗുരുവിന്റെ മുമ്പിൽ ചെന്ന് തുറന്നടിച്ചു: 'സൂഫിക്കും തെറ്റുപറ്റും'. വിരലിലെ മോതിരമൂരി അവന്റെ കയ്യിൽ വച്ചിട്ട് ഗുരു പറഞ്ഞു: 'തെരുവിൽ കൊണ്ടുപോയി വിറ്റിട്ടു വരിക. ഒരു സ്വർണ്ണ നാണയം കിട്ടണം'. അവൻ തെരുവിൽ ചെന്നിട്ടു മടങ്ങിയെത്തി: 'ആരും ഒരു വെള്ളിനാണയത്തിനപ്പുറം തരാൻ തയ്യാറല്ല!' ഗുരു വീണ്ടും പറഞ്ഞു: 'നീ ഇത് ഒരു രത്നവ്യാപാരിയെ കാണിക്കൂ'. അവൻ മടങ്ങി വന്നു പറഞ്ഞു: 'അത്ഭുതം!! ഇതിന് ആയിരം സ്വർണ്ണനാണയങ്ങൾ കിട്ടും'! ഗുരു ഉപദേശിച്ചു: 'തെരുവിലെ കച്ചവടക്കാരന് രത്നത്തിനു വിലയിടാനറിയില്ല. സൂഫിസം ഒരു രത്നമാണ്. നീ രത്നത്തിനു വിലയിടാൻ ആഗ്രഹിക്കുന്നെങ്കിൽ യഥാർത്ഥ രത്നവ്യാപാരിയാവുക'. തപസ്സിനു വിലയിട്ടുനില്ക്കുന്നവരൊക്കെ സമയത്തെയും കാലത്തെയും ഗൗരവത്തോടെ എടുക്കുന്നവരാണ്. ആകാത്തതും അരുതാത്തതും വേണ്ടായെന്നു പറയുന്നതുപോലെ, ആകാവുന്നതും വേണ്ടായെന്നു പറയാൻ പറ്റേണ്ട കാലമാണ് നോമ്പുകാലം. ഒരുവൻ തന്നോടു തന്നെ നടത്തേണ്ട മൽപ്പിടിത്തത്തിന്റെ കാലങ്ങൾ. കത്തോലിക്കാ നോവലിസ്റ്റ് ഫ്രാൻസിസ്കോ മോറിയക്ക് നോബെൽ പ്രൈസ് ജേതാവാണ്. അദ്ദേഹം പറഞ്ഞു:'എന്റെ എല്ലാ കഥകളും ദൈവത്തോടുള്ള മൽപ്പിടുത്തത്തിന്റെ കഥകളാണ്'. മൽപ്പിടുത്തങ്ങളിൽ ദൈവത്തെ വിജയിപ്പിക്കുവാനാണ് ഗുരുക്കൻമാർ പറഞ്ഞു തന്നിട്ടുള്ളത്. പഴയ നിയമത്തിലെ യാക്കോബിനെപ്പോലെ ക്ഷതങ്ങൾ ഏല്ക്കേണ്ടി വരും, ഈ വിശ്വസ്തത സൂക്ഷിക്കാൻ. പരിക്കേറ്റാൽ പിന്നീട് മുന്നോട്ടുള്ള യാത്രയിൽ മുടന്തിപ്പോയേക്കാം. പൗലോസ് ശ്ലീഹാ ഈ മൽപിടുത്തത്തിന്റെയും പോരാട്ടത്തിന്റെയും ഭീതി വാക്കുകളിൽ കോറിയിട്ടു: 'ഞാൻ ദുർഭഗനായ മനുഷ്യൻ'. ദ്രാവിഡഭാഷയിൽ ദുർഭഗന് 'നാറിയവൻ' എന്നൊരു അർത്ഥമുണ്ട്. സ്വയം ഭീതിയിൽ വീണുപോയവന്റെ ആത്മരോദനമാണത്. എന്നാലും മൽപിടുത്തം ദൈവത്തോടായതുകൊണ്ട്, നൈരാശ്യത്തിലാണ്ടുപോകാൻ അവൻ അനുവദിക്കില്ലല്ലോ? എല്ലാ വിശുദ്ധരും ഈ പോരാട്ടത്തിൽ മനപൂർവ്വം തോൽക്കുന്നുണ്ട്. കണ്ണാടി തല്ലിയുടച്ചും സ്വന്തം വസ്ത്രം ഉരിഞ്ഞുകൊടുത്തും, ഉടലിനെ പ്രഹരിച്ചും, തെരുവിൽ സ്വയം ഭ്രാന്തനാണെന്ന് കൂകി വിളിച്ചും, ഈ വിശ്വസ്തത സൂക്ഷിക്കുന്ന


www.malankaralibrary.com

www.malankaralibrary.com

തിൽ വിജയിച്ചവരാണ് എന്റെ അൾത്താരയ്ക്കു ചുറ്റും നമുക്കുചുറ്റും സാക്ഷികളുടെ ആ വലിയ സമൂഹമുണ്ടെന്ന് ഹെബ്രായലേഖനം (12:1).

ജീൻപോൾ സാർത്ത് മനുഷ്യശക്തിയുടെ ആകെ തുകയെ, നിഷേധിക്കാനുള്ള ഒരുവന്റെ കഴിവായി വിശേഷിപ്പിക്കുന്നുണ്ട്. നിഷേധശക്തിയാണ് എല്ലാം. The power of negation. ഒരു തരം വെട്ടിയൊരുക്കലാണത്. സമയബോധം ഉള്ളവനെ വെട്ടിയൊരുക്കാൻ മെനക്കെടൂ. കാടുവെട്ടി, താടിവെട്ടി, തലമുടി വെട്ടി, സുന്ദരനായ പ്രാകൃതനാണല്ലോ ഇന്നത്തെ മനുഷ്യൻ. ഇങ്ങനെ വെട്ടിയൊരുക്കപ്പെട്ടവനെ സംസ്ക്കാരമുണ്ടാകു എന്നാണ് പാഠം.

ആദിമ ക്രൈസ്തവ സംസ്കാരം പീഡനപർവ്വങ്ങളിൽ ഉരുവായതായിരുന്നു. കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ മതം മാറ്റം ക്രൈസ്തവ സംസ്കാരത്തെ ക്രൈസ്തവ സാമ്രാജ്യമാക്കി മാറ്റി. തപസ്സ് അപ്രത്യക്ഷമായി. സഭയെ നോക്കി കിക്കഗാർ എന്ന ചിന്തകൻ പറഞ്ഞു: 'ഡെൻമാർക്കിൽ ക്രിസ്ത്യാനി മരിച്ചു, കൊവേന്തയിലെ വിശ്വാസം തകർന്നു'. Faith fails, Scandal prevails. ആവൃതിയെന്നത് കൊവേന്തയിലെ ഏറ്റം സുരക്ഷിത ഇടമാണ്. 'ചുറ്റപ്പെട്ടത്' എന്നാണ് ആ വാക്കിനർത്ഥം. ലോകം പിശാച് ശരീരം ഇവ കടക്കാനാവാത്ത വിധം ഏതോ ഒന്നിനാൽ പൊതിയപ്പെട്ടത്. മലങ്കരയുടെ ഋഷിവര്യൻ മാർ ഇവാനിയോസ് ആർഷഭാരതത്തിന്റെ ആത്മാവ് തൊട്ടറിഞ്ഞ് തപസ്സിന്റെയും ആത്മനിയന്ത്രണത്തിന്റെയും ജീവിതത്തെ നിർവചിച്ചത് 'തൗന' എന്ന പദം കൊണ്ടാണ്. ഒരു സുറിയാനി വാക്കാണത്. കുടിൽ, ആശ്രമം എന്നൊക്കെ വ്യാഖ്യാനിക്കാം. ഒരുവൻ ജീവിതത്തിൽ കൂടെ കൊണ്ടു നടക്കേണ്ട പരിത്യാഗസങ്കല്പമാണ് 'തൗന'. ഇത്തിരി 'നേരം' കളയാതിരിക്കുന്നവർ-നിരന്തരം വ്യാപരിക്കുന്നവർ-ആണ് തൗനാ നിവാസികൾ.

മൽപിടുത്തം ഇവിടെ അനിവാര്യമാണ്. അതൊരു മത്സരമല്ല. സംസ്ക്കാരമാണ്. സമയം വൈകിയിരിക്കുന്നു. അവശേഷിക്കുന്ന നേരമെങ്കിലും എന്റെ ദൈവം വിജയിക്കണം! വിശ്രമമില്ലാത്ത ശ്രമങ്ങൾ കൊണ്ടു തളരുന്നവരും നാളയെക്കുറിച്ചുള്ള വിചാരസ്വർഗ്ഗങ്ങളിൽ വഴിമുട്ടിനില്ക്കുന്നവരുമാണ് ചുറ്റിലും. ജീവശ്വാസംപോലെ വിലപിടിച്ച നിമിഷങ്ങളെ ശൂന്യമാക്കി കടന്നുപോകുന്നവർ. ചിലർ നിരന്തരം കോലാഹലങ്ങളിൽ സമയം പാഴാക്കുന്നു. സമയത്തിന്റെ കുതിപ്പും കിതപ്പും അവഗണിച്ച് ആർക്കും ജീവിക്കാനാവില്ല. നഗരമധ്യത്തിൽ ഒരു ടവറുണ്ട്. അതിലൊരു പബ്ലിക് ക്ലോക്കും. ഒരുനാൾ അതിലെ മിനിട്ടു സൂചി മോഷ്ടിക്കപ്പെട്ടു. അധികൃതർ അന്വേഷിച്ചു. മോഷ്ടാവിനെ കിട്ടിയില്ല. ഒടുവിൽ ആരോ ടവറിന്റെ പാദത്തിൽ കുറിച്ചുവച്ചു: 'ക്ലോക്കിന്റെ സൂചിയെ കവർന്നാലും കാലസൂചിയുടെ പ്രയാണത്തെ ആർക്കും കവരാനാവില്ല. കാലം അതിന്റെ ഒഴുക്കു തുടരും'. ഓരോ നിമിഷവും ശ്രീകോവിലിലേക്കുള്ള പടിപോലെ


www.malankaralibrary.com

www.malankaralibrary.com

യാവട്ടെ. ഓരോ പടിയിലും ദിവ്യ വെളിപാടുകൾ വന്നുനിറയട്ടെ!

*മത്സരം വീണ്ടും തുടങ്ങുകയാണ്. ഇത്തവണയും ആമയും മുയലും തന്നെ ഓട്ടക്കാർ. ആദ്യത്തെ അബദ്ധം ആവർത്തിക്കരുതെന്ന് മുയൽ മനസിനെ പറഞ്ഞു പഠിപ്പിച്ചു. ഉറങ്ങിയില്ല. മയങ്ങിയില്ല. ഉത്സാഹത്തോടെ ഓടിത്തുടങ്ങി. ഒടുക്കം വരെയും ഒന്നാമനായിരുന്നു. കാലത്തിന്റെ തീരത്ത് എത്താറായപ്പോൾ ഫിനിഷിംങ്ങ് പോയിന്റിൽ ദാ വീണ്ടും ആമ. കൂടെ ആമക്കൂട്ടങ്ങളും. തന്റെ എല്ലാ വഴികളും അടച്ചിട്ടാണ് അവർ നില്ക്കുന്നത്. വീണ്ടും മുയൽ പാഠം പഠിച്ചു. സമയംകൊണ്ട് വേഗത അളക്കരുത്*


www.malankaralibrary.com

www.malankaralibrary.com

# 15

## ബലം



**അച്ഛൻ എന്നോടു ചോദിച്ചു**
**ഭൂമി തൻ അറ്റമെവിടെയാ -**
**ണൊക്കുമോ കാണുവാൻ**
**അർത്ഥം പിടികിട്ടിയില്ലെനിക്കെ**
**ങ്കിലും**
**അച്ഛനുത്തരം ചൊന്ന**
**തോർക്കുന്നു ഞാൻ**
**ഭൂമി ചുരുങ്ങി ചുരുങ്ങി -**
**യൊരാറടിയായി വരും**
**അതു തന്നെയാണറ്റവും.**

**ഒ.എൻ.വി: 'ഭൂമിയുടെ അറ്റം'**

യാഥാർത്ഥ്യങ്ങളിലേക്കുള്ള ഒരുവന്റെ വ്യക്തവും വ്യതിരിക്തവുമായ ഉയർച്ചയെ കുറിക്കുന്ന നിർദ്ദേശം ഈശോ സുവിശേഷത്തിൽ നൽകുന്നുണ്ട്: നിങ്ങൾ വീടുതോറും ചുറ്റിനടക്കരുത്. (ലൂക്കാ.10.7). വീടുതോറും ചുറ്റിനടക്കുന്നവൻ ഏറെ വൈകാതെ തളർന്നുപോകും. പ്രത്യേകിച്ച് ചില ഇടങ്ങളുണ്ട്. നാം അറിയാതെ നമ്മിലെ ബലങ്ങളെ കവർന്നെടുക്കുന്ന ഇടങ്ങൾ. പ്രപഞ്ചത്തിലെ തമോഗർത്തങ്ങളാണത്. അതിൽ പെട്ടാൽ പിന്നെ ഒരിക്കലും തിരിച്ചുവരാനാവാത്തപോലെ വീണു പോകും. അപ്പോൾ പിന്നെ എന്താവും ഈശോ ആഗ്രഹിക്കുക? വീടുകൾ

www.malankaralibrary.com

www.malankaralibrary.com

നിന്നെ ചുറ്റി നടക്കട്ടെ എന്നു തന്നെ! ഉള്ളിലെ ബലത്തെ തിരിച്ചറിയാൻ തുടങ്ങുക. ആ ഗുരുത്വാകർഷണം കൊണ്ട് നാടും വീടും അവനെ വലം വച്ച് നീങ്ങുന്നതു കാണാം. It is an existential assend to reality എന്ന് വി. അഗസ്തിനോസ്. കുരിശുയുദ്ധങ്ങൾക്കായി വിദേശത്തേക്ക് പോകാനൊരുങ്ങിയവരോട് അദ്ദേഹം പറഞ്ഞു: 'പുറത്തേക്കല്ല പോകേണ്ടത്. അകത്തേക്ക് മടങ്ങുക. നിങ്ങളുടെ ഉള്ളിലേക്ക്! സത്യം നിങ്ങൾക്കുള്ളിലാണ്. നിങ്ങൾ ശക്തരാണെന്നുള്ള തിരിച്ചറിവ് കിട്ടുന്നതുവരയെ നിങ്ങളെ ആർക്കെങ്കിലും പരാജയപ്പെടുത്താനാവു'.

ശാഖ മുന്തിരി വള്ളിയെ അറിയുന്നതും കരുത്തു ശേഖരിക്കുന്നതും ആ മുന്തിരി വള്ളിയിൽ തന്നെയാണ്. അരുവി ഉറവയിൽ തന്നെയാണ് അതിന്റെ ഉൺമയെ പങ്കു വയ്ക്കുക. എന്നിൽ തന്നെ ഒരു അപരൻ വസിക്കുന്നുണ്ടെന്നുള്ള അറിവാണത്. എന്നെക്കാൾ കൂടുതൽ കരുത്തുള്ളവൻ. വായിച്ചുകേട്ട ഒത്തിരിയേറെ നിശ്ചയ ദാർഢ്യത്തിന്റെ കഥകൾ മനസിലേക്കെത്തുന്നു. ഉള്ളിൽ ബലം കണ്ടെത്തിയവരുടെ യുക്തിക്കതീതമായ ജീവിതഗാഥകൾ. 1960-ലെ ഒളിംപിക്സിൽ ജ്യൂട്ടാഹെയ്ൻ എന്ന ലോകചാമ്പ്യനെ പരാജയപ്പെടുത്തിയ വിൽമ റുഡോൾഫിന്റെ ജീവിതം അതിനൊരു ഉദാഹരണം. നാലാം വയസ്സിൽ പോളിയോ ബാധിച്ച് കാലു തളർന്നവളായിരുന്നു വിൽമ. അവളെ പരിശീലിപ്പിക്കുക എന്ന ദൗത്യം നേരമ്പോക്കായിട്ടാണ് കോച്ച് എഡ്ടെമ്പിൾ കണ്ടത്. പക്ഷേ തോറ്റു കൊടുക്കാൻ അവൾക്കു മനസ്സില്ലായിരുന്നു. ഏണസ്റ്റ് ഹെമിങ്ങ്വേയുടെ കിഴവനും കടലും എന്ന പുസ്തകത്തിൽ പറഞ്ഞുവച്ച പാഠമാണ്, ഒളിംപിക്സ് മെഡൽ നേടിയ ശേഷം ലോകത്തോടവൾ പറഞ്ഞത്: 'നിങ്ങൾക്ക് മനുഷ്യനെ തകർക്കാൻ പറ്റിയേക്കാം, ഒരിക്കലും അവനെ പരാജയപ്പെടുത്താൻ പറ്റില്ല!' You may destroy man, but you can never defeat him. ഈ ലോകത്തിലെ എല്ലാ നേരുകളും വിരൽ ചൂണ്ടുന്നത് എന്റെ ഉള്ളിന്റെ ശക്തിയിലേയ്ക്കാണ്.

ആന്ധ്രാപ്രദേശിലെ വാറങ്കൽ ജില്ലയിലെ കുഗ്രാമത്തിൽ നിന്ന് നിത്യവും അഞ്ചുരൂപാ കൂലിക്കു പണിയെടുത്ത അനിൽ ജ്യോതി റെഡ്ഡിയെന്ന പെൺകുട്ടി 11 വർഷത്തിനുശേഷം അമേരിക്കയിലെ അരിസോണ സംസ്ഥാനത്തുള്ള കീയ്സ് സോഫ്റ്റ്വെയർ സൊലൂഷൻസ് എന്ന സോഫ്റ്റ്വെയർ കമ്പനിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ കഥ വായിച്ചിട്ട് നാളേറെയായില്ല. 'ജീവിതത്തിലെ ഒരവസ്ഥയും സ്ഥായിയല്ല' എന്നാണ് അവരെക്കുറിച്ചെഴുതിയ പുസ്തകത്തിന്റെ പേര്. കടുത്ത ദാരിദ്രത്തിൽ അനാഥാലയത്തിലും പിന്നീട് കൂലിപ്പണിയിലും തുണിവില്പ്പനയിലും ഭാരതത്തിന്റെ ഒരു ദരിദ്രഗ്രാമത്തിലൂടെ അലഞ്ഞ ആ കറുത്തു മെലിഞ്ഞ പെൺകുട്ടി നിശ്ചയദാർഢ്യത്തോടെ പഠനത്തിലേർപ്പെട്ടു. ആളുകളുടെ പരിഹാസങ്ങൾക്കിടയിലും ഇംഗ്ലീഷും


www.malankaralibrary.com

കമ്പ്യൂട്ടറും ഹൃദിസ്ഥമാക്കി. 2000-ൽ സന്ദർശകവിസായിൽ അമേരിക്കയിലെത്തിയ അവർ ഇന്ന് വലിയൊരു സംരഭകയായിത്തീർന്നിരിക്കുന്നു. 16-ാം വയസ്സിൽ തന്നെക്കാൾ മുതിർന്നൊരാളെ വിവാഹം കഴിച്ച് 19-ാം വയസ്സിൽ രണ്ടുപെൺകുട്ടികളുടെ അമ്മയായ ജ്യോതി ആ കുടിലിന്റെ അടുക്കളവട്ടത്തിൽ ഒതുങ്ങിപ്പോകുമായിരുന്നു. ആ ഗ്രാമത്തിലെ ഏതൊരു പെൺകുട്ടിയേയും പോലെ. എ.പി.ജെ.അബ്ദുൾകലാമിന്റെ വാക്കുകൾ അന്വർത്ഥമായി. എല്ലാ വിജയകഥകൾക്കു പിന്നിലും വേദന നിറഞ്ഞ ഒരു തുടക്കമുണ്ട്. അതുപോലെ എല്ലാ വേദനാകരമായ തുടക്കത്തിനും വിജയകരമായ ഒരു അവസാനവുമുണ്ടാകും. അവസാനം വരെ പിടിച്ചുനില്ക്കുന്നവനാണ് ബലവാൻ.

നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടൊപ്പം ദൈവത്തിൽ നിഗൂഢമായി സ്ഥിതി ചെയ്യുന്നു എന്ന് സെന്റ് പോൾ പറയുന്നുണ്ട് (കൊളോ 3:3). എന്റെ ഉള്ളിനുള്ളിലും സംഘർഷ രഹിതമായ ഒരു ബലം കൈ വന്നിരുന്നെങ്കിൽ! പക്ഷേ ഒരുപാട് വിധേയപ്പെടുന്നുണ്ട് ഞാനും, എന്റെ കാലഘട്ടത്തിൽ പലരും. വിധേയത്വം (Passiveness) ജീവിതത്തിന്റെ ഒരു അടിസ്ഥാന ഭാവമാണ്.

അത് എന്നിലെ ഭയത്തെ അല്ലെ പുറത്തുകാണിക്കുന്നത്? സമീപകാലത്താണെന്ന് തോന്നുന്നു മനുഷ്യന്റെ ഭയം ഇത്ര കണ്ട് വർദ്ധിച്ചത്. പണ്ട് മനുഷ്യന് വേദത്തിന്റെ നേർകാഴ്ചകൾ ശ്രുതിയിലും ധ്യാനത്തിലും വെളിപ്പെട്ടതുകൊണ്ട് ഭയങ്ങൾ കുറവായിരുന്നു. പ്രകൃതിയെപ്പോലും വരുതിക്ക് നിർത്തുന്ന മനോബലം അവനുണ്ടായിരുന്നു. ആധുനിക കാലത്ത് ഭക്തിവർദ്ധിച്ചുവരുന്നതിന് ഒരു കാരണം സാമൂഹിക അനിശ്ചിതത്വം കൊണ്ടാണെന്ന് എം.എൻ.വിജയൻ നിരൂപിക്കുന്നുണ്ട്. ഭാവി അനിശ്ചിതം ആകുമ്പോൾ പ്രവചനങ്ങൾക്ക് പ്രാധാന്യം ലഭിക്കുന്നു. രാഷ്ട്രീയക്കാർ പോലും തെരഞ്ഞെടുപ്പിൽ ജോത്സ്യരെ തെരയുന്നു.

ഭയം തീരെ സർഗാത്മകമല്ലാത്ത ഒരു വികാരമാണ്. തന്നോടു തന്നെ എതിരിട്ട് ഊർജ്ജം നഷ്ടപ്പെടുത്തുന്ന ഒരു മാനസികാവസ്ഥ. വ്യർത്ഥമായ ഒരു വടംവലി ഉള്ളിലുണ്ടാവുകയാണ് ഭയത്തിൽ. അതിൽ നിന്നാണ് മതിലുകൾ നിർമ്മിക്കപ്പെടുക. മതിലുകൾക്ക് അകത്ത് കുരുങ്ങിയവർക്ക് ഉറക്കം കെട്ടുപോയിരിക്കുന്നു. നമ്മുടെ വീടുകളിൽ ഈ ഭയം സാംക്രമിക രോഗം പോലെ പടർന്നിരിക്കുന്നു. പിന്നെ ഇനിയും ജീവിക്കണമെങ്കിൽ ഒന്നേ ഉള്ളു വഴി. വിധേയനാവുക. അതിജീവനത്തിന്റെ ഒരു തന്ത്രമാണത്. തോക്കിന്റെ മുമ്പിൽ കമിഴ്ന്നുകിടക്കുക. ഒരുതരം റെപ്റ്റയിൽ അവസ്ഥയിലേക്ക് തിരിച്ചുപോവുക. ഇഴഞ്ഞും നിരങ്ങിയും ഒരു ജീവിതം.

വല്ലാത്ത ഭേദ്യത്തിൽ അകപ്പെട്ടുപോയി ഒരു തടവുപുള്ളി. അയാൾക്ക് തോന്നി താൻ മരിച്ചുപോയേക്കുമെന്ന്. ഇനിയും രക്ഷപെടാൻ

ഒരേയൊരു മാർഗ്ഗമേ ഉള്ളു. മരിച്ചതുപോലെ കിടക്കുക. അയാൾ തന്ത്രം പ്രയോഗിച്ചു. ചത്തവനെ തല്ലിയിട്ട് കഥയില്ലല്ലോ. അവർ പിരിഞ്ഞുപോയി. അയാൾ രക്ഷപെട്ടു. പല്ലിയുടെ മനഃശാസ്ത്രമാണത്. അതിന്റെ വാലിൽ പിടിച്ചാൽ വാൽ ഉപേക്ഷിച്ച് അത് രക്ഷപെടും. ശത്രുവിനെ തോന്നിപ്പിക്കുകയാണ് താൻ കീഴ്പെടുത്തപ്പെട്ടുവെന്ന്. വിധേയന്റെ ശൈലിയാണത്.

ഭയവും വിധേയത്വവും ഒരുവനെ കൂടുതൽ പുറത്തേക്ക് നോക്കി ജീവിക്കാനാണ് പഠിപ്പിക്കുന്നത്. സ്വന്തം ബോധാവസ്ഥയുടെ (Consiousness) അക്ഷയത്വം മനസിലാക്കാതെ തനിക്ക് പുറമേയുള്ള പദാർത്ഥങ്ങളിലേക്കും ഭൗതികതയിലേക്കും വീണു മയങ്ങുന്നവർക്ക് ഈ ബലം കൈമോശം വരും. മനുഷ്യന്റെ നിലനില്പിന്റെയും പ്രവർത്തനങ്ങളുടെയും ആധാരം ഈ ബോധാവസ്ഥയാണ്. ആധുനിക ശാസ്ത്രജ്ഞന്മാരും ഈ ബോധാവസ്ഥയുടെ ഊർജ്ജത്തെക്കുറിച്ച് പഠിച്ചറിഞ്ഞു. പ്രപഞ്ചത്തിലെ പദാർത്ഥ ജ്ഞാനവും മനുഷ്യന്റെ ബോധാവസ്ഥയും കൂട്ടി ഇണക്കിയ പഠനങ്ങൾക്ക് പ്രസക്തിയേറുന്നു. മനസ്സിന്റെ ശക്തിയാണ് പ്രപഞ്ചവസ്തുക്കളെ ചലിപ്പിക്കുന്നതെന്ന് ഓസ്ട്രേലിയൻ ജ്യോതിശാസ്ത്രജ്ഞൻ എഡിംഗ്ടൺ. നമ്മുടെ ബോധാവസ്ഥയുടെ കരുത്ത് പുറമെയുള്ളവയെ ചലിപ്പിക്കാനും ചിട്ടപ്പെടുത്താനും പോന്നതാണ്. അത് ചിന്തയുടെ ഊർജ്ജം കൊണ്ടാണ് സൃഷ്ടിക്കപ്പെടുക. അത് പ്രപഞ്ചതാളത്തിന് വഴിയൊരുക്കും (cosmic rythm). അതായത് എന്റെ ഒരു ചെറിയ ചിന്തയുടെ ഊർജ്ജം ജീവിതത്തിന്റെ മുഴുവൻ ചലനങ്ങളെയും സ്വാധീനിക്കും. എന്റെ ചിന്തകൾ ഈ പ്രപഞ്ചസാഗരത്തിൽ തരംഗങ്ങൾ സൃഷ്ടിക്കുമാറ് ഊർജ്ജസ്വലമാണ്. ആ തരംഗങ്ങൾ കാതങ്ങളോളം സഞ്ചരിക്കാൻ പോന്നതാണ്. നമ്മുടേതെല്ലാം നമ്മുടെ ചിന്തകളുടെ ഫലമാണെന്ന് ബുദ്ധൻ പറയുന്നു. എനിക്ക് എന്റെ ലോകത്തെ സൃഷ്ടിക്കാനാവും. പുറമെയുള്ളതല്ല എന്റെ വിധിയുടെ ഹേതു; അകമാണ്. അവിടെയാണ് സർവ്വശക്തിയുടെയും പ്രഭവം കുടികൊള്ളുക.

പലപ്പോഴും ബലക്കുറവനുഭവിക്കുന്നവരുടെ രോദനങ്ങൾ എന്റെ കാതിൽ മുഴങ്ങിക്കേൾക്കാറുണ്ട്. ഏകാന്തതയുടെ പിരിമുറുക്കങ്ങളിൽ കണ്ണീരൊഴുക്കുന്നവരും കലഹങ്ങളിൽപെട്ട് വീണുടയുന്നവരും ബന്ധനങ്ങളിൽ കയ്പ്പുകലർത്തിയവരും നിരന്തരം പിൻവാങ്ങാൻ നിലവിളിക്കുന്നവരും ഏറെയാണ്. പലായനം നടത്തുന്നവരാണധികവും. ജീവിതത്തിന്റെ പഞ്ച മഹാദുഃഖങ്ങളുടെ മുമ്പിൽ- ദാരിദ്രം, വിരഹം, രോഗം, വാർദ്ധക്യം, മരണം - മരവിച്ചു നിൽക്കുന്നവരുടെ സംഖ്യകൂടുന്നു. പ്രവാചകൻ ജറെമിയാ ദൈവത്തോടു പറഞ്ഞതും ഈ ശക്തിശൂന്യതയെക്കുറിച്ചാണ്. 'ഞാൻ ബാലനാണ്'. ദൈവം പക്ഷെ വിട്ടില്ല: 'അങ്ങനെ നീ പറയരുത്; ഇടിച്ചുനിരത്താനും തകിടംമറിക്കാനും, നട്ടു വളർത്താനും നിനക്കാവും'. (5:1) നിന്റെ ബാല്യം മുതലെ അപാരമായൊരു ശക്തി നി

www.malankaralibrary.com

ന്നെ പൊതിയുന്നുണ്ട്. എല്ലാവരും കൈവെടിയുമ്പോൾ കടന്നുവരുന്ന ബലമാണ് ദൈവം. നിധികൾ, ബലമില്ലാത്ത മൺകുടങ്ങളിലാണ് സൂക്ഷിക്കപ്പെടുക.

അന്ധയായ ഹെലൻ കെല്ലറും, ശരീരത്തിന്റെ ചലനശേഷി മുഴുവനും നഷ്ടപ്പെട്ട സ്റ്റീഫൻ ഹോക്കിംങ്ങ്സും ഈ മൺകുടീരങ്ങളായിരുന്നു. ആരുടെ മുമ്പിലും ഒരിടത്തും തോൽക്കാതിരിക്കുവാൻ പ്രകൃതി അവരെ രൂപപ്പെടുത്തി. തോറ്റാലും കുതിച്ചു ചാടാൻ വെമ്പുന്നവരുടെ ശക്തി തീർത്തും ദൈവികമാണ്.

*ഭ്രാന്തൻമാരുടെ കാലം വേറൊന്നാണ്,*
*നമ്മുടെ നൂറ്റാണ്ട് അവർക്ക് ഒരു നിമിഷം മാത്രം.*
*ഇരുപത് ഞൊടി മതി അവർക്ക് ക്രിസ്തുവിൽ എത്താൻ.*
*ആറു ഞൊടി കൂടി ബുദ്ധനിൽ എത്താൻ.*
*ഭ്രാന്തന്മാർ നമ്മെ പോലെ ഭ്രാന്തന്മാരല്ല.*

*സച്ചിദാനന്ദൻ: 'ഭ്രാന്തന്മാർ'.*


www.malankaralibrary.com

www.malankaralibrary.com

# 16

# കനൽ



*'കൂട്ടുകാരാ, ഭീരുത്വം മൂലം ഒരിക്കലും ഒരു പട്ടി കുരയ്ക്കാതിരിക്കുന്നില്ല. ഇതാ കാലൻ, ഇതാ കള്ളൻ, ഇതാ ജാരൻ, ഇതാ പിരിവുകാരൻ, ഇതാ വിരുന്നുകാരൻ വരുന്നെന്ന്,*
*പട്ടി എപ്പോഴും സ്വന്തം ദർശനം അപ്പാടെ വിളിച്ചുപറയുന്നു.*
*കൂട്ടുകാരാ,*
*പറയേണ്ടത് പറയാതെ, ഒരു പട്ടിപോലും അല്ലാതെ, വാലുപോലും ഇല്ലാതെ, നരകത്തിൽ പോലും പോകാതെ ഈ സൗധങ്ങളിൽ നാം ചീഞ്ഞു നാറുന്നു'.*

*കെ. ജി ശങ്കരപ്പിള്ള: 'കഷണ്ടി'*

വർത്തമാനകാല ചരിത്രത്തോടുള്ള എന്റെ പ്രതികരണ മാതൃകയെ കുറെ നാളുകൾ കൊണ്ട് ഒന്നു മനസിലാക്കാൻ ഞാൻ ശ്രമിക്കുന്നുണ്ട്. ധീരമായ ചുവടുവയ്പ്പുകളെയും, ആത്മത്യാഗഭരിതമായ

www.malankaralibrary.com

www.malankaralibrary.com

മുന്നേറ്റങ്ങളെയും എവിടെയെങ്കിലുമൊക്കെ വച്ചു കണ്ടാൽ എനിക്കു തിരിച്ചറിയാമെന്നതൊഴിച്ചാൽ, സ്വന്തം സഹോദരൻ കൺമുൻപിൽ പീഡിഷിക്കപ്പെടുന്ന വാർത്ത പത്രങ്ങളിൽ വായിക്കുമ്പോഴും അല്പായുസ്സായ ധാർമ്മിക രോഷത്തിന്റെ ഉടമയാകുമെന്നതിലുപരി എന്റെ സുരക്ഷിതത്വം വിട്ടൊരു കളിയ്ക്ക് ഞാനൊരുമ്പെടാറില്ല. ഇനി വരുന്നതും കൂട്ടി നാല്പതോളം ദുഃഖവെള്ളികൾ ആചരിച്ചുവെങ്കിലും ഈ കാലഘട്ടത്തിലെ കുരിശുമരണങ്ങളും കലാപങ്ങളുമൊക്കെ എനിയ്ക്ക് രസം കൊല്ലികളായി തീർന്നിരിക്കുന്നു. മനസാക്ഷിയെ ജീർണ്ണമാക്കുന്ന വിഷയങ്ങളെ പത്രപാരായണം ചെയ്തു ഞാൻ ഉപരി വിപ്ലവങ്ങളിൽ പങ്കുകൊള്ളുന്നു എന്നതിനപ്പുറം തീവ്രമായ ഒരു ജീവിക്കലിന് വഴിപ്പെടാതെ പോകുകയെന്നതാണ് എന്റെ ദുഃഖം.

ഖലിൽ ജിബ്രാന്റെ ഒടിഞ്ഞ ചിറകുകളിൽ അദ്ദേഹം പറയുന്നുണ്ട്: അനശ്വരവും ഉത്കൃഷ്ടവുമായ നിയമങ്ങളുടെ അർത്ഥം മനസ്സിലാക്കാനാവാത്തവിധം നൂറ്റാണ്ടുകളായി മനുഷ്യസമൂഹം ദുഷിച്ച നിയമങ്ങൾക്ക് കീഴടങ്ങിയിരിക്കുകയാണ്. മെഴുകുതിരിയുടെ മങ്ങിയ വെളിച്ചം കണ്ടു ശീലിച്ച ഒരുവന് സൂര്യ വെളിച്ചം കാണാനാവില്ല. ഈ രോഗം ജനതയുടെ ഭാഗമായി മാറിയിരിക്കുന്നു. സമർത്ഥരും ശക്തരും എന്റെ സഹജീവിയുടെ മേൽ സവാരി നടത്തുമ്പോൾ മനുഷ്യസവാരി പാതകമാണെന്ന് വിളിച്ചുപറയാൻ എന്റെ മനസ്സ് സന്നദ്ധമാകുന്നില്ല. ക്രോധം നിറഞ്ഞ, എന്നാൽ ഏകാകിയായ എന്റെ വിഷാദ ലോകത്തിൽ ഇത്തരം അനീതിക്കെതിരെ നിശബ്ദമാകുന്ന എന്റെ ആത്മാവിന് ഏതു വാക്കുകൾ കൊണ്ട് വിലാപകാവ്യം കുറിക്കണമെന്നുപോലും എനിക്കറിഞ്ഞുകൂടാ.

എങ്ങനെയാണെന്റെ ശബ്ദം ഉയരുക? സ്വരം നാവിന്റെ കഴിവാണോ? ഏതായാലും ഉടലിന്റെ ശക്തികൊണ്ട് മാത്രം ശബ്ദം പുറപ്പെടുവിക്കാനാവില്ല. ജീവനില്ലാത്ത മാംസത്തിന്റെ ആയുസ്സ് ഇരുപത്തിനാല് മണിക്കൂറുകൾ മാത്രം. ഏറിയാൽ അത് മുപ്പത്തിയാറ്. എങ്കിൽ പിന്നെ ഏതു ശക്തിയും തുടങ്ങുക, പ്രാണനിൽതന്നെ. സംസ്കൃത പദമാണ് പ്രാണൻ. എല്ലാ മതങ്ങളും അംഗീകരിക്കുന്നുണ്ടത്. ജപ്പാൻകാരൻ അതിന് 'കി' എന്നു പേരിട്ടു. ചൈനാക്കാരൻ 'ചി' എന്നും. ഗ്രീക്കുകാരനത് 'ന്യുമ'യാണ്. ഹെബ്രായന് 'റൂഹാ'. നിലനില്പിന്റെ വെല്ലുവിളികൾക്കിടയിലും ജീവിക്കാൻ പ്രേരണ നൽകുന്ന ഒരു ഉൾവിളിയാണത്. വിവരിക്കാനാവാത്ത പ്രപഞ്ചതാളബോധവും ക്ഷണികമായ ശരീരത്തിനുള്ളിലെ അനശ്വരതയും തിരിച്ചറിയുന്ന ഏതോ ഒരു സൗഭാഗ്യം. ഈ ആത്മ അടയാളത്തെ ജെയിംസ് അല്ലൻ എന്ന ചിന്തകൻ കെട്ടിടത്തിന്റെ അസ്ഥിവാരത്തോട് ഉപമിക്കുന്നു. കെട്ടിടത്തെ നിലനിർത്തുന്ന, അതേസ


www.malankaralibrary.com

മയം മറഞ്ഞിരിക്കുന്ന, നീരിക്ഷിക്കപ്പെടാനാവാത്ത ഒരു അവസ്ഥാവിശേഷം.

സെന്റ് അഗസ്ത്യൻ ഈ പ്രാണന്റെ ആവാസത്തെ തീവ്രമായ ഏകാന്തതയിലും തപസ്സിലും അനുഭവിച്ചിട്ട് വിളിച്ചു: വൈകി വന്ന സൗഭാഗ്യം. അതിനായി വിശുദ്ധൻ അനുഭവിച്ച മുറിവുകൾക്ക് പറുദീസായിൽ നിന്നു എറിഞ്ഞുതന്ന മുള്ളിന്റെ മൂർച്ചയുള്ള സുഖമുണ്ടെന്നു പറഞ്ഞു. ഈ യോഗശക്തി കൊണ്ടാണ് ചരിത്രം ശുദ്ധീകരിക്കപ്പെടുക. ചരിത്രത്തെ ഭൂതകാല അനുഭവമായി മാത്രം മാറ്റി നിർത്താനാവില്ല. പ്രശ്നങ്ങളിൽ ചിലത് ഇന്നും നില നില്ക്കുന്നതിനാൽ ഭൂതകാലം സമകാലിക ചരിത്രമായി മാറുന്നു. ചില കാഴ്ച്ചപ്പാടുകളിൽ എല്ലാ ചരിത്രവും സമകാലിക ചരിത്രമാണ്. അവഗണിക്കപ്പെട്ട മനുഷ്യന്റെ നൊമ്പരങ്ങളിൽ ഒരു ദൈവം മറഞ്ഞിരിപ്പുണ്ടെന്ന് കാണാൻ, ഈ ശ്രേഷ്ഠ ശക്തി ഇടപെടേണ്ടിയിരിക്കുന്നു. ഈ ആത്മ ബദ്ധമായ കർമ്മപദത്തിന് കാതോർക്കുമ്പോഴാണ് വിമോചന ഭേരി നമ്മുടെ ഹൃദയത്തിൽ മുഴങ്ങി കേൾക്കുന്നത്.

ദൈവിക സത്യങ്ങളുടെ ഞാറ്റുവേലയ്ക്കു തടമൊരുക്കുന്ന കരുത്തിന്റെ ആൾരൂപമാണ് ഞാനെന്ന് തിരിച്ചറിയാൻ കാത്തിരിക്കേണ്ടി വരുമോ എനിയ്ക്ക്? പാടത്തും വരമ്പത്തും പണിയെടുത്ത പട്ടിണി കോലങ്ങളുടെ ഞെരുക്കവും ഞരക്കവും ആകാശങ്ങളിലേക്കുയർന്നപ്പോൾ അവയ്ക്കുള്ള ദൈവത്തിന്റെ മറുപടിയായിരുന്നു പ്രവാചകൻ.

പഴയ നിയമത്തിന്റെ ബാർബേറിയൻ സംസ്കാരത്തെ വചന കനലുകൊണ്ട് പൊള്ളിച്ചും പതിരു തിരിച്ചും എടുത്തവനാണ് പ്രവാചകൻ. പിഴുതെറിയാനും തകിടം മറിക്കാനും വെട്ടി നിരത്താനും നട്ടുവളർത്താനുമൊക്കെയായി കുറെ ജീവിതങ്ങൾ. പുതിയ നിയമത്തിലുമുണ്ട് ചിലർ. യേശുവിന്റെ കനലും കാറ്റുമായി തീർന്നവർ. ശിഷ്യൻ + റൂഹാ = ശ്ലീഹാ എന്നു പറയുന്നതാവും കൂടുതൽ ശരി. ഗുരുവിന്റെ പുറകെ ആർക്കും നടക്കാനാവും. ശിഷ്യൻമാരൊക്കെ അങ്ങനെയാണ്. യൂദാസ് സ്കറിയോത്താ ശിഷ്യനായിരുന്നു. പക്ഷേ ശ്ലീഹാ ആയില്ല. ഗുരുവിന്റെ നിശ്വാസം ഏല്ക്കുന്നവനാണ് ശ്ലീഹാ. താൻ കണ്ടതും കേട്ടതും തൊട്ടതും അനുഭവിച്ചതുമെല്ലാം ആദ്യം ഒരു ഓർമ്മയായും ക്രമേണ ദർശനമായും കൊണ്ടു നടന്നവൻ. ഓർമ്മകളുടെ തണലിൽ ഒരുവൻ പതുക്കെ പതുക്കെ ബലപ്പെടുന്നു.

എടുത്തു പറയത്തക്ക കാര്യങ്ങളില്ലാതെയും ജീവിതത്തിനു വ്യാഖ്യാനങ്ങൾ നൽകാതെയും ജീവിച്ച നാളുകളെ ഓർമ്മിച്ചെടുക്കുകയാണ് ഞാനും. എന്നിട്ടും ഏതോ ഒരു അദൃശ്യശക്തിയുടെ പിൻബലത്തിലാണ് എന്റെ ഓരോ ചുവടുവയ്പ്പും. ജീവിതപാഠങ്ങളൊക്കെ മരീചിക


www.malankaralibrary.com

യായി തോന്നിയിട്ടും ജീവിക്കാൻ പ്രേരിപ്പിക്കുന്ന എന്തോ ഒന്ന് ഉള്ളിൽ ഉറങ്ങുന്നതുപോലെ. അവിശ്വാസിക്കും വിശ്വാസിക്കുമുണ്ടാകും ഇത്തരം ഒരു പ്രേരണ. ഡച്ച് ചിത്രകാരൻ വിൻസെന്റ് വാൻ ഗോഗിന്റെ ജീവചരിത്രം കുറിച്ചിട്ട ഇർവിങ്ങ് സ്റ്റോൺ 1935 ൽ lust for life- ൽ പറഞ്ഞു: 'വാൻഗോഗിനെപ്പോലൊരാളിലെ പ്രതിഭ ഉണർന്നത് പ്രകൃതിയെ കീഴടക്കാനായിരുന്നു'. അദ്ദേഹം അജയ്യനായി മരിച്ചു. തികച്ചും അന്തർമുഖനായിരുന്നു വിൻസന്റ്. നിലനില്പിന്റെ പോരാട്ടത്തിലായിരുന്നു അയാൾ. പ്രണയത്തിന്റെയും വിഷാദത്തിന്റെയും നിഷേധത്തിന്റെയും വിശ്വാസത്തിന്റെയും നീരസത്തിന്റെയും ദാരിദ്രത്തിന്റെയുമൊക്കെ തട്ടകത്തിൽ ആവുന്നത്ര കളികൾ ജയിച്ചുവന്നവൻ. അയാളെ സമൂഹം ഭ്രാന്തനെന്നു മുദ്രകുത്തി, അപസ്മാരംകൊണ്ടയാൾ തളർന്നുപോയി. കൽക്കരി ഖനി തൊഴിലാളിയായും മെത്തഡിസറ്റ് പുരോഹിതനായും അയാൾ ജീവിച്ചു. എല്ലാം നിലനില്പിനു വേണ്ടിയുള്ള പോരാട്ടമായി കണ്ടാൽ മതി. കാലത്തെ അഗാധമാക്കിയ ഒട്ടനവധി ചിത്രങ്ങളെ പൂർത്തിയാക്കിയിട്ടും ഉള്ളിലെ ഏതോ ഒരു സ്വരത്തിന് കാതോർത്ത് വാൻഗോഗ് പറഞ്ഞു. എനിക്കിനിയും എന്റെ സ്വപ്നത്തിലെ സൂര്യനെ വരയ്ക്കാനായില്ലല്ലോ ദൈവമെ. അയാളുടെ പ്രതിഭ പ്രകൃതിയെ കീഴടക്കി. വിശ്വോത്തര ചിത്രകാരനായി. എന്നിട്ടും ഉള്ളിലെ സൂര്യന്റെ നിലവിളിയ്ക്കു മുമ്പിൽ അയാൾ നിസ്സഹായനായി. കാരിസത്തെ പ്രാണന്റെ പ്രതിഛായയായി കാണണം.

പഴയനിയമത്തിലെ പ്രവാചകദൗത്യം മൂന്നുശൈലികളിൽ വായിച്ചെടുക്കാമെന്നു തോന്നുന്നു. ആദ്യത്തേത് ഒരു ജെറമിയാ ശൈലിയാണ്. ദൈവത്തോടു കലഹിച്ചും ജനത്തിനുവേണ്ടി വാദിച്ചും ഒരുതരം വിപ്ലവകാരി. സഹജീവിക്കുവേണ്ടിയാണ് അയാളുടെ നിലവിളികളത്രയും. ദൈവത്തോടുപോലും കയർക്കാൻ പോന്ന ഒരുവന്റെ ക്ഷോഭങ്ങളെല്ലാം പാവപ്പെട്ടവന്റെ ആർത്തനാദങ്ങൾക്കുള്ള ഉത്തരമായിരുന്നു. അയാൾ ഇങ്ങനെയാണ് പ്രാർത്ഥിച്ചതുപോലും: 'എന്റെ ജനത്തിന്റെ വിലാപം ദേശമെങ്ങും മുഴങ്ങുന്നതു കേൾക്കാൻ ആരുമില്ലെ? കർത്താവ് സീയോനിൽ ഇല്ലെ? എന്റെ ജനത്തിന്റെ മുറിവ് എന്റെ ഹൃദയത്തെയും വ്രണിതമാക്കിയിരിക്കുന്നു'. രണ്ടാമത്തേത് സ്നാപക യോഹന്നാന്റെ രീതിയാണ്. ദൈവത്തെ പ്രഘോഷിച്ചും ലോകത്തോട് കലഹിച്ചും ഒരാൾ. ഭൂമിയിൽ മുഴങ്ങിയ ആ സ്വരം ജനതകളുടെ ദുഷിച്ചപ്രവണതകൾക്കെതിരെയുള്ള കലാപങ്ങളായിരുന്നു. സമൂഹത്തിന്റെ ചാപല്യങ്ങൾക്ക് വളഞ്ഞുകൊടുക്കാത്ത ഒരുവന്റെ പ്രതിരോധ ശക്തിയാണ് ആ വാക്കുകളിൽ മുഴങ്ങുക. മോബ് മരുഭൂമിയിൽ ചിട്ടപ്പെടുത്തിയ സ്നാപകന്റെ വാക്കുകൾ ശബ്ദം ധരിച്ചത് ഇങ്ങ് ഗലീലിയിലെ ജനജീവിതത്തിന്റെ പാഠമുറികളിലായിരു


www.malankaralibrary.com

www.malankaralibrary.com

ന്നു. സ്നാപകന്റെ ഓരോ ചോദ്യങ്ങളും ജനകീയ പ്രതികരണത്തെ ഉണർത്താൻ പോന്നതായിരുന്നു. ഞങ്ങൾ എന്തുചെയ്യണമെന്നായിരുന്നു അവർ ആവേശത്തോടെ ആരാഞ്ഞത്. ജനശക്തിയെ ഉണർത്തിയത് ജീവിതത്തെക്കുറിച്ചുള്ള പ്രവാചകന്റെ വിപൽ സന്ദേശങ്ങളായിരുന്നു. കാപട്യത്തിന്റെ വേരോട്ടമുള്ള സകല മേഖലയേയും സ്നാപകൻ വിമർശിച്ചു. അവരുടെ വിമോചനത്തിനായി അവരിലെ ജനകീയ ശക്തിയെ ഉണർത്തിയെടുത്തു. അതിനെ ആസന്നമായ ദൈവരാജ്യഘടനയിലേയ്ക്ക് പറിച്ചുനട്ടു. കാലം ഭൂമിയിൽ മുഴങ്ങിയ ആ വാക്കിനെ മുറിച്ചു താലത്തിൽ വച്ചു. എന്നിട്ടും അതിന്നും കലഹിച്ചുകൊണ്ടേയിരിക്കുന്നു. ഈ കലഹം സരളമായ ഒരു മനുഷ്യദർശനം തന്നെയാണ്. മനുഷ്യനോടുള്ള ഒരുവന്റെ കലഹങ്ങൾക്ക് ദൈവദത്തമായ ചാരുതകളുണ്ട്.

എസെക്കിയേൽ രീതിയാണ് മൂന്നാമത്തേത്. പ്രതിരോധിക്കാനാവാതെ ഒരു മനുഷ്യൻ. സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും സർവ്വ മർദ്ദങ്ങളും ഏല്ക്കേണ്ടിവരുന്ന യാന്ത്രപ്പാവ കണക്കെ ഒരാൾ. പഴയനിയമം അവനെക്കുറിച്ചു പറഞ്ഞതിങ്ങനെയാണ്: 'ദൈവമായ കർത്താവ് അരുളിചെയ്യുന്നു. ഇങ്ങനെ എസെക്കിയേൽ നിങ്ങൾക്ക് ഒരടയാളമായിരിക്കും' (24:24). എങ്ങനെ എന്ന് ഞാനൊന്ന് വായിച്ചെടുക്കാൻ ശ്രമിച്ചു. ഒരു സ്വർഗ്ഗത്തിന്റെ മർദ്ദം പ്രവാചകൻ അനുഭവിച്ചത് വിചിത്രമായി തോന്നും. സമൂഹമധ്യേ ചില അടയാളങ്ങളാക്കിത്തീർക്കപ്പെട്ട മനുഷ്യനാണയാൾ. ഉള്ളിലെ സ്വരം നിരന്തരം അയാളെ പീഡിപ്പിക്കുംപോലെ. ദുഷ്ടനെ ശാസിക്കാതിരുന്നാൽ അവന്റെ രക്തത്തിന് നീയാണുത്തരവാദിയെന്ന് അയാളോട് ദൈവം. ഭൂമിയിലെ എല്ല തെമ്മാടികളെയും തെരഞ്ഞുപിടിച്ച് ശാസിക്കുക കൈവിട്ടൊരുകളി തന്നെയാണ്. പിന്നെ പറയുന്നു കയറുകൊണ്ട് നിന്നെതന്നെ കെട്ടുക. നാല്പതു ദിവസം വലതു ചരിഞ്ഞു കിടക്കണം. മുന്നൂറ്റിതൊണ്ണൂറുദിനങ്ങൾ ഇടതുചരിഞ്ഞും. പത്തുപതിനാലു മാസങ്ങൾ എളുപ്പത്തിൽ പോയികിട്ടി. അതുതീരും മുമ്പെ അടുത്ത ജോലി. മനുഷ്യപുത്രാ നീ വായ് തുറക്കുക. നിന്റെ നാവിനെ ഞാൻ അണ്ണാക്കിലൊട്ടിക്കുകയാണ്. പട്ടിണിയ്ക്കിടാൻ പോകുന്നുവെന്നു സാരം. അതിനൊടുവിൽ കല്പന കിട്ടി, അപ്പമുണ്ടാക്കി ഭക്ഷിച്ചോളൂ, പക്ഷേ ഒരു വ്യവസ്ഥ. ചാണകം പുരട്ടി വേണം കഴിക്കാൻ! പിന്നീടയാളുടെ രൂപംപോലും സമൂഹമധ്യേ വികൃതമാക്കപ്പെട്ടു. വാളെടുത്ത് തലമുടിയും താടിയും വെട്ടി കത്തിക്കുക. കണ്ണുകെട്ടി ഭിത്തി തുരന്ന് അതിലൂടെ തിടുക്കത്തിൽ പുറത്തുകടന്ന് നഗരം വിട്ടോടുക. ഇതുവരെ ഉള്ളിലെ മർദ്ദം അയാളെ മാത്രമെ ലക്ഷ്യമിട്ടിരുന്നുള്ളു. ഇപ്പോളിതാ സ്വന്തം സഖിയേയും അത് നോട്ടമിട്ടു. എസെക്കിയേൽ, നിന്റെ ഭാര്യയെ മരണത്തിനേല്പിക്കു


www.malankaralibrary.com

കയാണ്. നീ വാവിട്ടു കരയരുത്, മറിച്ച് തലപ്പാവും ചെരുപ്പും ധരിച്ച് അവളെ സംസ്ക്കരിക്കുക. കൂട്ടത്തിൽ പുഞ്ചിരിക്കാനും മറക്കരുത്. ഉള്ളിലെ ഈ അസ്വസ്ഥതയ്ക്കു വഴിപ്പെട്ട എസക്കിയേൽ ഏതു കാലത്തും ഒരടയാളമായും സാധ്യതയായും എന്റെ മുൻമ്പിലുണ്ട്. ആദ്യമൊക്കെ ഈ അസുഖകരമായ സ്വരത്തെ പ്രവാചകൻ എതിർക്കും. പക്ഷേ അത് അവനെ നിർദ്ദയം കീഴ്പെടുത്തും. പരാജിതരായ വിപ്ലവകാരികളെയാണ് ദൈവത്തിനിഷ്ടംപോലും. അയാൾക്ക് ചിന്തിയ്ക്കാനുള്ള സ്വാതന്ത്ര്യമില്ല. അതിനാൽത്തന്നെ ഭാഷയുമില്ല. അയാളിലെ മാനസിക വ്യാപരങ്ങൾക്ക് നിലനിൽപ്പില്ല. എന്നാലും ചൈതന്യം തുളുമ്പുന്ന ദൈവസാന്നിധ്യത്തിന്റെ മുമ്പിലയാൾ കണ്ണു തുറന്നു പിടിച്ചിരിക്കുന്നു. അതുകൊണ്ടാണ് തന്റെ ഇരുണ്ട കാലത്തിൽ അയാൾ മാത്രം ഉള്ളിലെവെട്ടം കൊണ്ട് ചില അടയാളങ്ങൾ തീർക്കുന്നത്. ദൈവം ദൈവത്തിനുവേണ്ടി അയാളിലൂടെ പ്രവഹിക്കുകയാണ്.

ആധുനിക പ്രവാചകർക്കും ദർശകർക്കും ഇടയിൽ എസെക്കിയേൽ ഒരു വിമർശന അടയാളം കൂടിയാണെന്ന് തോന്നുന്നു. നവീന ദർശനങ്ങളുടെയും പ്രവചനങ്ങളുടെയും നാട്യങ്ങളെ നിരാകരിക്കുന്ന, വാക്കുകളുടെ അമിത ഭാരത്തെ അവഗണിക്കുന്ന, ഒരു ധിഷണയുടെ നിലനില്പിനെ പരിചയപ്പെടുത്തുകയാണ് യഥാർത്ഥത്തിൽ എസക്കിയേൽ. അതുകൊണ്ട് അയാൾ സമൂഹമധ്യേ സുരക്ഷിതനാകുന്നില്ല. പ്രവചനങ്ങൾ ഒരുക്കുന്ന അപകടങ്ങളിലേയ്ക്കും സമൂഹം വിരിക്കുന്ന കെണികളിലേയ്ക്കും അയാളും വീണു പോകുന്നു. ഈ മൂന്നു സാധ്യതകളും പ്രവാചക വഴിയിലുണ്ട്. ജെറമിയായും, സ്നാപകനും, എസെക്കിയേലും. ആദ്യത്തെ രണ്ടുപേരും കലഹങ്ങളുടെ ലോകത്താണ്. ഒടുവിലത്തയാളാവട്ടെ, സംഭീതമായ മൗനമവലംബിച്ച് മരണത്തിന്റെ ശൈത്യവഴികളിലൂടെ ഒറ്റയ്ക്ക് നടക്കുകയും. എങ്കിലും അയാളും സമൂഹത്തിന്റെ രോഗാതുരതയോട് അടയാ ളങ്ങളിലൂടെ കലഹിക്കും. ഒരു സമൂഹത്തിന്റെ ജീർണ്ണതകൾ മുഴുവൻ ആ ചെറു ജീവിത പുസ്തകത്തിൽ സവിശേഷ ഉപമകളും അടയാളങ്ങളുമായി വരച്ചിട്ടിരിക്കുകയാണ്. ദൈവം ചിലപ്പോൾ അങ്ങനെയാണ്.

*പത്രവാർത്ത കണ്ട് അയാൾ പറഞ്ഞു:*
*കീടങ്ങളായിരുന്നു; അല്ലേൽ കീടനാശിനി കഴിച്ച്*
*മരിക്കുമായിരുന്നോ?*
*പുലർച്ചെ ഉണർന്നു. പാടത്തു പണിതു. ഉച്ചയ്ക്ക്*
*മുണ്ട് മുറുക്കി ഉടുത്തു. അത്താഴം കിനാവ് കണ്ടു.*
*രാവിലെ കീടനാശിനി കഴിച്ച് മരിച്ചു. വാർത്ത*
*കഴിഞ്ഞു.*
*ബ്ലേഡുകാരന്റെ വിളിയും ബാങ്കുകാരന്റെ*
*ജപ്തിയും വാർത്തയിൽ ഇടം പിടിച്ചില്ല.*
*കീടങ്ങളായിരുന്നു-*
*അല്ലേൽ കീടനാശിനി കഴിച്ച് മരിക്കുമായിരുന്നോ?*

*പി. സുരേന്ദ്രൻ : 'ചെറിയ കഥകൾ'*

www.malankaralibrary.com

# 17

# സ്നേഹനിലാവ്



***'വിശുദ്ധനാകാൻ അധികം സമയം വേണ്ടിവരില്ല. പക്ഷേ സ്നേഹിക്കാൻ ധാരാളം സമയം വേണ്ടിവരും '.***

***വി. ഫ്രാൻസിസ് അസ്സീസി***

സ്നേഹത്തിൽ നിന്നും തെന്നിമാറിയപ്പോഴൊക്കെ സ്വയം ഇടിച്ചു താഴ്ത്തുന്ന അഭിപ്രായം ഞാനും വച്ചുപുലർത്തി. ആരെങ്കിലും എന്നെ അംഗീകരിച്ചു തുടങ്ങിയാൽ തന്നെ അയാളെയും എന്നേപ്പോലെ തരം താണവനായി കരുതുന്ന ചിന്തയാണത്. എനിക്കു മീതെ നിൽക്കുന്നവരൊക്കെ എന്റെ അറിവിന്റെയും സൗഹൃദത്തിന്റെയും വലയങ്ങൾക്കു പുറത്തുള്ളവരാകണം എന്ന നിർബന്ധം. ഞാൻ നിങ്ങളെ സ്നേഹിക്കാം, അംഗീകരിക്കാം. പക്ഷേ, ഒരു വ്യവസ്ഥ. നിങ്ങൾ എന്റെ പരിചയക്കാരനാവരുത്. ആവശ്യവുമായി എന്റെ മുന്നിൽ കൈനീട്ടുകയുമരുത്. നിങ്ങൾ ആവശ്യക്കാരനാണെന്നുകണ്ടാൽ നിങ്ങളെ ഞാൻ വിലകുറച്ചെ കാണു. ലഭ്യത കൂടുമ്പോൾ സ്നേഹം കുറയുന്നു. അങ്ങനെയാണ് കാര്യങ്ങൾ. കൂടെ ജീവിക്കുന്നവർക്ക് നൽകുന്നതിനേക്കാൾ പരിഗണന ഞാൻ അതിഥികൾക്കുനൽകുന്നു. എനിക്കിപ്പോൾ സ്നേഹമെന്നൊരു വികാരം ഇല്ല. കൗതുകം മാത്രമെയുള്ളു.

www.malankaralibrary.com

www.malankaralibrary.com

സ്നേഹത്തിന് അസാമാന്യ വശ്യതയുണ്ടെന്ന് നിത്യചൈതന്യയതി. അദ്ദേഹം നാടൊട്ടുക്കും സ്നേഹസംവാദങ്ങൾ നടത്തി. അതിൽ പങ്കെടുക്കുന്നവരിൽ ഒരാളിന്റെയും മുഖം തിരിച്ചറിയാനാവാത്ത അവസ്ഥ. അവരുടെ മുഖം നക്ഷത്രം പോലെ മിന്നുന്നു. ദൂരെ മാറിയിരിക്കുന്നവരുടെ കണ്ണുകൾപോലും തിളങ്ങുന്നു. ആ സ്നേഹത്തിൽ അകപ്പെട്ട യതിയുടെ ചിറകിന് കനം വച്ചു തുടങ്ങി. തേനിൽ വീണുപോയ ഒരീച്ചയെപ്പോലെ.

സ്നേഹം ഇരിപ്പിടമുറപ്പിക്കുന്നത് ഹൃദയത്തിലാണെന്ന് പഴമക്കാർ. 'ഹദിയും' 'അയവും' ചേർന്ന പദമാണ് ഹൃദയം. ദൈവം വസിക്കുന്നിടമെന്നാണ് വാച്യാർത്ഥം. മാംസളമായ, കഠിനമാകാൻ യാതൊരു സാധ്യതയുമില്ലാത്ത സ്ഥലമാണത്. അവിടെ അരൂപിയായ ദൈവം വസിക്കുന്നു. ആത്മാവ് മാംസത്തെ നിരന്തരം സ്പർശിക്കുന്നുവെന്ന് സാരം. മാംസമാണ് എന്റെ ആത്മീയതയുടെ അടയാളം. അത് ഈശോയുടെയാണെങ്കിലും എന്റെയാണെങ്കിലും. മാംസത്തെ കൈകാര്യം ചെയ്യുന്ന രീതിയുടെ പേരാണ് സ്നേഹം. Divine treatment of flesh.

രണ്ടു വിധത്തിൽ മാംസം ഇന്ന് മാർക്കറ്റിൽ വിൽക്കപ്പെടുന്നുണ്ട്. ആദ്യത്തേത് മത്സരങ്ങൾ(Competition) സംഘടിപ്പിച്ചാണ്. മനുഷ്യശരീരത്തിന്റെ പോഷണത്തിന് വേണ്ട ഉല്പന്നങ്ങളൊക്കെ മസാലചേർത്തു വിളമ്പുന്നു. പരസ്യങ്ങളിൽ നിറയുന്നതും ഈ ഉടലിനെ ത്രസിപ്പിക്കുന്ന കഥകളാണ്. യൗവ്വനത്തിന്റെ ഗ്രാമറുകളിൽ ശരീര ഭാഷ പഠിപ്പിക്കുന്നു. വികലാംഗരെയും ദരിദ്രരേയും വൃദ്ധരേയും മാധ്യമങ്ങളിൽ അപൂർവ്വമായെ കാണാറുള്ളൂ.

രണ്ടാമത്തെ രീതി വിഘടനം (Conflict) സൃഷ്ടിച്ചുകൊണ്ടാണ്. സ്വരചേർച്ചയുള്ളതിനെ ഭിന്നിപ്പിച്ചാലെ മാംസത്തിന്റെ വിശദാംശങ്ങൾ വ്യാഖ്യാനിക്കപ്പെടുകയുള്ളു. ചാനൽ ചർച്ചകളൊക്കെ ആ വഴിക്കാണു നീങ്ങുക. 45 ദിവസം പീഡനത്തിൽ പെട്ടുപോയ ഒരു കുഞ്ഞുസഹോദരിയെ ഒരു ചാനൽ സുഹൃത്ത് സമൂഹത്തിന് പരിചയപ്പെടുത്തി തുടങ്ങിയത് ഈയിടെ കണ്ടു: വളയിടാറില്ലെ? ഏതാണ് ഇഷ്ടപ്പെട്ട വേഷം? ആരാണ് കുട്ടിയ്ക്കുവേണ്ടി ഇതൊക്കെ സെലക്ട് ചെയ്യുന്നത്? ജാതിയും മനസ്സുമല്ല ഭിന്നിപ്പുണ്ടാക്കുന്നത്. വിഘടിച്ചും പുഴുക്കുത്തേറ്റും ശോഷിച്ചു പോയ മനസ്സുകളാണ്.

സുവിശേഷ സ്നേഹം സമഗ്രമാണ്. മത്സരങ്ങളും വിഘടനവുമല്ല സ്നേഹത്തിനാധാരം. ശാന്തമായാണ് അത് ഹൃദയത്തിലേക്ക് അരിച്ചിറങ്ങുക. പാദ്രേപിയോ എന്ന വിശുദ്ധൻ സഭയിലെ പഞ്ചക്ഷതധാരിയാണ്. അധികാരികൾ അദ്ദേഹത്തെ സംശയിച്ച കാലമുണ്ടായിരുന്നു. ശുശ്രൂഷകൾക്കുപോലും വിലക്ക് ഏർപ്പെടുത്തപ്പെട്ട കുറെയധികം നാളുകൾ. പക്ഷേ ശുദ്ധസ്നേഹം അദ്ദേഹത്തെ കീഴ്പ്പെടുത്തി. അധികാരികൾക്കും വഴങ്ങി അദ്ദേഹം മുന്നോട്ടു നീങ്ങി. കാലത്തിന്റെ പൂർത്തിയിൽ അദ്ദേഹത്തെ ദൈവം വിശുദ്ധ ഗണത്തിലേക്കുയർത്തി. പരിസരത്തെ സ്വച്ഛതപ്പെടുത്തുമ്പോഴാണ് സ്നേഹം ഒഴുകിയിറങ്ങുക. അതുതെരഞ്ഞാണ


www.malankaralibrary.com

ല്ലോ, ഈശോ രാത്രിയുടെ യാമങ്ങളിൽ ഉണർന്നിരുന്നു പ്രാർത്ഥിച്ചത്. സ്നേഹിതർക്കുവേണ്ടി ജീവൻ ബലികഴിക്കാനും അവൻ തയ്യാറായി.

കൽക്കരി ഖനിയ്ക്കു സമീപമായിരുന്നു ആ വിധവയുടെ കുടിൽ. തീവണ്ടിയിൽനിന്നും തെറിച്ചുവീഴുന്ന കൽക്കരി ശേഖരിച്ചാണവർ ജീവിച്ചത്. പ്രായം ആ ദരിദ്രയുടെ കാഴ്ച്ചയെ കവർന്നെടുത്തു. റെയിൽ പാളത്തിന്റെ അരികുകളിലൂടെ ഇന്നവർക്ക് അധികദൂരം നടക്കാനാവില്ല. എന്നിട്ടും അവർക്ക് കൽക്കരി അന്നന്നത്തേക്കുള്ള അന്നത്തിനു വകയായി കിട്ടുന്നുണ്ട്. ഒരു ഖനിതൊഴിലാളിയാണത്. എന്നും അവർക്കുവേണ്ടി കുറെ കൽക്കരി ആ വഴിയിൽ വിതറുന്നുണ്ടായിരുന്നു അയാൾ. വീണു പോകുന്നവർക്ക് സ്നേഹത്തിന്റെ കണിക വിതറുന്ന തീവ്രമായ ഉദാഹരണം.

ടാഗോർ ഇങ്ങനെ കുറിച്ചു: 'ലോകമെ ഞാൻ വേർപിരിയുമ്പോൾ എനിക്കായി നിന്റെ നിശബ്ദതയിൽ ഒരു വാക്കു കരുതി വയ്ക്കുക, ഞാൻ സ്നേഹിച്ചിരുന്നുവെന്ന്''.

ചിലർക്ക് സ്നേഹം പൊടുന്നനേ സംഭവിക്കുന്ന ഒരു വെളിപാടാണ്. ജെയിംസ് ജോയിസ് എന്ന എഴുത്തുകാരൻ അതിനെ എഫിഫനി (ephiphany) എന്നു വിളിക്കുന്നു. ദിവ്യമായ ജനനമാണത്. വെർജീനിയ വൂൾഫ് ഉൺമയുടെ നിമിഷങ്ങൾ (moments of being) എന്നു വിളിച്ചതും ഈ പ്രത്യക്ഷമാകുന്ന സ്നേഹത്തെയാണ്. അത് വെളിപ്പെടാത്ത കാലത്തെല്ലാം ആത്മാവിന്റെ പ്രശ്നമായി അവശേഷിക്കുന്നു. അപ്പോഴാണ് സ്നേഹത്തിന് ഭൂതവും ഭാവിയും ജനിക്കുക. ആന്തരികതയിൽനിന്ന് പൂവിടുമ്പോഴെല്ലാം സ്നേഹം നിത്യ വർത്തമാനകാലത്താണ്. വർത്തമാന നിമിഷത്തിൽ ഉണ്ടാകുന്ന തിരുപ്പിറവിയാണ് സ്നേഹം.

ഏതു നേരത്തും ഏതു സ്ഥലത്തും ഒരാളുടെ ആന്തരിക സ്നേഹം ആവിഷ്ക്കരിക്കപ്പെടണം. അയാളുടെ മുഴുവൻ വൈകാരിക സംഘർഷങ്ങളും, വിചാരങ്ങളും ദർശനങ്ങളും അപ്പോൾ പുറത്തുവരും. അതിൽ മരണവും വിഷാദവും കലർന്നുകിടപ്പുണ്ടാകും. നിലനില്പ്പും നൃത്തവും ഇഴകൊരുത്തിട്ടുണ്ടാവും. സ്നേഹം അങ്ങനെയാണ് ഒരു ജീവനകലയാകുന്നത്. എല്ലാ കലകളും ആവിഷ്കരിക്കപ്പെടുന്നതാണല്ലോ!

കലകൾ സ്വയം നിരസിക്കുന്നുണ്ട്. അതിന് സ്വത്വം നിരസിക്കുന്ന ഒരു നിമിഷം വരും. നൃത്തത്തിന്റെ പാരമ്യത്തിൽ നർത്തകൻ സ്വയം മറന്ന് ആടുന്നപോലെ സംഗീതത്തിന്റെ ലയം ഉച്ചസ്ഥായിയിൽ എത്തുമ്പോൾ ഗായകൻ സ്വയം വിസ്മരിക്കുംപോലെ, ഒരു സ്വയംനിരാസം. അപ്പോഴാണ് കല ആവിഷ്ക്കരിക്കപ്പെടുന്നതും, ലോകത്തോടു സംസാരിക്കുന്നതും. അത് സ്നേഹത്തിന്റെ ഭാഷയാണ്.

സ്നേഹകലയുടെ അടയാളങ്ങൾ ഏതു സംസ്ക്കാരത്തിന്റെയും തിരുശേഷിപ്പുകളാണ്. ആ അടയാളങ്ങളുടെ സമ്പന്നതകൊണ്ടാണ് സംസ്കാരം വികസിക്കുക. സഭയുടെ തനിമ മനുഷ്യരക്ഷയുടെ ആഖ്യാനത്തിലാണ് നിലകൊള്ളുക. അതൊരടയാളമാണ്. മനുഷ്യനെ രക്ഷിച്ച ദൈവസ്നേഹത്തിന്റെ അടയാളം. ആരാധന ആ നിഗൂഢരഹസ്യത്തിന്റെ

ആഘോഷമാണ്.

ആരാധനയ്ക്ക് പൗരസ്ത്യർ ഐക്കൺ ചിത്രങ്ങളുടെ സഹായം തേടുന്നു. ഭൗമികനേത്രങ്ങൾക്കു ഗോചരമാകുന്ന മാനുഷികവശങ്ങ ളല്ല ഐക്കണുകളുടെ വിഷയം. ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയ, കണ്ണുകൾ കാണുകയോ ചെവികൾ കേൾക്കുകയോ മനസ്സു ഗ്രഹിക്കുകയോ ചെയ്തിട്ടില്ലാത്ത (1കോറി.2:9) ദൈവസ്നേഹത്തിന്റെ ആഹ്വാനങ്ങളാണവ. അവ സ്വർഗ്ഗീയമായ സൂചനകളാണ്. സ്നേഹ ത്തിന്റെ ആഖ്യാനങ്ങളും ആവിഷ്ക്കാരങ്ങളും സ്വർഗ്ഗീയമാണ്. നിർവ്വാ ണത്തേക്കാൾ ഉയർന്നൊരവസ്ഥയാണതെന്ന് പ്രവാചകകവി ജിബ്രാൻ. നിർവ്വാണപദത്തിനൊരു സ്വാർത്ഥലാഭത്തിന്റെ പ്രലോഭനമുണ്ട്. സ്നേ ഹം പക്ഷെ, സ്വർഗ്ഗത്തിനും നരകത്തിനും അപ്പുറം സഹജമായുള്ള ഒരു തളിരിലാവും.

ആഴ്ച്ചയുടെ എല്ലാ അവസാനനാളിലും ഗുരു അപ്രത്യക്ഷനാ കും. ഗുരുവിന്റെ തിരോധാനത്തിന്റെ പൊരുളറിയാൻ ശിഷ്യൻ ആഗ്രഹി ച്ചു. ഏകാന്തതയിൽ നിഗൂഢമായ ദൈവസമാഗമത്തിലാവും ഗുരുവെ ന്നവർ വിശ്വസിച്ചിരുന്നു. ഏതായാലും ഒരു ശിഷ്യൻ ചാരനായി. ഗുരു വിന്റെ രഹസ്യപ്രയാണങ്ങൾ അവൻ കണ്ടെത്തി. സാധാരണക്കാരന്റെ വേഷം ധരിച്ച് ഗുരു ഒരു പുറജാതിക്കാരിയുടെ വീട്ടിലെത്തുന്നു. ആ കുടിലിൽ അവളുടെ തളർന്നുപോയ ജീവിതസഖിയെ ശുശ്രൂഷിക്കുന്നു. മുറി വൃത്തിയാക്കി പാചകം ചെയ്യുന്നു. അല്പനേരം പ്രാർത്ഥിച്ചിട്ട് മടങ്ങു ന്നു. തിരികെയെത്തിയ ചാരനോട് മറ്റുള്ളവർ തിരക്കി: 'അദ്ദേഹം ഏഴാം സ്വർഗ്ഗം കടക്കുന്നതു കണ്ടോ?' 'അദ്ദേഹം അതിലും ഉയരത്തിലേക്കാണ് പോയത്'. അയാൾ മറുപടി പറഞ്ഞു. സ്നേഹത്തിന് ഒരു പ്രലോഭനമു ണ്ടെങ്കിൽ അത് സ്നേഹം മാത്രമാണ്.

കാഫ്ക്കയുടെ കൃതികളിൽ ഒട്ടു മിക്ക കഥാപാത്രങ്ങളും, തങ്ങൾക്കപ്പുറത്തുള്ള ലോകത്തെപ്പറ്റി ഉത്കണ്ഠപ്പെടുന്നുണ്ട്. സ്വയം നിരാസത്തിന്റെ ഒഴുക്കാണ് അദ്ദേഹത്തിന്റെ സൃഷ്ടികളിൽ കാണുക. ഉറച്ചു പോയ മൂല്യങ്ങളല്ല സൗന്ദര്യമുള്ള ലയമാണ് അതിന്റെ ശൈലി. സ്നേഹത്തിന്റെ മഷികൊണ്ടാണ് സുവിശേഷം ഈ വാക്കുകൾ വരച്ചി ട്ടിരിക്കുന്നത്: 'സ്വന്തം ജീവൻ രക്ഷിക്കാനഗ്രഹിക്കുന്നവൻ അതു നഷ്ട പ്പെടുത്തുന്നു. സ്വന്തം ജീവൻ നഷ്ടപ്പെടുത്തുവാൻ ആഗ്രഹിക്കുന്നവൻ അതു കണ്ടെത്തുന്നു'(മർക്കോസ് 8:35).

സ്നേഹത്തിന്റെ നൈർമ്മല്യഭാവം ഏറ്റവും കൂടുതൽ ശേഖരി ക്കപ്പെടുക കുടുംബത്തിലാണ്. ആർക്കും എവിടെയും എത്രദൂരത്തേക്കും ഒപ്പമെടുക്കാവുന്ന ബന്ധമാണ് വീട്. ചുവരുകൾക്കുള്ളിലേക്ക് അത് ഒതുങ്ങാത്തത് അതിന്റെ കാത്തിരിപ്പും കരുതലുംകൊണ്ടാണ്. ജോലിയ ന്വേഷിച്ച് നഗരത്തിലെത്തിയ ഒരു ചെറിയ കുടുംബം. ഒരു ഭവനം കണ്ടു പിടിക്കാൻ കഴിയാതെ ഒരാഴ്ച്ചയോളം അവർ ഒരു ലോഡ്ജിൽ തങ്ങി. 'ഒരു വീടില്ലാത്തത് വളരെ കഷ്ടം തന്നെയാണല്ലെ'? ആരോ ചോദിച്ചു.

കുട്ടിയാണുത്തരം പറഞ്ഞത്. 'ഞങ്ങൾക്കൊരു കുടുംബമുണ്ട്. താമസിക്കാനൊരിടമില്ലന്നെയുള്ളൂ'. ദൂരേക്കുപോയവർക്കുവേണ്ടി ഉറക്കമിളച്ച് വീട് കാത്തിരിക്കുന്നു. മയക്കത്തിൽ പ്രിയതമനെ കണ്ട് സഖി ഞെട്ടിയുണരുന്നു. അതിരുകൾക്കപ്പുറത്തേക്ക് പടർന്ന സ്നേഹമാണ് വീട്. സ്നേഹം വഞ്ചിയിറക്കുമ്പോൾ നമുക്ക് അമരക്കാരാവാം.

*തിരക്കുള്ള റയിൽവേസ്റ്റേഷൻ. സാമാന്യം തടിച്ച ഒരു സ്ത്രീ കൈനിറയെ ലഗേജുമായി ട്രെയിനിൽ കയറാൻ ബദ്ധപ്പെടുകയാണ്. ഒരു ചെറുപ്പക്കാരൻ തിരക്കിനിടയിലൂടെ അവർക്കു മുമ്പിൽ എത്തി.*
*'മാഡം, പെട്ടെന്ന് കയറൂ, ട്രെയിൻ ഇപ്പോൾ വിടും'.*
*'കഴിയുന്നില്ല. ട്രെയിനിനു നല്ല ഉയരം'.*
*'സഹായിക്കട്ടെ?'*
*'എങ്ങനെ?'*
*'എന്റെ പുറത്തുചവുട്ടി കയറൂ...!'അവൻ മുട്ടുമടക്കി കുനിഞ്ഞു കിടക്കുകയാണ്. ഒരു പടി കണക്കെ. അവർ മനസ്സില്ലാമനസ്സോടെ അവന്റെ മുതുകിൽ ചവുട്ടി ട്രെയിനിനുള്ളിൽ കയറി. വണ്ടി മുന്നോട്ടു നീങ്ങി. എല്ലാം കണ്ടു നിന്ന ഒരു വിദേശി ട്രെയിനിനുള്ളിൽ അവനെ പരിചയപ്പെട്ടു.*
*ഏതാനും ആഴ്ച്ചകൾക്കുശേഷം വിദേശത്തുനിന്ന് ചെറുപ്പക്കാരൻ പഠിച്ച കോളജിലെ പ്രിൻസിപ്പലിന് ഒരു കത്തു വന്നു. 'നിങ്ങളുടെ കോളജിലെ ഇന്ന വിദ്യാർത്ഥിയ്ക്ക് ഞങ്ങളുടെ യൂണിവേഴ്സിറ്റി ഏറ്റവും മികച്ച സ്കോളർഷിപ്പ് നൽകാൻ ആഗ്രഹിക്കുന്നു'. കോളജ് അധികൃതർ മറുപടി എഴുതി: 'അവനെക്കാൾ അർഹർ ഞങ്ങളുടെ കോളജിലുണ്ട്''. വീണ്ടും വിദേശത്തുനിന്നും മറുപടി. 'ഞങ്ങൾ അവനെ തെരഞ്ഞെടുക്കുന്നു. അവന്റെ മുതുകിലെ പാദമുദ്രയാണ് ഏറ്റവും വലിയ അർഹത'.*

www.malankaralibrary.com

# 17

## ദീപ്തം



***വിശുദ്ധലിഖിതങ്ങളിൽ പറഞ്ഞിട്ടു ള്ളതുപോലെ ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി മരിക്കുകയും സംസ്ക്കരിക്കപ്പെടുകയും എഴുത പ്പെട്ടിരിക്കുന്നതുപോലെ മൂന്നാം നാൾ ഉയിർപ്പിക്കപ്പെടുകയും ചെ യ്തു.***

**സെന്റ് പോൾ**

ഉയിർപ്പിന്റെ പ്രഭയാണ് ക്രൈസ്തവ മുഖത്തെ ഇത്ര ശോഭ നമാക്കിയത്. സുവിശേഷം രചിക്കപ്പെട്ടത് ഉത്ഥാനത്തിന്റെ ചുവടു പിടിച്ചാണ്. അതിന്റെ ആദ്യാക്ഷരങ്ങൾ കുറിക്കപ്പെട്ടത് ഉയിർപ്പിന്റെ അനുഭവത്തിലാണ്. അവർ കണ്ടതും തൊട്ടതും അനുഭവിച്ചതുമെല്ലാം പകർത്തിയെഴുതി. ഉത്ഥാനമില്ലെങ്കിൽ എന്റെ പ്രസംഗവും വിശ്വാസവും വ്യർത്ഥമെന്ന് സെന്റ് പോൾ. അതുതന്നെയാണ് യേശുവിനെ മറ്റു ദേവ ഗണങ്ങളിൽ നിന്ന് മാറ്റിനിർത്തുന്നത്. മരണത്തിനുശേഷമാണ് ഈ പ്രഭ ഭൂമിയെ തൊട്ടുണർത്തുന്നത്. അവൻ ഉയിർത്തു നടന്ന വഴികളിൽ നിന്ന് മരണം മാഞ്ഞുപോയി.

www.malankaralibrary.com

ഉത്ഥാനത്തെ ധ്യാനിക്കുമ്പോൾ മനസ്സും ജീവനും ദീപ്തമാകും. ബേൺസ്റ്റൺ പറയുന്നു: ഉയിർപ്പ് എല്ലാ വ്യവസ്ഥകൾക്കും അതീതമാണ്. കാരണമൊന്നും കൂടാതെ അത് മനസ്സിന്റെ തുടർച്ചകൾക്ക് വിരാമം കുറിയ്ക്കും. മരണത്തോടു മുഖാമുഖം നിന്നവന്റെ പൂർണ്ണമായ പുഷ്പിക്കൽ. മരണത്തിനധീനപ്പെടുന്നതിനെയെല്ലാം ഉപേക്ഷിയ്ക്കലാണത്. ബോധത്തിന്റെ പ്രകാശപുഞ്ജം.

ഉയിർപ്പിന് നിരവധി അടയാളങ്ങളുണ്ട്. കല്ലറ ശൂന്യമായി എന്നതാണൊന്ന്. ഉത്ഥാനം സജീവവും ചലനാത്മവുമാണ്. കല്ലറ അടച്ചുപൂട്ടി അവർ മുദ്രവച്ചിരുന്നു. ഓജസ്സും തേജസ്സും കൈമോശം വരുന്നത്, എന്തിനെയും ഞാൻ അടച്ചുപൂട്ടുന്നതുകൊണ്ടാവാം. മുൻവിധികളുടെ കെണിയൊരുക്കിയും നിശ്ചിതമായ ചിന്തകളുടെ താഴിട്ടും ഞാൻ ഉയിർപ്പു തടയുന്നു. ഭയം കൊണ്ടാണ് അവർ കല്ലറയ്ക്ക് കാവൽ ഏർപ്പെടുത്തിയതും ശവകുടീരത്തിനുമുമ്പിൽ അടിഞ്ഞുകൂടിയിരുന്നതും. സ്നേഹത്തിനുമാത്രമെ ഒരു കവാടമാകാനാവൂ. ഭയവും സമ്മർദ്ദങ്ങളും പുറത്തേക്കൊഴുക്കുന്ന കവാടമാവുക. കല്ലറകൾ ശൂന്യമാവട്ടെ.

ഉത്ഥാനവാർത്ത കേട്ടപ്പോൾ ശിഷ്യരിൽ പലരും ആദ്യമെ ഭയപ്പെട്ടു തുടങ്ങി. ഉത്ഥിതൻ അവരെ നോക്കിപ്പറഞ്ഞു: ഭയപ്പെടേണ്ട! ഉയിർപ്പിനെ കേവലം വാർത്തയായി കേട്ടതുകൊണ്ടാവും അവർ കൂടുതൽ സംഭീതരായത്. വിവരവും വാർത്തയും അറിവിനോളം വ്യക്തത മനസ്സിനു നൽകുന്നില്ല. രണ്ടുകൂട്ടുകാർ മത്സരിച്ച് ചെസ്സ് കളിക്കുകയാണ്. ഇരുവരും ഒരേപോലെ സമർത്ഥർ. കളിയങ്ങനെ നീണ്ടുപോയി. മാസങ്ങളോളം. അങ്ങനെയിരിക്കെ ഒരാൾ മറ്റെയാളെ തോല്പിക്കാൻ തുടങ്ങി. മിക്കവാറും എല്ലാ കളികളിലും. ഇതെന്തു മറിമായമെന്നയാൾ വിസ്മയിച്ചു. തന്റെ കളിയെങ്ങനെ മെച്ചമാക്കാമെന്ന് ചിന്തിച്ച് 'എങ്ങനെ ചെസ്സ് കളിക്കാം' എന്ന നാലു വാല്യങ്ങളുള്ള ഒരു പുസ്തകം അയാൾ വാങ്ങിച്ചു പഠിക്കുന്നുണ്ടായിരുന്നു. എന്നിട്ടും തോറ്റുപോകുന്നു. ഏറെ ചിന്തകൾക്കുശേഷം അയാൾക്ക് ഒരു ആശയമുദിച്ചു. ആ പുസ്തകങ്ങൾ തന്റെ സുഹൃത്തിനയാൾ സമ്മാനമായി അയച്ചുകൊടുത്തു പിന്നീട് രണ്ടുപേരും ഒരുപോലെ കളിച്ചുതുടങ്ങി. മനസ്സ് വിവരങ്ങൾകൊണ്ട് നിറയ്ക്കാം. എന്നാലത് അറിവാകണമെന്നില്ല.

ഉത്ഥാനം ഒരു സത്യമാണ്. സത്യം കുലീനത്വമുള്ളതാണ്. അത് വോട്ടുകൊണ്ടും സംഖ്യാബലംകൊണ്ടും നിർണ്ണയിക്കപ്പെടേണ്ടതല്ല. അത് തെളിവുപോലും ആവശ്യപ്പെടാതെ നിലനില്ക്കുന്ന സ്വയം പ്രകാശമാണ്. സ്വയം സാക്ഷ്യവുമാണ്. ഇന്ന് സാക്ഷികളാണ് സത്യത്തിന് അകമ്പടി പോവുക. ഒരാൾ മരിച്ചെന്നു കരുതി ആളുകൾ സംസ്കരിക്കാൻ കൊണ്ടു

പോയി. പോകും വഴി അയാൾക്ക് ബോധം വന്നു. ചുറ്റുമുള്ള രംഗം കണ്ട് അയാളുടെ ബോധം വീണ്ടും മറഞ്ഞു. സെമിത്തേരിയിൽ വച്ച് പെട്ടിയ ടയ്ക്കുംമുമ്പ് അയാൾക്ക് ബോധം തിരികെക്കിട്ടി. അയാൾ നിലവിളിച്ചു. ഞാൻ മരിച്ചിട്ടില്ല! എനിക്ക് ജീവനുണ്ട്. വിദഗ്ധർ പറഞ്ഞു. പുനർജ്ജനി ക്കുക സാധ്യമല്ല. അമ്പതു സാക്ഷികളും അത് ഏറ്റുപറഞ്ഞു. അയാൾ മരിച്ചിരിക്കുന്നു. അങ്ങനെ അയാൾ അടക്കപ്പെട്ടു, ആഘോഷമായിത്തന്നെ. സ്വയം പ്രകാശിതമായതിന് സാക്ഷ്യമാകാനാവും സാക്ഷ്യപ്പെടുത്താൻ ആളുകൾ ഇല്ലെങ്കിൽത്തന്നെ.

ആഴ്ച്ചയുടെ ആദ്യനാൾ അതിരാവിലെ തന്നെ മഗ്ദലേനായും കൂട്ടരും കല്ലറയുടെ അടുത്തേക്കു വന്നു. പരിസരം തീർത്തും അപകട പ്പെടുത്തുന്ന ഒന്നായിരുന്നു. സ്ത്രീകൾ വെട്ടം വീഴുംമുമ്പെ, പാട്ടവിളക്കും തെളിച്ച് ശവക്കല്ലറയിൽ പോവുക, ഇരുളിൽ കല്ലറയ്ക്ക് മുന്നിലിരുന്നു കരയുക, തോട്ടമുടമയോട് രണ്ടുനാൾ പഴകിയ മൃതശരീരം ചുമന്നോ ളാമെന്നു പറയുക...എല്ലാറ്റിലും ഒരുതരം വിഭ്രാന്തി കലർന്നു കിടപ്പുണ്ട്. ഭയം ഒരുവനെ വല്ലാതെ ചിതറിക്കുന്നു. പിന്നീടവൻ ഒരു ഉറവിടം തെര യും. അഭയപ്പെടാൻ. ജീവന്റെ യാതനകളും പേറിയാണവർ കല്ലറയിൽ അഭയം തേടിയത്. ഈശോയെക്കുറിച്ചുള്ള ഓർമ്മകൾക്കു പോലും അത്ര സുഗന്ധം ഉണ്ടായിട്ടുണ്ട്. ഉത്ഥാനം തിരഞ്ഞല്ല അവർ കല്ലറയിലെത്തിയത്. ഉയിർപ്പ് അവരെ കണ്ടുമുട്ടിയതാണ്. അതിന്റെ ചെറിയ ഭാവങ്ങളോടെ. ഗുഹയുടെ കല്ലുപൊട്ടിച്ചിതറിയും അവനെ ചുറ്റിയ ചേല മുറിച്ചുമാറ്റിയും ഉത്ഥാനം ഉന്മാദമയമാകുന്നില്ല. കല്ല് ഉരുട്ടിമാറ്റിയിരിക്കുന്നതായും അവനെ പൊതിഞ്ഞ ചേല തലയ്ക്കൽ ചുരുട്ടി വച്ചിരിക്കുന്നതായും അവർ കണ്ടു എന്ന് സുവിശേഷം (യോഹ.20:1-8). ഉയിർപ്പ് ശാന്തമായ മുദ്രകൾകൊണ്ടാ ണ് നെയ്തെടുക്കപ്പെടുന്നത്. അതിനാലാവും ഉയിർപ്പിന്റെ സമാധാനം ജീവിത ഗന്ധിയാകുന്നത്.

ഉയിർത്ത കർത്താവ് നിരന്തരം സഞ്ചാരത്തിലായിരുന്നു. എമ്മാ വൂസിലേക്കും, തിബേരിയൂസിലേക്കും ഗലീലിയിലേക്കുമെല്ലാം അവൻ ഒഴുകിനടന്നു. ഉത്ഥാനത്തിന് നില്ക്കാനാവില്ല. അനാദ്യന്തം ഒഴുകിക്കൊ ണ്ടിരിക്കുന്ന ഒരു പുഴപോലെയാണ് ഉത്ഥിതൻ. ചലനം നിലച്ചാൽ വീണ്ടും മരണമാണ്. മരിച്ചവർ മരിച്ചവരെ മറവുചെയ്യും. ചലനമാണ് സാരം. ഗ്രാമ ങ്ങളിൽ നിന്ന് ഗ്രാമങ്ങളിലേക്കും രാത്രിവിട്ട് പുലരിയിലേക്കും ഉത്ഥിതൻ സഞ്ചരിക്കുന്നു. ഒന്നും തന്നെ ശേഖരിച്ചുവയ്ക്കാതെയാണവന്റെ യാത്ര. മടിക്കെട്ടിൽ താക്കോൽ കൂട്ടങ്ങളില്ലാതെയും പ്രതിഫലത്തിന്റെയും താല്പര്യത്തിന്റെയും വലകളിൽ വീഴാതെയും ഉത്ഥിതൻ സഞ്ചരിക്കുന്നു. ഭാവിയിലേക്ക് യാതൊരു ഭാരവും അവശേഷിപ്പിക്കാതെയാണ് അവൻ

വാക്കുകൾ പൊഴിയ്ക്കുക.

മറ്റുള്ളവർ നിദ്രയിലമരുമ്പോൾ ഉത്ഥിതൻ കഥകൾ പറഞ്ഞും തീരത്ത് പ്രാതലൊരുക്കിയും സദാ സന്നദ്ധത കാട്ടുന്നു. എവിടെയും പ്രാതലൊരുക്കാനും ഭക്ഷണം പങ്കിടാനും കൂടാരമടിക്കാനും ആരെയും അഭിമുഖീകരിക്കാനുമുണ്ടാകുന്ന ആത്മസ്വാതന്ത്ര്യം എങ്ങനെയാണു കിട്ടുക? ഉത്ഥിതനതുണ്ട്. അടച്ചുപൂട്ടുന്ന മുറികളുടെ മുക്കും മൂലയും ഉത്ഥിതനു സ്വന്തമാണ്. അവന് ഒഴിവാക്കേണ്ടതായി ഒരിടവുമില്ലെന്നർത്ഥം.

ഉത്ഥിതൻ എവിടെ ആയിരിക്കുന്നു എന്നതിന് സുവിശേഷങ്ങൾ അത്ര ഗൗരവം കൊടുക്കുന്നില്ല. അവൻ എന്തു ചെയ്യുന്നു എന്നതാണ് ശ്രദ്ധിക്കപ്പെടുക. കാൾയുങ്ങ് എന്ന മനശാസ്ത്രജ്ഞൻ പറഞ്ഞു: ആഴത്തിൽ ചിന്തിച്ചാൽ മനുഷ്യാസ്തിത്വത്തിന്റെ പരമലക്ഷ്യം, വെറും ഉണ്മയായിരിക്കുക എന്ന ഇരുണ്ട ചിന്തയുടെ മേൽ ഒരു തിരിവെട്ടം തെളിക്കുക എന്നതാണ്. അതിന് സ്ഥലവും കാലവും അനിവാര്യമല്ല. എല്ലാ സുവിശേഷങ്ങളെയും പോലെ തോമായുടെ സുവിശേഷവും ഉയിർപ്പിന്റെ ബലത്തിലാണ് തുടങ്ങുക. അതിലെ ഒരു വാക്യം ഇങ്ങനെ: 'പ്രകാശത്തിന്റെ മനുഷ്യനിൽ ഒരു വെളിച്ചമുണ്ട്. അവൻ ഈ പ്രപഞ്ചത്തെ പ്രകാശിപ്പിക്കുന്നു'. ഉയിർപ്പ് വാക്കുകൾകൊണ്ട് മാത്രം വായിച്ചെടുക്കാനാവാത്ത നിശബ്ദതയാണ്. ഖലീൽ ജിബ്രാൻ പറയുന്നു: നിശബ്ദത നമ്മെ നമ്മിൽ നിന്നുതന്നെ വേർതിരിക്കുന്നു. ആത്മാവിന്റെ ആകാശവിതാനത്തിൽ തുഴയുവാൻ നമ്മെ പ്രാപ്തരാക്കുന്നു. സ്വർഗ്ഗത്തോടു കൂടുതൽ അടുപ്പിക്കുന്ന ഈ ഭൂമി പ്രവാസദേശമാണെന്നു മനസ്സിലാക്കിത്തരുന്നു. വാക്കുകൾ പകുതി യാഥാർത്ഥ്യങ്ങളെ നമ്മിലെത്തിക്കുകയുള്ളൂ. പൊട്ടിപ്പോയ വെസ്സലുകൾക്ക് സമാനമാണവ. വാക്കുകൾ ഉത്ഥാനത്തിന്റെ രഹസ്യഭാവങ്ങളെ വിശേഷിപ്പിച്ചാലും അവയുടെ കൂടിച്ചേരൽ ഉയിർപ്പിന്റെ സ്വച്ഛന്ദതയെ കവർന്നെടുക്കും.

ഉത്ഥിതനായ ഈശോ പുതിയതായി ഒന്നും പഠിപ്പിച്ചില്ല. പഴയ വാക്കുകൾ ഓർമ്മപ്പെടുത്തിയെന്നുമാത്രം. അവന്റെ സാന്നിദ്ധ്യത്തിൽ അവർ ഓർമ്മകളെ തിരികെ പിടിച്ചതാവും. ആ ഓർമ്മ മനംനുറുങ്ങിയവരെ ആശ്വസിപ്പിച്ചു. നിരാശയിൽ നിപതിച്ചവരെ പ്രോത്സാഹിപ്പിച്ചു. മനസ്സിന്റെ കാണാത്ത മുറിവുണ്ടാക്കുന്ന അദൃശ്യ ശക്തിയാണ് ഉത്ഥാനം. ഉത്ഥാനം ഭൗമിക ജീവിതത്തിന്റെ പുനർലബ്ധിയല്ല. സർവ്വസൃഷ്ടിയുടെയും സർവ്വപ്രപഞ്ചത്തിന്റെയും പ്രത്യാശയും സമാധാനവുമാണത്. കലാതീതമായ ആ പൂവിടലിനുവേണ്ടി ഭൂമി സ്വർഗ്ഗത്തോളം ഉയർന്നു പൊങ്ങുകയാണ്.


www.malankaralibrary.com

*ഗുരു വൈകിയെത്തിയ ശിഷ്യനോടു ചോദിച്ചു:*
*'പകൽ മുഴുവൻ എവിടെയായിരുന്നു?'*
*'ഒരു ഫുട്ബോൾ മാച്ച് കണ്ടുനിന്നുപോയി'.*
*'കളിക്കാർ തളർന്നിരുന്നോ?'*
*'ഉവ്വ്, അവസാനമായപ്പോഴേക്കും'.*
*'കാണികൾ തളർന്നിരുന്നോ?'*
*'ഉവ്വ്, കാണികളും തളർന്നിരുന്നു'.*
*'തൂണുകളോ? തൂണുകൾ തളർന്നിരുന്നോ?'*
*ശിഷ്യൻ കുഴങ്ങി. തൂണുകൾ എങ്ങനെയാ തളരുക?*
*രാത്രി മുഴുവൻ അയാൾ ആലോചിച്ചു. പുലർച്ചെ ഗുരുവിനോടു പറഞ്ഞു:*
*'ഉവ്വ്, ഗുരോ അവ തളർന്നിരുന്നു! ഗുരു മൊഴിഞ്ഞു: ശിഷ്യാ നിന്റെ മനസ്സ് ഉണർന്നുതുടങ്ങി'.*
*എല്ലാം ഒന്നാണ്. നാം ദ്വീപുകളല്ല.*


www.malankaralibrary.com

www.malankaralibrary.com

# 19

# അമ്മ



*'ഒരു സ്വർഗ്ഗം നിർവഹിക്കാനാവാത്ത മധുരം എന്റെ ഹൃത്തിൽ വസിക്കുന്നുണ്ട് കന്യാമേരിയായി'.*

*നോവാലിസ്*

ഏറ്റവും സുന്ദരമായ നക്ഷത്രത്തേക്കാൾ സുന്ദരിയായ കന്യകയെന്നാണ് കവി വേഡ്സ്‌വർത്ത് അമ്മ മേരിയെ വിശേഷിപ്പിച്ചത്. ഉഷകാല നക്ഷത്രമെന്ന് വേദശാസ്ത്രികളും അവളെ വിളിക്കുന്നു. നക്ഷത്രം ജാഗ്രതയുടെ അടയാളമാണ്. നാവികർ കടലിൽ തങ്ങളുടെ യാനം ദിശതിരിച്ചുവിടുന്നത് ഉഷകാലതാരത്തെ നോക്കിയാണ്. സ്ഥലകാലങ്ങൾക്കതീതമായി ഉയരുന്ന വ്യക്തി നക്ഷത്രമാണ്. ആത്മീയമായി ഉണർന്നിരിക്കുന്നവരുടെ പ്രതീകമാണ് നക്ഷത്രം.

www.malankaralibrary.com

www.malankaralibrary.com

ദൈവബോധവും ചരിത്രബോധവും ഇടകലർന്ന ജ്ഞാനമായിരുന്നു അമ്മ മേരിക്ക് എന്ന് കെ.പി.അപ്പൻ നിരീക്ഷിക്കുന്നു. മറ്റൊരർത്ഥത്തിൽ അവളുടെ പഴയനിയമജ്ഞാനം ചരിത്രത്തിൽ ഇടപെടുന്ന ദൈവത്തെ തെരയുകയായിരുന്നു. എന്റെ ആത്മാവ് ദൈവത്തെ മഹത്വപ്പെടുത്തുന്നു (ലൂക്കാ.1:46) എന്ന് അവൾ പാടിയത് പഴയ നിയമത്തിലെ താളുകളിൽ നിന്നും അടർത്തിയെടുത്തായിരുന്നു (പുറ.11:21; 1സാമു.2:1-10). ആ ജ്ഞാനം വിശ്വാസത്തിന് വഴി വെച്ചു. ഗബ്രിയേൽ ദൂതന്റെ ദർശനത്തിൽ അവൾ ഉലഞ്ഞുപോയില്ല. അമ്മ മേരി ദർശനങ്ങളെ അതിജീവിച്ചവളാണ്. ദൈവദർശനം കിട്ടിയവർ ജീവിച്ചിരിക്കില്ല എന്നായിരുന്നു യഹൂദ ധാരണ. ദൈവത്തിന്റെ ഭീതിജനകമായ മുഖം കണ്ടവർ മരിച്ചുപോകും. പക്ഷേ അമ്മ കണ്ടെത്തിയത് ദൈവകൃപയാണ്, മരണമല്ല. മകന്റെ രാജ്യത്തിന് അവസാനമില്ലെന്നും അവൾ കാണുന്നു. മംഗളവാർത്ത അറിയിപ്പായിരുന്നു. ദൈവത്തിന്റെ സാന്നിദ്ധ്യം അതു വിളിച്ചറിയിച്ചു. പക്ഷേ അത് നിഗൂഢമായ രഹസ്യങ്ങൾ ഉൾക്കൊള്ളുന്ന ജ്ഞാനമാണെന്ന് അമ്മ മേരി അറിഞ്ഞത്, ഇതാ താഴ്ന്നവൾ-ദാസി- എന്ന ഏറ്റു പറച്ചിലിൽ ആണ്. ഇസ്രായേൽ ദൈവത്തിൽ നിന്നകന്നപ്പോൾ ഇത്തരം നിസ്സാരർ ദൈവത്തോടു കൂട്ടുകൂടി നടന്നു. അങ്ങനെയാണ് ദൈവം ഇസ്രായേലിൽ പച്ചകെടാതെ നിന്നത്. മുകളിലെ ജ്ഞാനം നിസ്സാരരെ ആശ്ലേഷിക്കുമ്പോഴാണ് ഭൂമി രക്ഷപെടുന്നത്.

ഏകദേശം ഒരു ലക്ഷത്തോളം പഠനങ്ങൾ പരിശുദ്ധ അമ്മയെക്കുറിച്ചുണ്ട്. ചിത്രകലയും ശില്പകലയും മരിയശാസ്ത്രവും സാഹിത്യവും എല്ലാം നിരവധി. ആ ജീവിതം ഇങ്ങനെ പങ്കിട്ടെടുക്കാൻ എന്താവും കാരണം? സ്വന്തം ഭാവി തിരിച്ചറിഞ്ഞതിനാലാവും അത്. ഇനി മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു വിളിക്കും (ലൂക്കാ.1:48) 'മ്യ്' എന്ന ഹെബ്രായ പദത്തിൽ നിന്നുമാണ് മറിയം എന്ന വാക്ക് ജനിക്കുക. ദൈവം നോട്ടമിട്ടവൾ എന്നർത്ഥം. ഇനി ആരും അവളെ മാനുഷികമായി കാണരുത്. സ്വന്തം വിചാരങ്ങളിലും ആത്മാവിലും അവൾ സ്വഭാവിയെ രുചിച്ചറിഞ്ഞിരിക്കുന്നു.

ഒരു സുഗന്ധത്തെ സ്നേഹിക്കുംപോലെയാണ് നല്ല മനസ്സുകൾ വിശുദ്ധ കന്യാമറിയത്തെ സ്നേഹിക്കുന്നതെന്ന് സെന്റ് അഗസ്റ്റിൻ. കാരണം അവൾ ആയിരുന്നു സ്വർഗ്ഗത്തിന്റെ പരിമളമായ പുത്രൻ തമ്പുരാന്റെ വരവിനും ജീവിതത്തിനും മരണത്തിനും ഉയർപ്പിനും സമ്പൂർണ്ണ സാക്ഷിയായത്. ദൈവം ഭൂമിയെ ചുംബിച്ച നിമിഷം മുതൽ ദൈവകുമാരന്റെ സർവ്വസഹനങ്ങളുടെയും കുരിശുമരണത്തിന്റെയും പുനരുത്ഥാനത്തിന്റെയും ഏക സാക്ഷി. സുവിശേഷം മറിയത്തിന്റെ സാക്ഷ്യത്താൽ


www.malankaralibrary.com

നീതികരിക്കപ്പെട്ട ചരിത്രമാണ്. അങ്ങനെയാണ് മറിയം പരിമളമാകുക. പൗരസ്ത്യസഭ പരിശുദ്ധാത്മാവിനെ സഭയുടെ സുഗന്ധക്കൂട്ടായി കാണുന്നു. മൂറോൻ വാഴ്ത്തുമ്പോൾ അങ്ങനെയാണ് റൂഹാക്ഷണ പ്രാർത്ഥന. മൂറോൻ കൊണ്ടാണ് ക്രിസ്ത്യാനി ആത്മാവിൽ മുദ്രയിടപ്പെടുക. മറിയം പരിശുദ്ധാത്മാവിന്റെ വരവറിഞ്ഞു. ആനന്ദമാണ് എല്ലാ സുഗന്ധത്തിന്റെ പൊരുൾ. അമ്മ മേരി ആത്മാവിലാണ് ആനന്ദിച്ചത്. എന്റെ ചിത്തം എന്റെ ദൈവത്തിൽ ആനന്ദിക്കുന്നു (ലൂക്കാ. 1:47).

ഗോയ്ഥ പരിശുദ്ധ മറിയത്തെ യോഗാത്മ തലത്തിലാണ് കാണുക. ദൈവത്തിന് പിറക്കാൻ സ്വശരീരം കടം കൊടുത്തവളുടെ വിശ്വാസ ധീരത. അതുമൂലമാണ് അവൾ വാളിന്റെ മൂർച്ചയറിഞ്ഞത്. വാളിന് നിരവധി വ്യാഖ്യാനങ്ങളുണ്ട്. ഈശോയുടെ ദാരുണമായ പീഢകൾക്കിടയിൽ അവളിൽ മിന്നിമറഞ്ഞ സംശയമാണതെന്ന് ഒരിജൻ. മറിയത്തിന്റെ തന്നെ വേദന മുറ്റിയ മരണമെന്ന് എപിഫാനിയസ്. ഈശോ ജാരസന്തതിയെന്നു വിളിക്കപ്പെട്ടതു കേൾക്കാനിടയായതും, അമ്മയും മകനും ഏറ്റ നിന്ദനവും, ജറുസലേം ആക്രമിക്കപ്പെട്ടപ്പോൾ വന്നു ഭവിച്ച ദുരന്തവും എന്നിങ്ങനെ നിരവധി വ്യാഖ്യാനങ്ങൾ വാളിനുണ്ട്. കുരിശിലെ ദാരുണമായ ദൃശ്യം നോക്കിക്കണ്ട അമ്മയുടെ മനോവേദനയാണ് വാളെന്ന് ഭൂരിപക്ഷ പഠനങ്ങളും പറയുന്നു. വാളിന്റെ ഗ്രീക്കുപദം 'റൊംഫായിആ' എന്നാണ്. അർത്ഥം, പകുത്തുമാറ്റുന്നത്. ലൂക്കോസിന്റെ ഭാഷ്യത്തിൽ വചനത്തിന്റെ ശൈലിയാണത്. വിളങ്ങിയും തിളങ്ങിയും അത് നമ്മുടെ ഇടയിലുണ്ട്. തൊടുന്നവനെ പകുത്തു മാറ്റിക്കൊണ്ട്. ഒരു ജന്മം മുഴുവൻ അമ്മയെ മുറിപ്പെടുത്തിയതും വചനം തന്നെയാണ്. അതുകൊണ്ടാണ് ലൂയിസ് ഡി മോണ്ട് ഫോർട്ട് അവളെക്കുറിച്ച് എഴുതിയത്: 'നരകത്തിന് മേൽ വിജയം വരിച്ച വിനയത്തിന്റെയും വിശുദ്ധിയുടെയും വിശ്വാസധീരത'.

ഇനിയും ഈ അമ്മയെ ഞാൻ സമീപിക്കേണ്ടത് ഭക്തിയുടെ ചരടിൽ മാത്രം കൊരുത്ത ജപമണികളുമായിട്ടാകരുത്. അവൾ സർപ്പത്തിന്റെ തല തകർക്കാനും (ഉല്പത്തി.3:15), സൂര്യനെ ഉടയാടയാക്കാനും (വെളി.12.1) ദൈവത്താൽ നിയോഗിക്കപ്പെട്ടവളാണ്. ദൈവം എന്ന പ്രകാശത്തിനുനേരെ നിന്നതുകൊണ്ട് അമ്മ മേരിക്ക് ഇരുൾ തീണ്ടാത്ത മനസ്സുണ്ടായി. സർവ്വ സങ്കീർണതകളെയും പരിഹരിക്കുന്ന അവളുടെ ഉദരഫലം ഭൂമിയിലെ സമസ്ത പ്രശ്നങ്ങൾക്കും ഉള്ള ഏക ഉത്തരമാണ്.

കാല്പനികതയുടെ ചരടിലാണ് ഇന്നത്തെ സമൂഹം സ്ത്രീകളെ കെട്ടിമുറുക്കുന്നത്. പുരുഷമേധാവിത്വം ഉള്ള ഒരു സമൂഹ മനസ്സിന്റെ ഉല്പന്നമാണ് സ്ത്രീകൾ എന്ന് ജർമെയ്ൻ ഗീഗർ. പുരുഷമോധാവിത്വ കുടുംബ സംവിധാനം പ്രകൃതിദത്തമല്ല, സമ്പ്രദായികമാണ്. എല്ലാ

www.malankaralibrary.com

സമ്പ്രദായങ്ങളും യാന്തികമാകുന്നു. യാന്ത്രികതയെ അതിജീവിക്കുവാൻ അസാമാന്യ ധൈര്യവും ആത്മബലവും വേണം. പരിശുദ്ധ അമ്മയെപ്പോലെ. 'ഹൃദയത്തിലൊരുവാൾ' എന്ന പുസ്തകത്തിൽ ജോർജ് ഓണക്കൂർ കണ്ടെത്തുന്ന ഒരു നിഗമനമുണ്ട്. കുരിശിന്റെ ചുവട്ടിൽ മകനായി കിട്ടിയ യോഹന്നാനോടൊപ്പം തിരികെ ഗലീലിയിലേക്ക് മടങ്ങുന്നവൾ. സ്വന്തം മകനെ കാൽവരിയിലേല്പിച്ചു തിരികെ മടങ്ങിയ ദുഃഖവെള്ളിയിൽ അവളേറ്റ നോവുകൾ. കരഞ്ഞാലൊടുങ്ങുമോ അവളുടെ ദുഃഖം? മൂന്നു ദിവസത്തെ യാത്രയുണ്ട് ഗലീലി വരെ. ആ വഴികൾ എങ്ങനെ നടന്നുതീർത്തിട്ടുണ്ടാവും അവൾ. മകനില്ലാത്ത പുതിയ ഇടത്ത് പുതിയൊരു കുടുംബത്തിന്റെ കണ്ണിവിളക്കിച്ചേർക്കുന്ന എന്റെ അമ്മ. അസാധാരണമായ ആ ആത്മബലത്തിനെ ഭയം കത്തിച്ച കണ്ണുകളുമായി മുറിയിലടഞ്ഞ ശിഷ്യരെ ധൈര്യപ്പെടുത്താനാവൂ. സർപ്പത്തിന്റെ തലയെ വെന്നവളെ സ്വസ്തി!

*വിജയപാതയിൽ അസ്ഥിരമായൊരു സാമ്രാജ്യ*
*ത്തിലെ ചക്രവർത്തി നാടു നീങ്ങി.*
*ഏകമകൾ രാജ്ഞി പദമേറ്റ്*
*ഭരണം തുടങ്ങുകയാണ്. സ്ഥാനാരോഹണം*
*പൊടിപൊടിക്കുന്നു. ആവേശഭരിതരായി ജന*
*ക്കൂട്ടം ഇളകിമറിഞ്ഞു. അമ്മയുടെ*
*കൈയ്ക്കുപിടിച്ച് ആരവം മുഴക്കുന്ന*
*ജനത്തെ നോക്കി വിസ്മയത്തോടെ അവൾ*
*ചോദിച്ചു:*
*'പുലരിമഞ്ഞുപോലെ ഇളകിയൊഴുകുന്ന ഈ*
*ജനം മുഴുവൻ എനിക്കുള്ളതാണോ അമ്മേ?'*
*'അല്ല മകളെ', അമ്മ പറഞ്ഞു,*
*'നീ അവർക്കുള്ളതാണ്!'*


www.malankaralibrary.com

www.malankaralibrary.com

# 20
# ശിഷ്യൻ



**'ലോകമെ ഞാൻ വേർപിരിയുമ്പോൾ
എനിക്കായി നിന്റെ നിശബ്ദതയിൽ
ഒരു വാക്കു കരുതി വയ്ക്കുക.
ഞാൻ സ്നേഹിച്ചിരുന്നുവെന്ന്'.**
**ടാഗോർ**

കുരിശിൽ അപമാനിക്കപ്പെട്ട ഒരു ദൈവത്തിന്റെ വിളിയാണ് പുതിയനിയമത്തിലെ ശിഷ്യത്വം. ചരിത്രത്തിൽ അടിഞ്ഞുകൂടിയ ജീർണ്ണതകളാണ് ദൈവത്തെ അപമാനിച്ചത്. അത് ദൈവത്തെ മാത്രമല്ല ദൈവമനുഷ്യരെയും നിരന്തരം അപമാനിക്കുന്നു. ഈ അപമാനത്തിലേക്ക് നോക്കാൻ ദൈവം തീരുമാനിക്കുന്നത് സഹാനുഭൂതികൊണ്ടാണ്. മനുഷ്യർ അപകടത്തിൽപ്പെട്ടിരിക്കുന്നതിലുള്ള അനുകമ്പകൊണ്ട്.

ഒരു പ്രത്യേക ജീവിതശൈലി തിരഞ്ഞെടുക്കുന്നവനാണ് യേശുശിഷ്യൻ. ചൂഷണങ്ങൾക്കും സാമൂഹിക അസമത്വങ്ങൾക്കും സംഘടിതശക്തികൾക്കും എതിരെ ഈശോ നടത്തിയ എതിർപ്പുകളാണ് അവന്റെ ശി

www.malankaralibrary.com

www.malankaralibrary.com

ഷ്യനെയും ആ വഴിയിലേക്ക് ഗതി തിരിച്ചുവിടുന്നത്. അതിന് കൊട്ടാരങ്ങളുടെ അധികാരവും രാഷ്ട്രീയസൈനിക ബലവും അകമ്പടിപോരേണ്ടതില്ല. തച്ചന്റെ മകനായിരുന്നാലും മതി. ദൈവാനുഭവത്തിന്റെ ഉയരത്തിനും വ്യാപ്തിക്കും കൂട്ട് മനുഷ്യന്റെ രോദനങ്ങളാണെന്ന് കണ്ടാണ് ഈശോ തന്നിലെ ദൈവത്വത്തെ മനുഷ്യോന്മുഖമാക്കുക. മനുഷ്യന്റെ കണ്ണിലെ ഭയം നിറഞ്ഞ വിഹ്വലതകൾക്കു കാരണം സംഘടിതമതത്തിന്റെ പൗരോഹിത്യജീർണ്ണതകളായിരുന്നു. മരണഭയമുള്ള ജനത ജീവിക്കുകയില്ല. പൗരോഹിത്യത്തിന്റെ ദൈവശാസ്ത്രപരമായ അർത്ഥങ്ങൾക്ക് മനുഷ്യബന്ധം നഷ്ടപ്പെട്ടതുകൊണ്ടാണ് ഈശോ വെള്ളയടിച്ച കുഴിമാടങ്ങളെ എന്ന് കയർത്തതും അതിനെതിരെ കലഹിച്ചതും. അവർ സൃഷ്ടിച്ച ജാതിതിരിവിനെതിരെ ഈശോ രൂപപ്പെടുത്തിയ ബോധപൂർവ്വമായ ശൈലിയായിരുന്നു വിരുന്ന്. അതൊരു തത്വശാസ്ത്രഅധിഷ്ഠിതമായ ശൈലിയായിരുന്നു. ജാതി രാഹിത്യമാണ് കുർബാനയുടെ കാതൽ. വിശക്കുന്ന ദരിദ്രനോടൊപ്പമിരുന്ന് ആഹാരം കഴിക്കുക വലിയൊരു ആത്മീയ പ്രതിസന്ധിയായി അന്നും നിലനിന്നിരുന്നു. ദൈവത്തിന്റെ ശ്രദ്ധകിട്ടാത്തവനാണത്. അവനെ ശ്രദ്ധിക്കുന്ന പ്രക്രിയയാണ് പന്തിഭോജനം. അതിൽനിന്നാണ് പുതിയ നിയമത്തിലെ പുരോഹിതൻ ജനിക്കുക. ഒരു ജനതയെ പ്രബുദ്ധമാക്കുന്ന സാമൂഹ്യനീതിയാണ് യേശു ശിഷ്യനുണ്ടാകേണ്ടത്.

മതം ഇത്ര അസ്വസ്ഥമാകാനും നന്മ ചെയ്തവനെ കുരിശിലേറ്റാനും കാടത്തം കാട്ടി അവന്റെ അനുയായികളെ ചിതറിക്കാനും ശ്രമിക്കുന്നത് വെറുപ്പിനാൽ നയിക്കപ്പെടുന്നതുകൊണ്ടാണ്. ഭൂതകാലയാഥാസ്ഥിതികത്വത്തിൽ ഉറച്ചുപോകുന്നതെന്തും സ്വയം വെറുത്തു തുടങ്ങും. സംഘടിത യഹൂദമതം വെറുപ്പിന്റെ രാഷ്ട്രീയം വച്ചു പുലർത്തി. വിശുദ്ധമായ മാനുഷിക മൂല്യങ്ങളെ അതു തച്ചുടച്ചു. അതു ചുറ്റിപ്പറ്റി നിന്ന ജറുസലേം ദൈവാലയത്തെ നോക്കി ഈശോ പറഞ്ഞു: കല്ലിൻമേൽ കല്ലുശേഷിക്കാതെ ഇതു തകർക്കപ്പെടും. അതിന്റെ സ്ഥാനത്ത് സ്വന്തം ശരീരം മതിയെന്ന് അവിടുന്ന് തീരുമാനിച്ചു. സ്നേഹിതനുവേണ്ടി ജീവൻ ബലികഴിക്കുന്നതനേക്കാൾ വലിയ സ്നേഹമില്ലെന്ന് അരുളിയവൻ. സ്വശരീരത്തിൽ ബലിയുടെ മുറിവുകൾ അവൻ ഏറ്റെടുത്തു. വെറുപ്പിനെ ഉച്ചാടനം ചെയ്യുകയായിരുന്നു ലക്ഷ്യം. സ്നേഹത്തിന്റെ മാതൃകാസ്ഥാനം തന്റെ ശരീരമാണെന്ന് ക്രിസ്തുവിന്നറിയാം. അതാണ് പുതിയ സഭയുടെ ആത്മീയ ഉറവിടം.

കാലം മുന്നോട്ടു നീങ്ങുമ്പോൾ മതം യാഥാസ്ഥിതികത പഠിപ്പിക്കാം. വെറുപ്പ് മനുഷ്യരെ അസംതൃപ്തരാക്കാം. ഈശോ സ്നേഹിക്കാൻ പഠിപ്പിച്ചു. ശത്രുക്കളെപ്പോലും സ്നേഹിച്ചു ധീരനാവുന്നവനാണ് ക്രിസ്തുശിഷ്യൻ. എല്ലാത്തരം യുക്തികളെയും മറികടന്നു സ്നേഹിക്കാൻ ധൈര്യം വേണം. അതിലേക്കുള്ള ഒരുവന്റെ ധീരമായ ചുവടുവയ്പ്പിന്


www.malankaralibrary.com

കാതോർത്ത് ഞെരുങ്ങിക്കഴിയുന്ന ഒരുപിടിയാളുകൾ ഇവിടുണ്ട്.

ശിഷ്യന്റെ വേറൊരു മൂല്യം ഗുരുവിന്റെ വ്യക്തിപരമായ സാന്നിദ്ധ്യമാണ്. മർക്കോസ് 9:30 ൽ നാമത് വായിക്കുന്നുണ്ട്. ഗലീലിയിലൂടെ ഗുരുവും ശിഷ്യരും കടന്നുപോവുകയാണ്. ആ യാത്ര ആരും അറിയരുതെന്ന് ക്രിസ്തു ആഗ്രഹിച്ചു. കാരണം അവൻ ശിഷ്യന്മാരെ പഠിപ്പിക്കുകയായിരുന്നു. ഗുരു പാഠങ്ങളിൽ ശിഷ്യൻ മാത്രമാണ് ലക്ഷ്യം. അതാണ് ശിഷ്യന്റെ മഹത്വവും. ഈ വ്യക്തിപരമായ കരുതലിലെ ശിഷ്യൻ തഴയ്ക്കുകയുള്ളൂ എന്ന് ഗുരുവിനറിയാം. അങ്ങനെയാണ് ശിഷ്യൻ കൂടുതൽ വെളിപാടുകളിലേക്ക് പ്രവേശിക്കുക. അറിവിലേക്കും അറിവിനെ അതിലംഘിക്കുന്ന സ്വർഗ്ഗത്തിലേക്കും ശിഷ്യൻ പ്രവേശിക്കുന്നത് ഈ കരുതലിലാണ്. ചുറ്റുപാടുകളിൽ നിന്ന് ശിഷ്യനെ വേർപെടുത്തി ഈശോ തന്റെ ശിഷ്യരുടെ ആത്മബോധത്തെ പ്രകാശിപ്പിച്ചു. യഥാർത്ഥത്തിലുള്ള ശിഷ്യനെ സ്വയം മനസ്സിലാക്കാൻ ഈ സ്വകാര്യത അത്യാവശ്യമായിരുന്നു. ദൈവികമായ ഏകാഗ്രതയാണ് ഈശോയുടെ സാന്നിദ്ധ്യത്തിൽ ശിഷ്യൻ അനുഭവിക്കുക.

പീഢാനുഭവങ്ങളുടെ നിഴൽ വീണ യാതനകളിലാണ് ശിഷ്യൻ മനുഷ്യരക്ഷകനാവുക. അപമാനങ്ങളിൽ തുടങ്ങി മരണ വേദനയിൽ പിടയുന്ന നിയോഗമാണത്. കാലപരിധിയ്ക്കുള്ളിലെ മനുഷ്യജന്മം ദൈവപുത്രനെ വേദനിപ്പിക്കുമെന്ന് കുരിശ് വെളിപ്പെടുത്തുന്നു. നശ്വരമായ മനുഷ്യജന്മത്തിൽ വേദന സഹചാരിയാണ്. എന്നാൽ സ്നേഹരാഹിത്യത്തിന്റെയും അവഗണനയുടെയും ഒടുവിൽ കുരിശുമരണത്തിന്റെ ബലിക്കുഞ്ഞാടാവുമ്പോഴാണ് യേശുജീവിതത്തിന്റെ ദിവ്യാർത്ഥം ശിഷ്യന് വെളിപ്പെട്ടുകിട്ടുക. ദുരന്തം തന്നിലേക്കെടുക്കുന്ന പ്രക്രിയയാണത്. മാനവരാശിയുടെ രക്ഷയ്ക്ക് തന്റെ നിർമ്മലജീവിതത്തിനുമേൽ കരിനിഴൽ പടരാൻ അനുവദിക്കുക. നാം അവനിൽ ചൊരിഞ്ഞ നിന്ദ അവൻ ചുമന്നു. അത് നമുക്ക് രക്ഷയ്ക്കു ഹേതുവായി എന്ന് വി. പൗലോസ്. തിന്മയുടെ മേൽ അങ്ങനെയാണ് ശിഷ്യൻ വിജയം കൊള്ളുക.

യേശുശിഷ്യൻ ഇന്നും എന്നും പ്രസക്തനാകുന്നത് മനുഷ്യനിലെ അടിസ്ഥാന നന്മയെ വെളിച്ചത്തുകൊണ്ടുവരുമ്പോഴാണ്. മനുഷ്യൻ നല്ലവനാണ്, നാഗരികതയാണ് അവനെ ചീത്തയാക്കുന്നതെന്ന് റൂസ്സോ. നാഗരികതയുടെ ജീർണ്ണതകളെ യേശുശിഷ്യന് എങ്ങനെ നേരിടാനാവും? അതിന് നാഗരികതയുടെ സ്വഭാവം മനസ്സിലാക്കണം. പൊതുവായ ആവശ്യങ്ങൾക്കുവേണ്ടി ഒന്നിക്കുകയും സമത്വത്തെ നിരാകരിക്കുകയും ചെയ്യുന്ന ആക്രമിയാണ് ആധുനികനെന്ന് റോബർട്ട് ആർദ്രി. ബാഹ്യനിയമങ്ങളുടെ സമ്മർദ്ദങ്ങളിൽ നന്മ ഉറഞ്ഞുപോയ മനുഷ്യനാണ് നമുക്കുചുറ്റും. പരാജയപ്പെട്ടവന്റെ അസന്തുഷ്ടിയാണ് നിരന്തരം കേൾക്കപ്പെടുക. അവിടെ യേശുശിഷ്യന്റെ ജീവിതം തികഞ്ഞ വെല്ലുവിളിയാണ്.

ഒന്നനങ്ങുമ്പോൾ കരയുന്ന ചങ്ങല-,
ഒന്നു കുടഞ്ഞാൽ മുറുകുന്ന ചങ്ങല

എന്ന് ജി.ശങ്കരക്കുറുപ്പ് 'യശോദര' എന്ന കവിതയിൽ പാടി. മനുഷ്യനെ ലോകത്തോടു ബന്ധിച്ചിട്ടിരുന്ന ചങ്ങലകളാണ് അശാന്തിയ്ക്കു കാരണം. ശിഷ്യൻ ഈ വികാര തീവ്രതകളിൽ നിന്ന് വിട്ടു നിൽക്കണം. ബഥാനിയായിലെ മറിയത്തെപ്പോലെ അവിടുത്തെ പാദങ്ങളിൽ വിശ്രാന്തി തെരയണം. വികാരം വിശ്രമിക്കുന്ന നിശ്ചലവേളകളിൽ നിന്റെ ഹൃദയം ജ്ഞാന സഞ്ചയത്തെ ശേഖരിക്കുന്നുവെന്ന് കവി വേർഡ്സ്വർത്ത്. ഏകാന്തതയിൽ അന്വേഷി പ്രലോഭനങ്ങളെ നേരിടാൻ പഠിക്കുന്നു. നൈരാശ്യങ്ങൾക്കുള്ളിലും നിരാശപ്പെടാതെ ഊഷ്മളമായും തീഷ്ണമായും ജീവിക്കാൻ യേശുശിഷ്യന് സാധിക്കും. ആത്മാവിൽ വികാസം പ്രാപിക്കുവാൻ ഗുരുമുഖത്തുനിന്ന് സ്വന്തമായി കേട്ടറിയാൻ ശ്രമിക്കണം. വേരുകൾ വെള്ളം കുടിച്ചിടത്ത് മെനക്കെട്ടിരിക്കാൻ പഠിക്കണമെന്ന് കവി മധുസൂദനൻ നായർ. അതുതന്നെ ശാന്തി പാഠം. തികഞ്ഞ ധ്യാനത്തിനുശേഷമാണ് ശിഷ്യൻ ജനങ്ങളിലേക്ക് ഇറങ്ങേണ്ടത്. ചരിത്രത്തിലെ ആർത്തനാദം തിരിച്ചറിയാൻ തീവ്രമായ തപസ്സുകളാണ് വേണ്ടത്. സ്വന്തം ആനന്ദത്തിനുവേണ്ടിയല്ല ദുഃഖിതരുടെ ശാന്തിയ്ക്കുവേണ്ടിയാണ് എല്ലാ ശിഷ്യത്വവും.

*ഒരു മദ്ധ്യവയസ്ക്ക പിയാനോ ശബ്ദം കുറെ നേരമായി കേട്ടിട്ട് ചെറിയ ഒരു കുട്ടിയോട് കയർത്തു: 'ഏതു വിഡ്ഢിയാണ് ഈ വൃത്തികെട്ടശബ്ദം ഉണ്ടാക്കുന്നത്?'*
*കുട്ടി: 'അത് ലോകപ്രശസ്ത പിയാനോ വയനക്കാരൻ റഷ്യയുടെ പെഡ്രോവ്സ്ക്കിയാണ്'.*
*അവർ ഒരുനിമിഷം കാതോർത്തു:*
*'എത്ര സുന്ദരമായി അദ്ദേഹം പിയാനോ വായിക്കുന്നു അല്ലേ?'*

*ന്യായന്യായങ്ങൾ ബുദ്ധികൊണ്ട് വ്യവഹരിക്കുന്നതിനെക്കാൾ, ഹൃദയം കൊണ്ട് രുചിച്ചുനോക്കി അതിന്റെ മാധുര്യം അനുഭവിക്കുന്നതാകുന്നു നല്ലത്.*


www.malankaralibrary.com

www.malankaralibrary.com

# 21

## പ്രണാമം



***ഒരു പൂർണ്ണ മനുഷ്യനായിരിക്കേണ്ട തിന് വലിയ വില നൽകേണ്ടതുണ്ട്. ആ വില നൽകുവാൻ തക്കവണ്ണം ജ്ഞാനവും ധൈര്യവും നേടിയ ചുരുക്കം പേരെയുള്ളൂ. സുരക്ഷിത ത്വത്തിനു വേണ്ടിയുള്ള അന്വേഷണം ഉപേക്ഷിക്കുകയും, ജീവിതത്തിന്റെ സാഹസികതയെ ഇരുകരം നീട്ടി സ്വീകരിക്കുക. അറിവിന്റെ വിലയായി സംശയത്തെയും അന്ധകാരത്തെയും കാണുക. വേദനയെ അസ്തിത്വ ത്തിന്റെ ഭാഗമായി അംഗീകരിക്കുക. മരണത്തെയും സംഘട്ടനത്തെയും അംഗീകരിക്കുന്ന ഇച്ഛാശക്തി രൂപ പ്പെടുത്തുക.***

***മോറിസ് വെസ്റ്റ് :***
***'ദി ഷൂസ് ഓഫ് ഫിഷർമാൻ'***

പെരുമാക്കന്മാർ കേരളം ഭരിച്ചകാലത്ത് മാവേലിക്കരയിൽ മല്ലി ട്ടപ്പണിക്കവംശം രാജപ്രീതിയ്ക്ക് പാത്രമായി. വിശ്വസ്തരായിരുന്നു മല്ലി ട്ടപണിക്കന്മാർ. ഒടുവിലത്തെ രാജാവ് ഭാസ്ക്കരരവിവർമ്മപ്പെരുമാൾ കരമൊഴിവായി പലസ്ഥലങ്ങളും പണിക്കർ എന്ന ബഹുമതി സ്ഥാനവും അവർക്കു നൽകി. ആ വംശത്തിൽ തരിയത് തോമാപ്പണിക്കരുടെയും

www.malankaralibrary.com

പള്ളിക്കൽ അരീപ്പുറത്ത് മത്തായി ആശാന്റെ മകൾ അന്നാമ്മയുടെയും അഞ്ചുമക്കളിൽ ഒരാളായാണ് 1058 കന്നിമാസം 8-ാം തീയതി ദൈവ മാതാവിന്റെ ജനനപ്പെരുന്നാളിൽ ഗീവറുഗ്ഗീസ് ജനിച്ചത്. ദാവീദാശാ നായിരുന്നു ആദ്യാക്ഷരങ്ങൾ കുറിപ്പിച്ചത്. മാവേലിക്കര ഗവൺമെന്റ് സ്കൂളിലും കോട്ടയം എം.ഡി. സെമിനാരിയിലും പഠനം കഴിഞ്ഞ് 1880-ൽ 17-ാം വയസ്സിൽ യാക്കോബായ മെത്രാപ്പോലീത്ത പുലിക്കോട്ട് മാർ ദിവ ന്നാസിയോസിന്റെ കാർമ്മികത്വത്തിൽ ശെമ്മാശപ്പട്ടം കൈക്കൊണ്ടു. മദ്രാസ് ക്രിസ്ത്യൻ കോളജിൽ ബിരുദവും ബിരുദാനന്തരബിരുദവും നേടി. 1907 ൽ പുത്തൻകൂർ സുറിയാനി വൈദികരുടെ ഇടയിലെ ആദ്യ എം.എ അച്ചനെന്നു വിളിക്കപ്പെട്ട ഫാ.പി.റ്റി. ഗീവർഗ്ഗീസ് 1909 ചിങ്ങം 15 ന് പൗരോഹിത്യം സ്വീകരിച്ചു. 1913 ൽ കൽക്കട്ടാ സെറാംപൂർ കോളജ് പ്രൊഫസറായി. 1919 ൽ സന്യാസ ആശ്രമം റാന്നി പെരുനാട് മുണ്ടൻമ ലയിൽ ബഥനി എന്ന പേരിൽ ആരംഭിച്ചു. 1925 ൽ ബഥനി മെത്രാനായി. 1930 ൽ കത്തോലിക്കാ തിരുസഭയിലേക്ക് പുനരൈക്യപ്പെട്ടു. 1953 ജൂലൈ 15 ന് ദൈവസന്നിധി പൂകി.

മലങ്കരയുടെ മഹാനായ മാർ ഈവാനിയോസ് പിതാവിന്റെ ജീവിതം ചരിത്ര താളുകളിൽ ഇങ്ങനെയാണ്. എന്നാൽ അതിനുള്ളിലെ അനിതര സാധാരണമായ സിദ്ധികളുടെ ചുരുളഴിക്കുന്നവർ വിസ്മയി ച്ചുപോകും. അതിന് ഈ താളുകൾ മതിയാവില്ല. അല്പം നേരത്തെയാ ണ് ഞാൻ അദ്ദേഹത്തെക്കുറിച്ച് മനസിലാക്കി തുടങ്ങുന്നത്. നൂറ്റാണ്ടു കൾ കഴിഞ്ഞാലും ആ വ്യക്തി പ്രാഭവത്തിന്റെ ചുരുളുകൾ വായിച്ചെടു ക്കാൻ കാലം വല്ലാതെ ബദ്ധപ്പെടും. ഒരുകാര്യം മാത്രമാണ് ഇവിടെ ചർച്ച ചെയ്യപ്പെടുക. പുനരൈക്യം എന്തിനായിരുന്നു? വ്യവസ്ഥാപിതവും ഘട നാപരവുമായ ഒരു സഭയിൽ നിന്ന് മറ്റൊരു ഘടനയിലേക്ക് അദ്ദേഹം എന്തുകൊണ്ട് ചേക്കേറി? അത് വെറുമൊരു കൂടുമാറ്റമായിരുന്നോ? പുനരൈക്യത്തെ എങ്ങനെ നിർവ്വചിക്കാനാവും ഈ കാലത്തിന്?

ചരിത്രത്തിന്റെ ഒരു തെറ്റുതിരുത്തൽ പ്രക്രിയ മാത്രമായിരു ന്നില്ല പുനരൈക്യം. അതിന് മാനവികതയുമായി ബന്ധമുണ്ടെന്നറിയു ന്നവരാണ് പുനരൈക്യശ്രമങ്ങളെ ശ്രദ്ധിക്കുക. അതിൽ പങ്കുചേരുക. അങ്ങനെയാണത് ഭൂമിയിലെ മോക്ഷമാകുന്നത്.

മനുഷ്യനെയും ലോകത്തെയും വിഭജിക്കുന്ന രീതികൾ സുലഭ മാണിന്ന്. പുനരൈക്യം ഐക്യത്തിന്റെ ശുശ്രൂഷയാണ്. അത് ഉത്തരവാ ദിത്വപൂർണ്ണമായ ഒരു വിളിയാണ്. മനുഷ്യനെ പരാജയപ്പെടുത്താനാവു ന്നത് അവൻ ഭിന്നിച്ചിരിക്കുമ്പോഴാണ്. ഏറ്റവും വലിയ ദൈവനിന്ദ സഭ യിലെ വിഭാഗീയ ചിന്തയാണ്. സഭയുടെ ചരിത്രത്തിൽ ഇങ്ങനെ പരാജ യപ്പെട്ടു നില്ക്കുന്ന മനുഷ്യർ അധികമായപ്പോഴാണ് പുനരൈക്യം നടക്കു ന്നത്. അപകടത്തിൽ നിന്നും അവനെ രക്ഷിക്കാനാണ് മാർ ഈവാനി യോസ് ശ്രമിച്ചത്. മഹാത്മാഗാന്ധിജി അഹിംസ എന്നൊരു സിദ്ധാന്തം

ലോകത്തിനു നൽകിയതുപോലെ മാർ ഈവാനിയോസ് ലോകത്തിനു നൽകിയ സന്ദേശമായിരുന്നു പുനരൈക്യം.

മനുഷ്യന്റെ അസ്ഥിത്വത്തിൽ ലയിച്ചിരിക്കുന്നതും ഒരിക്കലും റദ്ദു ചെയ്യാനാവാത്തതുമായ ഒരനുഭവമാണ് ഒന്നായിത്തീരുക എന്ന് കോൾറിഡ്ജ്. പുനരൈക്യം അങ്ങനെ മനുഷ്യനെക്കുറിച്ചുള്ള പഠനമാകുന്നു. സ്വീയജ്ഞാനമാണ് മോചനത്തിനു കാരണമാകുക. അത് രാഷ്ട്രീയമോ സാമൂഹികമോ ആയ പ്രശ്നമല്ല. ഏക സഭയിലധിഷ്ഠിതമായ മാനുഷികപ്രശ്നമാണ്. സഭയുടെ വഴക്കുകളെ രാഷ്ട്രീയമായല്ല ആത്മീയമായാണ് മാർ ഈവാനിയോസ് കണ്ടത്. ധ്യാനത്തിന്റെ ഭാഷ അറിയാവുന്നവർക്കെ ഈ സ്വീയജ്ഞാനം നേടാനാവൂ എന്ന് ജിദ്ദുകൃഷ്ണമൂർത്തി. ബഥനി ആശ്രമത്തിലൂടെയുള്ള സന്യാസ ജീവിതത്തിന് കാരണം കുറിച്ചത് അങ്ങനെയാണ്.

സഭയെ ആദരിച്ചിരുന്ന മനോഭാവം ചില ചരിത്ര സന്ദർഭങ്ങളിൽ മരിച്ചുപോയിരുന്നു. അത് സഭയുടെ പരാജയമായിരുന്നു. വിശ്വാസത്തിന്റെ പോഷണത്തിന് തടസ്സമായി ഭിന്നതകൾ ഉയർന്നു പൊങ്ങി. ആരാധനയിലും പൈതൃകത്തിലും ഉറപ്പിയ്ക്കപ്പെട്ടതുകൊണ്ടുമാത്രം സഭ ഞെരുക്കങ്ങളെയും കലഹങ്ങളെയും അതിജീവിക്കാനും നിരന്തരം ശ്രമിച്ചു. പുനരൈക്യ ശ്രമങ്ങൾ അങ്ങനെയാണ് ശ്രദ്ധിക്കപ്പെടുക. പക്ഷേ മാർ ഈവാനിയോസ് പിതാവിനറിയാമായിരുന്നു, ചരിത്രത്തിലെ അനൈക്യത്തിന് അറുതിവരുത്താൻ സൗമ്യവും ലളിതവുമായ ചില ഇടപെടലുകൾ അനിവാര്യമാണ്. സൗമ്യനായ ഒരു സന്യാസിയുടെ സാന്നിദ്ധ്യത്തിന് സഭയുടെ മുറിവുണക്കാനാവുമെന്ന് പിതാവു കണ്ടു. പർണ്ണശാലകളിലേക്കൊതുങ്ങുന്ന സന്യാസമായിരുന്നില്ല അദ്ദേഹം വരിച്ചത്. ബഥനിക്കുന്നിലെ ആശ്രമത്തിന് കാലാതീതമായ ശോഭ കൈവന്നതങ്ങനെയാണ്. ആ പരിമളതൈലം മുറിവേറ്റു വീണ സഭയുടെ ഗാത്രത്തിൽ നിന്നും നിരന്തരം ഒഴുകുന്നുണ്ട്.

കാലത്തെക്കുറിച്ചും ചരിത്രത്തെക്കുറിച്ചും യോഗീതുല്യമായ മനസ്സോടെ മാർ ഈവാനിയോസ് വിചിന്തനം നടത്തി. തന്റെ സാഹചര്യങ്ങളെയും സാമർത്ഥ്യങ്ങളെയും അറിവിനെയും ആത്മീയതെയും പുനരൈക്യത്തിന്റെ നെടുംതൂണുകളാക്കി നാട്ടി. പുനരൈക്യത്തെക്കുറിച്ച് ചിന്തിക്കുവാനും പുനരൈക്യം അനുഷ്ഠിക്കുവാനും പിതാവു പഠിപ്പിച്ചു. ഇതൊരു വിമോചനത്തിന്റെ തത്വശാസ്ത്രമായിരുന്നു. സമൂലമായ സ്വാതന്ത്ര്യത്തിന് വഴിതെളിച്ച ദർശനമായിരുന്നു അത്. ഒരു യോഗിയുടെ ആത്മീയ വ്യഗ്രതയിൽ നിന്നും ജനിച്ച മനുഷ്യദർശനമായിരുന്നു.

മാർ ഈവാനിയോസ് പിതാവിന്റെ വ്യക്തിത്വത്തിലെ നിരവധി കാര്യങ്ങൾ ഈ ഐക്യശുശ്രൂഷയെ പോഷിപ്പിച്ചു എന്നത് ചരിത്രത്തെ യോഗാത്മക തലത്തിൽ പഠിക്കുന്നവർക്ക് വ്യക്തമാകും. അതിൽ മൂന്നു കാര്യങ്ങൾ മാത്രം ചർച്ചയ്ക്കു വയ്ക്കുകയാണ്. നിർഭയത്വമാണ്

ആദ്യത്തേത്. അത് ചെറുപ്പം മുതൽക്കെ പിതാവിന്റെ ജീവിതത്തിൽ വിളങ്ങിയിരുന്നു. വഴുവാടി എന്ന സ്ഥലത്ത് പുലിക്കോട്ട് ദിവന്നാസിയോസ് മെത്രാപ്പോലീത്താ വന്നിറങ്ങിയ രാത്രിയിൽ, കോരിച്ചൊരിയുന്ന പേമാരിയിൽ, വീട്ടിനാൽ ശെമ്മാശനെ, പാഞ്ഞൊഴുകുന്ന തോടുകടന്ന്, വിളിച്ചു പള്ളിയിലെത്തിക്കുവാൻ പന്ത്രണ്ടുവയസുകാരൻ ധൈര്യം കാട്ടി. പിന്നീടങ്ങ് കേരളത്തിന്റെ തലസ്ഥാന നഗരിയിൽ സർ സി. പി. യുമായുണ്ടായ തുറന്നയുദ്ധത്തിലും സവർണ്ണഹിന്ദുക്കളുടെ പരസ്യമായ എതിർപ്പുകളിലും ചെറുത്തുനിന്ന് സഭയുടെ സാന്നിദ്ധ്യം ഉറപ്പിച്ച ധൈര്യം പരിശുദ്ധാത്മാവിന്റെ വരമല്ലാതെ മറ്റൊന്നല്ല. അത് പ്രശ്നത്തിലേക്കു തലതിരിക്കുന്ന ദൈവിക ശൈലിയാണ്. ചെറുത്തുനില്പ് ആകാശത്തിന്റെ പ്രതിഷേധ സ്വരമായിരുന്നു. അഭയാർത്ഥികളായി എത്തി നഗരത്തിൽ മരിച്ചവരെ സെമിത്തേരിയിൽ പോലും അടക്കാൻ അനുവദിക്കാത്തതിലും, പാവപ്പെട്ട ഉപദേശിമാർ സുവിശേഷ വേലയ്ക്കിടയിൽ പീഡിപ്പിക്കപ്പെട്ടതിലും പിതാവു പ്രതിഷേധിച്ചു. ആ ധൈര്യം ഒത്തുതീർപ്പുകളിലേക്കു ചേക്കേറാനുള്ള സർവ്വ പ്രവണതകളെയും തകർത്തെറിഞ്ഞു.

നിലപാടുകളാണ് മറ്റൊരു സവിശേഷത. നിലവിലുള്ള സഭയുടെ വ്യവസ്ഥിതിയിൽ സാധാരണക്കാരുടെ ഭൗതികക്ഷേമം ഉറപ്പുവരുത്തിയും മെച്ചപ്പെടുത്തിയും മാർ ഈവാനിയോസ് തിരുമേനി ശുശ്രൂഷകൾ ക്രമീകരിച്ചു. പുനരൈക്യചിന്തകൾ അങ്ങനെ മനുഷ്യവിമോചനത്തിന് കാരണമായി. വൈദികനായിരിക്കെ ഈ തീഷ്ണപ്രക്രിയ സമൂഹത്തിന്റെ പുനർനിർമ്മിതിയെ പ്രോത്സാഹിപ്പിച്ചു. പരുമല പള്ളിയിൽ നടത്തിയ പുലയക്കല്ല്യാണം അതിന്റെ ഒരു തെളിവാണ്. തന്റെ സ്വീകരണത്തെ തടഞ്ഞ രാഷ്ട്രീയ നേതാവിന്റെ മരണാനന്തര ചടങ്ങുകളിൽ പങ്കെടുത്ത് അയാളുടെ വിധവയെയും മക്കളെയും ആശ്വസിപ്പിച്ച നിലപാട് ഒരു യഥാർത്ഥ യോഗിയുടെ നിലപാടാണ്. അനന്തതയിലേക്കു നീട്ടിയ യോഗനയനങ്ങൾ എന്നാണ് ടാഗോർ ഇതിനെ വിശേഷിപ്പിക്കുക. മനസ്സ് മഹാ പ്രപഞ്ചബോധത്തിലാവുകയും സാധാരണ മനസ്സ് സാമൂഹിക ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുകയും ചെയ്യുന്ന നടപടിയാണത്. നിത്യതയുടെ വെളിച്ചത്തിൽ ദിനചര്യകളെ ദർശിക്കുന്ന കാഴ്ചയാണത്.

നിർമ്മമത്വമാണ് ഇനിയുമൊന്ന്. സഭാവിഷയത്തെ സ്വന്തം വിഷയമാക്കിയ ശുദ്ധസ്നേഹത്തിന്റെ ഉടമയായിരുന്നു മാർ ഈവാനിയോസ്. പുകഞ്ഞ തിരി കെടുത്താതെയും ചതഞ്ഞ ഞാങ്ങണ ഒടിക്കാതെയും ഒരു സ്നേഹസാന്നിദ്ധ്യം. അത് തപസ്സിന്റെ വഴികളിൽ അവിടുന്നു നേടിയെടുത്ത തീവ്രമായ അനുഭവമാണ്. വിവരിക്കാനാവാത്ത പ്രപഞ്ചതാളബോധവും ക്ഷണികമായ ശരീരത്തിനുള്ളിലെ അനശ്വരതയും തിരിച്ചറിഞ്ഞ മഹാമുനിയുടെ പരിശുദ്ധിയായിരുന്നു അത്. ചരിത്രത്തിലേക്കു തുറക്കുന്ന ഒരു സൂക്ഷ്മദൃഷ്ടി പിതാവിനു നൽകപ്പെട്ടു. പുനരൈക്യമെന്ന സത്യദർശനത്തിന് കാരണമായത് ഈ തപസ്സാണ്. അജ്ഞതയെ

അകറ്റുന്ന സത്യം അദ്ദേഹം അഭ്യസിച്ചു. വിദ്യകൊണ്ടു പ്രബുദ്ധനായി സത്യം ഗ്രഹിച്ചു. പിന്നെ ആ സത്യത്തെ ആഘോഷിച്ചു. ആരാധനയി ലൂടെ. അങ്ങനെ സത്യവും, പൈതൃകവും, ആരാധനയും ഒന്നിച്ചു നിന്ന പ്പോൾ മലങ്കര കത്തോലിക്കാ സഭ പിറന്നു. മറ്റൊരർത്ഥത്തിൽ ചരിത്ര ത്തിലെ സത്യസഭയെ കണ്ടെത്തിയ ദിനമായിരുന്നു 1930 സെപ്റ്റംബർ 20. സഭാചരിത്രത്തിലെ ആർത്ത നാദത്തിന് അറുതി വരുത്തിയ ദിവസ മായിരുന്നു അത്. അതിന് കാരണക്കാരനായി ദൈവം നിയോഗിച്ച ആ മഹാ പുരോഹിതന്റെ തൃപ്പാദങ്ങളിൽ കാലം നമിച്ചു നില്ക്കുന്നു.

*തീർത്ഥാടനം നടത്തുകയായിരുന്നു തീർത്ഥസംഘം.*
*വേനലിന്റെ വറുതിച്ചൂടിൽ നടന്നലഞ്ഞു അവർ.*
*ശാന്തികുടീരത്തിലെത്താൻ ഇനിയുമേറെയുണ്ട്.*
*ഇളം തലമുറയിലുള്ളവർ പരാതിപ്പെട്ടുതുടങ്ങി.*
*'ഒരു വാഹനത്തിലാകാമായിരുന്നു യാത്ര!'*
*'അല്പം വിശ്രമിച്ചിട്ടാകാം ഇനി.'*
*'ദാഹജലം പോലും കിട്ടാനില്ല'.*
*എല്ലാം കേട്ട് ഗുരു നിശബ്ദനായി മുമ്പോട്ടു*
*നീങ്ങിക്കൊണ്ടേയിരുന്നു.*
*ഒരാൾ ഗുരുവിനോടു ചോദിച്ചു:*
*'ഇങ്ങനെ നടന്നു ക്ഷീണിച്ച് അങ്ങ് അവിടെ*
*യെത്തുമെന്നുറപ്പുണ്ടോ?'*
*ഗുരു മറുപടി പറഞ്ഞു:*
*'ഞാൻ പുണ്യകുടീരത്തിൽ*
*എപ്പോഴെ എത്തിയിരിക്കുന്നു!'*
*ശിഷ്യർ വിസ്മയിച്ചു. ഗുരു പഠിപ്പിച്ചു: 'തീർത്ഥാടനം,*
*മൈലുകൾ താണ്ടുന്ന കാൽനടയാത്രയോ, വാഹന*
*യാത്രയോ അല്ല. അത് മാതൃകാസ്ഥാനം തേടിയുള്ള*
*മനുഷ്യചിന്തയുടെ യാത്രയാണ്. ആ മഹാബോധന*
*ത്തിൽ എത്തിയവർക്ക് ഇതു നിസ്സാരമാണ്.'*

www.malankaralibrary.com



# സമവാക്യങ്ങൾ

മരണം = എല്ലാം മരിക്കുന്ന ഈ ലോകത്ത് സ്വയം പരിഹസിക്കുന്നതിലൂടെയേ ഞാൻ ജീവിക്കുന്നുള്ളൂ.

ആകാശം = ആകാശം ഒരു തോന്നലല്ല. അതൊരു മൈത്രിയാണ് . ഭൂമിയെ ഉരുമി നിൽക്കുന്ന എന്റെ വിതാനങ്ങളിലേക്ക് അത് ഇറങ്ങി വരും.

കാറ്റ് = കാറ്റ് കൊണ്ടുവരുന്നത് സാരമായ അറിവുകളാണ്. സ്വയം ആയിരിക്കുക എന്നതാണ് ഏറ്റവും വലിയ അസുന്തുഷ്ടിയെന്ന് അറിഞ്ഞതുകൊണ്ട് അത് നിശ്ചലമാകില്ല.

ക്രിസ്തു = ഒരു വൻകരയാണ് ക്രിസ്തു. എന്നേക്കാൾ അഗാധമായ അനേക ലോകങ്ങൾക്കൊടുവിലാണ് അവന്റെ തീരം.

ലോകം = ഏറെനാൾ ഞാൻ പിന്തുടർന്ന വിസ്മയലോകം ഏതു നിമിഷവും തകർന്നു വീഴാവുന്ന കൂടാരമാണ്. എന്റെ ചിന്തകളുടെ കരച്ചിൽ ഉയരാൻ കാരണം അതാണ്.

www.malankaralibrary.com

സൗഹൃദം = എന്റെ വാക്കുകളുടെ ഭാരം താങ്ങി മടുത്ത് തത്വമുക്ത മായി പറക്കാൻ കൊതിക്കുന്ന പക്ഷി.

മരുഭൂമി = എന്റെ ശരീരത്തിനുള്ളിലെ തരിശുനിലങ്ങൾ. ക്രമേണ ശരീരത്തിനു വെളിയിലേക്കത് വ്യാപിക്കുന്നു.

അക്ഷരം = എല്ലാ അക്ഷരങ്ങളും നിരന്തരം സ്വയം നിരസിച്ചാണ് വികസിക്കുക. സ്വയം നിരാസത്തിന് പാകപ്പെടാത്ത ആശയങ്ങൾ മൗലിക വാദത്തിന് ജന്മം നൽകും. ആത്മ നിരാസമാണ് വ്യക്തി വികാസത്തിന്റെ അടിത്തറ.

നിശബ്ദത = ഓർമ്മകൾ പെരുമ്പറ മുഴുക്കിപ്പെരുകുമ്പോൾ എന്നിൽ രൂപപ്പെടുന്ന വിരക്തിയാണ് നിശബ്ദത.

മടുപ്പ് = സ്വന്തം തീരുമാനങ്ങളുടെ ഇരയാകുമ്പോഴാണ് ഞാൻ അറുബോറാകുന്നത്.

സത്യം = സത്യസന്ധത ചിലപ്പോൾ ചമയങ്ങളില്ലാതെയും ആട യാഭരണങ്ങളില്ലാതെയും നഗ്നമായി, ഇരുളിൽ അസമ യത്ത് മനസ്സിന്റെ പടികയറിവരും.

യാത്ര = നക്ഷത്രയാത്ര സർവ്വലോകങ്ങളെയും കടന്നുപോകു ന്നു. ആകാശത്തിലൂടെ നക്ഷത്രങ്ങൾ അതിവേഗം ഓടി ക്കളിക്കുന്നു.


www.malankaralibrary.com